❑Kozhikode ❑Volume No: 2 ❑Issue No: 3 ❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337

2023
ജൂലായ് 1

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക



പ്രിലിമിനറി തോറ്റിട്ടും
ആര്യ പൊരുതി നേടി

## ഐ എ എസ്

## ഓണപ്പതിപ്പ്

ഇല്ലപ്പെരുമ:
ബ്രാഹ്മിൻസ്
ബ്രാൻഡിന്റെ
വിശേഷങ്ങൾ

സെലബ്രിറ്റി ഗസ്റ്റ്:
മെട്രോമാൻ
ഇ. ശ്രീധരൻ

ഗാന്ധിജി വന്ന ഇണ്ടൻതുരുത്തി മനയെപ്പറ്റി പ്രചരിക്കുന്ന

## നുണയിലെ സത്യം ഇതാണ്

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം


വലിയ കറന്റ് ബിൽ
ആണോ നിങ്ങളുടെ പ്രശ്നം ??
സോളാറിനെ കുറിച്ച് ചിന്തിക്കൂ
മിതമായ നിരക്കിൽ തികഞ്ഞ വിശ്വസ്തതയോടെ
എല്ലാവിധ സോളാർ സിസ്റ്റങ്ങളും ഇൻസ്റ്റാൾ ചെയ്തുകൊടുക്കുന്നു.
Our Specialties
40 Years Lifetime
25 Years Warranty
Low Maintenance
Best after Sales Service
100+ satisfied customers
PAN ENERGY SOLUTIONS
13+ YEARS EXPERTISE
PAN ENERGY
SOLUTIONS
"Solar for everyone"
Pratheeksha complex, Edappal Road
Changaramkulam, Pin: 679 575, Kerala
9562001344
info@panenergy.in
panenergysolutions
www.panenergy.in



യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5125 ആഷാഢം കൊല്ലവർഷം 1198 കർക്കിടകം / ഗ്രീഷ്മ ഋതു

2023 July 1 ❑Kozhikode ❑Volume No: 2 ❑Issue No: 3 ❑email: swasthitrimonthly@gmail.com ❑website: swasthi.org



**ചീഫ് എഡിറ്റർ**
കൊയ്ത്തൊടി ചെറുമുക്ക്
പരമേശ്വരൻ
മൊബൈൽ: 9072383651

**അസോസിയേറ്റ് എഡിറ്റർ**
പാനാട് പദ്മനാഭൻ നമ്പൂതിരി
മൊബൈൽ: 9400992823

**മാനേജിംഗ് എഡിറ്റർ**
വിനോദ് മങ്ങത്തായ
മൊബൈൽ: 9895621493

**പ്രിന്റർ ആന്റ് പബ്ലിഷർ**
കെ.ഐ.വിഷ്ണു
നമ്പൂതിരി 9496925471

**ധനകാര്യം:**
നാറണിയാട്
ദാമോദരൻ നമ്പൂതിരി 9447332611

**പരസ്യം & സർക്കുലേഷൻ:**
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987

**മാനേജിംഗ് കമ്മിറ്റി:**
ജില്ലാ പ്രസിഡന്റ്
മധു അരീക്കര 9447136571
ജില്ലാ സെക്രട്ടറി: താമരക്കുളം
ദിവാകരൻ നമ്പൂതിരി 9447337337

**മുഖചിത്രം വര/ ഇല്ലസ്ട്രേഷൻ:**
കൃഷ്ണൻ പാതിരിശ്ശേരി 9447884600

**ഡിസൈനിംഗ്:**
പിക്സൽ മീഡിയ, ചെറുവണ്ണൂർ
കോഴിക്കോട് -673631, മൊബൈൽ:
9847907630, 7356641674

**കസ്റ്റമർ കെയർ:**
മൊബൈൽ: 9495369337


# വീണ്ടും അഭിമാനപൂർവം

ഇത്തവണയും സ്വസ്തിക്ക് അഭിമാനത്തോടെ പരിചയപ്പെടുത്താൻ ചിലരുണ്ട്. സിവിൽ സർവീസ് പരീക്ഷയിൽ 36 ാം റാങ്ക് നേടിയ ആര്യ! ആദ്യ പരിശ്രമത്തിൽ പ്രിലിമിനറി പരീക്ഷ പോലും പാസാവാൻ കഴിയാതിരുന്നിട്ടും നിശ്ചയദാർഢ്യത്തോടെ കഠിനാധ്വാനം ചെയ്തതിന്റെ മികവ്!! ആര്യയിൽ നിന്ന് അതാണ് പഠിക്കേണ്ടത്. അതുപോലെത്തന്നെ എട്ടാം ക്ലാസ് വരെ ക്ളാസിൽ ഒന്നാമതല്ലാത്ത കുട്ടിയായിട്ടും ഇതു നേടാനായി. എട്ടാം ക്ലാസിൽ വച്ച് ലഭിച്ച ഒരു ഫൗണ്ടേഷൻ കോഴ്സാണ് മനസ്സിൽ സിവിൽ സർവീസിന്റെ ബീജമിട്ടത്. ആര്യയെ നമുക്ക് അഭിനന്ദിക്കാം.

ഇപ്പോൾ യോഗക്ഷേമസഭ സർവജ്ഞം എന്ന പേരിൽ ഇത്തരമൊരു കോഴ്സ് നടത്തുന്നുണ്ട്. മനസ്സിൽ ഐ.എ.എസിന്റെ വിത്തിടാനെങ്കിലും അത് ഉപകരിക്കുമെന്ന് തീർച്ച. ചെറുപ്രായത്തിൽത്തന്നെ അങ്ങനെയൊരു വിത്തിട്ടാൽ അത് പല തരത്തിൽ ഫലമുണ്ടാക്കുമെന്ന് തീർച്ച. സർവജ്ഞം പോലൊരു പാഠ്യപദ്ധതിക്ക് തുടക്കമിടാൻ സ്വസ്തിയും പ്രേരണയായി എന്നത് ചാരിതാർത്ഥ്യജനകമാണ്.

വിപ്രോ പോലൊരു വൻ ബ്രാൻഡ് ബ്രാഹ്മണന്റെ ഉല്പന്നത്തെ അംഗീകരിക്കുന്നുവെന്നതും നമുക്ക് അഭിമാനം തോന്നേണ്ട സംഗതിയാണ്. ഇത്തവണത്തെ ഇല്ലപ്പെരുമ ബ്രാഹ്മിൺ ബ്രാൻഡിന്റെ ഇല്ലത്തെപ്പറ്റിയാണ്.

കഴിഞ്ഞ ആറു വർഷത്തിനിടയിൽ വരുമാനത്തിന്റെ കാര്യത്തിലോ പ്രചാരത്തിന്റെ കാര്യത്തിലോ ഒരു ലക്കം പോലും പിറകോട്ടു പോയിട്ടില്ല. മുന്നോട്ടുള്ള യാത്രയിൽ ഒരു സദ്വാർത്ത കൂടി. സ്വസ്തിക്ക് ന്യൂസ് പേപ്പർ റജിസ്ട്രാർ ഓഫ് ഇന്ത്യയുടെ അംഗീകാരവും ലഭിച്ചിരിക്കുന്നു.

പരസ്യം നൽകിയും വരിക്കാരായും ധാരാളം പേർ സ്വസ്തിയുമായി സഹകരിക്കുന്നുണ്ട്. സ്വസ്തിയുടെ നടത്തിപ്പിൽ സഹകരിക്കാൻ സന്നദ്ധതയുള്ളവർ വരുന്നതും സന്തോഷകരമാണ്. ഇനിയും അത്തരക്കാരെയാണ് കാത്തിരിക്കുന്നത്. അവരാണ് സ്വസ്തിയുടെ ഐശ്വര്യം. ഐശ്വര്യപൂർണ്ണമാവട്ടെ ഓണം.

എല്ലാ വായനക്കാർക്കും ഓണാശംസകൾ. പത്രാധിപർ


Yogakshemasabha Swasthi Trimonthly. **Printed & Published by K.I. Vishnu Namboodiri** on behalf of Yogakshema Sabha Kozhikode District Committee, Kozhikode, and printed at Geethanjali Web Offsets, Geethanjali Building, NH 17, Kundayithode, Kolathara P.O., Calicut- 673655, and published from Yogakshemababha Kozhikode District committee,Jilla Asthana Mandiram,Near Kovoor Vishnu temple, P.O.Chevayoor, Kozhikode, Pin code 673017. **Editor K M Parameswaran**

**Vol No:2 Issue No: 3 Registration Number : KERMAL/2022/83817**





# SREEPATHY

SINCE 2009

B++ NAAC

## SREEPATHY
### INSTITUTE OF MANAGEMENT AND TECHNOLOGY
Approved by AICTE Affiliated to KTU

**Courses Offered**

**B. Tech**

OPTION CODE SPT

- Civil Engineering
- Mechanical Engineering
- Computer Science and Engineering
- Electrical and Electronics Engineering
- Electronics and Communication Engineering
- Artificial Intelligence and Data Science

**NAAC Accredited Institution**

**POLYTECHNIC DIPLOMA COURSES**

- Automation and Robotics
- Civil and Environmental Engineering
- Artificial Intelligence and Machine Learning

## SREEPATHY
### ARTS & SCIENCE COLLEGE
Affiliated to Calicut University

**Courses Offered**

**Under Graduate**

- B.Com (Co-operation)
- BCA
- B.Sc. (Psychology)

Website : www.sasc.in
E-mail : sreepathyartscollege@gmail.com

**Address**

Sreepathy Campus, Vavanoor P.O.
Pattambi, Palakkad - 679 533
790 281 5555
www.simat.ac.in
principal@simat.ac.in

**FOR ADMISSION** 790 283 5555 790 282 5555

For more details, Contact:

M K Parameswaran Namboodiripad (Chairman)
Ph: 9847741320

M Vasudevan (Secretary)
Ph: 9495751810

Dr. S P Subramanian (Principal)
Ph: 9496292270


മലപ്പുറം ജില്ലയിൽ ചങ്ങരംകുളത്ത് കഴിഞ്ഞ 10 വർഷമായി
പ്രവർത്തിച്ചുവരുന്ന ഒരു സംരംഭമാണ്...
കുത്താമ്പുള്ളി
കളക്ഷൻസ് & മാച്ചിങ്ങ് സെന്റർ
ഫെഡറൽ ബാങ്കിനുസമീപം, എടപ്പാൾ റോഡ്, ചങ്ങരംകുളം
കുത്താമ്പുള്ളി സെറ്റ്മുണ്ട്,
ഡബിൾ മുണ്ട്, സെറ്റ് സാരികൾ,
ഫാൻസി സാരി, ഷിഫോൺ സാരി,
കോട്ടൺ സാരി, ചുരിദാർ മെറ്റീരിയൽ,
കുർത്തി... എന്നിവയും,
ടീഷർട്ട്, ഷർട്ട്, കാവിമുണ്ട്,
കളർ മുണ്ട്, ഇവയെല്ലാം
മിതമായ വിലയിൽ ലഭിക്കുന്നു.
സെറ്റുമുണ്ടുകൾ മാച്ചിങ്ങ്
ബ്ലൗസ് പീസുകളോടുകൂടി
ഓൺലൈൻ പർച്ചേസ് സൗകര്യം
10 വർഷത്തോളമായി
ചങ്ങരംകുളത്തു പ്രവർത്തിക്കുന്ന
ഒരു നമ്പൂതിരി സംരംഭം.
വാട്സ്ആപ് വഴി സെലക്ട് ചെയ്യുന്ന ഐറ്റംസ് കൊറിയർ അയച്ചുകൊടുക്കുന്നു. 9562883397
പേയ്മെന്റ്: ക്യാഷ്, Gpay, ഓൺലൈൻ ട്രാൻസാക്ഷൻ
9400852605/04942650180/7306359484

ആലുവ, ഉളിയന്നൂർ പല്ലേരി ഇല്ലത്തു നാരായണൻനമ്പൂതിരിയുടെ (Late) പത്നി

# സാവിത്രി അന്തർജ്ജനം

## 13.05.2023 നു ശതാഭിഷിക്തയായി





സാവിത്രി അന്തർജ്ജനം, മക്കളും മരുമക്കളും, പേരക്കുട്ടികളും, അവരുടെ കുട്ടികളും ഒപ്പം.

(84-ാം പിറന്നാൾ ആശംസകളോടെ)

മക്കൾ: പി.എൻ.ഡി. നമ്പൂതിരി, നിർമ്മലാ ദേവി, ഉമാദേവി, ലോഹിതാക്ഷൻ നമ്പൂതിരി, സത്യഭാമ.
മരുമക്കൾ: ലളിതാംബിക, വെങ്കിടേശ്വരശർമ്മ, മുരളി നാരായണൻ (Late ), ശ്രീലത, വാസുദേവൻനമ്പൂതിരി

# ആരൊക്കെ/എന്തൊക്കെ


**8** **ആര്യ ഇനി ഐ.എ.എസ്.**
ദിവാകരൻ നമ്പൂതിരി, താമരക്കുളം

**14** **ഗാന്ധിജി വന്നത് ഈ ഇല്ലത്താണ്**
ഉണ്ണികൃഷ്ണൻ നമ്പൂതിരി

**27** **എന്നെ ഇന്റർവ്യൂ ചെയ്തത് മെട്രോമാൻ**
കെ.എം.എസ്. ഭട്ടതിരിപ്പാട്

**സർവ്വജ്ഞം പാഠ്യപദ്ധതിയിലൂടെ സിവിൽ സർവ്വീസിൽ** 10
ഹർഷൻ എം.

**മറക്കുടയും ബുർക്കയും (കവിത)** 11
അനിയൻ മാങ്ങോട്ട്രി

**ബ്രാഹ്മിണിയ്ക്കൽ ഹെജിമണി (കവിത)** 22
പ്രൊഫ. പി.കേശവൻ നമ്പൂതിരി

**വൃത്തിയുള്ളേടത്തേ ശുദ്ധിയുള്ളൂ** 36

**ജയിക്കാൻ കാരണമായ തോൽവി (അറിയേണ്ട നമ്പൂതിരി)** 38
പാനാട് പദ്മനാഭൻ നമ്പൂതിരി

**ശാന്തി സ്കൂളിലെ ഒന്നാം റാങ്ക്** 42
പാലേലി മോഹൻ

**ഒരു ദരിദ്ര കുടുംബത്തിന്റെ കഥ (പുസ്തകപരിചയം)** 47
പൊത്തോപ്പുറം ജയന്തൻ

**വിഷ്ണുനാരായണൻ നമ്പൂതിരിക്ക് പ്രണയമുണ്ടായിരുന്നോ?** 48
ദേവി ആർ.

**40 ലക്ഷം രൂപയുടെ ഫുൾബ്രൈറ്റ് സ്കോളർഷിപ്പ്** 50
സ്വന്തം ലേഖകൻ

**എനിക്കിനിയൊന്നും വേണ്ട ട്ടോ, നളിനീ.. തൃപ്തിയായി** 52
നളിനി കണ്ടമംഗലം

**തൊണ്ണൂറു കഴിഞ്ഞ ഉദ്ഘാടക** 57

**മലയാള സിനിമയിലെ ആദ്യത്തെ ശബ്ദലേഖകൻ** 58
ഗിരീഷ് ഇളമൺ

**അന്തർജ്ജനങ്ങൾ നമ്പൂതിരിമാരെ തോല്പിച്ചു** 60
പൊത്തോപ്പുറം കേശവൻ നമ്പൂതിരി

**കാലടി സംസ്കൃത സർവ്വകലാശാല പ്രൊഫസറാണ് ഈ യജമാനൻ** 62
സ്വന്തം ലേഖകൻ

78 **പൂജ പഠിപ്പിച്ചത് മമ്മൂട്ടിയെ**
ഉദയൻ നമ്പൂതിരിപ്പാട്

81 **പരദേവതയുടെ പ്രതിപുരുഷൻ**
വി.ഇ.നാരായണൻ നമ്പൂതിരി

85 **ഒരു വർക്കേരിയ വട്ടം**
ഒ.എൻ.രാജേഷ്

89 **ഓർക്കാസിനെപ്പറ്റി ഓർക്കാൻ ചിലതുണ്ട്**
പ്രൊഫ. കൈപ്പുഴ നീലകണ്ഠൻ നമ്പൂതിരി

92 **സഭാവാർത്തകൾ**

94 **എം.എ.ബിരുദക്കാരനാണ് ഈ ശാന്തിക്കാരൻ**
സ്വന്തം ലേഖകൻ

96 **ശ്രീറാം ഗേറ്റ് കടന്നത് ഇന്ത്യയിൽ ഒന്നാമനായി**
സജിത മങ്ങത്തായ

**ഗോകുലത്തിൽ (കവിത)**
ശ്രീജ അന്തർജ്ജനം



**66** **മലയാളികളുടെ രുചിക്കൂട്ടുകളിൽ ആ പേരുണ്ട്– ബ്രാഹ്മിൺസ് (ഇല്ലപ്പെരുമ)**
വിനോദ് മങ്ങത്തായ


**കുട്ടിക്കൂട്ടത്തിൽ**

❑ മീര എം ❑ ദ്യുതി കൃഷ്ണ ❑ മാധവി കൃഷ്ണ കെ.ജെ. ❑ ശ്രേയ തിരുവാലൂർ (അമ്മൂസ്) ❑ പ്രണീത പി.എൻ ❑ മേഘ്ന കൃഷ്ണ എം.പി. ❑ ദ്യുതി കെ.എം. ❑ ബാലാജി കൃഷ്ണൻ ❑ ശ്രീഭദ്ര തിരുവാലൂർ ❑ കൃഷ്ണദത്തൻ ടി.കെ ❑ സാത്വിക ഉണ്ണി ❑ ശ്രിയ സാവിത്രി ❑ ഗൗരി എ.കെ ❑ പ്രണീത അമേറ്റൂർ ❑ ആർദ്ര രാജേഷ് ❑ ദേവദത്ത ടി.കെ ❑ ശരണ്യ കെ ❑ അഞ്ജന ❑ രുദ്രൻ വാസുദേവൻ ❑ ആര്യ കൃഷ്ണ

വായനക്കാരുടെ പ്രതികരണങ്ങൾ ❑ യോഗക്ഷേമസഭാ വാർത്തകൾ ❑ വിഷ്ണുപാദം പൂകിയവർ ❑ അനുമോദനങ്ങൾ ❑ തുടങ്ങി സ്ഥിരം പംക്തികളും

8-ാം ക്ലാസ് മുതൽ എല്ലാ ക്ലാസിലും ഒന്നാം സ്ഥാനം. പ്ലസ് ടുവിനു 95% മാർക്ക്. ഇംഗ്ലീഷ് ലിറ്ററേച്ചറിൽ ഒന്നാം റാങ്കോടെ ബി.എ. ഓണേഴ്സ്. പിന്നെ,പോണ്ടിച്ചേരി സെൻട്രൽ യൂനിവേഴ്സിറ്റിയിൽ നിന്നു എം.എ.ക്കും ഒന്നാം റാങ്ക്. ഏറ്റവുമൊടുവിൽ

**ഇപ്പോഴിതാ 36-ാം റാങ്കോടെ സിവിൽ സർവീസ്**

## പ്രിലിമിനറി തോറ്റിട്ടും പിൻവാങ്ങിയില്ല

# ആര്യ ഇനി ഐ.എ.എസ്

**ദിവാകരൻ നമ്പൂതിരി, താമരക്കുളം**



മിനി ടീച്ചർ ജപവും ഭജനയുമായി തലയൽ ഭരദ്വാജ ഋഷീശ്വര ക്ഷേത്രത്തിലാണ്. ഇന്നാണ് മകൾ ആര്യയുടെ സിവിൽ സർവീസ് റിസൾട്ട് വരുന്നത്. തികഞ്ഞ വിശ്വാസിയായ ടീച്ചർ മകളുടെ പരീക്ഷക്കാലത്തും ഇന്റർവ്യൂ സമയത്തുമെല്ലാം ഇഷ്ട ദേവസന്നിധിയിൽ തന്നെയായിരുന്നു. ആര്യക്ക് 36-ാം റാങ്ക്. അറിഞ്ഞ ശേഷമേ അമ്പലത്തിൽ നിന്നും ഇറങ്ങിയുള്ളു ടീച്ചർ.

ഒറ്റ മോളാണ്. നല്ല ഒരു ജോലി കിട്ടിയിട്ടു വേണം വിവാഹമൊക്കെ. അത്രയേ ഉണ്ടായിരുന്നുള്ളു ടീച്ചർക്കും അച്ഛൻ വെങ്കിടേശ്വരനും. പക്ഷെ മോളെല്ലാം കൃത്യമായി പ്ലാൻ ചെയ്തിരുന്നു.

എൽ.കെ.ജി മുതൽ 10-ാം തരം വരെ സി.ബി.എസ്.ഇ സിലബസ്സിൽ വിവേകാനന്ദ വിദ്യാലയത്തിൽ. എട്ടാം ക്ലാസുമുതൽ എല്ലാ ക്ലാസിലും ഫസ്റ്റ്. പ്ലസ് 1 , പ്ലസ് 2 വിശ്വഭാരതി പബ്ലിക് സ്കൂൾ നെയ്യാറ്റിൻകരയിൽ നിന്നും 95% മാർക്കോടെ ഉന്നത വിജയം. ഇംഗ്ലീഷ് ലിറ്ററേച്ചറിൽ വഴുതക്കാട് വിമൻസ് കോളേജിൽ നിന്നും ഫസ്റ്റ് റാങ്കോടെ ബി.എ. ഓണേഴ്സ്. പോണ്ടിച്ചേരി യൂനിവേഴ്സിറ്റിയിൽ നിന്നും എം.എ. ഇംഗ്ലീഷ് ലിറ്ററേച്ചറിനും ഫസ്റ്റ് റാങ്ക്.

ടീച്ചറായ അമ്മ തന്നെയാണ് സിവിൽ സർവീസ് മോഹത്തിന്റെ വിത്ത് നിംസ് മെഡിസിറ്റി ഒരു എൻട്രൻസ് ടെസ്റ്റ് നടത്തി കുറച്ചു പേരെ ഷോർട്ട് ലിസ്റ്റ് ചെയ്ത് ഒരു സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ് നടത്തിരുന്നു. 8 മുതൽ 12 വരെയുള്ള ക്ലാസുകാർക്ക് വേണ്ടി. സ്കൂൾ കാലത്ത് ആര്യ അതിൽ ചേർന്നു.മനസിൽ ഐ.എ.എസിന്റെ വിത്തു വീണത് അവിടെ വച്ചാണ്. യോഗക്ഷേമസഭ ഈ വർഷം മുതൽ ഇതുപോലൊരു ഫൗണ്ടേഷൻ കോഴ്സ് നടത്തുന്നുണ്ട്. ചിലപ്പോൾ വലിയ ആഗ്രഹങ്ങളുടെ വിത്തു വീഴുക ഇത്തരം കോഴ്സുകളിൽ നിന്നാവും



പാകിയത്.

സ്കൂൾ കാലത്ത് 8 മുതൽ 12 വരെയുള്ള ക്ലാസുകാർക്ക് നിംസ് മെഡിസിറ്റി ഒരു എൻട്രൻസ് ടെസ്റ്റ് നടത്തി കുറച്ചു പേരെ ഷോർട്ട് ലിസ്റ്റ് ചെയ്ത് ഒരു സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ് കൊടുത്തിരുന്നത് വളരെ സഹായകമായി ആര്യക്ക്. സിബിഎസ്.ഇ.യുടെ സഹോദയ മത്സരങ്ങളിൽ എലക്യൂഷനും എസ്സേറൈറ്റിംഗിലുമെല്ലാം പങ്കെടുക്കാറുണ്ടായിരുന്നു ആര്യ .പി എസ് സി, സെൻട്രൽ യൂനിവേഴ്സിറ്റി പരീക്ഷകൾക്കെല്ലാം ശ്രമിക്കാറുമുണ്ടായിരുന്നു.

ഇംഗ്ലീഷ് ലിറ്ററേച്ചർ തന്നെയായിരുന്നു സിവിൽ സർവ്വീസിന്റെ ഐഛിക വിഷയം. 2 പേപ്പർ. മുൻപത്തെ സിലബസ്സിൽ 2 ഐഛിക വിഷയങ്ങളായിരുന്നു പഠിക്കാനുണ്ടായിരുന്നത്.

നന്നായി വായിക്കും. തിരുവനന്തപുരം ഫോർച്ചൂൺ ഐ.എ.എസ്. അക്കാദമിയിൽ ഒരു വർഷത്തെ ഫുൾ ടൈം പഠനം. അതിനുശേഷം 1 വർഷം ടെസ്റ്റുകൾക്കു മാത്രമായി അക്കാദമിയിൽ പോയി.

ഓരോ ആഴ്ചയും പഠിക്കേണ്ടത് കൃത്യമായി പ്ലാൻ ചെയ്യും. രാത്രി ഒരു മണി വരെ പഠനം. പഠിക്കേണ്ട പോർഷൻ കൃത്യമായി പഠിക്കും.

നോവലും കഥകളും ഫിക്ഷനുമൊക്കെയാണ് കൂടുതൽ വായിക്കുക. അഫ്ഗാൻ എഴുത്തുകാരൻ ഖാലിദ് ഹൊസൈനിയാണ് ഇഷ്ടപ്പെട്ട എഴുത്തുകാരൻ. സീരിയസ് റീഡിംഗ് അല്ല. ഇംഗ്ളീഷ് പത്രങ്ങൾ വായിക്കും. ധാരാളം ഇംഗ്ലീഷ് സിനിമകൾ കാണും. പോണ്ടിച്ചേരി പഠിക്കുമ്പോൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ളവരുമായുള്ള ഇന്ററാക്ഷൻ. ഇതൊക്കെയാണ് ഇംഗ്ലീഷ് ഭാഷ നന്നാക്കാൻ ആര്യ ചെയ്തത്.

2021ൽ ആണ് ആദ്യം സിവിൽ സർവീസിന് എഴുതിയത്. ആദ്യ ചാൻസിന് പ്രിലിമിനറി പോലും കിട്ടിയില്ല. 2022 ൽ രണ്ടാമത്തെ ചാൻസിന് എല്ലാം കിട്ടി. 36-ാമത്തെ റാങ്കും. സിവിൽ സർവീസിന് വേണ്ടി ആര്യ വർക്ക് ചെയ്തത് ഏകദേശം രണ്ടര വർഷമാണ്.

ഇന്റർവ്യൂ?

ഒരു ഡീറ്റയിൽ അപ്ളിക്കേഷൻ ഫോം (DAF) കൊടുക്കുവാനുണ്ട്. അതിൽ നമ്മളെപ്പറ്റിയുള്ളതെല്ലാം കൊടുക്കണം. പഠിച്ച സ്കൂൾ കോളേജ്, പെർസണൽ അച്ചീവ്മെന്റ്സ്, ഓപ്ഷനൽ സബ്ജക്റ്റ്, എല്ലാമെല്ലാം. കുറേ ചോദ്യങ്ങൾ അതിനെ ബേസ് ചെയ്ത് ആവാം. വിവേകാനന്ദ സ്കൂളിൽ പഠിച്ചതിനാൽ വിവേകാനന്ദനെ കുറിച്ച്, ഗ്രൂപ് ലീഡർ ആയിരുന്നതിനാൽ ചെയ്ത കാര്യങ്ങൾ അങ്ങിനെ കുറെ ചോദ്യങ്ങൾ. കുറേ പെർസണൽ ചോദ്യങ്ങളും. എന്റെ ഉത്തരങ്ങൾ അവർക്ക് ഇഷ്ടപ്പെട്ടു കാണണം.

രക്ഷിതാക്കളുടെ സപ്പോർട്ട് ?

അമ്മ ടീച്ചറായിരുന്നല്ലോ. കൊച്ചിലേ മുതൽ എന്റെ പഠനക്കാര്യങ്ങളിൽ നല്ല ശ്രദ്ധ ആയിരുന്നു അമ്മക്ക്.

ഈശ്വരവിശ്വാസം ?

അമ്മ നല്ല വിശ്വാസിയാണ്. എന്റെ പരീക്ഷയുടേയും ഇൻറർവ്യൂവിന്റേയുമൊക്കെ സമയത്ത് അമ്മ അമ്പലത്തിൽ തന്നെയായിരുന്നു. ഈശ്വരകടാക്ഷം കൊണ്ട് കിട്ടി എന്നാണ് അമ്മ പറയാറ്. ഞാൻ ചെറുപ്പത്തിലൊക്കെ അമ്പലത്തിൽ പോകാറുണ്ടായിരുന്നു. ഇപ്പോഴില്ല.

ഏറ്റവും ബഹുമാനമുള്ള വ്യക്തി?

മുൻ പ്രസിഡണ്ട് എ.പി.ജെ അബ്ദുൾ കലാം. വളരെ ഇൻസ്പയറിംഗ്. കൂടെ വർക്കു ചെയ്യുന്നവരോട് നല്ല സ്നേഹമുള്ള ഇടപഴകൽ. കുട്ടികളോട് ആ രീതിയിൽ. നേരിട്ട് കാണണമെന്നുണ്ടായിരുന്നു. പറ്റിയില്ല.

ഭാവി?

ഇനിയാണ് കാരിയറിലെ ജീവിതത്തിലെ റിസ്ക് /സിറ്റുവേഷൻ / കലാമിറ്റി മാനേജ്മെന്റ്. നല്ല ഒരു സിവിൽ സർവന്റാവുക എന്നതു തന്നെയാണ് മുൻഗണന ലക്ഷ്യം.

●

ആവണി, ശിവക്ഷേത്രത്തിന്
സമീപം, തലയാൽ,
ബാലരാമപുരം പി.ഒ.
തിരുവനന്തപുരം ജില്ല



*അച്ഛൻ വെങ്കിടേശ്വരനും അമ്മ മിനി ടീച്ചർക്കും ഒപ്പം ആര്യ*

### സിവിൽ സർവീസിന് പ്രിപ്പയർ ചെയ്യുന്നവരോട്

ലോകത്തുള്ള എന്തും ചോദിക്കാം. പക്ഷെ ചില ഏരിയകളിലെ ചോദ്യങ്ങൾ എന്തായാലും ഉണ്ടാകും. അതു കണ്ടെത്തി നന്നായി പ്രിപ്പയർ ചെയ്യുക. ബാക്കി നമ്മുടെ കോമൺസെൻസ് വെച്ച് മാനേജ് ചെയ്യുക.

ഓരോരുത്തർക്കും പഠിക്കുന്നതിന് ഓരോ രീതിയുണ്ട്. ചിലർക്ക് തുടർച്ചയായി. ചിലർക്ക് ഗ്യാപ്പ് വെച്ച്. നമുക്ക് കംഫോർട്ടബിൾ ആയ ഒരു രീതി തിരഞ്ഞെടുക്കുക. നമ്മുടെ പോസിറ്റീവ് സൈഡിനെ പരമാവധി പ്രയോജനപ്പെടുത്തുക.

## സർവജ്ഞം പാഠ്യപദ്ധതിയിലൂടെ നമുക്കും ചേരാം

# സിവിൽ സർവീസിൽ

**ഹർഷൻ എം**



ഒരു സംവരണാനുകൂല്യവും ലഭിക്കാത്ത മുന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്ന ബ്രാഹ്മണ സമുദായത്തിലെ കുട്ടികൾക്ക് പ്രതിസന്ധിയുടെ കാലമാണ് മുന്നിലുള്ളത്.

സംസ്ഥാന സർക്കാർ സർവീസിൽ ജോലി ചെയ്യുന്ന ബ്രാഹ്മണരുടെ ശതമാനത്തിന്റെ കണക്ക് ലഭ്യമല്ല. എങ്കിലും അത് ഒരു ശതമാനത്തിൽ താഴെ മാത്രമേ കാണുകയുള്ളു. ഇന്ന് വിവരസാങ്കേതിക രംഗത്തും ആത്മീയ മേഖലകളിലും നമ്മുടെ യുവാക്കളുടെ പ്രാതിനിധ്യം ധാരളം ഉണ്ട് ഇതിനെ ഒട്ടും വിലകുറച്ചു കാണാൻ പാടില്ല. മറിച്ച് സർക്കാർ സർവീസിലെ സിവിൽ സർവീസ് പോലെയുള്ള ഉന്നത സ്ഥാനങ്ങളിൽ നമ്മുടെ യുവതലമുറ എത്തിച്ചേർന്നെങ്കിൽ മാത്രമേ അവർക്ക് സമൂഹത്തിന്റെയും സമുദായത്തിന്റെയും ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കാൻ കഴിയുകയുള്ളു. എന്നാൽ നമ്മുടെ യുവതലമുറ ഇത്തരത്തിലുള്ള ഉന്നത സ്ഥാനങ്ങൾ അലങ്കരിക്കുന്നതിൽ വളരെയധികം പിന്നാക്കം പോയിരിക്കുന്നു. ഈ യാഥാർഥ്യം മനസ്സിലാക്കി യോഗക്ഷേമ സഭയുടെ കേന്ദ്ര നേതൃത്വം വളരെയധികം ദീർഘ വീക്ഷണത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സർവ്വജ്ഞം പാഠ്യപദ്ധതി.

നമ്മുടെ യുവതലമുറയെ എങ്ങനെ നേർവഴിക്ക് നയിക്കാം. എങ്ങനെ ഉന്നത വിദ്യാഭ്യാസത്തിന് തയാറാക്കാം? ഉയർന്ന തലത്തിലുള്ള മത്സര പരീക്ഷകൾക്ക് എങ്ങനെ പ്രാപ്തരാക്കാം? എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. കുട്ടികൾക്ക് ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകാറുള്ളത് അവരുടെ ടീനേജ് കാലത്താണ്. അവർക്ക്

> **സിവിൽ സർവീസ് പോലെയുള്ള ഉന്നത സ്ഥാനങ്ങളിൽ നമ്മുടെ യുവതലമുറ എത്തിച്ചേർന്നെങ്കിൽ മാത്രമേ അവർക്ക് സമൂഹത്തിന്റെയും സമുദായത്തിന്റെയും ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കാൻ കഴിയുകയുള്ളു.**

ഏറ്റവും ശ്രദ്ധ നൽകേണ്ടതും ഈ കാലത്താണ്. ആയതിനാൽ 8 9 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കുട്ടികളുമായി ഏറ്റവും കൂടുതൽ സംവദിക്കുന്നതും ഇടപഴകുന്നതും അവരുടെ രക്ഷിതാക്കളാണ്. അതിനാൽ കുട്ടികളെ ഏറ്റവും കൂടുതൽ മനസ്സിലാക്കാൻ കഴിയുന്നതും അവർക്കാണ്. കുട്ടികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവർക്ക് ആത്മധൈര്യവും പ്രോത്സാഹനവും നൽകാൻ രക്ഷിതാക്കൾക്ക് കഴിയണം. അവരിൽ നല്ല ശീലങ്ങൾ വളർത്തി എടുക്കുക, വിദ്യാഭ്യാസ രംഗത്ത് അവർക്ക് ആവശ്യമായ പ്രചോദനം നൽകുക, അവരെ സ്വപ്നം കാണാൻ പഠിപ്പിക്കുക എന്നതെല്ലാം രക്ഷിതാക്കളുടെ കടമയാണ്. സർവ്വജ്ഞം പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഇതിനായിട്ടാണ് എല്ലാ ജില്ലകളിലും ജില്ലാ കോർഡിനെറ്റർമാരുടെയും ജില്ലാസഭയുടെയും നേതൃത്വത്തിൽ പ്രമുഖ വ്യക്തികളെ പങ്കെടുപ്പിച്ചു രക്ഷകർത്താക്കൾക്കുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചിരുന്നത്

രണ്ടാംഘട്ടം കുട്ടികൾക്കുള്ളതാണ്. രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾക്ക് സിവിൽ സർവീസ് പോലെയുള്ള ഉന്നത പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് ആവശ്യമായ ഫൗണ്ടേഷൻ കോഴ്സുകൾ സംഘടിപ്പിക്കുന്നു. ഈ കോഴ്സുകൾ നയിക്കുന്നത് അതാത് മേഖലകളിലെ പ്രഗദ്ഭരായ വ്യക്തികളാണ്. ഈ കോഴ്സിൽ നേരിട്ടുള്ള ക്ലാസുകൾ അതാതു ജില്ലകളിൽ വെച്ച് നടത്തുന്നതും അതിന്റെ തുടർച്ചയായി ഓൺലൈൻ ക്ലാസ്സുകളും നടത്തുന്നതാണ്. ഓൺലൈൻ ക്ലാസുകൾ,ടെസ്റ്റുകൾ മുതലായവ നടത്തുന്നതിനും സ്റ്റഡി മെറ്റീരിയലുകൾ അപ്ലോഡ് ചെയ്യുവാനും ഫീസ് അടക്കുവാനും "Class' എന്ന ആപ്ലിക്കേഷൻ ആണ് ഉപയോഗിക്കുന്നത്.

ഇത്തരം ക്ലാസ്സുകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ആവശ്യമായ സ്റ്റഡി മെറ്റീരിയൽ ഈ പദ്ധതിയുടെ ഭാഗമായി നൽകുന്നതാണ്. ഉന്നത ജോലികൾക്കായി നടത്തുന്ന പരീക്ഷകളുടെ അടിസ്ഥാന വിഷയങ്ങളായ ഇന്ത്യയുടേയും ലോകത്തിന്റെയും ഭൂമിശാസ്ത്രം, പാരിസ്ഥിതി വിഷയങ്ങൾ, ചരിത്രം, ശാസ്ത്ര സാങ്കേതിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് ക്ലാസുകൾ നടത്തുന്നത്.

ഏകദേശം ഒന്നര വർഷമാണ് ഈ കോഴ്സിനായി നിശ്ചയിച്ചിട്ടുള്ളത്. ഈ കോഴ്സ് പൂർത്തിയാക്കാൻ ഒരു വിദ്യാർത്ഥിക്ക് ഏകദേശം 6000 രൂപ ചെലവ് വരും. യോഗക്ഷേമസഭ വിഭാവനം ചെയ്തിട്ടുള്ള പദ്ധതി ആയതിനാൽ ഓരോ കുട്ടിക്കും ചിലവാകുന്നതിന്റെ 50% (രൂ, 3000/) യോഗക്ഷേമസഭ വഹിക്കുന്നതാണ്. ബാക്കി 3000 രൂപ കുട്ടികൾ 3 തവണകളായി അടക്കേണ്ടതാണ്. അടുത്ത ആറു മുതൽ പത്ത് വർഷത്തിനുള്ളിൽ സിവിൽ സർവീസ് പോലെയുള്ള പരീക്ഷകളിൽ മത്സരിപ്പിച്ചു വിജയികളാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ യോഗക്ഷേമസഭ ലക്ഷ്യമിടുന്നത്. ●

സർവ്വജ്ഞം സംസ്ഥാന
കോർഡിനേറ്റർ(മുൻ തിരുവതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ) കോയിയ്ക്കൽ തറ ഇല്ലം,
വലിയകുളങ്ങര
ഓച്ചിറ,മൊബൈൽ: 9446152775





കവിത:

# മറക്കുടയും ബുർക്കയും

(കേരളാസ്റ്റോറി സിനിമ
കണ്ടപ്പോൾ എഴുതിയത്)

**അനിയൻ മാങ്ങോട്ട്രി**

പണ്ടാത്തേമ്മാരെ(*)മൂടിത്തല വഴി
തടവിൽക്കെട്ടി നീ വാണുവെന്നാ-
ലുണ്ടാക്കാൻ വന്നു വീണ്ടും നരക
മിവിടെയിപ്പെൺ സമൂഹത്തിനിപ്പോൾ!

പണ്ടാരശ്ശീല! നീ-ഇന്നബലകളെ
യിതാ മൂടിടുന്നാകമാനം
മിണ്ടാനാവാത്ത മട്ടങ്ങിരുളിൽ!
മുഖപടം നിന്റെ പുത്തൻ സ്വരൂപം!

* ആത്തേമ്മാർ-നമ്പൂതിരി വധു



Aniyan Mangotri,
MRA139,Ashramam Road
Mannamoola,Perurkada
Thiruvananthapuram 695005 ,
Mob: 9496080045





**ഗാന്ധിജി രണ്ടു ചിത്രങ്ങൾ:** *യുവാവായ ബാരിസ്റ്ററും സ്വാതന്ത്ര്യസമരനേതാവും*

സ്വതന്ത്ര ഇന്ത്യയുടെ രാഷ്ട്രപിതാവോ, ക്വിറ്റ് ഇന്ത്യാ സമര നായകനോ, ഉപ്പുസത്യാഗ്രഹത്തിലൂടെ പ്രശസ്തനാവുകയോ ചെയ്ത ആളല്ല ആദ്യചിത്രത്തിലെ ഗാന്ധി. ദക്ഷിണാഫ്രിക്കയിലെ ഒരു ബാരിസ്റ്റർ മാത്രം. ദക്ഷിണാഫ്രിക്കയിലെ ഉദ്യോഗം വലിച്ചെറിഞ്ഞാണ് ഇന്ത്യയിലെത്തി രാഷ്ട്രീയ പ്രവർത്തനം തുടങ്ങിയത്. തുടർന്ന് ഒമ്പത് വർഷമേ ആയിട്ടുള്ളൂ ഗാന്ധി ഇണ്ടൻ തുരുത്തി മനയിലെത്തുമ്പോൾ.

## ഗാന്ധിജി വന്ന വൈക്കം ഇണ്ടൻതുരുത്തി മനയെപ്പറ്റി പുതു ചരിത്രകാരന്മാർ പ്രചരിപ്പിക്കുന്ന നുണയിലെ

# സത്യം ഇതാണ്

വൈക്കം സത്യാഗ്രഹ ചരിത്രത്തിൽ ഇണ്ടൻ തുരുത്തി നമ്പ്യാതിരിയും ഗാന്ധിജിയും തമ്മിൽ നടന്ന ചർച്ചയാണ് ഏറെ ശ്രദ്ധ പിടിച്ചു പറ്റിയ ഒരു സംഭവം. അന്ന് ഇങ്ങനെ ഒരു ചർച്ച നടത്താൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകം എന്തായിരുന്നു? സത്യസന്ധമായ ചരിത്രം പുറത്ത് വന്നേ മതിയാകൂ. ഇത് സ്വസ്തിയുടെ ഒരു ബാധ്യതയായി കണക്കാക്കിയാണ് ഇണ്ടൻതുരുത്തി മന്നയിലെ അംഗങ്ങളുമായുള്ള അഭിമുഖം നടത്തിയത്.

സമര പന്തലിൽ എത്തുന്നതിന് മുമ്പായി ഗാന്ധി ശ്രീനാരായണ ഗുരുവിനെ ചെന്ന് കണ്ടിരുന്നു. സത്യാഗ്രഹകാര്യങ്ങളിൽ ഗുരുവിന്റെ അഭിപ്രായം തേടി. ഗുരു ചുവടെ പറയുന്ന രീതിയിൽ അഭിപ്രായപ്പെട്ടുവത്രെ.

'സഹിക്കാനും ത്യജിക്കാനുമുള്ള സന്നദ്ധത വേണ്ടത് തന്നെയാണ്. എന്നാൽ വെറുതെ നനഞ്ഞ് കുതിരുകയോ വിശന്നു പൊരിയുകയോ ചെയ്യേണ്ട കാര്യമില്ല. പ്രവേശനം നിരോധിച്ചിടത്ത് പ്രവേശിച്ചിട്ട് അതിന്റെ പ്രത്യാഘാതങ്ങൾ നേരിടുക. അടിയേറ്റാൽ തിരിച്ചടിക്കേണ്ടതില്ല. നമുക്ക് മുൻപിൽ ഒരു മതിൽ ഉണ്ടെങ്കിൽ മടങ്ങിപ്പോകരുത്. അത് ചാടി കടക്കണം. വഴി നടക്കുന്നതിൽ മാത്രമായി ലക്ഷ്യം അവസാനിപ്പിക്കരുത്. ക്ഷേത്രത്തിൽ കയറണം. എല്ലാ ക്ഷേത്രങ്ങളിലും എല്ലാവരും എല്ലാ ദിവസവും കയറട്ടെ. പന്തിഭോജനം ഉണ്ടെങ്കിൽ അതിലും കടന്നിരിക്കണം.'

ഗുരുവിന്റെ വാക്കുകൾ വാച്യാർത്ഥത്തിൽ തന്നെ എടുത്ത ഗാന്ധിജി ഇത് അക്രമത്തിനുള്ള ആഹ്വാനമാണ് എന്ന് വിലയിരുത്തി. സമാധാനം എന്ന കോൺഗ്രസിന്റെ അടിസ്ഥാന നയത്തിനെതിരാണ് ഗുരുവിന്റെ വാക്കുകൾ എന്ന് ചിന്തിച്ചാണ് യാഥാസ്ഥിതികരുമായി ചർച്ച നടത്തി പ്രശ്നപരിഹാരം സാധ്യമാകുമോ എന്ന് ആരായാൻ തീരുമാനിക്കുന്നത്. അങ്ങനെയാണ് ചർച്ചയ്ക്ക് കളമൊരുങ്ങുന്നത്. സ്ഥാപിത താല്പര്യക്കാർ തമസ്കരിച്ച ചരിത്രമാണിത്.

ഇനി ഗാന്ധിജിയെപ്പോലും മനയ്ക്ക് പുറത്ത് ഇരുത്തി ചർച്ച നടത്തി എന്നു ഇപ്പോൾ പറയുന്നവർ മനസ്സിലാക്കണ്ട മറ്റ് ചില കാര്യങ്ങൾ കൂടിയുണ്ട്. ഇണ്ടൻതുരുത്തി നമ്പ്യാതിരിയെ സംബന്ധിച്ചിടത്തോളം അന്ന് ഗാന്ധിജി ഒരു കോൺഗ്രസ് നേതാവ് മാത്രമാണ്. എന്നാൽ ഇണ്ടൻതുരു

ത്തി നമ്പ്യാതിരിമാർ പ്രാദേശിക ചരിത്രങ്ങളിലെ തിളക്കമാർന്ന കഥാപാത്രങ്ങളായിരുന്നു അന്ന്. വൈക്കം എന്ന ക്ഷേത്ര രാജ്യത്തിന്റെ പണ്ടത്തെ ഭരണാധികാരികൾ. ക്ഷേത്രത്തിന്റെ ഉടമസ്ഥാവകാശം ഒരിക്കൽ കയ്യാളിയിരുന്നവർ, പ്രദേശിക തലത്തിൽ നീതിന്യായം നിർവ്വഹിച്ചിരുന്നവർ, ക്ഷേത്രം 1811 ൽ മൺറോ പിടിച്ചെടുത്ത് ക്ഷേത്ര ഭരണം തിരുവിതാംകൂർ റവന്യൂ വകുപ്പ് ഏറ്റെടുത്തിരുന്നെങ്കിലും പൂജാദി ഉത്സവാദി കാര്യങ്ങൾക്ക് നേതൃത്വം നൽകുന്ന ക്ഷേത്രത്തിലെ സമുദായ സ്ഥാനം അലങ്കരിച്ചിരുന്നവർ. പ്രാദേശികമായി ഇക്കാര്യങ്ങൾക്ക് വലിയ പ്രസക്തി അന്ന് ഉണ്ടായിരുന്നു. എന്നിട്ടും ഇണ്ടൻ തുരുത്തി നമ്പ്യാതിരിയെ അപ്രസക്തനായ ഒരു ‘ വെറും നമ്പൂരി’ എന്ന രീതിയിലാണ് ചരിത്രകാരന്മാർ കണ്ടത്.

ദക്ഷിണാഫ്രിക്കയിൽ നിന്നും വക്കീൽ പണി ഉപേക്ഷിച്ച് ഇന്ത്യയിൽ എത്തിയ ഗാന്ധിജി കോൺഗ്രസിൽ ചേർന്ന് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ തുടങ്ങിയത് ഏതാണ്ട് 1915 മുതലാണ്. പ്രധാനമായും അയിത്തോച്ചാടനം എന്ന വിഷയത്തിലായിരുന്നു ആദ്യം അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചത്. ഇതിനായി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഒറ്റപ്പെട്ട ചില പ്രക്ഷോഭങ്ങൾ നടത്തി എല്ലാവരുടേയും പിന്തുണ പിടിച്ചു പറ്റി. ടാഗോറും മറ്റും ഇക്കാലത്താണ് ഗാന്ധിജിയുമായി അടുക്കുന്നത്. 1924 ൽ അദ്ദേഹം ഒരു വർഷം കോൺഗ്രസിന്റെ പ്രസിഡന്റായി സേവനം അനുഷ്ഠിച്ചു. അന്ന് ഇന്ത്യയിൽ റേഡിയോ പ്രക്ഷേപണമോ ടെലിവിഷൻ പ്രക്ഷേപണമോ ഇല്ല. ദിവസവും അച്ചടിച്ച് വീട്ടിലെത്തിക്കുന്ന ദിനപത്രങ്ങളും ഇല്ല. ആഴ്ചയിൽ ഒരിക്കലൊക്കെ എത്തുന്ന പത്രങ്ങൾ മാത്രം. അതു തന്നെ വളരെ കുറച്ചുപേർ മാത്രമേ വായിക്കാറുമുള്ളൂ.

തിരുവിതാംകൂറിൽ കോൺഗ്രസ് പ്രവർത്തനം തുടങ്ങിയിരുന്നെങ്കിലും അത് ബ്രിട്ടീഷുകാർക്കെതിരെ സമരം ചെയ്യുന്ന രീതിയിലേക്കൊന്നും അന്ന് മാറിയിരുന്നില്ല. അവർണ്ണർക്ക് വഴി നടക്കാനുള്ള സ്വാതന്ത്ര്യത്തിന് വേണ്ടിയായിരുന്നു വൈക്കം സത്യാഗ്രഹം. അല്ലാതെ ബ്രിട്ടീഷുകാർക്കെ

**അന്നത്തെ ഗാന്ധിജി നാം ഇപ്പോൾ രാഷ്ട്ര പിതാവായി കരുതുന്ന ഗാന്ധിജി അല്ലായിരുന്നു. അന്നത്തെ ഇണ്ടൻ തുരുത്തി നമ്പ്യാതിരി വെറും ഒരു നമ്പൂരിയുമായിരുന്നില്ല.**

തിരെയുള്ള ഒരു സമരമേ ആയിരുന്നില്ല. എന്നിട്ടും ഇതിനെ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി മാറ്റി പിന്നീട് ചരിത്രമെഴുതിയതായി കാണാം.

കാര്യങ്ങൾ ശരിയായി പരിശോധിക്കുകയാണെങ്കിൽ 1930 ലെ ഉപ്പ് സത്യാഗ്രഹവും 1942 ലെ ക്വിറ്റ് ഇന്ത്യാ സമരവും കഴിഞ്ഞ ശേഷമാണ് ഗാന്ധിജിയെ വ്യാപകമായി കേരളം അറിഞ്ഞ് തുടങ്ങുന്നത് എന്ന് കാണാം. പിന്നീട് 1947 ൽ ഉണ്ടായ സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം പ്രധാന മന്ത്രി ആകാമായിരുന്നിട്ടും ആ സ്ഥാനം സ്വീകരിക്കാതെ മാറി നിന്നതും 1948 ലെ അദ്ദേഹത്തിന്റെ ദാരുണമായ അന്ത്യവും ആണ് അസാധാരണമായ പ്രശസ്തി ഗാന്ധിജിക്ക് ഉണ്ടാക്കിക്കൊടുക്കുന്നത്.

ഈ സാഹചര്യത്തിൽ വേണം ഗാന്ധിജിയെപ്പോലും മനയ്ക്ക് പുറത്ത് ഇരുത്തി ചർച്ച നടത്തി എന്ന ആരോപണത്തെ വിലയിരുത്തേണ്ടത്. അന്നത്തെ ഗാന്ധിജി നാം ഇപ്പോൾ രാഷ്ട്രപിതാവായി കരുതുന്ന ഗാന്ധിജി അല്ലായിരുന്നു. അന്നത്തെ ഇണ്ടൻ തുരുത്തി നമ്പ്യാതിരി വെറും ഒരു നമ്പൂരിയുമായിരുന്നില്ല. 1925 ൽ ശ്രീമൂലം പ്രജാസഭയിൽ അവർണ്ണരുടെ ക്ഷേത്ര പ്രവേശനം സംബന്ധിച്ച പ്രമേയം ചർച്ച ചെയ്യാൻ തന്നെ അന്നത്തെ ദിവാൻ രാഘവയ്യ ആദ്യം അനുവദിച്ചില്ല എന്ന യാഥാർത്ഥ്യവും നാം തിരിച്ചറിയണം.

ഇത് സംബന്ധിച്ചുള്ള ഒരു നിവേദനം മഹാരാജാവിന് നൽകാൻ ആഗ്രഹം പ്രകടിപ്പിച്ച റ്റി കെ മാധവന്റെ ആവശ്യത്തെ അന്നത്തെ ദിവാൻ രാഘവയ്യ തള്ളുകയാണ് ഉണ്ടായത്. അധികാരികൾ അവർണ്ണരോട് ഇങ്ങനെയാണ് പെരുമാറുന്നതെങ്കിൽ ഞങ്ങൾക്ക് തിരുവിതാംകൂർ വിട്ട് പോകേണ്ടി വരും എന്ന് റ്റി കെ മാധവൻ വളരെ സങ്കടത്തോടെ അന്ന് പറഞ്ഞപ്പോൾ “ ഓഹോ എന്നാൽ പൊയ്ക്കൊള്ളൂ’ എന്നാണ് രാഘവയ്യ പറഞ്ഞത്.

അപ്പോൾ അവർണ്ണരുടെ സഞ്ചാര സ്വാതന്ത്ര്യം , ക്ഷേത്ര പ്രവേശനം തുടങ്ങിയ വിഷയങ്ങളിൽ അന്തിമ തീരുമാനം എടുക്കേണ്ടിയിരുന്നവർ തിരുവിതാംകൂർ ഭരണാധികാരികൾ മാത്രമായിരുന്നു എന്ന് വ്യക്തം. വൈക്കത്ത് മാത്രമല്ല തിരുവിതാംകൂറിലെ ഒരു ക്ഷേത്രത്തിലും പിന്നോക്കക്കാരെ കയറ്റാൻ തിരുവിതാംകൂറിലെ അധികാരികൾക്ക് താൽപ്പര്യമുണ്ടായിരുന്നില്ല എന്നതായിരുന്നു വാസ്തവം.

എന്നാൽ ഇണ്ടൻ തുരുത്തി നമ്പ്യാതിരി എന്ന ഒറ്റ വ്യക്തിയുടെ നേതൃത്വം ആയിരുന്നു തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള എല്ലാ ക്ഷേത്രങ്ങളിലേക്കുമുള്ള അവർണ്ണരുടെ പ്രവേശനത്തെ തടഞ്ഞ് നിർത്തിയിരുന്നതെന്ന തരത്തിലാണ് പിന്നീട് സത്യാഗ്രഹ ചരിത്രങ്ങൾ ഇറങ്ങിയത്. മാത്രമല്ല ഇണ്ടൻ തുരുത്തി നമ്പ്യാതിരിയെ മുൻനിർത്തി മുഴുവൻ നമ്പൂതിരിമാരേയും പ്രതിസ്ഥാനത്ത് നിർത്താനും ശ്രമം ഉണ്ടായി. പ്രതിയായി നമ്പൂരിയെ നിശ്ചയിച്ചാൽ എല്ലാം ഭദ്രം. എവിടെ നിന്നും എതിർപ്പുകൾ ഉണ്ടാകില്ല. ഇപ്പോഴും അതേ തന്ത്രം തുടർന്നു കൊണ്ടിരിക്കുന്നു.

വൈക്കം സത്യാഗ്രഹത്തിലെ നിറ സാന്നിദ്ധ്യമായിരുന്ന കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, പൂർവ്വാശ്രമത്തിൽ കൃഷ്ണൻ നമ്പ്യാതിരി ആയിരുന്ന ആഗമാനന്ദ സ്വാമികൾ, അവർണ്ണരോടൊപ്പം തോളോട് തോൾ ചേർന്ന് സമരത്തിൽ പങ്കെടുത്തതിന് യാഥാസ്ഥിതികന്മാർ കണ്ണിൽ ചുണ്ണാമ്പ് കുഴച്ച് തേച്ച് കാഴ്ച നഷ്ടപ്പെടുത്തിയ ബ്രാഹ്മണനായ രാമൻ ഇളയത് തുടങ്ങി നൂറ് കണക്കിന് ബ്രാഹ്മണർ ഉണ്ടായിരുന്നിട്ടും അവരെയൊന്നും കാണാതെ എല്ലാ കുറ്റങ്ങളും ഇണ്ടൻ തുരുത്തി നമ്പ്യാതിരിക്കെതിരെ തിരിച്ചു വിടുകയാണ് സ്ഥാപിത താല്പര്യക്കാരായ ചരിതകാരന്മാർ ചെയ്ത്ത്. ●

(അടുത്ത പേജിൽ വായിക്കുക ഇണ്ടൻ തുരുത്തി മനയിലെ പുതു തലമുറയുമായുള്ള അഭിമുഖം)

**കവർസ്റ്റോറി**



ഇണ്ടൻതുരുത്തി മന

# ഗാന്ധിജി വന്നത് ഈ ഇല്ലത്താണ്

വൈക്കം സത്യാഗ്രഹ കാലത്ത് തന്റെ ഇല്ലത്ത് ഗാന്ധിജി വന്നതിന്റെ പേരിൽ മരണാനന്തരം വില്ലനാക്കപ്പെട്ട ആളാണ് വൈക്കം ഇണ്ടൻതുരുത്തി മനയിലെ നമ്പ്യാതിരി. അദ്ദേഹത്തിന്റെ പൗത്രൻ നീലകണ്ഠൻ നമ്പ്യാതിരി ആ സംഭവത്തിലെ സത്യാവസ്ഥയും അന്നത്തെ സാഹചര്യവും വെളിപ്പെടുത്തുന്നു. അയിത്തം കാരണം ഗാന്ധിജിയെ മുറ്റത്ത് ഇരുത്തിയെന്നും മറ്റുമുള്ള നുണയിലെ സത്യം എന്തായിരുന്നു.

**ഉണ്ണികൃഷ്ണൻ നമ്പൂതിരി**



ഇത് വൈക്കം സത്യാഗ്രഹത്തിന്റെ നൂറാം വാർഷികം. അവർണ്ണരുടെ സഞ്ചാര സ്വാതന്ത്ര്യത്തിനും ക്ഷേത്ര പ്രവേശനത്തിനും തടസ്സമായി നിന്നത് ഇവിടുത്തെ നമ്പൂതിരിമാരായിന്നു എന്നും സത്യാഗ്രഹത്തിന്റെ ഒടുവിൽ ഇണ്ടൻതുരുത്തി നമ്പ്യാതിരി എന്ന സവർണ്ണ ഫാസിസ്റ്റിനെ ചർച്ചയിലൂടെ മുട്ടുകുത്തിച്ചതോടെയാണ് എല്ലാ തടസ്സങ്ങളും മാറി അവർണ്ണർക്ക് ക്ഷേത്രപ്രവേശനമുൾപ്പടെയുള്ള കാര്യങ്ങൾ സാധ്യമായതെന്നുമുള്ള രീതിയിലാണ് രാഷ്ട്രീയക്കാർ എല്ലാ മാധ്യമങ്ങളിൽക്കൂടിയും ഇപ്പോൾ പ്രചാരണം നടത്തിക്കൊണ്ടിരിക്കുന്നത്.

അവർണ്ണരുടെ സഞ്ചാര സ്വാതന്ത്ര്യത്തിനായി റ്റി കെ മാധവന്റെ നേതൃത്വത്തിൽ വൈക്കം ക്ഷേത്ര പരിസരത്ത് AD 1924 അടുപ്പിച്ച് തുടങ്ങിയ സത്യാഗ്രഹത്തിന്റെ ക്ലൈമാക്സ് രംഗം അരങ്ങേറിയത് ഇണ്ടൻതുരുത്തി മനയുടെ പൂമുഖത്തായിരു



*ദേവൻ നീലകണ്ഠൻ നമ്പ്യാതിരി (ഗാന്ധിജിയുമായി ചർച്ച നടത്തിയ ആൾ)*

ന്നു. മഹാത്മാ ഗാന്ധിയും ഇണ്ടൻ തുരുത്തി നമ്പ്യാതിരിയും തമ്മിൽ അവിടെ വച്ചു നടന്ന ചർച്ച ചരിത്രത്തിന്റെ ഭാഗമാണ്.

കാലങ്ങൾക്ക് ശേഷം ഇത് സംബന്ധിച്ച് പുറത്ത് വന്ന ചരിത്രങ്ങളിലെ ഏക വില്ലൻ കഥാപാത്രം ഇണ്ടൻ തുരുത്തി നമ്പ്യാതിരിയാണ്. മഹാക്രൂരൻ, അയിത്തം പറഞ്ഞ് മഹാത്മാ ഗാന്ധിയെപ്പോലും മനയ്ക്ക് പുറത്ത് 12 അടി അകലത്തിൽ ഇരുത്തി ചർച്ച നടത്തിയ ബ്രാഹ്മണ മേധാവിത്വത്തിന്റെ പ്രതീകം, അവർണ്ണരുടെ ക്ഷേത്ര പ്രവേശനവും സഞ്ചാര സ്വാതന്ത്ര്യവും തടഞ്ഞ് നിർത്തിയ നീചൻ ഇങ്ങനെ പോകുന്നു അദ്ദേഹത്തെക്കുറിച്ചുള്ള വിശേഷണങ്ങൾ. അവസാനം ഇണ്ടൻ തുരുത്തി മന വൈക്കം താലൂക്ക് ചെത്ത് തൊഴിലാളി യൂണിയൻ വാങ്ങി ഓഫീസാക്കി മാറ്റിയപ്പോൾ അത് ബ്രാഹ്മണ മേധാവിത്വത്തിനേറ്റ കനത്ത തിരിച്ചടിയാണെന്നും കാലത്തിന്റെ കാവ്യനീതിയാണെന്നും കാട്ടി ലേഖനങ്ങളെഴുതിയും പ്രസംഗിച്ചും സാധാരണക്കാരെ ഇപ്പോഴും ആവേശത്തിലാക്കിക്കൊണ്ടിരിക്കുകയാണ് ഇവിടുത്തെ രാഷ്ട്രീയക്കാരും ഇളയിടത്തെ പോലെയുള്ള ചില പ്രസംഗത്തൊഴിലാളികളും .

ബ്രാഹ്മണനെ പ്രതിസ്ഥാനത്ത് നിർത്തി ചരിത്രമെഴുതിയാലോ പ്രസംഗിച്ചാലോ ആരും ചോദ്യം ചെയ്യാൻ വരില്ല എന്ന ഉത്തമ വിശ്വാസം ഉള്ളതു കൊണ്ടും യഥാർത്ഥ പ്രതികളെ മാപ്പ് സാക്ഷികളാക്കി കാണാമറയത്ത് നിർത്തി അവരെ വെള്ള പൂശാൻ സാധിക്കുമെന്നും മനസ്സിലാക്കിയവരാണ് വ്യാജചരിത്രങ്ങളിലൂടെയും പ്രചാരണങ്ങളിലൂടെയും ഇണ്ടൻ തുരുത്തിയെ വില്ലനാക്കി ജനസമക്ഷം അവതരിപ്പിച്ചത്.

അനന്തര തലമുറക്കാർ ആരും അവശേഷിക്കാത്ത രീതിയിൽ ഇണ്ടൻ തുരുത്തി മന നശിച്ച് നാറാണക്കല്ല് തോണ്ടിയെന്നാണ് സത്യാഗ്രഹ ചരിത്രങ്ങൾ വായിച്ച് ആവേശം കയറിയ പലരും കരുതിയിരിക്കുന്നത്. എന്നാൽ കാര്യങ്ങൾ അങ്ങനെയല്ല എന്നറിയുമ്പോൾ വ്യാജചരിത്രം വിളമ്പി ജനത്തിനെ രസിപ്പിച്ചവർക്ക് ചിലപ്പോൾ ഇച്ഛാഭംഗം ഉണ്ടായേക്കാം. അതെ, ഇണ്ടൻ തുരുത്തി നമ്പ്യാതിരിയുടെ



*കീഴേട്ട് രാമൻ ഇളയത്*

**വൈക്കം സത്യാഗ്രഹ സമരത്തിലെ നിറ സാന്നിദ്ധ്യമായിരുന്ന കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, പൂർവ്വാശ്രമത്തിൽ കൃഷ്ണൻ നമ്പ്യാതിരി ആയിരുന്ന ആഗമാനന്ദ സ്വാമികൾ, അവർണ്ണരോടൊപ്പം തോളോട് തോൾ ചേർന്ന് സമരത്തിൽ പങ്കെടുത്തതിന് യാഥാസ്ഥിതികന്മാർ കണ്ണിൽ ചുണ്ണാമ്പ് കുഴച്ച് തേച്ച് കാഴ്ച നഷ്ടപ്പെടുത്തിയ ബ്രാഹ്മണനായ രാമൻ ഇളയത് തുടങ്ങി നൂറ് കണക്കിന് ബ്രാഹ്മണർ യാഥാസ്ഥിതികന്മാരെ എതിർക്കാൻ മുൻ നിരയിൽ ഉണ്ടായിരുന്നിട്ടും അവരെയൊന്നും കാണാതെ എല്ലാ കുറ്റങ്ങളും ഇണ്ടൻ തുരുത്തി നമ്പ്യാതിരിക്കെതിരെ തിരിച്ചുവിട്ട് ചരിത്രമെഴുതി ഇതിന്റെ യഥാർത്ഥ കാരണക്കാരായ യാഥാസ്ഥിതികന്മാരെയും രാജഭരണത്തിൽ അധികാര സ്ഥാനത്തിരുന്ന് എല്ലാ ദ്രോഹങ്ങൾക്കും മർദ്ദനങ്ങൾക്കും നേതൃത്വം വഹിച്ച ഭരണ കർത്താക്കളേയും വെള്ളപൂശി രക്ഷിച്ചെടുക്കുകയാണ് സ്ഥാപിത താല്പര്യക്കാരായ ചരിതകാരന്മാർ ചെയ്തതെന്ന് കാണാം.**

അനന്തര തലമുറ ഇന്നും വൈക്കത്ത് സുഖമായി ജീവിക്കുന്നുണ്ട്. സമ്പത്തിനും ആദരവിനും ഒട്ടും കുറവില്ലാതെ തന്നെ. 'സംഭവിച്ചതെല്ലാം നല്ലതിന് . എല്ലാം വൈക്കത്തപ്പന്റെ ഓരോ ലീലാവിലാസങ്ങൾ മാത്രം' എന്നാണ് ഇതിനെപ്പറ്റി ചോദിച്ചാൽ നമ്പ്യാതിരി

യുടെ പിൻമുറക്കാർക്ക് പറയാനുള്ളത്.

ചരിത്രങ്ങളിൽ വായിച്ചറിഞ്ഞ വില്ലനായ ദേവൻ നീലകണ്ഠൻ നമ്പ്യാതിരിയെക്കുറിച്ച് കൂടുതൽ അറിയാനും അത് സ്വസ്തിയുടെ വായനക്കാർക്ക് വേണ്ടി പങ്കു വയ്ക്കാനുമായിട്ടാണ് ഞാൻ വൈക്കത്ത് എത്തിയത്. അവിടെ ക്ഷേത്രത്തിന്റെ തെക്കെ നടയ്ക്ക് അര കിലോമീറ്റർ തെക്കുള്ള ഇണ്ടൻ തുരുത്തി ദേവീ ക്ഷേത്രത്തിന് സമീപമാണ് പുതിയ ഇണ്ടൻ തുരുത്തി മന സ്ഥിതി ചെയ്യുന്നത്. അവിടെ ഇപ്പോൾ താമസിക്കുന്നത് മുൻ ശബരിമല മേൽശാന്തിയും സാക്ഷാൽ ഇണ്ടൻ തുരുത്തി നമ്പ്യാതിരിയുടെ പൗത്രനുമായ മുരളീധരൻ നമ്പ്യാതിരിയാണ്. ഇദ്ദേഹത്തിന്റെ ജ്യേഷ്ഠൻ ഉദയനാപുരം ഇണ്ടൻ തുരുത്തി മനയിൽ താമസിക്കുന്ന നീലകണ്ഠൻ നമ്പ്യാതിരിയും അന്ന് അവിടെ ഉണ്ടായിരുന്നു. ഇദ്ദേഹവും മുൻ ശബരിമല മേൽശാന്തിയായിരുന്നു.

65 വയസുള്ള നീലകണ്ഠൻ നമ്പ്യാതിരി തന്റെ മുത്തശ്ശനും വൈക്കം സത്യാഗ്രഹ കഥകളിലെ വില്ലനുമായ ഇണ്ടൻ തുരുത്തി നമ്പ്യാതിരിയെ കണ്ടിട്ടില്ല. പക്ഷേ മുത്തശ്ശനെ പറ്റി തന്റെ അച്ഛനും അമ്മയും മറ്റ് ബന്ധുക്കളും പഴയ തലമുറയിൽ പെട്ട നാട്ടുകാരും ഒക്കെ ധാരാളമായി പറഞ്ഞ് കേട്ട കാര്യങ്ങൾ അദേഹത്തിന്റെ ഓർമ്മയിൽ ഉണ്ടായിരുന്നു. ഏകദേശം രണ്ട് മണിക്കൂറിലധികം സമയം അദ്ദേഹവുമായി നടത്തിയ ദീർഘ സംഭാഷണത്തിന്റെ പ്രസക്ത ഭാഗങ്ങൾ വായനക്കാർക്കായി ചുവടെ പങ്ക് വക്കുന്നു.

? വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ടു വരുന്ന ലേഖനങ്ങളിലും കുറിപ്പുകളിലും മറ്റും ഇണ്ടൻ തുരുത്തി നമ്പ്യാതിരി, നമ്പൂതിരി, നമ്പൂതിരിപ്പാട് എന്നൊക്കെ വ്യത്യസ്ഥ തരത്തിലാണ് കാണുന്നത്. മുത്തശ്ശന്റെ ശരിക്കുള്ള പേര് എന്തായിരുന്നു ?

= ദേവൻ നീലകണ്ഠൻ നമ്പ്യാതിരി എന്നായിരുന്നു മുത്തശ്ശന്റെ യഥാർത്ഥ പേര്. ഇതിൽ 'ദേവൻ' എന്നത് ഒരു പരമ്പര നാമമാണ്. അത് കുടുംബത്തിലെ മുൻ തലമുറക്കാർ എല്ലാവരും ഉപയോഗിച്ചിരുന്നു. നമ്പ്യാതിരി എന്നത് ഒരു സ്ഥാനപ്പേരാണ്. ദേശാധിപത്യമോ, ന്യായാധിപത്യമോ, സൈന്യാധി




മനയ്ക്ക് മുൻപിലെ റോഡിൽ വച്ചിരിക്കുന്ന കമാനം

പത്യമോ ഉള്ള നമ്പൂതിരിമാരുടെ ഒരു വിശേഷപ്പേരായിരുന്നു 'നമ്പ്യാതിരി' എന്നത്.

? വൈക്കം ക്ഷേത്രത്തിന്റേയും ക്ഷേത്രത്തിന് ചുറ്റുമുള്ള ഒരു വലിയ ഭൂവിഭാഗത്തിന്റേയും (സങ്കേതം) ഭരണാധികാരം ഇണ്ടൻ തുരുത്തി മനയ്ക്കായിരുന്നു എന്ന് ചില ചരിത്ര പരാമർശങ്ങൾ കണ്ടിട്ടുണ്ട്. ഇത് സത്യമാണോ?

= സത്യമായിരുന്നു എന്നാണ് വിശ്വസിക്കുന്നത്. കൂടാതെ വൈക്കത്തും പരിസര പ്രദേശങ്ങളിലുമുള്ള 108 നമ്പൂതിരി കുടുംബക്കാരുടെ നേതൃസ്ഥാനവും ഇണ്ടൻ തുരുത്തിക്കായിരുന്നു എന്ന തരത്തിൽ ഒരു വിശ്വാസം നാട്ടിൽ ഉണ്ടായിരുന്നു. പലരും അത് പറയാറുണ്ട്. ക്ഷേത്രം ഞങ്ങളുടെ പക്കൽ നിന്നും തിരുവിതാംകൂർ സർക്കാർ പിടിച്ചെടുത്തതിന്റെ ഭാഗമായിട്ടാണെന്ന് തോന്നുന്നു ഇപ്പോഴും പ്രതിവർഷം 65.5 ക്വിന്റൽ നെല്ലിന്റെ തന്നാണ്ടത്തെ വില കണക്കാക്കി ദേവസ്വം ബോർഡ് ഞങ്ങൾക്ക് നൽകുന്നുണ്ട്.

? നിങ്ങൾ ജ്യേഷ്ഠാനുജന്മാർ രണ്ടുപേരും മുൻ ശബരിമല മേൽശാന്തിമാരായിരുന്നല്ലോ ? ഇതൊരു അപൂർവ്വ ഭാഗ്യമായി കരുതുന്നുണ്ടോ ?

= തീർച്ചയായും. വൈക്കത്തപ്പന്റേയും ശബരിമല അയ്യപ്പന്റേയും പിന്നെ കുടുംബ ഭരദേവതയായ ഇണ്ടൻ തുരുത്തി ഭഗവതിയുടേയും അനുഗ്രഹമാണ് ഞങ്ങളെ ഈ നിലയിൽ എത്തിച്ചത്. പിന്നെ ഞങ്ങൾ രണ്ടുപേർ മാത്രമല്ല പൗത്രന്മാർ ആയിട്ടുള്ളത്. ഞങ്ങൾക്ക് ഒരു അനുജൻ കൂടിയുണ്ട്. ദേ ആ കാണുന്ന ഇല്ലം (കിഴക്ക് ഭാഗത്തുള്ള വലിയ കെട്ടിടം ചൂണ്ടിക്കാട്ടുന്നു) അനുജന്റേതാണ്. അയാൾ ഇപ്പോൾ മാളികപ്പുറം മേൽശാന്തിയാണ്. പുറപ്പെടാ ശാന്തിയായതിനാൽ ശബരിമലയിൽ തന്നെയാണ് ഈ വർഷത്തെ താമസം.

? ഇത് അപൂർവ്വങ്ങളിൽ അപൂർവ്വമായ ഭാഗ്യമാണല്ലോ ?

= എല്ലാവരും ഇതു തന്നെയാണ് പറയുന്നത്. ഞങ്ങൾ മൂന്നു പേർക്കും നറുക്കെടുപ്പിലൂടെയാണ് മേൽശാന്തി സ്ഥാനങ്ങൾ ലഭിച്ചത്. അത് അപൂർവ്വ ഭാഗ്യം തന്നെയാണ്. സംശയമില്ല. ഒരിക്കൽ നിർഭാഗ്യത്തിന്റെ പടുകുഴിയിൽ പെട്ടവരായിരുന്നു ഞങ്ങൾ. വ്യാജചരിത്രത്തിലൂടെ ഞങ്ങളുടെ മുത്തശ്ശൻ വില്ലനാക്കപ്പെട്ടു. അച്ഛനെ ചിലർ ചതിച്ചതിനാൽ കുട്ടിക്കാലത്ത് തന്നെ ജനിച്ചു വളർന്ന മനയും ഞങ്ങൾക്ക് നഷ്ടപ്പെട്ടു. തുടർന്ന് അച്ഛൻ മരിച്ചു. എന്റെ അമ്മാവനും പ്രമുഖ തന്ത്രിയുമായ വൈക്കം മോനാട് മനയിലെ കൃഷ്ണൻ നമ്പൂതിരിയാണ് പിന്നീടുള്ള ജീവിതത്തിൽ ഞങ്ങൾക്ക് തുണയായി നിന്നത്. വളർന്നപ്പോൾ ശബരിമല മേൽശാന്തി പോലെയുള്ള ഉന്നതമായ ആത്മീയ സ്ഥാനങ്ങൾ ഞങ്ങളെത്തേടി വന്നതും വൈക്കത്ത് തന്നെ പുതിയ സ്ഥലങ്ങൾ വാങ്ങി ഇല്ലങ്ങൾ പണിത് താമസിക്കാൻ സാധിച്ചതുമൊക്കെ അപൂർവ്വഭാഗ്യവും ദൈവാനുഗ്രഹവുമായി കാണുന്നു. എല്ലാം നഷ്ടപ്പെട്ടവരുടെ തിരിച്ച് വരവും ഒരർത്ഥത്തിൽ കാലത്തിന്റെ

ക്ഷേത്രപ്രവേശന വിളംബരം സംബന്ധിച്ച് 1937-ൽ ഹിന്ദുവിൽ വന്ന റിപ്പോർട്ട്

Continuing, he said that except half a dozen reactionary Nambudiris who were opposed to all progress, all were in favour of the Proclamation. The handful of oppositionists were the self-same people who were against the Yogakshema Sabha, against English education against Nambudiris wearing shirts, against anything that was at variance with time-honoured custoom and *mamool*. They could not set back the hands of the clock by placating such reactionaries. They had in the pre-

കാവ്യനീതി തന്നെയല്ലേ? ഒരിക്കൽ മന നഷ്ടപ്പെട്ടപ്പോൾ അത് കാവ്യനീതിയായി കണ്ട് സന്തോഷിച്ചവർ ഞങ്ങളുടെ ഈ തിരിച്ചു വരവിനേയും കാലത്തിന്റെ കാവ്യനീതിയായി തന്നെ കാണണം എന്നാണ് എന്റെ വിനീതമായ അപേക്ഷ. മുത്തശ്ശൻ പാവങ്ങളെ ദ്രോഹിച്ചവൻ ആയിരുന്നുവെങ്കിൽ ഒരിക്കലും ഈ തിരിച്ചു വരവ് സാധിക്കുമായിരുന്നില്ല എന്ന് വിശ്വസിക്കുന്നവരാണ് ഞങ്ങൾ.

? അച്ഛനെ ചിലർ ചതിച്ചു എന്ന് അങ്ങ് പറഞ്ഞിരുന്നല്ലോ. എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചത് ?

= വൈക്കം ക്ഷേത്രത്തിന്റെ വടക്ക് കിഴക്കായിട്ടായിരുന്നു ഇണ്ടൻ തുരുത്തി മന സ്ഥിതി ചെയ്തിരുന്നത്. അതായത് നഗരത്തിലെ കണ്ണായ സ്ഥലത്ത് പ്രധാന റോഡ് സൈഡിലായിരുന്നു മന സ്ഥിതി ചെയ്തിരുന്നത്. ഏകദേശം രണ്ടര ഏക്കറിൽ അധികം വരുന്ന സ്ഥലമായിരുന്നു മനപ്പറമ്പായിട്ടുണ്ടായിരുന്നത്. ഇതിന്റെ പകുതി സ്ഥലം മുത്തശ്ശൻ അദ്ദേഹത്തിന്റെ മകൾക്ക് നൽകിയിരുന്നു. ആകയാൽ ആ സ്ഥലം നഷ്ടപ്പെട്ടിട്ടില്ല. എന്റെ അച്ഛന് വീതമായി കിട്ടിയ ഒരേക്കറിലധികം വരുന്ന സ്ഥലവും അതിലുണ്ടായിരുന്ന മനയുമാണ് നഷ്ടപ്പെട്ടത്.

? എങ്ങനെ നഷ്ടപ്പെട്ടു എന്ന് അങ്ങ് പറഞ്ഞില്ല?

= ഞങ്ങളുടെ ചെറുപ്പകാലത്ത് സംഭവിച്ചതാണ്.

ഞാൻ നേരത്തേ പറഞ്ഞിരുന്നല്ലോ ആ സ്ഥലം കണ്ണായ സ്ഥലമായിരുന്നു എന്ന്. ആകയാൽ ആ സ്ഥലം എങ്ങനേയും സ്വന്തമാക്കണമെന്ന് ചില മിഷണറിമാർക്ക് താല്പര്യം ഉണ്ടായി. അവർ എന്റെ അച്ഛനെ നിരന്തരം സ്വാധീനിച്ച് മനസ് മാറ്റിയെടുത്തു. അവസാനം ചുളു വിലയ്ക്ക് ഈ വസ്തു തട്ടിയെടുക്കാനുള്ള നീക്കങ്ങൾ തുടങ്ങി. വസ്തു ഉറപ്പായും അവർ വാങ്ങിയെടുക്കും എന്ന ഘട്ടം വന്നപ്പോഴാണ് വൈക്കം താലൂക്ക് ചെത്ത് തൊഴിലാളി യൂണിയന്റെ നേതാക്കൾ എത്തി സാമാന്യം നല്ല വില പറഞ്ഞ് വസ്തു വാങ്ങിയത്. അവർ വന്നില്ലായിരുന്നു എങ്കിൽ ഇതിലും വലിയ നഷ്ടം ഞങ്ങൾക്കുണ്ടാകുമായിരുന്നു. മാത്രമല്ല അതിനോട് ചേർന്നു കിടന്ന വസ്തുവിന് യാതൊരു കുഴപ്പവും സംഭവിക്കാതിരുന്നതും യൂണിയൻ അവിടെ വന്നതു കൊണ്ട് മാത്രമാണ്.

? യൂണിയൻകാരുമായിട്ടുള്ള ബന്ധം എങ്ങനെയാണ് ? ശത്രുതയിലാണോ ?

= ഹേയ് ഒരിക്കലുമല്ല. അവരുമായി ഞങ്ങൾക്ക് ഏറ്റവും നല്ല ബന്ധമാണ്. നഷ്ടപ്പെട്ട മന കാണാനായി വല്ലപ്പോഴും അവിടെ ചെല്ലുമ്പോൾ ഏറ്റവും സ്നേഹത്തോടെയും ആദരവോടെയുമാണ് അവർ ഞങ്ങളെ സ്വീകരിക്കാറുള്ളത്. അവർ മനയ്ക്ക് അറ്റകുറ്റപണികൾ നടത്തി വൃത്തിയായി സൂക്ഷിക്കുന്നു. ഇനി മറ്റൊരു കാര്യം കൂടി പറയട്ടെ. യഥാർത്ഥ ഇണ്ടൻ തുരുത്തി മനയായിരുന്നില്ല അത്. അത് ഞങ്ങളുടെ പൂർവ്വികരുടെ ഒരു ഉപ ആസ്ഥാനം മാത്രമായിരുന്നു. പണ്ട് ക്ഷേത്ര ഭരണവും നീതി ന്യായവും നടത്തിയിരുന്നത് അവിടെയിരുന്നായിരുന്നു എന്ന് പറഞ്ഞ് കേട്ടിട്ടുണ്ട്. ഭാഗം വയ്ക്കലിന് ശേഷം എന്റെ മുത്തശ്ശനാണ് ആ മനയും അനുബന്ധ സ്ഥലങ്ങളും ലഭിച്ചത്. നമ്മൾ ഇപ്പോൾ ഇരിക്കുന്ന ഈ ഇല്ലപ്പറമ്പിലായിരുന്നു യഥാർത്ഥ ഇണ്ടൻ തുരുത്തി മന സ്ഥിതി ചെയ്തിരുന്നത്.

? അങ്ങ് പറയുന്ന കാര്യം ഒന്നു കൂടി വ്യക്തമാക്കുമോ? ഈ സ്ഥലം തെക്കേ നടയ്ക്കും വളരെ തെക്കായിട്ടാണല്ലോ സ്ഥിതി ചെയ്യുന്നത്. മാത്രമല്ല ഇവിടെ പഴയ മനയൊന്നും കാണാനുമില്ലല്ലോ?

= മുത്തശ്ശന് ഒരു ജ്യേഷ്ഠൻ ഉണ്ടായിരുന്നു. ദേവൻ വാസുദേവൻ നമ്പ്യാതിരി എന്നായിരുന്നു പേര്. അദ്ദേഹം തിരുവിതാംകൂർ ശ്രീമൂലം പ്രജാ സഭയിലെ അംഗമായിരുന്നിട്ടുണ്ട്. അതായത് ഇന്നത്തെ ഒരു MLA യുടെ സ്ഥാനമായിരുന്നു അത്. അദ്ദേഹം ആദ്യം ഒരു വേളി കഴിച്ചിരുന്നു. എന്നാൽ ആ



*നമ്പ്യാതിരി ആ വാതിൽപ്പടിക്കരികെ അകത്തും ഗാന്ധിജി ഉൾപ്പെടെ മറ്റുള്ളവർ പൂമുഖപ്പടിയിലും അഭിമുഖമായി ഇരുന്നു.*

ഇണ്ടൻതുരുത്തി മനയെക്കുറിച്ച് കൈരളി ചാനലിൽ വന്ന വാർത്ത കാണാൻ ഈ ക്യു.ആർ.കോഡ് സ്കാൻ ചെയ്യുക



*ഇണ്ടൻ തുരുത്തി നമ്പ്യാതിരിയുടെ പൗത്രന്മാർ: നീല കണ്ഠൻ നമ്പ്യാതിരി, മുരളീധരൻ നമ്പ്യാതിരി. രണ്ടു പേരും മുൻ ശബരിമല മേൽശാന്തിമാർ*



*മനയുടെ പുതുക്കിപ്പണിത പൂമുഖം. നടുക്കുള്ള വാതിൽ തുറന്ന് അവിടെ നമ്പ്യാതിരി ഇരുന്നു. പടികളിൽ ഒന്നിൽ ഗാന്ധിജിയും മറ്റേതിൽ ദ്വിഭാഷികളും ഇരുന്നാണ് ചർച്ച നടന്നത്.*

ഭാര്യ മരിച്ചതിനാൽ രണ്ടാമത് അദ്ദേഹം ഒരു സംബന്ധം കഴിച്ച് ഇവിടെ കഴിയുകയാണ് ഉണ്ടായത്. വളരെ പഴയ മന ആയതിനാൽ അത് നശിച്ചു പോയി. അദ്ദേഹത്തിന്റെ പിൻഗാമികളിൽ നിന്നാണ് അനുജന്മാർ രണ്ട് പേരും ഈ സ്ഥലം വാങ്ങി ഇവിടെ ഇല്ലങ്ങൾ പണിഞ്ഞിരിക്കുന്നത്. ശരിക്കും പറഞ്ഞാൽ ഇവർ വീണ്ടും പഴയ മന പറമ്പിൽ തന്നെ താമസത്തിനായി എത്തിയിരിക്കുകയാണ്. ഞങ്ങളുടെ ഭരദേവതാ ക്ഷേത്രമാണ് മുന്നിൽ കണ്ട ഇണ്ടൻ തുരുത്തി ദേവീ ക്ഷേത്രം. (അവിടെ അതിപുരാതനമായ ഒരു ദേവീ ക്ഷേത്രം ഉണ്ട്. ഇത് ഇണ്ടൻ തുരുത്തി ദേവീ ക്ഷേത്രം എന്ന പേരിലാണ് ഇപ്പോഴും അറിയുന്നത്)

? നമുക്ക് ഇനി വൈക്കം സത്യാഗ്രഹ ചരിത്രത്തിലെ വില്ലനായ മുത്തശ്ശനെക്കുറിച്ച് പറഞ്ഞാലോ?

= പലരും പറയുന്നത് പോലെ മുത്തശ്ശൻ വില്ലനാന്നുമായിരുന്നില്ല. സാത്വികനും പണ്ഡിതനുമായിരുന്നു. വേദങ്ങളും സ്മൃതികളുമൊക്കെ അദ്ദേഹത്തിന് അറിയാമായിരുന്നു. മാത്രമല്ല അദേഹം പ്രഗത്ഭനായ ഒരു ആയുർവ്വേദ വൈദ്യൻ കൂടിയായിരുന്നു. മുത്തശ്ശൻ തയ്യാറാക്കിയിരുന്ന ചില പ്രത്യേക ആയൂർവേദ മരുന്നുകൾ ശരിക്കും സിദ്ധൗഷധങ്ങളായിരുന്നു എന്നാണ് ഈ നാട്ടിലെ പഴമക്കാർ പറഞ്ഞ് കേട്ടിട്ടുള്ളത്. അദ്ദേഹത്തിന്റെ ചികിത്സ തേടി ദിവസവും നാനാ മതസ്ഥരും ജാതിക്കാരുമായ ധാരാളം രോഗികൾ മനയിൽ എത്തുമായിരുന്നു. അദ്ദേഹം എല്ലാവരേയും കൃത്യമായി പരിശോധിച്ച് സൗജന്യമായി മരുന്നും നൽകിയിരുന്നു. മാത്രമല്ല പട്ടിണിക്കാരായ രോഗികൾക്ക് ഇല്ലത്തു നിന്നും ഭക്ഷണവും നൽകുമായിരുന്നു.

? അപ്പോൾ വൈദ്യൻ എന്ന രീതിയിൽ അയിത്ത ജാതിക്കാരെ അകറ്റി നിർത്താൻ സാധിക്കില്ലല്ലോ? പിന്നെ എങ്ങനെയാണ് അദ്ദേഹം രോഗികളെ പരിശോധിച്ചിരുന്നത് ?

= ചോദ്യത്തിൽ തന്നെ ഉത്തരവും ഉണ്ട് . നല്ല ഒരു വൈദ്യന് ഒരിക്കലും അയിത്തം പറഞ്ഞ് രോഗിയെ അകറ്റി നിർത്താൻ സാധിക്കില്ല എന്നറിയാമല്ലോ. രോഗിയുടെ ചൂട് നോക്കണം, കൈ പിടിച്ച് പൾസ് നോക്കണം, മുഖത്ത് പിടിച്ച് കണ്ണിന്റെ അവസ്ഥ നോക്കണം അങ്ങനെ പല പരിശോധനയും ഇല്ലാതെ എങ്ങനെ മരുന്ന് നിശ്ചയിക്കാൻ പറ്റും? മുത്തശ്ശൻ ഒരിക്കലും ഒരു അയിത്ത ചിന്താഗതിക്കാരനേ ആയിരുന്നില്ല. അസുഖവുമായി ആരെത്തിയാലും അദ്ദേഹം ചികിത്സ നൽകിയിരുന്നു.

ഏറ്റവും രസകരമായ കാര്യം അദ്ദേഹം ഒരു കളരി അഭ്യാസി കൂടിയായിരുന്നു എന്നുള്ളതാണ്. ആകയാൽ അദ്ദേഹത്തിന് കളരി വൈദ്യവും അറിയാമായിരുന്നു. ഒടിവും ചതവുമായെത്തിയിരുന്നവരേയും അദ്ദേഹം ചികിത്സിച്ച് ഭേദപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ഒരു സ്പെഷൽ മരുന്ന് അദ്ദേഹം തയ്യാറാക്കുമായിരുന്നു എന്ന് കേട്ടിട്ടുണ്ട്.

[* ഇണ്ടൻ തുരുത്തി നമ്പ്യാതിരി പ്രഗത്ഭനായ ഒരു ആയുർവേദ വൈദ്യനായിരുന്നു എന്നും അന്നത്തെ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമുള്ളയാളായിരുന്നുവെന്നും നമ്പ്യാതിരിയുടെ മകളുടെ മകനും (ദൗഹിത്രൻ) പല വിദേശ സർവ്വകലാശാലകളിലെ വിസിറ്റിംഗ് പ്രൊഫസറുമായ ഡോ. കൃഷ്ണൻ നമ്പൂതിരി അറിയിച്ചു. 1940 കളിൽ ഒരു പ്രമുഖ പാശ്ചാത്യ എഴുത്തുകാരൻ 'Who is who in Ayurveda' എന്ന പേരിൽ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിരുന്നു. ആ ഗ്രന്ഥത്തിൽ ദേവൻ നീലകണ്ഠൻ നമ്പ്യാതിരിയെപ്പറ്റി വിശദമായി എഴുതിയിട്ടുണ്ട്. അതിൽ നല്കിയിരുന്ന ചിത്രമാണ് ഇപ്പോൾ നമ്പ്യാതിരിയുടെ ചിത്രമായി പ്രചരിച്ചു കൊണ്ടിരിക്കുന്നതെന്നും അദ്ദേഹം അറിയിച്ചു.*]

? അയിത്താചരണക്കാരൻ അല്ലായി

രുന്നു എങ്കിൽ അദ്ദേഹം എന്തിനാണ് ഗാന്ധിജിയെ മനയ്ക്ക് പുറത്തിരുത്തി ചർച്ച നടത്തിയത് ?

= ഇക്കാര്യം വ്യക്തമാകണമെങ്കിൽ അതിന്റെ പശ്ചാത്തലം കൂടി അറിയണം. നമ്മൾ സിനിമ കാണാറുണ്ടല്ലോ. സാധാരണ ഒരു സിനിമയിൽ നായകനും വില്ലനുമുണ്ടായിരിക്കും. സാമാന്യം നല്ല വില്ലനെയാണ് നായകൻ തോൽപ്പിക്കുന്നതെങ്കിൽ നായകന്റെ വീരപരിവേഷം ഇരട്ടിക്കും. ഇതുപോലെ ചിലർക്ക് വീരപരിവേഷം നൽകി കഥകൾ കൊഴുപ്പിക്കാനായിട്ടാണ് ചില ചരിത്രകാരന്മാർ ഗാന്ധിക്ക് നേരെയും അയിത്തം കാട്ടി പുറത്തിരുത്തിയ ധാർഷ്ട്യക്കാരൻ എന്ന തരത്തിൽ മുത്തശ്ശനെ ഒരു വില്ലനാക്കി ചരിത്രം എഴുതിയത്. ചരിത്രത്തിലെ മുത്തശ്ശനും യഥാർത്ഥ ജീവിതത്തിലെ മുത്തശ്ശനും തമ്മിൽ യാതൊരു ബന്ധവും ഇല്ലായിരുന്നു.

? History is written by the winners എന്ന് പാശ്ചാത്യസാഹിത്യകാരൻ ജോർജ് ഓർവൽ പണ്ട് പറഞ്ഞിട്ടുണ്ട്. അതായത് ബലവാന്റെ വീരഗാഥയാണ് ചരിത്രം. ഇവിടെ ചരിത്രകാരന്മാർ നീതികേട് കാട്ടിയിട്ടുണ്ടെന്നാണോ അങ്ങ് വിശ്വസിക്കുന്നത്?

= വിശ്വസിക്കുകയല്ല. അതായിരുന്നു സത്യം. ചരിത്രം പൊലിപ്പിക്കാനായി അവർ മന:പൂർവ്വമാണ് മുത്തശ്ശനെ വില്ലനാക്കിയത്. 1925 ലാണ് മുത്തശ്ശൻ ഗാന്ധിജിയുമായി ചർച്ച നടത്തിയത്. അന്ന് ഗാന്ധിജി രാഷ്ട്ര പിതാവും മഹാത്മാവും ഒന്നും ആയിട്ടില്ല. ജനപ്രിയനായ ഒരു കോൺഗ്രസ് നേതാവ് മാത്രമായിരുന്നു അന്ന് ഗാന്ധിജി. ശിവഗിരിയിൽ പോയി ശ്രീ നാരായണ ഗുരുവിനെ കണ്ടതിന് ശേഷമാണ് അദ്ദേഹം വൈക്കത്ത് എത്തി യാഥാസ്ഥിതികരുമായി ചർച്ച ചെയ്യാം എന്ന ആശയം മുന്നോട്ട് വച്ചത്.

? അപ്പോൾ യാഥാസ്ഥിതികന്മാർ ആരൊക്കെയായിരുന്നു? ചർച്ച നയിക്കാനായി അവരുടെ നേതൃസ്ഥാനത്ത് മുത്തശ്ശൻ എങ്ങനെയാണ് എത്തിയത്?

= അതാണ് ഏറ്റവും രസകരം. ഈ യാഥാസ്ഥിതികന്മാർ ആരൊക്കെയായിരുന്നു എന്ന് ആർക്കും അറിയില്ല. ചരിത്രത്തിലൊന്നും അവരുടെ പേരു

## പണ്ടേ ചരിത്രത്തിൽ ഇടം പിടിച്ചവർ

വൈക്കം എന്ന ക്ഷേത്ര രാജ്യത്തിന്റെ ഭരണാധികാരികൾ ആയിരുന്നു ഇണ്ടൻ തുരുത്തി നമ്പ്യാതിരിമാർ . AD 1500 മുതലുള്ള കേരള ചരിത്രത്തിലും വിദേശികളുടെ യാത്രാ വിവരണങ്ങളിലും ഇണ്ടൻ തുരുത്തി നമ്പ്യാതിരിയെ കാണാം. അധികാരത്തോടൊപ്പം വൈദികമായും ഉയർന്ന സ്ഥാനം വഹിച്ചിരുന്നവരായിരുന്നു ഇവരെന്ന പരാമർശം KP പദ്മനാഭമേനോന്റെ A History of Kerala എന്ന ഗ്രന്ഥത്തിൽ കൊടുത്തിട്ടുണ്ട്.

മാർത്താണ്ഡ വർമ്മ തിരുവനന്തപുരത്ത് തുടങ്ങി വച്ച മുറജപത്തിൽ ഈ കുടുംബക്കാർ പണ്ട് പങ്കെടുത്തിരുന്നു എന്ന് ചില രേഖകളിൽ കാണുന്നുണ്ട്. ആകയാൽ ഇവർ വേദാധികാരികൾ ആയിരുന്നു എന്ന് മനസ്സിലാക്കാം . മാത്രമല്ല ഈ കുടുംബക്കാർ തിരുവിതാംകൂർ രാജകുടുംബത്തിന്റെ ഔദ്യോഗിക പൗരോഹിത്യവും ഒരിക്കൽ നിർവ്വഹിച്ചിരുന്നുവത്രേ .

ഇണ്ടൻ തുരുത്തി നമ്പ്യാതിരി പ്രശസ്തനായതിന് പിന്നിൽ അതിശയിപ്പിക്കുന്ന ഒരു സംഭവ കഥയുണ്ട്.

ഒരിക്കൽ പ്രശസ്തമായ കൂടല്ലൂർ മനയിലെ ഒരു നമ്പൂതിരിപ്പാട് വൈക്കം ക്ഷേത്രത്തിൽ ഭജനത്തിനായി എത്തി. അദ്ദേഹം ഇണ്ടൻ തുരുത്തി മനയിൽ താമസിച്ചാണ് ഭജന പൂർത്തിയാക്കിയത്. മനയിലെ അന്നത്തെ കാരണവരായ നമ്പ്യാതിരിയുടെ ഭാര്യ അന്ന് ഗർഭിണിയായിരുന്നു. ഇതറിഞ്ഞ നമ്പൂതിരിപ്പാട് കുറച്ച് നെയ്യ് വാങ്ങി മന്ത്രജപം നടത്തി ഗർഭിണിയായ ആത്തേമ്മാർക്ക് സേവിക്കാനായി നൽകി.

വളരെ പണ്ഡിതനും പ്രശസ്തനുമായ ഒരു ഉണ്ണിയുണ്ടാകും എന്ന് അനുഗ്രഹിച്ച ശേഷമാണത്രേ നമ്പൂരിപ്പാട് മടങ്ങിയത്. ഇങ്ങനെ ഉണ്ടായ ഉണ്ണിയാണ് നമ്മുടെ കഥാ നായകനായ ദേവൻ നീലകണ്ഠൻ നമ്പ്യാതിരി . കൂടല്ലൂർ നമ്പൂതിരിപ്പാടിന്റെ പ്രവചനം പോലെ തന്നെ ഉണ്ണി പഠിച്ച് വലിയ പണ്ഡിതനും പ്രശസ്തനുമായി മാറി എന്നത് അതിശയകരമായ കാര്യമാണ്.



*ഇണ്ടൻ തുരുത്തി നമ്പ്യാതിരിയുടെ മരുമകൻ പ്രൊഫ. കൃഷ്ണൻ നമ്പൂതിരി, പൗത്രൻ നീലകണ്ഠൻ നമ്പ്യാതിരി എന്നിവർ (നടുവിൽ നിൽക്കുന്നവർ) ചെത്ത് തൊഴിലാളി യൂണിയൻ ജീവനക്കാർക്കൊപ്പം.*

കൾ കാണാനില്ല. അതായത് ചെറിയ ഒരു ആൾകൂട്ടമായി മാത്രം അതിനെ കണ്ടാൽ മതി . അവർക്ക് യഥാർത്ഥ ത്തിൽ ഒരു സംഘടനയോ ഓജസ്സുള്ള നേതാക്കന്മാരോ ഉണ്ടായിരുന്നില്ല. കുറച്ച് പാരമ്പര്യവാദികൾ മാത്രമാ യിരുന്നു പ്രധാനമായും യാഥാസ്ഥി തികരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നത്. പിന്നോക്കക്കാരെ ക്ഷേത്രത്തിൽ കയ റ്റണ്ട എന്നത് യഥാർത്ഥത്തിൽ തിരു വിതാംകൂർ രാജാക്കന്മാരുടെ തന്നെ തീരുമാനമായിരുന്നു എന്നാണ് അറി യാൻ സാധിച്ചത്. കാരണം ക്ഷേത്ര വഴിയിൽ ഏതെങ്കിലും പിന്നോക്ക ക്കാർ എത്തിയാൽ അവരെ ഓടിക്കു കയും ശിക്ഷിക്കുകയും മറ്റും ചെയ് തിരുന്നത് തിരുവിതാംകൂർ പട്ടാളം തന്നെ ആയിരുന്നുവല്ലോ. അക്കാര്യ ത്തിൽ മുത്തശ്ശന് യാതൊരു ഉത്തര വാദിത്വവും ഉണ്ടായിരുന്നില്ല. 1936 ൽ പിന്നോക്കക്കാർക്ക് ക്ഷേത്ര പ്രവേശ നം അനുവദിച്ചത് ആരാണ്? തിരു വിതാംകൂർ രാജാവല്ലേ? അപ്പോൾ പ്രവേശനത്തെ തടഞ്ഞിരുന്നവരും അവർ തന്നെയായിരുന്നു എന്നല്ലേ ഇതിൽ നിന്നും വ്യക്തമാകുന്നത്? യാതൊരു കാര്യവുമില്ലാതെയാണ് യാഥാസ്ഥിതികന്മാരുടെ വക്കീൽ മാ ത്രമായെത്തിയ മുത്തശ്ശനെ പിടിച്ച് വില്ലനും പ്രതിയുമാക്കിയത്.

? യാഥാസ്ഥിതികർക്കു വേണ്ടി ചർച്ച നടത്താൻ മുത്തശ്ശൻ സ്വമേ ധയാ തയ്യാറായതല്ലേ? അല്ലെങ്കിൽ ആരാണ് അദ്ദേഹത്തെ ഇതിനായി ചുമതലപ്പെടുത്തിയത്?

= ഗാന്ധിജി ചർച്ചയ്ക്ക് തയ്യാ റായി വന്നപ്പോൾ അദ്ദേഹവുമായി ചർച്ച നടത്താൻ യാഥാസ്ഥിതികരു ടെ കൂട്ടത്തിൽ യോഗ്യരായ ആരുമി ല്ലാത്ത സാഹചര്യത്തിലാണ് ചർച്ച നടത്താനായി അവർ മുത്തശ്ശനെ സമീപിക്കുന്നത്. തിരുവിതാംകൂർ രാജകുടുംബത്തിന്റെ താല്പര്യവും ഇക്കാര്യത്തിലുണ്ടായിരുന്നു എന്നാ ണ് ചിലർ പറഞ്ഞ് കേട്ടിരിക്കുന്നത്. അതുകൊണ്ടാണ് മുത്തശ്ശൻ ചർച്ചയ് ക്ക് തയ്യാറാവുന്നത്. മുത്തശ്ശന് സ്മൃ തികളിലും ശാസ്ത്രങ്ങളിലും അഗാധ പാണ്ഡിത്യമുണ്ടായിരുന്നതിനാലാണ് അവർ അദ്ദേഹത്തെ ചർച്ചയ്ക്കായി നിയോഗിച്ചത്. മാത്രമല്ല അന്ന് ക്ഷേ ത്രത്തിന്റെ സമുദായ സ്ഥാനമലങ്കരി



*ഇണ്ടൻ തുരുത്തി നമ്പ്യാതിരിയുടെ പൗത്രൻ നീലകണ്ഠൻ നമ്പ്യാതിരിക്കൊപ്പം (മുൻ ശബരിമല, ആറ്റുകാൽ മേൽശാന്തി) ലേഖകൻ ഉണ്ണികൃഷ്ണൻ നമ്പൂതിരി*

ച്ചിരുന്നതും ഇദ്ദേഹമായിരുന്നു. ഇതും അദ്ദേഹത്തിന് ചർച്ച നടത്താനുള്ള ഒരു ബാധ്യതയായി മാറി എന്നാണ് മനസ്സിലാക്കുന്നത്.

? ചാതുർ വർണ്ണ പ്രകാരം വൈ ശ്യനായിരുന്നിട്ടും ഗാന്ധിജിയെ അയിത്തം പറഞ്ഞ് 12 അടി ദൂരത്ത് ഇരുത്തിയെന്നും എന്നിട്ട് നമ്പ്യാതിരി മനയ്ക്കുള്ളിൽ തന്നെ ഇരുന്നാണ് ചർച്ച നയിച്ചതെന്നും ആരോപണമു ണ്ടല്ലോ? മാതൃഭൂമി ദിനപ്പത്രത്തിന്റെ ഒന്നാം പേജിൽ തന്നെ ഇങ്ങനെയുള്ള ഒരു രേഖാ ചിത്രം ഈയിടെ വന്നി രുന്നു?

= ഗാന്ധിജിയുമായുള്ള ചർച്ച യ്ക്കായി ക്ഷേത്ര പരിസരത്തുള്ള സമരപ്പന്തലിൽ എത്താനാണ് സമ രക്കാർ ആവശ്യപ്പെട്ടത്. എന്നാൽ അത് പന്തിയല്ല എന്ന് മുത്തശ്ശന് അറിയാമായിരുന്നു. അവിടെ എന്തി നും തയ്യാറായി നിൽക്കുകയാണ് സമരാനുകൂലികളിൽ ഒരു വിഭാഗം. അവരുടെ മദ്ധ്യത്തിരുന്ന് യാഥാസ്ഥി തികർക്കു വേണ്ടി ചർച്ച നയിച്ചാൽ ചിലപ്പോൾ തടി കേടാകാൻ അതു മതി. ഇക്കാര്യം മനസ്സിലാക്കിയാണ് മുത്തശ്ശൻ ചർച്ചയ്ക്കായി മറ്റെങ്ങും പോകില്ല എന്ന് പറഞ്ഞത്. ഇത് മന സ്സിലാക്കിയാണ് ഗാന്ധിജി മനയിൽ എത്തി ചർച്ച നടത്താം എന്ന് സമ്മ തിച്ചത്.

അയിത്തത്തിന്റെ ഭാഗമായി 12 അടി ദൂരെ ഇരുത്തി എന്ന് പറയുന്ന തൊക്കെ കള്ളമാണ്. മനയിൽ വന്ന് കാണുന്ന ആർക്കും മനസ്സിലാക്കാ വുന്ന കാര്യമാണത്. അവിടെ മനയു ടെ മുന്നിലായി ചെറിയ ഒരു പൂമുഖം ഉണ്ടായിരുന്നു. അതിൽ തെക്കും വട ക്കുമായി ബഞ്ച് പോലെ രണ്ട് ചെറിയ സോപാനപടികൾ. അതിൽ ഒന്നിൽ ഗാന്ധിജിയും മറ്റതിൽ ദ്വിഭാഷികളും ഇരുന്നു. രണ്ട് സോപാനത്തിന്റേയും മദ്ധ്യഭാഗത്ത് കിഴക്കായി വരുന്ന മുൻ വാതിൽ തുറന്ന് മുത്തശ്ശൻ അകത്ത് (സുരക്ഷയുടെ ഭാഗമായി) എന്നാൽ രണ്ടു കൂട്ടരേയും ഒരുപോലെ കേൾ ക്കാവുന്ന രീതിയിൽ ഇരുന്നു. 12 അടി പോയിട്ട് ആറടി പോലും അകലം ഇവരുടെ ഇരിപ്പിടങ്ങൾ തമ്മിൽ ഉണ്ടാ യിരുന്നില്ല എന്നതാണ് സത്യം. മുറ്റ ത്ത് ഇട്ടിട്ടുണ്ടായിരുന്ന പന്തലിലാണ് ബാക്കിയുള്ള സത്യാഗ്രഹാനുകൂലി കൾ ചർച്ച കേൾക്കാൻ ഇരുന്നത്. അയിത്തവും 12 അടി ദൂരവുമൊക്കെ ആരോ പൊലിപ്പിക്കാൻ വേണ്ടി മെ നഞ്ഞ കഥകൾ മാത്രമാണ്. മന ഇപ്പോഴും അവിടെ ഉണ്ടല്ലോ ആർ ക്കുവേണമെങ്കിലും അവിടെപ്പോയി കാര്യങ്ങൾ നേരിട്ട് പരിശോധിക്കാ മല്ലോ.

? ഗാന്ധിജിയുമായി നടത്തിയ ചർച്ചയിൽ യഥാർത്ഥത്തിൽ ഇണ്ടൻ തുരുത്തി നമ്പ്യാതിരി പരാജയപ്പെ ട്ടിരുന്നോ?

ചർച്ച തുടങ്ങി കുറച്ച് സമയത്തി നുള്ളിൽ തന്നെ ഗാന്ധിജിക്ക് ഉത്ത രംമുട്ടി എന്നാണ് കേട്ടിട്ടുള്ളത്. ചർച്ചയിൽ ഗാന്ധിജി പരാജയപ്പെട്ടാൽ അത് സത്യാഗ്രഹത്തിന്റെ വിജയത്തെ ബാധിക്കും എന്ന് മനസ്സിലാക്കിയ സമരാനുകൂലികൾ പെട്ടെന്ന് തന്നെ അവിടെയുണ്ടായിരുന്ന ആഗമാന ന്ദനെ കൂട്ടി കൊണ്ടുവന്നു. പൂർവാ ശ്രമത്തിൽ കരുനാഗപ്പള്ളി പുതുമന മഠത്തിലെ കൃഷ്ണൻ നമ്പ്യാതിരി ആയിരുന്നു ആഗമാനന്ദൻ. അദ്ദേ ഹവും മഹാപണ്ഡിതൻ ആയിരുന്നു. മുത്തശ്ശൻ കൂടുതലും ശാങ്കരസ്മൃതി യിലെ നിയമങ്ങൾ ഉദ്ധരിച്ചാണ് ചർച്ച നടത്തിയത്. ഇക്കാര്യത്തിലുള്ള അദ്ദേ ഹത്തിന്റെ അറിവിനെ മറികടക്കാൻ സാധിക്കാത്ത അവസ്ഥയിൽ ശാങ്ക രസ്മൃതി ശങ്കരാചാര്യർ എഴുതിയ തല്ല എന്ന് സ്ഥാപിക്കുകയാണ് ആഗ മാനന്ദൻ ചെയ്തത്. ഈ വാദത്തെ പ്രാമാണികമായി എടുത്തുകൊണ്ടാണ് ഇണ്ടൻതുരുത്തി നമ്പ്യാതിരി പരാ ജയപ്പെട്ടു എന്ന രീതിയിൽ ചർച്ച അവസാനിപ്പിച്ചത്. യഥാർത്ഥത്തിൽ മുത്തശ്ശൻ പരാജയപ്പെട്ടിരുന്നില്ല. സാ ങ്കേതികമായി അങ്ങനെ വ്യാഖ്യാനിച്ച് എടുക്കുകയാണ് ഉണ്ടായത്.

? ചർച്ചയിൽ പരാജയപ്പെട്ട നമ്പ്യാ തിരി പിന്നീട് എന്താണ് ചെയ്തത്?

= ഇണ്ടൻ തുരുത്തി ചർച്ചയിൽ പരാജയപ്പെട്ടു എന്നൊക്കെ സമ രാനുകൂലികൾ പ്രചരിപ്പിച്ചെങ്കിലും കാര്യമായ ഒരു മാറ്റത്തിനും തിരുവി താംകൂർ ഭരണാധികാരികൾ അന്ന് തയ്യാറായില്ല. അവർണ്ണർക്ക് വഴി നടക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യ വും അന്ന് ലഭിച്ചതായി അറിവില്ല. എന്നാൽ മുത്തശ്ശൻ ഉടൻ തന്നെ തി രുവിതാംകൂർ റാണിക്ക് ഒരു കത്ത് എഴുതി അവർണ്ണർക്ക് വഴി നടക്കാൻ അനുവാദം നൽകണമെന്ന് ആവശ്യ പ്പെട്ടു. പക്ഷേ ഇക്കാര്യങ്ങൾ ചരിത്ര ത്തിൽ സ്ഥാനം പിടിച്ചില്ല.

[*തുടർന്ന് 11 വർഷങ്ങൾ കഴിഞ്ഞ പ്പോൾ തിരുവിതാംകൂറിൽ ക്ഷേത്ര പ്രവേശന വിളംബരം വന്നു. പിന്നോ ക്കക്കാർ വൈക്കം ക്ഷേത്രത്തിൽ കയ റി പ്രാർത്ഥിച്ച് തുടങ്ങിയപ്പോൾ മാറ്റം വല്ലതും ഉണ്ടോ എന്ന് അന്നത്തെ രാജാവ് ഇണ്ടൻ തുരുത്തി നമ്പ്യാതി രിയോട് ആരാഞ്ഞിരുന്നു. 'ഇപ്പോൾ ക്ഷേത്രത്തിലെ ദീപങ്ങൾക്ക് പഴയതി



*പ്രൊഫ. കൃഷ്ണൻ നമ്പൂതിരി (97 വയസ്സ്), ഇണ്ടൻ തുരുത്തി നമ്പ്യാതിരിയുടെ മരുമകൻ*

ലും ശോഭ കൂടിയിട്ടുണ്ട്' എന്നാണ് നമ്പ്യാതിരി തിരികെ കത്ത് എഴുതി അറിയിച്ചത്. അവർണ്ണ സവർണ്ണ വ്യ ത്യാസമില്ലാതെ എല്ലാവരും ക്ഷേത്ര ത്തിൽ കയറണമെന്ന് ആഗ്രഹിച്ചിരു ന്നതിനാലാണ് അദ്ദേഹം ഇങ്ങനെ ഒരു മറുപടി അയച്ചതെന്നാണ് ഇണ്ടൻ തുരുത്തി നമ്പ്യാതിരിയുടെ മരുമകനായ (മകളുടെ ഭർത്താവ്) 97 വയസുമുള്ള പ്രൊഫസർ കൃഷ്ണൻ നമ്പൂതിരി എന്നെ അറിയിച്ചത്. വളരെ പ്രഗത്ഭനായ അദ്ധ്യാപകനാകയാൽ കേരളത്തിലെ അതിപ്രശസ്ത എൻ ട്രസ് കോച്ചിംഗ് സ്ഥാപനങ്ങൾ ഇദ്ദേ ഹത്തിന്റെ സേവനങ്ങൾ നല്ലവണ്ണം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഇവരു ടെ സമ്മർദ്ദത്താൽ റിട്ടയർമെന്റിന് ശേഷം 25 വർഷക്കാലം കൂടി അദ്ദേ ഹത്തിന് ഈ രംഗത്ത് തുടരേണ്ടി വന്നിട്ടുണ്ട്. പഴയ ഇണ്ടൻ തുരുത്തി മനയോട് ചേർന്നുള്ള ഒന്നര ഏക്കർ പുരയിടത്തിൽ ഇല്ലം പണിത് അവി ടെ വിശ്രമജീവിതം നയിക്കുകയാണ് അദ്ദേഹമിപ്പോൾ*]

? ഇണ്ടൻ തുരുത്തി നമ്പ്യാതിരി യെപ്പറ്റി കൂടുതൽ കാര്യങ്ങൾ അറി ഞ്ഞപ്പോൾ കാർമേഘാവരണത്തിൽ നിന്നും പുറത്ത് വന്ന പൂർണ്ണ ചന്ദ്ര നെയാണ് എനിക്ക് ഓർമ്മ വരുന്നത്. അങ്ങയുടെ അഭിപ്രായം?

ശരിയാണ്. വ്യാജചരിത്രങ്ങൾ കൊണ്ട് മൂടപ്പെട്ട നന്മയുടെ പ്രതീ കമായിരുന്നു മുത്തശ്ശൻ . അദ്വൈതി യായിരുന്ന ജഗത് ഗുരു ശങ്കരാചാര്യ സ്വാമിയെപ്പോലും വർണ്ണവെറിയനും ബ്രാഹ്മണാധിപത്യത്തിന്റെ വക്താവു മാക്കി മാറ്റാൻ ശ്രമിക്കുന്ന ഇന്നത്തെ സമൂഹത്തിന് ബ്രാഹ്മണ വില്ലന്മാരെ യാണ് ആവശ്യം. ആകയാൽ വ്യാജ ചരിത്രത്തിലൂടെ മുത്തശ്ശൻ വില്ലനാ ക്കപ്പെട്ടതിൽ അതിശയത്തിന് അവ കാശമില്ല.

ഇന്റർവ്യൂ അവസാനിപ്പിച്ച് ഇറ ങ്ങിയപ്പോൾ ഒരു വടക്കൻ വീരഗാഥ എന്ന സിനിമയിലെ ചന്തുവിനെയാ ണ് എനിക്ക് ഓർമ്മ വന്നത്. നമു ക്കറിയാവുന്ന ചന്തു ചതിയനാണ്, നീചനാണ്, തന്റെ മടിയിൽ മയങ്ങി ക്കിടന്ന ആരോമൽ ചേകവരെ കു ത്തുവിളക്ക് കൊണ്ട് ആഞ്ഞ് കുത്തി കൊന്ന ക്രൂരനാണ്. എന്നാൽ എം ടി വാസുദേവൻ നായർ എന്ന മഹാ പ്രതിഭ ആ ചതിയനായ ചന്തുവിനെ ചതിക്കപ്പെട്ട ചന്തുവാക്കി മാറ്റി വീര പരിവേഷം നൽകി നന്മയുള്ളവനും സിംപതി അർഹിക്കുന്നവനുമാക്കിയ കാഴ്ച നാം ആ സിനിമയിലൂടെ കണ്ട താണ്.

അതുപോലെ നീചനും വർണ്ണവെ റിയനും ആയി അറിയപ്പെട്ട നമ്പ്യാ തിരിയെക്കുറിച്ചുള്ള സത്യങ്ങൾ അറിഞ്ഞപ്പോൾ അദ്ദേഹം ചരിത്രകാ രന്മാരാൽ വില്ലനാക്കപ്പെട്ട ഒരു സാ ത്വിക ബ്രാഹ്മണനായിരുന്നു എന്നാണ് തോന്നിയത്.

ഇണ്ടൻ തുരുത്തി മനയിലെ ഇപ്പോഴുള്ള ചിലരുടെ വിലാസം ചുവടെ :


നീലകണ്ഠൻ നമ്പൂതിരി
ശ്രീഭദ്രം, ആറ്റുകാൽ
മണക്കാട് പി.ഒ.,
തിരുവനന്തപുരം 9
മൊബൈൽ: 9447698238

മുരളീധരൻ നമ്പൂതിരി
ഇണ്ടൻതുരുത്തി മന
തെക്കേനട, വൈക്കം
പിൻ- 686142
മൊബൈൽ: 9447662065


●


തയ്യാറാക്കിയത്:
ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി,
തോട്ടത്തിൽ ഇല്ലം,
വലിയകുളങ്ങര, ഓച്ചിറ പി.ഒ.,
മൊബൈൽ: 790 793 1775.

കവിത

# ബ്രാഹ്മിണിയ്ക്കൽ ഹെജിമണി




**പ്രൊഫ. പി. കേശവൻ നമ്പൂതിരി**

പാലക്കൽ ഇല്ലം, പി.ഒ വിളയിൽ,
വഴി: കുഴിമണ്ണ, മലപ്പുറം ജില്ല
മൊബൈൽ: 9446488096


ഇന്നു ഞാനില്ലത്തേയ്ക്കു
ചെന്നപ്പോൾ നമ്പൂതിരി
എന്നൊടിങ്ങനെ ചൊല്ലീ
തെല്ലു സന്തോഷത്തോടെ
മൂന്നു കൊല്ലത്തെ 'ശാന്തി -
വൃത്തി'യിലേ,യ്ക്കിന്നലെ
ആറു മാസത്തെ പണം
റൊക്കമായ് കിട്ടീ മേന്നേ.
കുട്ടികൾ അങ്ങിങ്ങോരോ
ജോലിയിലിരിയ്ക്കയാൽ
മുട്ടാറില്ലാവശ്യങ്ങൾ
ഈശ്വരാധീനം മൂലം
കുട്ടൻവൈദ്യരു തന്ന
കുഴമ്പും കഷായവും
മുട്ടുവേദന വല്ലാ-
തലട്ടാറില്ലമ്മയെ
തേവരെ സേവിയ്ക്കുന്ന
സുഖവും നേദ്യച്ചോറിൻ
പാവനത്വവും മക്കൾ
കാണിയ്ക്കും വാത്സല്യവും
താങ്കളെപ്പോലുള്ളവർ
ഇടയ്ക്കു വന്നിങ്ങനെ
ശാന്തമായിരുന്നുള്ള
വെടിവട്ടത്തിൻ കൂറും .
പടിയ്ക്കലിരുനൂറു
പറയ്ക്കു കൃഷി, പാട്ടം
പിരിയ്ക്കാൻ, നന്നായ് ചേറി
അളക്കാൻ, കണക്കുകൾ
എഴുതിസ്സൂക്ഷിച്ചൊക്കെ
നടത്താൻ ഗുമസ്തരും
പണികൾക്കാ, യെമ്പാടും
ആൾക്കാരും പുന്നെൽക്കാറ്റും
അന്നു, മച്ഛനു വേഷം
മൽമലും രണ്ടാംമുണ്ടും
കഞ്ഞിയ്ക്കൊരൽപ്പം നെയ്യും
തോരനും ചമ്മന്തിയും
ഈ പടി കടന്നാരു
വന്നാലും വിശപ്പാറ്റി
ആശ്വാസത്തോടല്ലാതെ
മടങ്ങിപ്പോവാറില്ല.
അച്ഛന്റെ വലംകയ്യാ-
യിരുന്നൂ വടക്കേലെ
കൊച്ചുഗോപാലൻ വയ്യാ -
തിരിപ്പാണത്രെ പാവം
കുറച്ചു പണം കൊടു-
ത്തയച്ചിട്ടുണ്ടിന്നലെ
മരുന്നു വാങ്ങാൻ, സ്വല്പം
ഞെരുക്കത്തിലാണയാൾ
തോട്ടിലെ വെള്ളം കല-
ക്കുന്നതു ഞാന,ല്ലെന്റെ
വീട്ടുകാരുമ, ല്ലേതോ
മീൻപിടുത്തക്കാരാവാം
പറഞ്ഞു നേരം പോയ -
തറിഞ്ഞി,ല്ലിരിയ്ക്കൂ ഞാൻ
ഇല വെയ്ക്കാം ,ഉള്ളതു
കഴിച്ചേ പോവാൻ പറ്റൂ. ●



ഏത് കാലാവസ്ഥയേയും
വെല്ലുന്ന കരുത്ത് !
The Perfect choice for Doors & Windows
Fire-Resistant
Cost-Effective
Termite Proof
Durable
No Gaps Made to Precision
Easy to fit
Eco Friendly
Recyclable
കുറഞ്ഞ വിലയിൽ
കൂടുതൽ സുരക്ഷ!!
തുരുമ്പ് പിടിക്കാത്ത മികച്ച ഗുണനിലവാരമുള്ള GI Steel കൊണ്ടുള്ള നിർമ്മാണം
പരമ്പരാഗതമായ ശൈലിയുടെ ആകൃതിയും ഭംഗിയും നിലനിർത്തി യന്ത്രോപകരണങ്ങളുടെ സഹായത്താൽ നൂതന രീതിയിലുള്ള നിർമ്മാണം
മരത്തേക്കാൾ ലാഭകരവും കൂടിയ ബലവും ഈടും ലഭിക്കുന്നു
ചിതൽ, തുരുമ്പ്, തീപിടുത്തം എന്നിവയിൽ നിന്നും ആജീവനാന്ത സുരക്ഷ
കേരളത്തിലങ്ങോളമിങ്ങോളം വിപുലമായ വിതരണ ശൃംഖല
രണ്ടു വർഷത്തോളമായി കേരളത്തിലുടനീളം സേവനം നൽകുന്ന നമ്പൂതിരിമാരുടെ സംരംഭം
Briztey
For a better view
Office : 9048455840, Vishnu:7306359484, Hari Shyam: 8921357513
info@briztey.com www.facebook.com/briztey www.briztey.com

## മികവിന്റെ തിളക്കം / ഏവർക്കും സ്വസ്തിയുടെ അഭിനന്ദനങ്ങൾ

### ശിവകരൻ നമ്പൂതിരി ഗുരുവായൂർ മേൽശാന്തി



ഗുരുവായൂർ: സാമവേദാചാര്യൻ ഡോ. തോട്ടം ശിവകരൻ നമ്പൂതിരി ഗുരുവായൂർ മേൽശാന്തി. തൃശൂർ പാഞ്ഞാൾ സ്വദേശിയാണ്. മുൻപ് നിരവധി അപേക്ഷിച്ചിട്ടുള്ള ഡോ. ശിവകരൻ നമ്പൂതിരി തെരഞ്ഞെടുക്കപ്പെടുന്നത് ഇതാദ്യമാണ്. ഇപ്പോഴാണ് നിയോഗമെത്തിയതെന്നും എല്ലാം ഗുരുവായൂരപ്പൻറെ അനുഗ്രഹമെന്നും പുതിയ ദൗത്യത്തെക്കുറിച്ചു ഡോ. ശിവകരൻ നമ്പൂതിരി പ്രതികരിച്ചു. ഗുരുവായൂരിൽ സാമവേദ മുറജപമുൾപ്പെടെ ചടങ്ങുകളിൽ പങ്കെടുത്തിട്ടുണ്ട്.പാലാ കുറിച്ചിത്താനം ശ്രീധരി വൈദ്യശാലയുടെയും ആശുപത്രിയുടെയും മേധാവിയായ ഡോ. ശിവകരൻ നമ്പൂതിരി കേരളീയ സമ്പ്രദായത്തിലുള്ള ജൈമിനീയ സാമവേദം പരമ്പരാഗത ശൈലിയിൽ പിന്തുടരുന്ന ആചാര്യനാണ്. അതിരാത്രവുംസോമയാഗവുമടക്കം നിരവധി യാഗങ്ങളിൽ പങ്കെടുത്തിട്ടുണ്ട് അദ്ദേഹം. ഡോ. ശിവകരനും സഹോദരൻ തോട്ടം കൃഷ്ണൻ നമ്പൂതിരിയും മാത്രമാണ് യാഗങ്ങളുടെ ചടങ്ങുകളിൽ പ്രധാനമായ ജൈമിനീയ സാമവേദം പിന്തുടരുന്ന ആചാര്യന്മാർ. അന്യം നിന്നുപോകുന്ന സാമവേദത്തെ പുനരുദ്ധരിക്കാൻ കുറിച്ചിത്താനത്ത് സാമവേദ പാഠശാല നടത്തുന്നുണ്ട് ഡോ. ശിവകരൻ.ഋക്, യജുസ്, സാമ വേദ പാരമ്പര്യമുള്ള അപൂർവ ഗ്രാമവും യാഗഭൂമിയുമായ പാഞ്ഞാളിൽ നിന്നുള്ള ആദ്യ ഗുരുവായൂർ മേൽശാന്തിയാണ് ഡോ. ശിവകരൻ. സാമവേദാചാര്യനായിരുന്ന അന്തരിച്ച തോട്ടം സുബ്രഹ്മണ്യൻ നമ്പൂതിരിയാണ് അച്ഛൻ. ഡോ. മഞ്ജിമയാണു ഭാര്യ. നിവേദിത, നന്ദിത എന്നിവർ മക്കൾ.

### കൊട്ടാരം കൃഷ്ണകുമാർ ജില്ലാ ജഡ്ജി



എറണാകുളം ജില്ലാ ജഡ്ജിയായി നിയമിതനായ കൊട്ടാരം കൃഷ്ണകുമാർ കണ്ണൂർ ജില്ലയിലെ പെരിഞ്ചല്ലൂർ ഉപസഭാംഗമാണ്.

### യു. സി ശ്രീലതക്ക് സംസ്ഥാന പുരസ്കാരം



മികച്ച ഹൈസ്കൂൾ (സെക്കന്ററി ) അദ്ധ്യാപികക്കുള്ള സംസ്ഥാന പുരസ്കാരം നേടിയ കണ്ണിപറമ്പ് വീട്ടിക്കാട്ട് ഇല്ലത്ത് യു.സി ശ്രീലത. ഭർത്താവ് ഡോ പരമേശ്വരൻ .

### ഡോ. സരിതാ നമ്പൂതിരിപ്പാട് വി ടി ബി കോളേജ് പ്രിൻസിപ്പാൾ



പാലക്കാട് ശ്രീകൃഷ്ണപുരം വി ടി ബി കോളേജ് പ്രിൻസിപ്പലായി Dr. സരിതാ നമ്പൂതിരിപ്പാട് ജൂൺ 1 മുതൽ ചുമതലയേറ്റു. കമ്പ്യൂട്ടർ സയൻസ് വിഭാഗം മേധാവിയായി പ്രവർത്തിച്ച് വരികയായിരുന്നു .

ഗുരുവായൂർ തന്ത്രി പുഴക്കര ചേന്നാസ് ശ്രീ. ഹരി നമ്പൂതിരിപ്പാടിന്റെ (ചാർട്ടേഡ് എക്കൗണ്ടന്റ്) പത്നി. കൊട്ടിയൂർ പന്തീരടിപൂജയുടെ അവകാശികളായ കാമ്പ്രത്ത് ശ്രീ. കൃഷ്ണൻ നമ്പൂതിരിപ്പാടിന്റെ (റിട്ട. ചീഫ് എഞ്ചിനിയർ - ബൊക്കാറോ സ്റ്റീൽ പ്ലാന്റ്) ശ്രീകുമാരി അന്തർജ്ജനത്തിന്റെയും മകളാണ്.

### സുധ എസ് നമ്പൂതിരി പ്രതിരോധ മന്ത്രാലയം വക്താവ്



തിരുവനന്തപുരത്ത് പ്രതിരോധ മന്ത്രാലയത്തിന്റെ വക്താവായി ശ്രീമതി സുധ എസ് നമ്പൂതിരി (ഐഐഎസ്) ചുമതലയേറ്റു. ആലപ്പുഴ സ്വദേശിയായ ശ്രീമതി സുധ എസ് നമ്പൂതിരി ആലപ്പുഴ എസ് ഡി കോളേജ് മുൻ വൈസ് പ്രിൻസിപ്പലും, ചേർത്തല കെവിഎം കോളേജ് ഓഫ് ആർട്സ് & സയൻസ് പ്രിൻസിപ്പലുമായ ഡോ.കൃഷ്ണൻ നമ്പൂതിരി (ശ്രീരവള്ളി ) യുടെ സഹധർമ്മിണിയാണ്. കോട്ടയത്തെ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷനിൽ ഡെപ്യൂട്ടി ഡയറക്ടറായി പ്രവർത്തിച്ചു വരികയായിരുന്നു.



**ദേവി പി.എസ്.**

നീറ്റ് യു.ജി. പരീക്ഷയിൽ 720 ൽ 658 മാർക്ക് വാങ്ങി ഉന്നത റാങ്ക് നേടിയ പറക്കുന്നത്ത് ശശികുമാർ നമ്പൂതിരിയുടേയും സ്മിതയുടേയും മകൾ ദേവി പി.എസ്.



**അശ്വതി**

പി.എസ്. സി വഴി നിയമനം നേടി കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് ആയി ജോയൻ ചെയ്ത കിഴക്കില്ലത്ത് അശ്വതി, കോടഞ്ചേരി ഉപസഭ.



**ആര്യ എൻ.**

നീറ്റ് യു.ജി.പരീക്ഷയിൽ 720 ൽ 660 മാർക്ക് നേടി , ഉന്നത റാങ്ക് നേടിയ നടുവിലേടം വിനോദിന്റേയും മഞ്ജുവിന്റേയും മകൾ ആര്യ എൻ.



**തായാട്ട് ഉണ്ണികൃഷ്ണൻ നമ്പൂതിരി**

യോഗക്ഷേമസഭ ഉത്തര മേഖലാ ജെ. ആർ ഓ ആയി തിരഞ്ഞെടുക്കപ്പെട്ട തായാട്ട് ഉണ്ണികൃഷ്ണൻ നമ്പൂതിരി.



**പീയൂഷ് നമ്പൂതിരിപ്പാട്**

ആരോഗ്യ വകുപ്പ് അഡീഷനൽ ഡയറക്ടർ റാങ്കിൽ സംസ്ഥാന ടി.ബി. സെൽ മേധാവിയായി നിയമിതനായ കോഴിക്കോട് പെരുമണ്ണ മക്കാട്ട് ഇല്ലത്ത് പീയൂഷ് നമ്പൂതിരിപ്പാട്.

# മികവിന്റെ തിളക്കം / എവർക്കും സ്വസ്തിയുടെ അഭിനന്ദനങ്ങൾ

## ഹരിനാരായണന് ഫെലോഷിപ്പ്



മൃദംഗത്തിലെ തഞ്ചാവൂർ ബാണിയെ ആസ്പദമാക്കിയുള്ള പഠനത്തിന് പാലക്കാട് കുന്നത്തൂർ മേട് അയിരിൽ മന എ.എം.ഹരിനാരായണന് ജൂനിയർ വിഭാഗം ഫെലോഷിപ്പ് ലഭിച്ചു. മൃദംഗ വിദ്വാൻ പാലക്കാട് എസ്.എ.രാമകൃഷ്ണനാണ് ആദ്യ ഗുരു. ഡോ. ടി.കെ. മൂർത്തിയുടെ ശിഷ്യൻ കെ.പി.പരമേശ്വരൻ, ഡോ. ടി.കെ.മൂർത്തി എന്നിവരുടെ കീഴിലും അഭ്യസനം തുടർന്നു.

ഇന്ത്യക്ക് അകത്തും പുറത്തും മികച്ച കലാകാരന്മാർക്കൊപ്പം ഹരിനാരായണൻ വേദി പങ്കിട്ടിട്ടുണ്ട്. കാഞ്ചി കാമകോടിപീഠം ശങ്കരാചാര്യർ 'ആസ്ഥാന വിദ്വാൻ' പദവി നൽകി ആദരിച്ചിട്ടുണ്ട്. 'മൃദംഗതത്വം' എന്ന പേരിൽ തയ്യാറാക്കിയ ഡോക്യുമെന്ററി ഏറെ ശ്രദ്ധേയമായി.

## ആര്യ വായ്ക്കാക്കര പി എച്ച് ഡി നേടി



യൂണിവേഴ്സിറ്റി ഓഫ് ബ്രിട്ടീഷ് കൊളംബിയ, വാൻകോവർ, കനഡയിൽ നിന്ന് ന്യൂറോ സയൻസിൽ പി എച്ച് ഡി നേടിയ ആര്യ വായ്ക്കാക്കര ചിത്രൻ. തൃശ്ശൂർ പാഞ്ഞാൾ വായ്ക്കാക്കര ചിത്രൻ നമ്പൂതിരി, സുമന ദമ്പതികളുടെ മകളാണ്.



മികച്ച പി.എച്ച്.ഡി. തീസീസിനുള്ള ഡോ. എസ്.രാജശേഖരൻ എൻഡോവ്മെന്റ് അവാർഡ് കാലടി ശ്രീ ശങ്കര കോളേജിൽ നടന്ന ചടങ്ങിൽ വെച്ച് ഡോ. എം.വി. മുരളീകൃഷ്ണൻ ഏറ്റുവാങ്ങുന്നു. തൃശ്ശൂർ കൂർക്കഞ്ചേരി ഉപസഭയിലെ മുണ്ടാരപ്പിള്ളി ഇല്ലത്തെ വാസുദേവൻ നമ്പൂതിരിയുടെയും ഉഷയുടെയും മകൻ ആണ്.

## ഡി. ശ്രീകുമാറിനെ കുസാറ്റ് സെനറ്റിലേക്ക് നോമിനേറ്റ് ചെയ്തു



**ഡി. ശ്രീകുമാർ**

കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്) സെനറ്റിലേക്ക് ബഹു : സംസ്ഥാന ഗവർണ്ണർ നോമിനേറ്റ് ചെയ്ത അഡ്വ: ഡി. ശ്രീകുമാർ (മുൻ സീനിയർ ഗവ. പ്ലീഡർ, കേരള ഹൈക്കോടതി). ഓച്ചിറ വലിയകുളങ്ങര തോട്ടത്തിൽ ഇല്ലം കുടുംബാംഗവും യോഗക്ഷേമസഭ ശൂരനാട് ഉപസഭാംഗവുമാണ് ഇദ്ദേഹം.



പ്രഥമ കേരളശ്രീ പുരസ്കാരം നേടിയ പ്രമുഖ സൈദ്ധാന്തികനായ ഡോ. എം.പി. പരമേശ്വരനെ യോഗക്ഷേമസഭ ആദരിച്ചു. ജില്ലാ ജോ. സെക്രട്ടറി അഞ്ജലി വേണാട്, തൃശ്ശൂർ ഉപസഭാ ഭാരവാഹികളായ ചെമ്പൂക്കാവ് നാരായണൻ നമ്പൂതിരി, പാറക്കുന്നം രാജൻ എന്നിവർ വസതിയിലെത്തിയാണ് ആദരം സമർപ്പിച്ചത്.

## ശ്രീദേവി താമരക്കുളം ഹൌസിംഗ് ബാങ്കിൽ അസിസ്റ്റൻറ് മാനേജർ



നാഷണൽ ഹൌസിംഗ് ബാങ്കിൽ അസിസ്റ്റൻറ് മാനേജരായി ജോലിയിൽ പ്രവേശിച്ച ശ്രീദേവി താമരക്കുളം. താമരക്കുളം മുകുന്ദൻ നമ്പൂതിരിയുടേയും വസന്ത അന്തർജനത്തിന്റേയും മകളാണ്. കേന്ദ്രഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് ഫിനാൻസിന്റെ കീഴിലുള്ള എൻ.എച്ച്.ബിക്കാണ് ഹൌസിംഗ് ഫിനാൻസ് കമ്പനികളുടെ മുഴുവൻ കൺട്രോളും. ബി.എസ്. സി മാത്തമറ്റിക്സ് ഡിഗ്രിക്കാരിയായ ഈ 22 കാരിക്ക് ഐ.ബി.പി.എസിലും ഐ.ഡി.ബി.ഐ.യിലും എസ്.ബി.ഐ.യിലും ആർ.ആർ.ബി.യിലുമെല്ലാം സെലക്ഷൻ കിട്ടിയിട്ടുണ്ട്.



**ഡോ: അനുവിന്ദ്**

കോഴിക്കോട് ജില്ല, മുക്കം നഗരസഭയുടെ ഹെൽത്ത് ആന്റ് വെൽനെസ് സെന്ററിൽ മെഡിക്കൽ ഓഫീസറായി നിയമിതനായ ഡോ: അനുവിന്ദ് കൊട്ടിവട്ടം ജയരാജൻ നമ്പൂതിരിയുടേയും സുജ അന്തർജനത്തിന്റേയും മകനാണ്.



**മധു നമ്പൂതിരി**

ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസറായി പ്രമോട്ട് ചെയ്യപ്പെട്ട് ഇടുക്കി ജില്ലയിലെ മൂന്നാറിനടുത്തുള്ള ഇരവികുളം നാഷനൽ പാർക്കിൽ നിയമിതനായ കോഴിക്കോട് ചേളന്നൂർ പൌർണമിയിൽ മധു നമ്പൂതിരി. രാമല്ലൂർ ഉപസഭ.



**ബ്രിഗേഷ് പട്ടശ്ശേരി**

മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി സെനറ്റ് മെമ്പർ ആയി തിരഞ്ഞെടുക്കപ്പെട്ട, ശ്രീ ശങ്കര ട്രസ്റ്റ് സെക്രട്ടറിയും എസ് എസ് വി കോളേജ് വളയൻചിറങ്ങര മാനേജരുമായ ബ്രിഗേഷ് പട്ടശ്ശേരി



**അപർണ എൻ.ജി.**

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മലയാള പദ്യം ചൊല്ലലിൽ എ ഗ്രേഡ് നേടിയ അപർണ എൻ.ജി. (10 സി.) പി.ടി.എം.എച്ച്.എസ്. കൊടിയത്തൂർ. ഉച്ചക്കാവ് ഉപസഭ സെക്രട്ടറി ഗോവിന്ദൻ നമ്പൂതിരിയുടെ മകളാണ് അപർണ

**സ്വസ്തിയിൽ**
**പരസ്യം നൽകുന്നതിന്**
**ബന്ധപ്പെടുക:**
**9745137987**

വാർഷിക വരിസംഖ്യ
300 രൂപ അയക്കാൻ
ഈ ക്യു ആർ കോഡ്
സ്കാൻ ചെയ്യുക


## ഉപനയനം

**ഭരത് മങ്ങത്തായ**



മങ്ങത്തായ രവി -വിദ്യ ദമ്പതിമാരുടെ മകൻ ഭരതിന്റെ ഉപനയനം 2023 ജൂൺ 25 ഞായറാഴ്ച കോഴിക്കോട് പൂവാട്ടുപറമ്പ് ശ്രീപെരുമൻപുറ മഹാവിഷ്ണു ക്ഷേത്രം അഗ്രശാല ഓഡിറ്റോറിയത്തിൽ നടന്നു. ഓതിക്കൻ: വൈത്തല ഇടക്കാട് നാരായണൻ നമ്പൂതിരി. ആശംസകളോടെ: ശ്രീദേവി അന്തർജനം, അഭിരാം,സതീശൻ,ഉമ, ആർദ്ര, ആദർശ് ദാമോദരൻ

## മാനസിയും നാരായണനും

പട്ടാമ്പി തിരുവേഗപ്പുറ വാഴകുന്നം സത്യന്റെയും സുധയുടെയും മകൾ മാനസിയും പെലയ്ക്കാട്ട് പയ്യൂർ മനയ്ക്കൽ പരേതനായ അശോകൻ നമ്പൂതിരിയുടെയും പ്രസന്ന അന്തർജനത്തിന്റെയും മകൻ നാരായണനും 2023 ഏപ്രിൽ 30 ഞായറാഴ്ച രാവിലെ 9.35 നും 10.55 നും മദ്ധ്യേയുള്ള ശുഭമുഹൂർത്തത്തിൽ ഗുരുവായൂർ തെക്കേനടയിലുള്ള സുരഭി ഓഡിറ്റോറിയത്തിൽ വെച്ച് വിവാഹിതരായി.



പട്ടാമ്പിയ്ക്കടുത്തു കറുകപുത്തൂരിൽ  കെ. നീലകണ്ഠൻ മൂസ്സിന്റെ
ഏഴാമത്തെ മകൻ മെട്രോമാനായി വളർന്ന കഥ

# എന്നെ ഇന്റർവ്യൂ ചെയ്തത് മെട്രോമാൻ

**കെ.എം.എസ്. ഭട്ടതിരിപ്പാട**



ഒരു ഇന്റർവ്യൂവിൽ നിന്നു ത5 ുടങ്ങാം. 1962 ലാണ്. ഞങ്ങൾ പാലക്കാട് ജംഗ്ഷൻ ഒന്നാം പ്ലാറ്റുഫോമിൽ പ്രത്യാശയോടെ കാത്തുനിൽക്കുന്നു. റെയിൽവെ എഞ്ചിനീയറിങ്ങിലെ എ പി ഡബ്ളിയു ഇൻസ്പക്ടർ പോസ്റ്റിലേക്കുള്ള കൂടിക്കാഴ്ചക്കുവന്നവരാണ്. 6 മാസം മുമ്പ് 750 ഓളം പേരെഴുതിയതിൽ തിരഞ്ഞെടുക്കപ്പെട്ടവർ. ഞാൻ എട്ടാമൻ. ഞാനൊഴികെ എല്ലാവരും ഡിഗ്രി, ഡിപ്ലോമ, മുൻപരിചയം ഇവയുള്ളവരാണ്. സമാധാനമായി, പേടിയും പ്രത്യാശയും അപ്രത്യക്ഷമായി.

കവിഞ്ഞാൽ എട്ടിൽ 3 പേരെ മാത്രമെ എടുക്കുയെന്നു ഇതിൽ വിശദമായി ഗവേഷണം നടത്തിയ പൗലോസു പ്രഖ്യാപിച്ചതോടെ എനിക്കു ഒരുതരം ശൌര്യം കൂടി. കിട്ടിയാൽ സ്റ്റേറ്റിലെ തത്തുല്യമായ  തസ്തികയെക്കാൾ രണ്ടിരട്ടി ശമ്പളം ഞാൻ വേണ്ടെന്നു വെച്ചു.

ശരാശരി 12 – 15 മിനിറ്റാണ് ഒരാൾക്കെടുത്തത്. റെയിൽവെ സർവ്വീസു കമ്മീഷൻ ചെയർമാനു പുറമെ 3 പേർ കൂടിയുണ്ട് ബോർഡിൽ . എന്റ ഊഴം വന്നപ്പോൾ 12.15 . ഞാൻ നമ്പൂതിരിയാണെന്നറിഞ്ഞപ്പോൾ ചെയർമാൻ സംസ്കൃതവും വേദവും ശ്ലോകവുമായി അരമണിക്കൂറെടുത്തു. ഞാൻ രഘുവംശത്തിലെ ശ്ലോകവും അർത്ഥവും വിശദീകരിച്ചു. (അദ്ദേഹത്തിനു സംസ്കൃതമറിയാമെന്നു പിന്നീടാണ



*മെട്രോമാൻ ഇ.ശ്രീധരൻ*

റിഞ്ഞത്). എന്റ അവതരണം അദ്ദേഹത്തിനു ഇഷ്ടമായെന്നു തോന്നിയതിനാൽ രണ്ടാമത്തെ ശ്ലോകം - ക്വ സൂര്യ പ്രഭവോ വംശ: എന്നു തുടങ്ങുന്നതിനു മുമ്പു , ചെയർമാൻ ചിരിച്ചു കൊണ്ട് -

'അയാംഡൺ.ശ്രീധരൻ യു ടേക് ഓവർ'എന്നായി.

സബ്ജക്റ്റ് എക്സ്പർട്ട് ആയി വന്നത് ഡിവിഷണൽ എഞ്ചിനീയറായിരുന്ന ഇ.ശ്രീധരനാണ്. അദ്ദേഹം 4 മിനിറ്റിൽ റയിൽവെ എഞ്ചിനീയറിങ്ങിനെപ്പറ്റി 5 ചോദ്യം ചോദിച്ചു. എല്ലാം അറിയാത്തതായതുക്കൊണ്ടു ധൈര്യമായി അറിയില്ലെന്നും തിരഞ്ഞെടുക്കപ്പെട്ടാൽ പഠിക്കുമെന്നും പറഞ്ഞു. ശ്രീധരൻ ഓകെ എന്നു പറഞ്ഞു.നാട്ടത്തിനു തങ്ങൾക്കൊന്നും ചോദിക്കാനില്ലെന്നു ഇന്റർവ്യൂ ബോർഡിലെ മറ്റു രണ്ടു പേരും കൈവിട്ടു.

07-05-23 ന് ഈ കഥ ശ്രീധരൻ സാറിനോടുപറഞ്ഞു.എല്ലാം അദ്ദേഹം ഊറിയ ചിരിയോടെ കേട്ടു.

ഞാനോർത്തു,ഇന്ന് കൃത്യം 60 വർഷത്തിനു ശേഷം ഞാനദ്ദേഹത്തെ ഇന്റർവ്യൂ ചെയ്യാനിരിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതത്തെപ്പറ്റി. എനിക്കെന്തു യോഗ്യത - ആദരവിന്റെയും സ്നേഹത്തിന്റെയും പിൻബലം മാത്രം.

പട്ടാമ്പിയ്ക്കടുത്തു കറുകപുത്തൂർ ഗ്രാമത്തിൽ എളാട്ടുവളപ്പിൽ അമ്മാളുവമ്മയുടേയും കെ. നീലകണ്ഠൻ മൂസ്സിന്റേയും ഏഴാമത്തെ മകനായി 12-6-1932 നു ജനനം. നാഗേരിമനയ്ക്കലടുത്താണ് തറവാട്. ഏറ്റവും മൂത്തത് ചേച്ചി, അമ്മുക്കുട്ടിയമ്മ. പിന്നെ ഏഴ് ആൺമക്കൾ. അക്കാലത്തെ കുടുംബ പശ്ചാത്തലം അദ്ദേഹം വിവരിച്ചു.

**പട്ടാമ്പിയ്ക്കടുത്തു കറുകപുത്തൂർ ഗ്രാമത്തിൽ എളാട്ടുവളപ്പിൽ അമ്മാളുവമ്മയുടേയും കെ. നീലകണ്ഠൻ മൂസ്സിന്റേയും ഏഴാമത്തെ മകനായി 12-6-1932 നു ജനനം. നാഗേരിമനയ്ക്കലടുത്താണ് തറവാട്.**

അമ്മയുടെ അച്ഛനും ബ്രാഹ്മണനാണ്. അങ്ങനെ ബ്രാഹ്മണരക്തമാണ് ഞങ്ങൾക്ക കിട്ടിയത്. തികച്ചും ബ്രാഹ്മണാന്തരീക്ഷത്തിലാണ് ചെറുപ്പകാലം.അച്ഛനു ഞങ്ങൾ നല്ലവണ്ണം പഠിക്കണമെന്ന നിർബന്ധമായിരുന്നു. അച്ഛൻ അക്കാലത്ത് 1900 നു മുമ്പ് മട്രിക്കുലേഷൻ വരെ പഠിച്ചതാണ്. മൂത്ത ജ്യേഷ്ഠൻ ഇ.കെ. മേനോനാണു വിദ്യാഭ്യാസകാര്യങ്ങൾ ശ്രദ്ധിച്ചിരുന്നത്. മൂത്ത ചേച്ചിയുമായി 20 വയസ്സു പ്രായവ്യത്യാസമുള്ളതുകൊണ്ടു അവർ അമ്മയെപ്പോലെയായിരുന്നു. ചാത്തനൂർ പ്രൈമറി പഠനത്തിനു ശേഷം അവരുടെ കൂടെ താമസിച്ചു കൊയിലാണ്ടിയിലും പാലക്കാടുമായിരുന്നു വിദ്യാഭ്യാസം. പിന്നീടാണ് എഞ്ചിനീയറിങ് സെലക്ഷൻ കിട്ടി.കാക്കിനഡയിൽ പഠിച്ചാണ് ഡിഗ്രി എടുത്തത്. അന്നു ആന്ധ്ര,തമിഴ്നാട്, കേരള എല്ലാം ചേർന്നു 4 എഞ്ചിനീയറിങ് കോളേജുകളേയുള്ളു .ഇന്നേതാണ്ടു 500 ലധികം കോളേജുകൾ !

1954 ൽ റയിൽവെയിൽ IRSE പാസ്സായി അസിസ്റ്റന്റ് എഞ്ചിനീയറായി .

'അച്ഛനായിരുന്നു ഞാനൊരു റയിൽവെ എഞ്ചിനിയറാവണമെന്ന മോഹം കൂടുതൽ' - അദ്ദേഹം പഴയ സ്മരണകളിൽ മുഴുകിയ പോലെ തോന്നി.

ആദ്യം മുതലെ ജോലിയിൽ വൈദഗ്ധ്യം തെളിയിച്ചതു കൊണ്ട് ചീഫ് എഞ്ചിനിയർമാർ എവിടെ പോരായ്മ കണ്ടാലും അദ്ദേഹത്തെ അവിടെക്കയക്കും. അങ്ങനെ ഷൊറണൂർ ,വിജയവാഡ വഴി 1961 ൽ ഒലവക്കോട്ടു ഡിവിഷണൽ എഞ്ചിനിയറായെത്തി. അക്കാലത്താണ് മേലെഴുതിയ ഇന്റർവ്യൂവും എന്റ അനുസ്മരണവും.

ഇ.ശ്രീധരന്റ ജീവിത നിയോഗങ്ങൾക്കു തുടക്കം കുറിച്ചതും ദിശാബോധം കിട്ടിയതും ഒലവക്കോട്ടു നിന്നാണെന്നു പറയാം.

? കൂട്ടത്തിൽ ഒരു പേഴ്സണൽ ചോദ്യം. ഞാൻ ഡിവിഷണിൽ ജോലിക്കു ചേർന്ന കാലത്തു കേട്ടിരുന്നു അന്നത്തെ ഡിവിഷണൽ സൂപ്രണ്ട് (ഇന്ന് ഡി..ആർ.എം.) അങ്ങയെ കഠിനമായി ദ്രോഹിച്ചിരുന്നുവെന്ന്. അഴിമതിക്ക് കൂട്ടുനിൽക്കാത്തതു കൊണ്ട്.

= ശരിയാണ്. കോമളേശ്വരനായിരുന്നു അന്നു ഡി.എസ്. കോൺട്രാക്ടർമാരുമായി ചില അഴിമതിക്ക് അദ്ദേഹം നിർബന്ധിച്ചു. പറ്റില്ലെന്നു തീർത്തു പറഞ്ഞത് അദ്ദേഹത്തിനെ ചൊടിപ്പിച്ചു.

? കേട്ടിട്ടുണ്ട് ,അന്നു സാറിന്റ കോൺഫിഡൻഷ്യൽ റിപ്പോർട്ടു ചുവപ്പു മഷി കൊണ്ട് അദ്ദേഹം കുത്തിനിറച്ച കഥ.

= അതും ശരിയാണ്. കോമളേശ്വരൻ പ്രഗൽഭനായ ചീഫ് എഞ്ചിനീയർ ബ്രഗൻസയോടു എന്നെപ്പറ്റിപരാതി പറഞ്ഞു. അദ്ദേഹത്തിനെന്നെ പറ്റി അറിയാവുന്നതു കൊണ്ടു പരാതി



*ഇ.ശ്രീധരന്റെ വസതി*

അമ്മയുടെ അച്ഛനും ബ്രാഹ്മണനാണ്. അങ്ങനെ ബ്രാഹ്മണരക്തമാണ് ഞങ്ങൾക്ക കിട്ടിയത്. തികച്ചും ബ്രാഹ്മണാന്തരീക്ഷത്തിലാണ് ചെറുപ്പകാലം.അച്ഛനായിരുന്നു ഞാനൊരു റയിൽവെ എഞ്ചിനീയറാവണമെന്ന മോഹം കൂടുതൽ’



ഇ ശ്രീധരനുമൊത്ത് ലേഖകൻ കെ.എം.എസ് ഭട്ടതിരിപ്പാട്

കണക്കിലെടുത്തില്ലെങ്കിലും എന്നെ ഹുബ്ലിയിലെക്ക് മാറ്റി. പക്ഷെ, എന്റ നിലപാടിൽ ഒരു മാറ്റവും അതുണ്ടാക്കിയില്ല, ഇന്നോളം .

? അവിടെയും എത്തിയല്ലൊ കോമളേശ്വരൻ , പകവീട്ടാനെന്ന പോലെ. മാത്രമല്ല, തന്റ അധികാരം .

= അതെ. വൈകാതെ അദ്ദേഹം അവിടെയും തന്റെ വൈരാഗ്യം കാട്ടിത്തുടങ്ങി. ഇതെല്ലാം ശ്രദ്ധിച്ചു കൊണ്ടിരുന്ന ജി.പി. വാരിയർ അന്നു നിർമ്മാണ മേഖലയിൽ ചീഫ് എഞ്ചിനീയറാണ്. കോമളേശ്വരന്റ ഉപദ്രവം കൂടിയപ്പോൾ ജി.പി. വാരിയരെന്നെ കൺസ്സ്ട്രക്ഷനിലേക്ക് വിളിച്ചു. അങ്ങനെ കോമളേശ്വരന്റ കെണിയിൽ നിന്നു രക്ഷിച്ചു. എന്റ ഔദ്യോഗിക ജീവിതത്തിൽ ജി.പി. വാരിയർ അവസാനം വരെ കരുതലും, പ്രത്യേക ശ്രദ്ധയും വെച്ചിരുന്നു.

? അദ്ദേഹം അങ്ങക്ക് ഗോഡ്ഫാദർ പോലെയല്ല, ഗോഡ് ഫാദർ തന്നെയായിരുന്നുവെന്നു കേട്ടിട്ടുണ്ട്.

= ശരിയാണ് . ഞാൻ ഷൊറണൂരിൽ എ.ഇ. ആയിരിക്കുമ്പോൾ അദ്ദേഹം കൊല്ലം – എറണാകുളം റയിൽവെ ചീഫാണ്. ഒരിക്കൽ എന്നെ കാണാൻ വന്നു. (ഓർത്ത്, ചിരിച്ചു കൊണ്ട് ) . ഔദ്യോഗികമായിട്ടല്ല. എനിക്കു ഒരു കല്യാണാലോചനയുമായി. എനിക്കു താല്പര്യമില്ലാത്തതു കൊണ്ടു ഒന്നുമുണ്ടായില്ല. പക്ഷെ, അതുകൊണ്ടൊന്നും എന്നോടു അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹത്തിനു കുറവുണ്ടായിട്ടില്ല.

? ജി.പി. വാരിയരെപ്പറ്റി

= ഇന്ത്യൻ റയിൽവെ കണ്ടിട്ടുള്ള ഒരതുല്യ പ്രതിഭയാണ് വാരിയർ. മേലുദ്യോഗസ്ഥന്മാർക്കും കീഴുദ്യോഗസ്ഥന്മാർക്കും ഒരുപോലെ അഭിമതൻ. കൂടെ ജോലി ചെയ്യുന്നവരോടു ഇത്രയും താല്പര്യവും കരുതലും കാണിച്ചിട്ടുള്ളവർ കുറവാണ്.

? ഒന്നു കൂടി. സാറിന്റെ ജീവിത നിയോഗത്തിലേക്കു നയിച്ച ആ മഹാ ചരിത്രസംഭവം – പാമ്പൻ പാലം – നടന്നപ്പോൾ വാരിയർ സാറാണു താങ്കളെ നിർമ്മാണച്ചുമതല ഏല്പിക്കാൻ നിർദ്ദേശിച്ചതെന്നു കേട്ടിട്ടുണ്ട്.

= ശരിയാണ്. ആ ഇടപെടലാണ് ഭാവി നിർണ്ണയിച്ചതെന്നു പറയാം.

? അങ്ങനെയാണല്ലോ , ആദ്യമായി എല്ലാ കൺവെൻഷനും ലംഘിച്ചു ഇന്ത്യൻ പ്രസിഡണ്ടിന്റ അത്യുന്നത ബഹുമതിയായ സ്വർണ്ണ പതക്കം പാമ്പൻ പാലത്തിന്റ റെസ്റ്റോറേഷനു ലഭിക്കുന്നത്.

= അതെ. അതുവരെ ആർക്കും ലഭിക്കാത്ത ബഹുമതിയാണ് എനിക്കു കിട്ടിയത്.

ശ്രീധരനെ സംബന്ധിച്ചിടത്തോളം ത്രിമൂർത്തി ഗുണങ്ങളെ ഉത്തേജിപ്പിച്ചു ഒരു കർമ്മയോഗിയുടെ കരുത്തും,നിശ്ചയദാർഢ്യവും, ആർജ്ജവവും നൽകി ഊതിക്കാച്ചി വിളക്കിയത് പാമ്പൻ പാലം പുനർ നിർമ്മാണവും കൊങ്കൺ റെയിൽവെയും ദൽഹി മെട്രോയുമാണ്.

ഞങ്ങളുടെ ടെയിനിംഗ് ട്രിച്ചിയിൽ നടക്കുമ്പോഴാണ് 1964 ഡിസംബർ 23 നു രാത്രി ബംഗാൾ ഉൾക്കടലിലെ വിടെയോ നിന്നു പുറപ്പെട്ട സുനാമിയൊ (സൈക്ലോൺ ഭീകരനോ ) ആർത്തലച്ചെത്തി ധനുഷ്കോടി ദ്വീപിനേയും പാമ്പൻ പാലത്തെയും നക്കിത്തുടച്ചു. ധനുഷ്കോടിക്കു പോയിരുന്ന പാസഞ്ചർ വണ്ടിയും അതിലുണ്ടായിരുന്ന 200 ലേറെ യാത്രക്കാരെയും കടൽവിഴുങ്ങി. പാലത്തിന്റ 146 ൽ 125 കൂറ്റൻ ഗർഡറും 2 തൂണും കാണാതായി. ഈ ദേശീയ ദുരന്തത്തിനു ശേഷം ദൽഹിയിലും മദിരാശിയിലും നടന്ന രണ്ടുമൂന്നു തിരക്കിട്ട ചർച്ചകൾക്കു ശേഷം നാലാം ദിവസം കറുകപുത്തൂര് വീട്ടിൽ ക്രിസ്തുമസ്സ് വെക്കേഷൻ ആസ്വദിക്കുന്ന ശ്രീധരനെത്തേടി ഫോണെത്തി.

‘ഉടനെ മദ്രാസിലെത്തുക’ എന്ന കല്പന.

എത്തിയ ഉടനെ ചീഫ് എഞ്ചിനീയർക്ക് ഒന്നേ പറയാനുള്ളു. ‘Rush to Pamban.Restore within 6months. പാർലമെന്റടുത്ത തീരുമാനമാണ്.’ അന്നു ജനറൽ മാനേജർ, റയിൽവെയിലെ എക്കാലത്തെയും ഉന്നത ശീർഷനായ ബി.സി. ഗാംഗുലിയാണ്. അദ്ദേഹമാകട്ടെ പറഞ്ഞതിങ്ങനെ.

‘കംപ്ലീറ്റ് ദ വർക്ക് ഇൻ 3 മന്ത്സ്’. 180 ദിവസം .അപ്പോഴാണ് അറിഞ്ഞത ഈ ഭാരപ്പെട്ട ജോലിക്കു ശ്രീധരനെ തിരഞ്ഞെടുത്തത് ജി.പി. വാരിയരായിരുന്നു. അതായിരുന്നു നിയോഗം.

ഈ കല്പനയുമായി പാമ്പനിലെത്തിയ അദ്ദേഹം കണ്ട കാഴ്ച പേടിപ്പിക്കുന്നതായിരുന്നു. ഒഴുകി നടക്കുന്ന മൃതശരീരങ്ങൾ .ആകെ താറുമാറായിക്കിടക്കുന്ന പാമ്പൻ -മൂകം ശാന്തം. 2 കി.മീ. ലധികം നീളമുള്ള ഇന്ത്യയിലെ ഏറ്റവും വലിയ പാലം -കൂറ്റൻ തിരകൾ കണ്ടാലറിയാത്ത വിധം മാറ്റിമറിച്ചിരിക്കുന്നു. എല്ലാ



*പാമ്പൻ പാലം*

പ്രതികൂല സാഹചര്യങ്ങളെയും മറി കടന്നു വേണം മൂന്നു മാസത്തിനു ള്ളിൽ വണ്ടിയൊടിക്കാൻ. ശ്രീധരൻ സന്ദർഭോചിതമായി ഒരു സ്റ്റ്രാറ്റജി മെനഞ്ഞെടുത്തു.ആ പദ്ധതിയിലൂടെ തൊഴിലാളികളെ ഏകോപിച്ചു പ്രവൃ ത്തിച്ചതുകൊണ്ടു വെറും 46 ദിവസം കൊണ്ടു ഗതാഗതം പുന:സ്ഥാപിച്ചു. ഇതെങ്ങനെയെന്ന ചോദ്യത്തിനു അദ്ദേഹം പറഞ്ഞത്.

'കൺവെൻഷനലായിട്ടു ചെയ്തി രുന്നുവെങ്കിൽ 6 മാസം കൊണ്ടും തീരുമായിരുന്നില്ല. ഇന്ത്യയുടെ നാനാഭാഗത്തുനിന്നും 125 ഗർഡ റുകൾ കൊണ്ടു വന്നു ചെയ്യുന്നത് അമിതമായ കാലതാമസമുണ്ടാക്കും. പകരം അങ്ങിങ്ങു കടലിൽ താണു കിടക്കുന്ന പഴയ ഗർഡറുകൾ പൊ ന്തിച്ചെടുത്ത് പണി ത്വരിതപ്പെടുത്തി. മറ്റൊരു ഭാഗ്യം ഞാൻ കുറച്ചു കാ ലം ബോംബെ ബുച്ചർ ഐലന്റിൽ പോർട്ടു ട്രസ്റ്റിനു വേണ്ടി ജോലിയെടു ത്തിരുന്നതു കൊണ്ടു ഉൾക്കടലിലെ വേലിയേറ്റവും മറ്റു പ്രതിഭാസങ്ങളും എനിക്കറിയാമായിരുന്നു. ഇതു വളരെ സഹായകമായി.'

റയിൽവെ പോലെ ബൃഹത്തായ ഒരു സംഘടനയിൽ ,സമ്പ്രദായത്തി നെതിരെ പുതിയ രീതി രൂപപ്പെടു ത്തുക, നടപ്പിലാക്കി വിജയിപ്പിക്കുക യെന്നത് ഏറെക്കുറെ അസാധ്യമാണ്. അദ്ദേഹം നേരിട്ട വെല്ലുവിളികളിൽ പതറാതെ അവയെ തനിക്കുള്ള 'ജയ് വിളി'കളാക്കി മാറ്റിയെന്നതാണ് മഹ ത്വം. അദ്ദേഹം ഇതു പരീക്ഷിച്ചു വി ജയിച്ചത് ആദ്യം പാമ്പനിലാണ്. ഈ മെത്തോഡോളജി സ്വീകരിച്ചതുകൊ ണ്ടാണ് കൊച്ചിൻ ഷിപ്പ്‌യാർഡിലും, കൊങ്കൺ, ദൽഹിമെട്രോ തുടങ്ങിയ സ്ഥലങ്ങളിലും അത്ഭുതകരമായ വി ജയം കൊയ്യാനായത്.

**പാമ്പനിലെ കാഴ്ച പേ ടിപ്പിക്കുന്നതായിരുന്നു. ഒഴുകി നടക്കുന്ന മൃതശരീ രങ്ങൾ. ആകെ താറുമാറാ യിക്കിടക്കുന്ന പാമ്പൻ. 2 കി.മീ. ലധികം നീളമുള്ള ഇന്ത്യയിലെ ഏറ്റവും വലിയ പാലം കൂറ്റൻ തിര കൾ കണ്ടാലറിയാത്ത വി ധം മാറ്റിമറിച്ചിരിക്കുന്നു.**

1910 ഓടെ ഏതാണ്ടു മംഗലാപുരം വരെ ബ്രിട്ടീഷുകാർ റയിൽവെ നടപ്പാ ക്കിയെങ്കിലും തുടർന്നു കൊങ്കൺ ഭാഗത്തേക്ക് റയിലിടുന്ന സാഹസ ത്തിനവർ തുനിഞ്ഞില്ല. സ്വാതന്ത്ര്യം കിട്ടി 40 വർഷം കഴിഞ്ഞിട്ടും കർ ണ്ണാടകയിൽനിന്നു നിരവധി റയിൽ വെ മന്ത്രിമാർ വന്നിട്ടും അവരാരും തുനിഞ്ഞില്ല.കാരണം ഒന്നേയുള്ളു. ദുർഗമമായ 800 കി.മീ. റയിലിടുക യെന്നത് ദുസ്സാധ്യം തന്നെ.

? കൊങ്കൺ റയിൽവെയുടെ തുട ക്കം....

= ഫെർണാണ്ടസ് റയിൽവെ മന്ത്രി യായിരിക്കെ 1989 ൽ അന്നു റയിൽവെ ബോർഡു മെമ്പറായ എന്നോടു രണ്ടു ആഗ്രഹം പറഞ്ഞു. ഒന്നു ബീഹാ റിലൊരിടത്ത് ഒരു പാലം. പിന്നെ കൊങ്കൺ റയിൽവെ . ആദ്യത്തേതു മെമ്പർ റയിൽവെ ബോർഡ് എന്ന നിലക്ക് എളുപ്പമായിരുന്നു.സാധിച്ച പ്പോൾ അദ്ദേഹം കൊങ്കൺ റയിൽ വെയുടെ ഉത്തരവാദിത്വം ഏറെ ടുക്കാൻ എന്നെ സ്നേഹപൂർവം നിർബന്ധിച്ചു. ഞാൻ അടുത്ത വർ ഷം വിരമിച്ച പിറ്റേന്നു തന്നെ ആ ചുമതല ഏറെറടുക്കേണ്ടി വന്നു. 2000 ലേറെ പാലങ്ങളും , മലകളും ,വന വും, ചതുപ്പുകളും നിറഞ്ഞ കൊങ്കൺ പാത ലോകത്തിലെ തന്നെ വിഷമം പിടിച്ച അലൈൻമെന്റാണ്. മൊത്തം 760 കി.മീ റ്ററിന്റ 11 ശതമാനത്തോളം (85 കി.മീ.) 92 തുരങ്കങ്ങളിലാണ്.

? ഒരു പക്ഷെ, കൊങ്കൺ റയിൽവെ ഒന്നു മാത്രം മതി അങ്ങയെ 'ഇന്ത്യൻ റയിൽവെയുടെ വിസ്മയ'മെന്നു വാ ഴ്ത്താൻ .

= വരട്ടെ. അതുവരെയാരും പുറപ്പെ ടാത്തതു പരിഹരിക്കാനെളുതല്ലാത്ത തടസ്സങ്ങൾ കൊണ്ടാണ്. കൊങ്കൺ നടപ്പിലായാൽ ബോമ്പെ -കൊച്ചി ദൂരം 600 കി.മീ. കുറയും. 20 മണി ക്കൂറിലധികം സമയലാഭവും.

പക്ഷെ ചുമതലയേറ്റപ്പോൾ ഏറ്റ



*മുഖ്യമന്ത്രിയാ യിരുന്ന ഇ. കെ.നായനാർ*

**അന്ന് മുഖ്യമന്ത്രി ഇ.കെ.നായനാരാണ്. കാര്യം വിവരിച്ചപ്പോൾ വളരെ ഹാർദ്ദമായി ദൗത്യം ഏറെറടുത്തു. ഉടനെ, കാബിനറ്റ് കൂ ടാതെ തന്നെ, വേണ്ട നിർദ്ദേശങ്ങൾ ഇറക്കി. ഇ.കെ. ഒരസാധാരണ പ്രതിഭാശാലിയാണ്. നോക്കു, കൊങ്കൺ കൊണ്ടു ഏറ്റവുമധികം ഗുണം കർണാടകക്കാണ്, പക്ഷെ, അവർ തരില്ലെന്നു ശാഠ്യം പിടിച്ചപ്പോഴാണ് ഇ.കെ യുടെ മുൻ വിധിയില്ലാത്ത സഹായം.**



*റെയിൽവെ മന്ത്രിയായിരുന്ന ജോർജ് ഫെർണാണ്ടസ്*

**ഫെർണാണ്ടസ് റയിൽവെ മന്ത്രിയായിരിക്കെ 1989 ൽ അന്നു റയിൽവെ ബോർഡു മെമ്പറായ എന്നോടു രണ്ടു ആഗ്രഹം പറഞ്ഞു. ഒന്നു ബീഹാറിലൊരു പാലം. പിന്നെ കൊങ്കൺ റയിൽവെ.**

വും വലിയ പ്രശ്നം സാമ്പത്തികമായിരുന്നു. ഞാൻ തന്നെ പരിഹാരവും കാണേണ്ടി വന്നു. മഹാരാഷ്ട്ര,കർണ്ണാടക,ഗോവ സംസ്ഥാനങ്ങളെയും ഗുണഭോക്താവെന്ന നിലക്ക് കേരളത്തേയും പങ്കാളികളാക്കി. അന്ന് മുഖ്യമന്ത്രി ഇ.കെ.നായനാരാണ്. കാര്യം വിവരിച്ചപ്പോൾ വളരെ ഹാർദ്ദമായി ദൗത്യം ഏറെറടുത്തു. ഉടനെ, കാബിനറ്റ് കൂടാതെ തന്നെ, വേണ്ട നിർദ്ദേശങ്ങൾ ഇറക്കി. ഇ.കെ. ഒരസാധാരണ പ്രതിഭാശാലിയാണ്. നോക്കു, കൊങ്കൺ കൊണ്ടു ഏറ്റവുമധികം ഗുണം കർണാടകക്കാണ്, പക്ഷെ, അവർ തരില്ലെന്നു ശാഠ്യം പിടിച്ചപ്പോഴാണ് ഇ.കെയുടെ മുൻവിധിയില്ലാത്ത സഹായം.

ഇതെല്ലാം നടന്നത് ഔദ്യോഗിക കെട്ടുപാടില്ലാതെ ഞാൻ നേരിട്ടെടപെട്ടതു കൊണ്ടാവാം.

? പ്രധാന തടസ്സങ്ങൾ എന്തൊക്കെയായിരുന്നു..

= സാമ്പത്തികത്തിനു പുറമെ, കോടതി കേസ്സുകൾ, അലൈൻമെന്റ് അങ്ങനെ തൊട്ടതൊക്കെ .ഗോവയിൽ പ്രശ്നങ്ങൾ കാരണം ഒരു കൊല്ലത്തോളം പണി നിർത്തി വെക്കേണ്ടി വന്നു.

? രാഷ്ട്രീയ സമ്മർദ്ദം

= ധാരാളം. ഒരു പരിധി വരെ ചെറുത്തു നിൽക്കാനായി.

? ഒരു പേഴ്സണൽ ചോദ്യം

= ചോദിക്കാം.ഇനിയൊന്നും മറയ്ക്കാനില്ലല്ലോ.

? ഫെർണാണ്ടസ് പോയ ശേഷം വന്ന റയിൽവെ മന്ത്രി ഷെറീഫ് ഒരു പാടു പ്രശ്നങ്ങൾ ഉണ്ടാക്കിയെന്നു അന്നു ഞങ്ങളുടെ ഇടയിൽ സംസാരവിഷയമായിരുന്നു. ഉഡുപ്പി ചീഫ് എഞ്ചിനീയർ നമ്പൂതിരി സർ തന്നെ ഇതെന്നോടു പറയുകയുണ്ടായി.

= ( ഒന്നാലോചിച്ച ശേഷം )- നമ്പൂതിരി, വളരെ നല്ല മനുഷ്യൻ. സാത്വികൻ . സർവ്വീസിലിരിക്കെ, അകാലത്തിൽ വിട പറഞ്ഞു.

? പിന്നീടു സാറു പറഞ്ഞിട്ടു അദ്ദേഹത്തിന്റ മകളുടെ ആശ്രിത നിയമനത്തിനു ഞാനും ശ്രമിച്ചിരുന്നു.

## ശ്രീധരനെ കാറിൽ നിന്ന് ഇറക്കി വിട്ടത്

1996 ൽ ഞാൻ ഷൊറണൂർ ഇരിക്കുമ്പോൾ ഒരു ദിവസം മുകളിൽ നിന്നൊരു സന്ദേശം. രാത്രി ശ്രീധരൻ സർ വരുന്നുണ്ട്. വേണ്ടതു ചെയ്യുക. അവസാന രണ്ടു വാക്കുകളിലെല്ലാമുണ്ട്. വിശ്രമിക്കാൻ റസ്റ്റ് ഹൗസ് റഡിയാക്കണം. ഒരു ബുദ്ധിമുട്ടും വരരുത്.

രാത്രി ഒമ്പതരയോടെ ശ്രീധരൻ സർ നടന്നു ഓഫീസിനു മുന്നിലെത്തി. അദ്ദേഹത്തിന്റ കാറു കാത്തിരുന്ന വാച്ച് മാൻ ഓടിവന്നു പറഞ്ഞു.

ഞാനദ്ദെഹത്തെ റസ്റ്റ് ഹൗസിലെക്കാനയിച്ചു. അദ്ദേഹത്തിന്റെ കയ്യിലെ സൂട്ട് കേസ് വാങ്ങി വാച്ചുമാനെ ഏല്പിച്ചു. എന്റ പരവേശം കണ്ടു , ആ മങ്ങിയ വെളിച്ചത്തിലും , ആ മുഖത്ത് ചിരി പടർന്നു. ചോദിക്കാതെ തന്നെ – 'ചെറുതുരുത്തിയിൽ നിന്നു നടന്നു ' എന്നു പറഞ്ഞു. രാത്രി ഒറ്റക്ക് ഒന്നര കി.മീ. നടക്കുക. ഞാൻ അത്ഭുതപ്പെട്ടു.

എന്റെ പരവേശം മാറ്റാൻ അദ്ദേഹം കാരണം വിവരിച്ചു. അന്നു ഭാരതപ്പുഴയുടെ റോഡ്പാലം റിപ്പേറിനു വേണ്ടി രാത്രി അടച്ചിട്ടും. ശ്രീധരൻ സാറിന്റെ വണ്ടിയും തടഞ്ഞു. ചില്ലറ കൊടുത്തു ചിലരെയൊക്കെ വിടാറുണ്ട്.

ഡ്രൈവർ സാറിനെപ്പറ്റി പറഞ്ഞിട്ടും പോലീസ് തുറന്ന കൊടുത്തില്ല. അദ്ദേഹം ഡ്രൈവറെ പറഞ്ഞയച്ചു നടന്നു.നടന്ന ക്ഷീണവും കാണും. അദ്ദേഹത്തിനെ വിശ്രമിക്കാൻ വിട്ടു ഞാൻ ഓഫീസിലേക്ക് നടന്നു. അദ്ദേഹത്തെ ഒരു കാരണവശാലും ശല്യം ചെയ്യരുതെന്ന് വാച്ചുമാനെ ശട്ടം കെട്ടി.

രാത്രി 10.15 നു വാച്ചുമാൻ ഓടിവന്നു. രണ്ടു പേർ വന്നു സാറിനെ കാണണമെന്നു വാശി പിടിക്കുന്നുവെന്ന പരാതിയുമായി. അപ്പോഴേക്കും രണ്ടു പേർ പിന്നാലെയെത്തി. ഒരാൾ കാക്കിപ്പാന്റും വെള്ള ഷർട്ടും. മറ്റെയാൾ ഒരു പോലീസു വേഷം.

'ഞാൻ എസ്.ഐ ആണ്. അറിയാതെ ഇയാൾ സാറിന്റ കാറു തടഞ്ഞു.'

അയാൾ കുറ്റബോധവും ഭയവും കാരണം പറയുമ്പോൾ വാക്കുകൾ വരുന്നില്ല.

'ശരി. നിങ്ങൾ പൊയ്ക്കോളു, ഞാൻ സാറിനോടു നിങ്ങൾ വന്നതു പറയാം'

'പോരാ സർ ഞങ്ങൾക്കു നേരിട്ടു മാപ്പു പറയണം.'

'അദ്ദേഹം ഉറങ്ങിക്കൊട്ടെ'യെന്ന ഞാൻ പറഞ്ഞതു അവർ കേട്ടില്ല.

'സർക്കിൾ ഇൻസ്പെക്ടറും . ഡി വൈ എസ് പി യും പ്രത്യേകം പറഞ്ഞിട്ടുണ്ട്'. പോലീസുകാരൻ കരച്ചിലിന്റ വക്കത്തെത്തി. ജോലിയുടെ പ്രശ്നമാണ്.

അലിവു തോന്നി ഞാൻ സാറിനെ വിളിച്ചു കാര്യം പറഞ്ഞു. ഉറക്കച്ചടവെല്ലാം അദ്ദേഹത്തിന്റ വിടർന്ന ചിരിയിലമർന്നു.

'പാവം. വിളിക്കു അവരെ'

അവർ വന്നു, വിനയാമ്പിതരായി ക്ഷമ ചോദിച്ചു. കാല് തൊടാൻ പൊലീസുകാരനെ സമ്മതിച്ചില്ല.

'സാരല്യ. അയാളയാളുടെ ഡ്യൂട്ടിയല്ലെ ചെയ്തത്. പൊയ്ക്കോളു'അങ്ങനെയാണ് അതവസാനിച്ചത്



*റെയിൽവെ മന്ത്രിയായിരുന്ന സി കെ ജാഫർ ഷെറീഫ്*

ശക്തനായ മന്ത്രിക്ക് തന്റ വകുപ്പിലെ അനുസരണക്കേട് ഒരു പ്രസ്റ്റീജ് ഇഷ്യു ആയി ക്കാണും.ഒരിക്കലെന്നെ നേ രിട്ടു ബാംഗ്ലൂരിലേക്കു വിളി പ്പിച്ചു. ഒരേറ്റുമുട്ടൽ വേണ്ടി വരുമെന്നുറപ്പായി, എനിക്ക്. ഞാൻ എന്റ രാജിക്കത്തു പോ ക്കറ്റിൽ വെച്ചാണ് പുറപ്പെട്ടത്.

ശേഷം ഞാൻ കോട്ടയത്തു പോയി അവരെ കണ്ടിരുന്നു. റയിൽവെയിൽ ചീഫ് എഞ്ചിനീയറായ ആദ്യത്തെ നമ്പൂതിരി ,സന്മനസ്സുള്ള ഈ തിരുവ ല്ലക്കാരനായിരുന്നു. പിന്നീടും ആരും ആ പദവിയിലേക്ക് എത്തിയതായറി വില്ല. അദ്ദേഹം ഉഡുപ്പിയിൽ ചീഫ് എഞ്ചിനീയറായിരിക്കെ ഒരിക്കൽ എന്നെ കൊങ്കൺ റയിൽവെയിലെ ക്ക് ക്ഷണിക്കുകയുണ്ടായി.

= ശരിയാണ്. പറഞ്ഞു വന്നതു മന്ത്രി യെപ്പറ്റിയാണ്. ആദ്യമാദ്യം ബാംഗ്ലൂർ വരുമ്പോഴൊക്കെ ഒരു ലിസ്റ്റ് എനിക്കു കൊടുത്തയക്കും. കൊങ്കൺ റയിൽ വെയിലെടുക്കേണ്ട അദ്ദേഹത്തിന്റെ ശിങ്കിടികളുടെ പേരുകൾ .ഞാൻ അനുസരിക്കാത്തതു കൊണ്ട് അദ്ദേ ഹത്തിനു ദ്വേഷ്യം വന്നിട്ടുണ്ടാവും. പിന്നീടു അദ്ദേഹത്തിന്റ ഒരു സ്വന്ത ക്കാരനു ഒരു വലിയ കോൺട്രാക്റ്റ് കൊടുക്കാൻ നിർബന്ധിച്ചു. അതിനും ഞാൻ വഴങ്ങിയില്ല. പിന്നീടു വളഞ്ഞ വഴിക്ക് കൊങ്കൺ കോർപറേഷനിൽ സ്വന്തക്കാരെ നോമിനേറ്റു ചെയ്ത് ഭൂരിപക്ഷം ഉണ്ടാക്കി. ഞാനില്ലാത്ത ഒരു ബോർഡു മീറ്റിംഗിൽ അയാൾ ക്ക് കരാറൊപ്പിക്കാൻ ചരടുവലി തുട ങ്ങി, എന്നെ മറികടന്ന്. അതും എന്റ എതിർപ്പുകാരണം നടന്നില്ല.

? 1994 ൽ ഞാൻ പറഞ്ഞു കേട്ടത് ഒരു ഘട്ടത്തിൽ സാറ് രാജിക്കത്ത് ....

= അതുണ്ടായതാണ്. പാർട്ടിയിലും സർക്കാരിലും ശക്തനായ മന്ത്രിക്ക് തന്റ വകുപ്പിലെ അനുസരണക്കേട് ഒരു പ്രസ്റ്റീജ് ഇഷ്യു ആയിക്കാണും.ഒ രിക്കലെന്നെ നേരിട്ടു ബാംഗ്ലൂരിലേക്കു വിളിപ്പിച്ചു. ഒരേറ്റുമുട്ടൽ വേണ്ടി വരു മെന്നുറപ്പായി, എനിക്ക്. ഞാൻ എന്റ രാജിക്കത്തു പോക്കറ്റിൽ വെച്ചാണ് പുറപ്പെട്ടത്.എന്റ ഉപദേശകൻ വെങ്കട സാമി, എന്നോടു ശാന്തമാവാനും , കടുംകയ്യൊന്നും ചെയ്യരുതെന്നും നയത്തിൽ പറഞ്ഞു. അദ്ദേഹവും കൂടെ വന്നു.

മന്ത്രി പരുഷമായാണു തുടങ്ങിയ ത്. നീരസം പ്രകടമായിരുന്നു. പണി യെപ്പറ്റിയല്ല സംസാരിച്ചത്.ഇത്തവണ കോൺട്രാക്ടർമാരിൽ നിന്നു പെർസെ ന്റേജു വെച്ചു പിരിച്ചു കൊടുക്കണമെ ന്ന്. ഞാൻ പറ്റില്ലെന്നു സൂചിപ്പിച്ചു , നെഗറ്റീവു എനർജി മുറ്റിയ ശ്വാസം മുട്ടിയ്ക്കുന്ന ആ മുറിയിൽ നിന്നു പുറത്തിറങ്ങി. (ചിരിച്ചു കൊണ്ടു ) ഏതായാലും രാജിക്കത്തു പുറത്തെ ടുത്തില്ല.

? അതോടെ മന്ത്രി നിശ്ശബ്ദനായോ

= ഇല്ല. അദ്ദേഹം അന്നു പ്രധാന മന്ത്രിയായിരുന്ന നരസിംഹറാവു വിനെ കണ്ടു പരാതി പറഞ്ഞു. എന്നെപ്പറ്റിത്തന്നെ. പി.എം എന്നെ വിളിപ്പിച്ചു. എല്ലാമറിയുന്ന കാബി നറ്റ് സെക്രട്ടറി പി.എമ്മിനെ സത്യം ധരിപ്പിച്ചിരുന്നു. കണ്ട ഉടനെ ചിരി ച്ചുകൊണ്ട്

'വാട്ട്സ് ദ ട്രബ്ൾ ബിറ്റ്വീൻ യൂ ആന്റ് മിനിസ്റ്റർ'

ഞാൻ നടന്നത് വിശദീകരിച്ചു. ഒന്നു മാത്രം പറഞ്ഞില്ല , പി.എമ്മി ന് കൊടുക്കാനാണ് പിരിവു എന്നു ഷെറീഫ് പറഞ്ഞതു ഞാൻ ബോ ധിപ്പിച്ചില്ല. പ്രധാനമന്ത്രി എന്നോടു ധൈര്യമായി മുന്നോട്ടു പൊയ്ക്കൊ ള്ളാൻ പറഞ്ഞു.അധികം താമസിയാ തെ ഷെറീഫിനു റയിൽവെ മന്ത്രി സ്ഥാനം നഷ്ടപ്പെട്ടു.

? ഏറ്റവും വലിയ ചാലഞ്ച് -

= എല്ലാ ചാലഞ്ചുകളും വലതു തന്നെ. പക്ഷെ, ഞാൻ തിരഞ്ഞെ ടുത്ത ഏഴു ചീഫ് എഞ്ചിനീയർമാ രും ജോലിക്കാരും കരാറുകാരും അർപ്പണബുദ്ധിയോടെ പണിയെടു ത്തതുകൊണ്ടു 7 വർഷം കൊണ്ടു പണി പൂർത്തിയായി. 26 –1– 1998 വണ്ടി ഓടിത്തുടങ്ങി.

? റയിൽവെ ബോർഡ് മെമ്പർ സ്ഥാനത്തെത്തിയ മലയാളികൾ ജി.പി.വാരിയർ, നീലകണ്ഠശർമ്മ, എം എൻ പ്രസാദ് പിന്നെ സാറും. പിന്നെ മലയാളികളായി ആരും അവിടെ എത്തിയതായറിയില്ല.

ഒരു ചിരിയായിരുന്നു മറുപടി.

? പക്ഷെ, പിന്നെയുള്ള 25 വർഷ മാണ് ശ്രീധരനെ ലോകറയിൽവെ ചരിത്രത്തിൽ എന്നെന്നേക്കുമായി അടയാളപ്പെടുത്തിയത്. അതായത്, മറ്റൊരു ജന്മം കൊണ്ടു പോലും തീർ ക്കാവുന്നതിലധികം പദ്ധതികൾ റി ട്ടയർമെന്റിനു ശേഷമാണല്ലൊ ചെ യ്തു റിക്കാർഡിട്ടത്.

കണ്ണുകൾ പകുതിയടച്ചു ഒരു ഊ റിയ ചിരിയായിരുന്നു ഇവിടെയും



*പ്രധാനമന്ത്രിയായിരുന്ന നരസിംഹറാവു*

പ്രധാനമന്ത്രിയായിരുന്ന നരസിംഹറാവുഎന്നെ വിളി പ്പിച്ചു. എല്ലാമറിയുന്ന കാബി നറ്റ് സെക്രട്ടറി പി.എമ്മിനെ സത്യം ധരിപ്പിച്ചിരുന്നു. കണ്ട ഉടനെ ചിരിച്ചുകൊണ്ട് 'വാ ട്ട്സ് ദ ട്രബ്ൾ ബിറ്റ്വീൻ യൂ ആന്റ് മിനിസ്റ്റർ'ഞാൻ നടന്ന ത് വിശദീകരിച്ചു.

മറുപടി.

? ഒരു കാര്യം ചോദിക്കാൻ വിട്ടുപോയി. കൊങ്കണിൽ പരീക്ഷിച്ചു പേരെടുത്ത റിവേഴ്സ് ക്ലോക്ക്, പലരും കേട്ടിരിക്കാനിടയില്ല. ഒന്നു വിശദീകരിക്കാമോ.

= സമയബന്ധിതമായി ഓരോ നിർമ്മാണവും പൂർത്തിയാക്കാനാണ് റിവേഴ്സ് ക്ലോക്ക്. ഓരോ ദിവസവും നഷ്ടപ്പെട്ട മിനുട്ടുകൾ ടാർജറ്റു വെച്ച പദ്ധതികളെ പുറകോട്ടു അടിക്കുമെന്നതിനാൽ ബന്ധപ്പെട്ടവർ കൂടുതൽ അലർട്ടായിരിക്കും. ഒരു 'കൌണ്ട് ഡൗൺ ' യഥാർത്ഥത്തിൽ ഇതു വളരെ പ്രയോജനപ്രദമായിരുന്നു. മുന്നോട്ടു നീങ്ങുന്ന സമയത്തെ ഒരു നിശ്ചിത തീയതിയിലെക്ക് ,പിറകോട്ടു എണ്ണുമ്പോഴാണ് അതിന്റ വിലയും ദൗർലഭ്യതയുമറിയുക. ദൽഹി മെട്രൊയിലും ഇതു പരീക്ഷിച്ചു വിജയിച്ചു.

? ദൽഹി മെട്രോയെപ്പറ്റി.

= മെട്രോ വ്യത്യസ്തമാണ്. 65 വയസ്സുള്ളപ്പോഴാണ് ദൽഹി മെട്രോയുടെ തലപ്പത്തെത്തുന്നത്. കേന്ദ്ര സർക്കാർ വ്യവസ്ഥ പ്രകാരം 65 വയസ്സു ലിമിറ്റാണ്. അത്തരമൊരു പ്രധാന പോസ്റ്റിൽ എന്നെ നിയമിക്കാൻ കീഴ്വഴക്കമില്ല.പക്ഷെ, കാബിനറ്റ് സെക്രട്ടറി സുബ്രമണ്യം അതിനു പറഞ്ഞ ബദൽ എന്നെ അത്ഭുതപ്പെടുത്തി. പ്രധാനമന്ത്രിമാർക്ക് 70 ഉം 80 ഉം ആകാമെങ്കിൽ എന്തുകൊണ്ടു ശ്രീധരനായിക്കൂടാ. (നരസിംഹറാവു 70 ലും മൊറാർജി 80 ലും പ്രധാന മന്തിയായി ) . ഭൂമിയ്ക്കടിയിലും മുകളിലും നിലത്തുമായി വേണം ആധുനിക മെട്രോ നിർമ്മാണം . പണ്ടു കൽക്കത്ത മെടോയിൽ രണ്ടു കൊല്ലത്തിലേറെ ജോലി ചെയ്തതും ജപ്പാനിലെ മെട്രോ സിസ്റ്റവുമായി വളരെ അടുത്തു പരിചയപ്പെടാനിടയായതും ഇവിടെ അനുഗ്രഹമായി.

180 കി.മീ ഞാൻ ചെയർമാനായിരിക്കുമ്പോഴാണ് തീർന്നത്. ഇന്നു 350 കി.മീ. നീളത്തിൽ വളർന്നു കഴിഞ്ഞു. തൃശ്ശൂർ - മംഗലാപുരം റയിൽവെയുടെ നീളം.

? കൊച്ചി മെട്രോ - ഇവിടെയും ചില ഷെറീഫുമാർ അപസ്വരങ്ങളുണ്ടാക്കിയെന്നും കേട്ടുട്ടുണ്ട്.

= അതൊക്കെ പുതിയ സംഭവങ്ങളല്ലെ, ചരിത്രമായിട്ടില്ല. അവർക്കു ഡി.എം.ആർ.സി ചെയ്യുന്നതിലാണ് എതിർപ്പ്. നോക്കു, പലകരാറുകാരും തുറന്നു പറഞ്ഞത് കരാർതുകയുടെ 30% സർക്കാരെന്ന യന്ത്രത്തിനു എണ്ണയിടാൻ കൊടുക്കണമെന്നാണ്, കൈക്കൂലി. 70% കൊണ്ടു എങ്ങനെ സത്യസന്ധമായി ക്വാളിറ്റിയുള്ള പണിയെടുക്കാനാകും.

? ചരിത്രത്തിലാദ്യമായി ഒരു പാലത്തിന്റ എസ്റ്റിമെറ്റു തുകയിൽ നിന്നു പകുതിയോളം സംഖ്യ പണി തീർത്തു , ലാഭിച്ചു തിരിച്ചു നൽകിയ കഥ കേരളത്തിലരങ്ങേറിയല്ലൊ.

അദ്ദേഹം ചിരിച്ചതേയുള്ളു. എല്ലാം ആ ചിരിയിലുണ്ട്.

? മെട്രോമാൻ എന്ന വിശേഷണം.

= ഇന്ത്യയിൽ 17 നഗരങ്ങളിൽ മെട്രൊ ഉള്ളതിൽ 15 ലും ഞാൻ ഇടപെട്ടിട്ടുണ്ട്.അതായത് ഇ.ശ്രീധരന്റ കയ്യൊപ്പു അതിൽ പതിഞ്ഞിട്ടുണ്ട്.

'വരു, നമുക്ക് ഓഫീസ് മുറിയിലെക്കു പോകാം.' അദ്ദേഹം എഴുന്നേറ്റു. എന്റ മകൻ സഞ്ജയൻ അടുത്തു ചെന്നു ചോദിച്ചു.

'ഞാനൊന്നു നമസ്കരിച്ചോട്ടെ'

'അരുതരുത്. ബ്രാഹ്മണൻ എന്നെ നമസ്കരിക്കരുത്'

'അയാൾ മുഴുവൻ ബ്രാഹ്മണനായിട്ടില്ല. ജനനം കൊണ്ടേ ആയുള്ളൂ' ഞാൻ പറഞ്ഞു.

സഞ്ജയൻ സാഷ്ടാംഗം നമസ്കരിച്ചു. അദ്ദേഹം സ്നേഹവായ്പോടെ പിടിച്ചെഴുന്നേൽപ്പിച്ചു.

'എനിക്കു ബ്രാഹ്മണരെ വലിയ ബഹുമാനമാണ്. എന്റച്ഛൻ ബ്രാഹ്മണനായതു കൊണ്ടുമാത്രമല്ല ഞാൻ സനാതന ധർമ്മചിന്തയെ പഠിക്കാൻ ശ്രമിച്ചതു കൊണ്ടാണ്. അവരാണ് വായ്മൊഴിയായി ഭാരതീയ സംസ്കാരം 5000 ലധികം വർഷം ഇവിടെ നിലനിർത്തിയത്. ഗുരുകുല വിദ്യാഭ്യാസം, ആശ്രമങ്ങളിലും ഗൃഹങ്ങളിലും തലമുറകളിലായി നടന്നില്ലായിരുന്നെങ്കിൽ ഈ സംസ്കൃതിയും ലോകത്തിൽ നാമാവശേഷമായ മറ്റു 47 സംസ്കാരങ്ങളുടെ പട്ടികയിൽ പെടുമായിരുന്നു. ഒരു കാലത്ത് അഫ്ഘാനിസ്താൻ മുതൽ മലയേഷ്യ, തായ്ലാന്റ് ഇന്തോനേഷ്യയടക്കം ഈ സംസ്കാരം പടർന്നിരുന്നു. ഇന്ന് ഇവിടെ മാത്രം ചുരുങ്ങിയത് ഇതുകൊണ്ടു കൂടിയാവണം . ഇന്ത്യയിൽ തന്നെ, കാശ്മീരിലും , ആസ്സാമിലും, കന്യാകുമാരിയിലും, ഗുജറാത്തിലും ഒരേ സംസ്കൃതിയുടെ , വെറും നിഴലാട്ടമല്ല, വേരുകൾ പടർന്നിട്ടുണ്ടെങ്കിൽ ഈ ധർമ്മചിന്ത എത്ര ആഴത്തിൽ പോയിട്ടുണ്ടെന്നാണ് അതു കാണിക്കുന്നത്. അതിന്റ ക്രഡിറ്റ് ഇങ്ങനെ വായ്മൊഴിയായി സൂക്ഷിച്ചു പോന്ന ബ്രാഹ്മണർക്കാണ്.'

? ജീവിതത്തിലെ വഴിത്തിരിവ് ...

= ചിന്തിക്കാനൊന്നുമില്ല. ഞാൻ ദൽഹി മെടോയിലായിരുന്നപ്പോൾ 2002 ൽ ഒരു പേപ്പർ വാർത്ത കണ്ടു. ഭൂമാനന്ദതീർത്ഥ സ്വാമിയുടെ ഗീതായജ്ഞം നടക്കുന്നുണ്ടെന്ന് . പോയി പങ്കെടുത്തപ്പോൾ യഥാർത്ഥത്തിൽ ഞാൻ 'ഡം ഫൌണ്ടഡ്'ആയി . അദ്ദേഹത്തിന്റെ പ്രഭാഷണത്തിന്റ ഒഴുക്കും കരുത്തും. ഇടയ്ക്കൊക്കെ പിന്നെയും പോയിക്കൊണ്ടിരുന്നു. അവസാന ദിവസം ഒരു സുഹൃത്ത് സ്വാമിയെ എനിക്കു പരിചയപ്പെടുത്തി.ആശ്രമത്തിലേക്കു വരു ' എന്നദ്ദേഹം ക്ഷണിച്ചു. അങ്ങനെയാണ് ഗുരുവുമായി പരിചയപ്പെട്ടത്. അദ്ദേഹമാണ് ഭാഗവതം വായിക്കാൻ ഉപദേശിച്ചത്. ഇപ്പോൾ ഗീതയും ഭാഗവതവും വായിക്കും.

ഇപ്പോൾ 5 മണിക്ക് എഴുന്നേൽക്കും. വൈകുന്നേരം ഞങ്ങൾ രണ്ടു പേരും നടക്കും ,അരമണിക്കൂർ . രാതി എട്ടര ഒമ്പതിനു കിടക്കും. ഇപ്പോൾ ശാന്തമാണ് മനസ്സ് .ടെൻഷൻ കുറവാണ്.

ഇന്ത്യയിൽ നിന്നു മാത്രമല്ല, ജപ്പാൻ ,ജർമ്മനി തുടങ്ങിയ വിദേശ രാജ്യങ്ങളും ഈ കർമ്മയോഗിയെ ആദരിച്ചിട്ടുണ്ട്. ജപ്പാനിൽ നിന്നു ലഭിച്ചതു അത്യപൂർവ്വമാണ്. ഇന്ത്യയിലിന്നാരും ആ ബഹുമതി നേടിയവരില്ല. അതേപോലെ പത്മവിഭൂഷൺ ജേതാവ് കേരളത്തിൽ ഇന്നു ഇ.ശ്രീധരൻ മാത്രമെയുള്ളു.

യാത്ര പറഞ്ഞിറങ്ങുമ്പോൾ ഞാനോർത്തു, ഇത്തരം ജന്മങ്ങളുമായി തൊട്ടുരുമ്മാൻ ഭാഗ്യം ലഭിച്ചല്ലൊ! ●

കെ. എം.എസ്. ഭട്ടതിരിപ്പാട്.
കോട്ടപ്പടി, കോട്ടക്കൽ.
മലപ്പുറംജില്ല, പിൻ:676503
മൊബൈൽ:9744999300



## വിശ്വസിക്കാവുന്ന

# ഇല്ലത്തനിമയുള്ള പ്രൊഡക്റ്റ്

ഇഡ്ഡലി - ദോശ മാവ് ഒരിക്കലെങ്കിലും വാങ്ങി ഉപയോഗിക്കാത്തവരായി ആരും കാണില്ല. തിരക്കുകളും സൌകര്യവും തന്നെ കാരണം. പ്രിസർവേറ്റീവുകളൊന്നും ചേർക്കാത്ത ഹൈജീനിക് ആയ വിശ്വസിക്കാവുന്ന ഇല്ലത്തനിമയുള്ള ഒരു പ്രൊഡക്റ്റ് അതായിരുന്നു ഞങ്ങളുടെ ലക്ഷ്യം.

വൃത്തിയുള്ള ചുറ്റുപാടുകളിൽ ഹൈജീനിക് ആയി 2022 മാർച്ച് മാസത്തിൽ പ്ലാന്റ് പ്രവർത്തനം തുടങ്ങി.

കോയമ്പത്തൂരിലെ ഒരു എക്സ്പോർട്ടിംഗ് യൂനിറ്റിൽ നിന്നാണ് മെഷീനുകൾ ഡിസൈൻ ചെയ്ത് വാങ്ങിച്ചത്. കഴുകാനും, അരക്കാനും, മിക്സ് ചെയ്യാനും, പാക്ക് ചെയ്യാനും, സീൽ ചെയ്യാനും മെഷിനറികൾ വേണ്ടിയിരുന്നു.

മാർക്കറ്റിൽ കിട്ടാവുന്ന ഏറ്റവും നല്ല ഉഴുന്ന്, പൊന്നി അരി എന്നിവയാണ് ഉപയോഗിക്കുന്നത്. ഉഴുന്നും അരിയും വേറെ വേറെയായി മെഷീൻ ഉപയോഗിച്ച് വൃത്തിയായി

**ഇപ്പോൾ കോഴിക്കോട് കണ്ണൂർ ജില്ലകളിൽ മാത്രമാണ് ഡിസ്ട്രിബ്യൂഷൻ. നല്ല ഡിമാന്റ് ആയിത്തുടങ്ങി. വിതരണക്കാരെ കൂട്ടണം, പ്ലാന്റിന്റെ കപ്പാസിറ്റി കൂട്ടണം.**

കഴുകും. പിന്നീട് അരിയും ഉഴുന്നും വേറെയായി അരച്ച് മിക്സ് ചെയ്യുന്നു. അതിനു ശേഷം പാക്കിങ്ങ്, സീലിംഗ്. സീൽ ചെയ്താൽ ഉടൻ തന്നെ ഫ്രീസറിലേക്ക് മാറ്റുന്നു.

ദിവസം 1500 പേക്കറ്റ് ആണ് പ്ലാന്റിന്റെ ഇപ്പോഴത്തെ കപ്പാസിറ്റി. തണുപ്പുള്ള അന്തരീക്ഷത്തിൽ സൂക്ഷിക്കുന്നു, ഫാക്റ്ററിയിലും, ഡിസ്ട്രിബ്യൂഷൻ വാഹനത്തിലും, കടകളിലും. 6 ദിവസം കഴിഞ്ഞാൽ എക്സ്പയറി. തുടക്കത്തിൽ ദോശ /ഇഡ്ഡലിമാവ് മാത്രമാണ് പുറത്തിറക്കിയത്. പിന്നീട് സ്വന്തം കടുമാങ്ങ, മുളക് കൊണ്ടാട്ടം, മറയൂർ ശർക്കര, കൽക്കണ്ടം, മുന്തിരി, തേൻ, ഏലക്കാചേർത്ത കടുംപായസം എന്നീ ഉത്പന്നങ്ങളും വിപണിയിലിറക്കി. അടുത്ത ടാർജറ്റ് കറിപ്പൊടികളാണ്. ജോലിക്കാർക്കെല്ലാം 10 ദിവസത്തെ പരിശീലനം കൊടുത്തു.

ഇപ്പോൾ കോഴിക്കോട് കണ്ണൂർ ജില്ലകളിൽ മാത്രമാണ് ഡിസ്ട്രിബ്യൂഷ ൻ. ഒരു വർഷമല്ലേ ആയുള്ളു. നല്ല ഡിമാന്റ്. വിതരണക്കാരെ കൂട്ടണം, പ്ലാന്റിന്റെ കപ്പാസിറ്റി കൂട്ടണം. തരണി ഇല്ലം നമ്പൂതിരീസ് പ്രൊഡക്റ്റിന് ഇനിയും ബഹുദൂരം പോകാനുണ്ട്

വൈക്കം മഹാദേവക്ഷേത്രത്തിലെ മേൽശാന്തിയായ തരണി ഇല്ലത്തു ശ്രീധരൻ നമ്പൂതിരിയും മരുമക്കളായ ഹരീഷ് കെ.ഐ, കണ്ണംവെള്ളി ഇല്ലം (Ex Gulf),അജിത് നമ്പൂതിരി, നെന്മേനി ഇല്ലം (ബിസിനസ്സ്, സൗത്ത് ആഫ്രിക്ക), പ്രശാന്ത് എ എൻ, ആറങ്ങോട്ടില്ലം (ഐ ടി, ബാംഗ്ലൂർ) എന്നിവരാണ് തരണി ഇല്ലം നമ്പൂതിരിസ് പ്രോഡക്ട്സിന്റെ സാരഥികൾ. ●





**MANUFACTURED BY: Tharani Illam Namboothiri's Products LLP**

Narikkatteri, Varikkoli (PO), Kallachi (Via), Kozhikode - 673 506

Ph: **+91 70122 55612, 0496 2999240**

# വൃത്തിയുള്ളേടത്തേ ശുദ്ധിയുള്ളൂ



എടപ്പാൾ ശുകപുരം ദക്ഷിണാമൂർത്തി ക്ഷേത്രം

നെയ്‌വിളക്ക്, കർപ്പൂരം ചന്ദനത്തിരി തുടങ്ങിയവയെല്ലാം ശ്രീകോവിലുകളിൽ പ്രകാശവും സുഗന്ധവും പരത്തുന്നവയാണ്. എന്നാൽ, ശ്രീകോവിലിനകത്തെ ചുമരുകളിൽ ഇവ സൃഷ്ടിക്കുന്ന കരിയും പുകയും അതിഭയങ്കരമാണ്. ഏതാണ്ട് വിറകടുപ്പുള്ള അടുക്കളയ്ക്ക് സമാനമാവും അത്. താന്ത്രികമായ ശുദ്ധിക്രിയകൾ കൊണ്ട് വൃത്തിയാവുന്നതല്ല അത്.

ശാന്തിക്കാരനെ കൊണ്ട് മാത്രം ശുചീകരണം സാധിച്ചെന്ന് വരില്ല. അഥവാ അദ്ദേഹം തയ്യാറായാലും കാഴ്ച്ചയിൽ ക്ഷേത്ര ഭാരവാഹികൾക്ക് പൂർണ്ണ തൃപ്തിയായെന്നും വരില്ല. പ്രൊഫഷണലായവർ ചെയ്യുന്ന ഗുണം ഉണ്ടായെന്നും വരില്ല. ഇതിനൊക്കെ പരിഹാരമായിട്ടാണ് കുറച്ച് ബ്രാഹ്മണർ ചൂലും ബ്രഷും പെയിന്റുമായി ശ്രീകോവിൽ ശുചീകരണത്തിനായി ഇറങ്ങുന്നത്.

ശ്രീകോവിലിന്റെ അകത്തെ അവസ്ഥ ഭക്തർക്കോ ക്ഷേത്രക്കമ്മറ്റിക്കാർക്കോ കൃത്യമായി അറിഞ്ഞെന്നു വരില്ല. തന്ത്രിയോ ശാന്തിക്കാരനോ വേണം ശ്രീകോവിലിന്റെ അകത്തെ അവസ്ഥ കമ്മറ്റിക്കാരെ ധരിപ്പിയ്ക്കേണ്ടതും അതിന് ഉത്സാഹിയ്ക്കേണ്ടതും.

അങ്ങനെ ചെയ്താൽ കമ്മറ്റിക്കാർ

## ശ്രീകോവിലുകളിൽ പ്രകാശം പരത്തുന്നവർ

ക്ലീനിംഗിന് ആസിഡുകളോ കെമിയ്ക്കലുകളോ ഉപയോഗിയ്ക്കാറില്ല. ഞങ്ങളുണ്ടാക്കുന്ന പ്രകൃതിദത്ത ലായനികൾ, ഉറിഞ്ചിക്കായ, ശർക്കര, ഇഞ്ച, ഭസ്മം എന്നിവയൊക്കെയാണ് പതിവ്.

പ്ലാസ്റ്റർ അടർന്ന ചുമരുകളിൽ പുതിയ പ്ലാസ്റ്റർ ചെയ്യും. പോടുകൾ സിമൻ്റും പുട്ടിയുമിട്ട് അടക്കും. വാൾ പ്രൈമർ അടിച്ച ശേഷം വാട്ടർ പെയിന്റിംഗ്. ഓയിൽ പെയിന്റ് ഉപയോഗിയ്ക്കാറില്ല. ദീപ പ്രഭയ്ക്ക് ഇണങ്ങുന്ന വെള്ളയോ കറുപ്പോ കാവിയോ മാത്രം. കടുത്ത കളറുകളൊന്നും ഉപയോഗിക്കാറില്ല. ചുമർ, കട്ടിള, വാതിൽ എന്നിവയ്ക്ക് യോജിയ്ക്കുന്ന നിറം നൽകും.

വിഗ്രഹം, പീഠം എന്നിവയ്ക്ക് പുറമെ പ്രഭാമണ്ഡലം, തിടമ്പ് തുടങ്ങിയവയും വൃത്തിയാക്കും. പുറത്തെ പെയിന്റിംങ്ങിനു ചെലവാക്കുന്നതിന്റെ നാലിലൊന്ന് പോലും വേണ്ട ഒരു വട്ടമെങ്കിലും ശ്രീകോവിലകം വൃത്തിയാക്കാൻ. പല ശ്രീകോവിലുകളും വർഷങ്ങളായി പെയിന്റിംഗ് ചെയ്യാതെ കിടക്കുന്നവയാകും. ഇങ്ങിനെയുള്ളവ ആദ്യവട്ടം വൃത്തിയാക്കുക ശ്രമകരമാണ്. പിന്നീട് ശാന്തിക്കാരൻ അല്പം ശ്രദ്ധിച്ചാൽ ആ വെണ്മ അഞ്ചോ പത്തോ വർഷം നിലനിർത്താം.



"ശുദ്ധിക്കു പുറമെ ഇത്തരമൊരു ശുദ്ധീകരണം എല്ലാ ക്ഷേത്രങ്ങളിലും ആവശ്യമാണ്. 25വർഷമായി ഞങ്ങളുടെ ക്ഷേത്രത്തിൽ ഇത്തരമൊന്ന് നടന്നിട്ടില്ല. അങ്ങയുടെ ടീം ഇക്കാര്യത്തിൽ കാണിച്ച ഇനീഷ്യേറ്റീവിന് ആദരങ്ങൾ"

കെ കൃഷ്ണകുമാർ
സെക്രട്ടറി. വേങ്ങേരി
മഹാദേവക്ഷേത്രം
ഒറ്റപ്പാലം 0466 2246195


ശ്രീ വേങ്ങേരി മഹാദേവ ക്ഷേത്ര കമ്മിറ്റി
ഒറ്റപ്പാലം - 679 101.
Ph:0466-2246195.

ശ്രീ സ്വർണ്ണത്ത് മനയ്ക്കൽ കൃഷ്ണൻ നമ്പൂതിരിപ്പാട് പ്രസിഡണ്ട് | ശ്രീ. ടി. എം. നാരായണൻ വൈസ് പ്രസിഡണ്ട് | ശ്രീ. കെ. കൃഷ്ണകുമാർ സെക്രട്ടറി | ശ്രീ. കെ. ദാമോദരൻ ഖജാൻജി

## ശുചീകരണം നടത്തിയ ചില ക്ഷേത്രങ്ങൾ

- ❑ ചെറുതുരുത്തി നെടുംപുരയ്ക്കൽ ശിവ ക്ഷേത്രം
- ❑ വെങ്കിടങ്ങ് ശ്രീ ശങ്കരനാരായണ ക്ഷേത്രം
- ❑ തൃശ്ശൂർ തൈക്കാട്ടുശ്ശേരി ദുർഗാ ഭഗതി ക്ഷേത്രം
- ❑ ഗുരുവായൂർ പെരിന്തിട്ട ശിവ ക്ഷേത്രം
- ❑ എടപ്പാൾ ശുകപുരം ദക്ഷിണാമൂർത്തി ക്ഷേത്രം
- ❑ പാലക്കാട് തിരുവാലത്തൂർ രണ്ട് മൂർത്തി ക്ഷേത്രം
- ❑ ഒറ്റപ്പാലം വേങ്ങേരി ശിവക്ഷേത്രം
- ❑ തിരുവേഗപ്പുറ മൂന്ന് മൂർത്തി ക്ഷേത്രം
- ❑ ശുകപുരം ദക്ഷിണാമൂർത്തി ക്ഷേത്രം, വേങ്ങേരി ശിവക്ഷേത്രം തുടങ്ങി ചില ക്ഷേത്രങ്ങളിൽ നിന്ന് എന്റെ ഈ ശുചീകരണ ദൗത്ത്യത്തെ പ്രോസ്താഹിപ്പിച്ചു കൊണ്ട് അനുമോദനവും ആദരിയ്ക്കപ്പെടലും ഉണ്ടായി എന്നതും കൂടുതൽ സന്തോഷം പകരുന്നതാണ് .

വിളിക്കും. അപ്പോൾ അവിടെ ചെന്ന് കുളിച്ച് ശുദ്ധമായി ശ്രീലകത്ത് കയറി ചുമർ, നിലം, വാതിലുകൾ, കേടുപാടുകൾ എന്നിവ നേരിൽ കണ്ട് വിലയിരുത്തും. സാധനങ്ങൾ ഉൾപ്പെടെ എന്ത് ചെലവു വരുമെന്ന് ബന്ധപ്പെട്ടവർക്ക് എഴുതി നൽകും. അവർ തന്ത്രിയുടെ അനുവാദം വാങ്ങി വിളിച്ചാൽ സാമഗ്രികളും സഹായികളുമായി ചെന്ന് കുളിച്ച് ശുദ്ധമായിത്തന്നെ പണികൾ ചെയ്ത് തീർക്കും.

രാവിലത്തെ പൂജ കഴിഞ്ഞ് നട അടച്ച ശേഷമേ പണി തുടങ്ങൂ. പിന്നെ വിശ്രമമില്ല. വൈകുന്നേരം നട തുറക്കേണ്ട സമയത്തിനുള്ളിൽ അന്നത്തെ പണി പരമാവധി ചെയ്തു തീർക്കും. ഉച്ച ഭക്ഷണം അമ്പലത്തിലെ തിടപ്പള്ളിയിൽ ഉണ്ടാക്കുന്ന നിവേദ്യം. അല്പം മോരും കടുമാങ്ങയും. പല ക്ഷേത്രങ്ങളിലും പണി കഴിഞ്ഞ് വരുമ്പോൾ നേരത്തേ പറഞ്ഞ ചെലവ് വന്നില്ലെങ്കിൽ ബാക്കി പണം തിരിച്ചു നൽകാറുമുണ്ട്.

കായികാധ്വാനമുള്ള പണിയായ തിനാലും വെറും തോർത്ത് മാത്രം ഉടുത്ത് ശരീരം മുഴുവൻ കരിയും പെയിന്റുമാകുന്ന പണിയായതിനാലും പലരും മടിക്കാറുണ്ട്. പരികർമ്മത്തിന് കൊടുക്കുന്നതിനേക്കാൾ കൂടുതൽ പ്രതിഫലം കൊടുത്താലും പലരും തയ്യാറാവണമെന്നില്ല. എന്നാൽ എന്റെ ടീമിൽ എന്തിനും തയ്യാറായി ഹാർഡ് വർക്ക് ചെയ്യാൻ ഒരു ഡസനോളും പേരുണ്ട്. പലരും പരികർമ്മികളും ശാന്തിക്കാരും ആനപ്പുറക്കാരും മറ്റു ജോലിയുള്ളവരുമാണ്. നല്ലൊരു ടീം വർക്കിന്റെ ആത്മാർത്ഥ സമർപ്പണമാണ് ഓരോ ശ്രീകോവിലുകളിലും പ്രകാശം പരത്താൻ സാധിയ്ക്കുന്നത് എന്ന് പറയാതെ വയ്യ.

2019-ലാണ് എന്റെ സഹോദരീ ഭർത്താവ് പെരുവനം വാസുദേവൻ നമ്പൂതിരിയുടെ പ്രോത്സാഹനത്തിൽ എടമന വാമനൻ നമ്പൂതിരിയും ഞാനും കൂടി പാലക്കാട് ശ്രീകൃഷ്പുരം പെരാങ്ങോട്ട് വിഷ്ണു ക്ഷേത്രത്തിൽ നിന്ന് ഈ ഉദ്യമത്തിന് തുടക്കമിട്ടത്. ഇത് കേട്ടറിഞ്ഞ് പലരും ശ്രീകോവിൽ ശുചീകരണത്തിന് സമീപിക്കയുണ്ടായി. സഹായത്തിന് കുറച്ച് ബ്രാഹ്മണരെ കൂടി ടീമിൽ ഉൾപ്പെടുത്തി.

എന്റെയും ടീമിന്റെ സേവനം കേട്ടറിഞ്ഞ പല തന്ത്രിവര്യന്മാരും ശാന്തിക്കാരും എന്നെ നേരിട്ട് വിളിച്ച് ക്ഷേത്ര ഭാരവാഹികൾക്ക് പരിചയപ്പെടുത്തി കൊടുത്തു. അതോടെ ഉത്തരവാദിത്വം കൂടി. എണ്ണയും നെയ്യും കരിയും പുകയും നിറഞ്ഞ് ഇരുട്ടുകയറി നരച്ചീരുകളും, എലിയും പെരുച്ചാഴിയും, പാറ്റയും, പുഴുവും വന്ന് പൊട്ടിപൊളിഞ്ഞ പല ശ്രീകോവിലുകളും ഒരു പാട് പ്രയാസപ്പെട്ട് കഴുകി കേടുപാടുകൾ തീർത്ത് മനോഹരമായി പെയിന്റിംഗ് ചെയ്ത് പുതിയ ഒരു ശ്രീകോവിൽ പോലെയാക്കിയെടുക്കുമ്പോൾ ശ്രീലകത്ത് മാത്രമല്ല പുറമെനിന്ന് തൊഴുന്ന ഓരോ ഭക്തരുടെ മനസിലും പ്രകാശം പരക്കുന്നത് കണ്ടിട്ടുണ്ട്.100 ലേറെ ക്ഷേത്രങ്ങളിൽ ശുചീകരണം നടത്തി. സേവനം ആവശ്യമുള്ളവർ ബന്ധപ്പെട്ടോളു.... ●

രാമപ്രസാദ് നമ്പൂതിരി
നരിക്കാട്ടിരി മന (സ്വർഗ്ഗം),
പി.ഒ. പെരിമ്പടാരി,
മണ്ണാർക്കാട് ,പാലക്കാട് ജില്ല
മൊബൈൽ:9496234515/
8075154033

അറിയേണ്ട നമ്പൂതിരി

**രാജസ്ഥാനിൽ സ്വന്തം കമ്പനി. നൂറോളം ജീവനക്കാർ. കോടികളുടെ ടേണോവർ. ലോകോത്തര വിദേശബ്രാൻഡുകൾ കസ്റ്റമർമാർ. 41 വയസ്സിനിടയിൽ 37 രാജ്യങ്ങൾ സന്ദർശിച്ചു. ഒരു തോൽവിയിൽ നിന്നായിരുന്നു തുടക്കം. തൃശൂർ കണ്ണിമംഗലം ആലപ്പാട്ട് മനയ്ക്കൽ അജീഷിന്റെ വിജയഗാഥ.**

# ജയിക്കാൻ കാരണമായ തോൽവി



**പാനാട് പദ്മനാഭൻ നമ്പൂതിരി**



പഴംപൊരി ഉണ്ടാക്കുന്നത് കണ്ടിട്ടില്ലേ. പഴം മൈദമാവിലും തിളച്ച എണ്ണയിലും മുക്കണം. കാർ ഫാക്ടറികളിൽ കാറുകൾ പെയിന്റ് അടിക്കുന്നതും ഇങ്ങനെയാണ്. തുരുമ്പു കളയാനും പെയിന്റ് പൂശാനും വീണ്ടും കളർ അടിക്കാനും എല്ലാം കാറിന്റെ ബോഡി തൂക്കിയെടുത്ത് വിവിധ കെമിക്കലുകളിൽ മുക്കണം. കൈകൊണ്ട് പറ്റില്ല. പല തരം യന്ത്രങ്ങളും വേണം. അതിന് യന്ത്രങ്ങളെ ഓട്ടോമേറ്റ് ചെയ്യണം. അങ്ങനെ ചെയ്യുന്ന നമ്പൂതിരിയാണ് അജീഷ്.

രാജസ്ഥാനിലെ ഭിവാഡിയിലാണ് അജീഷിന്റെ ഇലക്ട്രിടെക് സൊല്യൂഷൻസ്. ലോകോത്തര ബ്രാൻഡായ മെഴ്സിഡെസ് ബെൻസ് അജീഷിന്റെ കസ്റ്റമറാണ്. വോക്സ് വാഗൺ, മഹീന്ദ്ര, ഹീറോ ഹോണ്ട തുടങ്ങിയവയും. അതിനും പുറമെ അമ്പതോളം മറ്റു പ്രമുഖ ബ്രാൻഡുകളും. റീഡിഫൈനിംഗ് ഓട്ടോമേഷൻ എന്നാണ് ഇലക്ട്രിടെകിന്റെ ആപ്തവാക്യം. റീഡിഫൈനിംഗ് ലൈഫ് എന്നായാൽ അജീഷിന് ചേരും. തോൽവി

**ഒരു സുഹൃത്ത് വഴി ആലുവ എറണാകുളം റൂട്ടിൽ ബസ് ഡ്രൈവറായി. അത് അമ്മാമനറിഞ്ഞു. നാട്ടിൽ നിർത്തിയാൽ ഡ്രൈവറോ പരികർമ്മിയോ ആയി കാലം കഴിക്കുമെന്ന് അമ്മാമന് ബോദ്ധ്യമായി. അങ്ങനെ എന്നെ നാടു കടത്താൻ തീരുമാനിച്ചു.**

> പോളിയിൽ പഠിക്കുമ്പോൾ പ്രിൻസിപ്പാൾ അച്ഛനോട് പറഞ്ഞു: ‘തിരുമേനി നോക്കൂ.പത്താം ക്ളാസിൽ നൂറിൽ തൊണ്ണൂറ്റൊമ്പത് മാർക്കുണ്ട്, ഒരു കൊല്ലം ആയിട്ടില്ല, അതിനു മുമ്പ് മാത്സിൽ തോറ്റു’. അച്ഛൻ ഒന്നും പറഞ്ഞില്ല. ചോദിച്ചുമില്ല. അച്ഛന് നല്ല വിഷമമായെന്ന് മനസ്സിലായി. ഇപ്പോൾ ലോകോത്തര ബ്രാൻഡായ മെഴ്സിഡെസ് ബെൻസ് അജീഷിന്റെ കസ്റ്റമറാണ്. വോക്സ് വാഗൺ, മഹീന്ദ്ര, ഹീറോ ഹോണ്ട തുടങ്ങിയവയും. അതിനും പുറമെ അമ്പതോളം മറ്റു പ്രമുഖ ബ്രാൻഡുകളും. അഞ്ചു കോടിയുടെ ടേൺ ഓവറും



*അജീഷ് ഓട്ടോമേറ്റ് ചെയ്ത വാഹന പെയിന്റിംഗ് സിസ്റ്റം*

എന്ന പ്രശ്നത്തിനുള്ള പരിഹാരമാണ് ജയം. ആ സൊല്യൂഷനാണ് ആദ്യം കണ്ടെത്തിയത്. വഴിയെ എല്ലാം വിജയഗാഥകളായി.

അച്ഛന് പൂജയും പരികർമ്മവുമൊക്കെയായിരുന്നു. അതുകൊണ്ട് അന്നന്നത്തെ അന്നം കഴിഞ്ഞുപോകും. അതിലപ്പുറം ഒന്നും പ്രതീക്ഷിക്കാൻ വയ്യ. അജീഷ് പത്താം ക്ലാസ് കഴിഞ്ഞപ്പോഴേക്കും അച്ഛനും അമ്മയും സ്വരുക്കൂട്ടി വച്ചത് കൊണ്ട് ഒരൊറ്റമുറി വീട് വെച്ച് വാടകവീട്ടിൽ നിന്ന് അതിലേക്ക് താമസം മാറി. പത്താം ക്ലാസ് വരെ അമ്മാത്തായിരുന്നു, മൂക്കുതല പന്താവൂർ മനക്കൽ. അവിടുത്തെ മൂക്കുതല ഗവൺമെൻറ് ഹൈസ്കൂളിൽ.

പത്ത് കഴിഞ്ഞു. ഉയർന്ന മാർക്കോടെ ഫസ്റ്റ് ക്ലാസ്സിൽ പാസായി. ഇനിയെന്ത്? സാധാരണ പത്ത് കഴിഞ്ഞാൽ പ്രീ ഡിഗ്രി, പിന്നെ എഞ്ചിനീയറിങ് അല്ലെങ്കിൽ ഡിഗ്രി എന്നതിനോട് വലിയ താല്പര്യമില്ലായിരുന്നു. വളരെ പെട്ടെന്ന് ജോലി വേണമായിരുന്നു. അതായിരുന്നു സാഹചര്യം. അതിനാൽ പോളിയിൽ ഡിപ്ലോമ ചെയ്യാൻ നേരത്തെതന്നെ തീരുമാനിച്ചിരുന്നു. അതിനിടയിൽ അച്ഛൻ ഉപനയനം കഴിപ്പിച്ചു. പൂജയും പഠിപ്പിച്ചു. പഠനത്തോടൊപ്പം പരികർമ്മമോ മുട്ട് ശാന്തിയോ ആയി കഴിഞ്ഞുകൂടാം. എന്തായാലും ഒരു ചെറു വരുമാനവും ഉണ്ടാകുമല്ലോ.

അമ്മയുടെ അനിയനായ വിഷ്ണു അമ്മാവൻ അതിനെ സപ്പോർട്ടുചെയ്തു. പോളിടെക്നിക് തന്നെയാണ് പെട്ടന്ന് ജോലി കിട്ടാൻ നല്ലത്. അങ്ങനെ കളമശ്ശേരി ഗവൺമെൻറ് പോളിയിൽ ചേർന്നു. ഇലക്ട്രോണിക്സ് ആൻഡ് പ്രൊഡക്ഷൻ ടെക്നോളജി. സ്കൂൾ കാലം മുതൽ റേഡിയോ, ടേപ്പ് റിക്കാർഡർ റിപ്പയറിങ് ഒരു ഹോബിയായിരുന്നു, അപ്പോൾ മുതൽ ഇലക്ട്രോണിക്സ് ആണ് ഇഷ്ട വിഷയം.

അമ്മാത്തെ മുത്തശ്ശൻ കടുകട്ടി ചിട്ടക്കാരനും കണക്കുമാഷായിരുന്നു. അതുകാരണം പത്താം ക്ളാസിൽ കണക്കിന് തൊണ്ണൂറ്റൊമ്പത് മാർക്ക് കിട്ടി. അത് പോളിയിൽ കിട്ടാൻ സഹായമായി. പക്ഷേ, പറഞ്ഞിട്ടെന്ത്? പൊന്നാനിയിലെ അമ്മാത്ത് നിന്ന് കളമശ്ശേരിയിലെ പോളിയിലെത്തിയപ്പോൾ സ്വാതന്ത്ര്യം പരിധിവിട്ട് ആഘോഷിച്ചു. സ്കൂളിലേ തുടങ്ങിയതായിരുന്നു രാഷ്ട്രീയം. അത് നന്നായി വിളഞ്ഞു. ഇലക്ട്രോണിക്സിനേക്കാൾ സോഷ്യലിസമാണ് പഠിച്ചത്. ക്ളാസിലായിരുന്നില്ല വിദ്യാർത്ഥി ഫെഡറേഷനിലായിരുന്നു പഠനം.

ആദ്യസെമസ്റ്ററിൽ തന്നെ കണക്കിൽ തോറ്റു. അച്ഛനെ കൂട്ടി വരണമെന്നായി പ്രിൻസിപ്പാൾ.

‘തിരുമേനി നോക്കൂ. പത്താം ക്ളാസിൽ നൂറിൽ തൊണ്ണൂറ്റൊമ്പത് മാർക്കുണ്ട്, ഒരു കൊല്ലം ആയിട്ടില്ല, അതിനു മുമ്പ് മാത്സിൽ തോറ്റു. പ്രിൻസിപ്പാൾ പറഞ്ഞു.

അച്ഛൻ ഒന്നും പറഞ്ഞില്ല. ചോദിച്ചുമില്ല. അച്ഛന് നല്ല വിഷമ്മായി. അത് എഴുതിയോ പാസായോ എന്നു പോലും അച്ഛൻ പിന്നീട് ചോദിച്ചില്ല. പാസായ ശേഷം അജീഷ് അങ്ങോട്ട് ചെന്ന് പറഞ്ഞു. അപ്പോഴാണ് സമാധാനമായത്. മുത്തശ്ശൻ വരച്ച രണ്ടുവരക്കോപ്പിയിൽ നിന്ന് പുറത്തു കടന്നതായിരുന്നു തോൽവിക്ക് കാരണം. ആ തോൽവി വല്ലാത്തൊരു

### കരിയർ ഗ്രാഫ് ഇങ്ങനെ

- 2002 ൽ 2100 രൂപ
- 2004 ൽ 4500 രൂപ
- 2006 ൽ 6000 രൂപ
- 2008 ൽ 48000 രൂപ
- 2009 ൽ 60,000 രൂപ
- 2011 ൽ 1 ലക്ഷം രൂപ
- 2013 ൽ 2.15 ലക്ഷം



## ഒരു കാലത്തും ക്ളാസിൽ ഫസ്റ്റ് ആയിട്ടേയില്ല.

മുപ്പതു കുട്ടികുള്ള ക്ളാസിൽ പതിനഞ്ചോ മറ്റോ ആവും. എന്നെ നന്നാക്കിയെടുത്തത് ട്രാലലിംഗ് ആണ്. ആദ്യജോലിയിൽ മുംബയ് നഗരം മുഴുവൻ കറങ്ങി. പിന്നത്തെ ജോലിക്കാലത്ത് ഇന്ത്യ മുഴുവനും സഞ്ചരിക്കേണ്ടി വന്നു. ട്രെയിനിൽ അല്ലെങ്കിൽ ഹോട്ടൽ മുറികളിൽ ദീർഘസമയം ഒറ്റക്കാവുമ്പോൾ പുസ്തകങ്ങൾ തുണച്ചു. ജാർക്കണ്ട്, ഒറീസ, ആസാം, ...അങ്ങനെ നിരവധി യാത്രകൾ. പിന്നീട് മൾട്ടി നാഷണൽ കമ്പനികളിലായപ്പോൾ വിദേശയാത്രകളായി. കുട്ടിക്കാലത്തെ പത്രവായന, പിൽക്കാലത്തെ പുസ്തകവായനയും യാത്രകളും. അതാണ് വല്ലാതെ സ്വാധീനിച്ചത്. പിന്നെ അമ്മാമന്റെ മെന്ററിംഗും. ഇപ്പോഴും എന്റെ തീരുമാനങ്ങളിൽ അവസാന വാക്ക് അമ്മാമന്റേതാണ്. ഫ്രീലാൻസായി മേഴ്സിഡെൻസ് ബെൻസിലും മഹീന്ദ്രയിലും മറ്റും പ്രോജക്റ്റ് ചെയ്യാൻ കഴിഞ്ഞതും വലിയ തുണയായി.

പാഠമായി.

പഠനത്തിനിടയിൽ പരികർമ്മം ദേഹണ്ഡം പൂജ എന്നിവയ്ക്കെല്ലാം പോവാൻ തുടങ്ങി. പതിനെട്ടു തികഞ്ഞപ്പോൾ ഡ്രൈവിംഗ് ലൈസൻസുമെടുത്തു. അതു കാരണം ഡ്രൈവർ കം പരികർമ്മി എന്ന കോമ്പോയും പരീക്ഷിക്കാനായി. പട്ടിണി കൂടാതെ ജീവിക്കും എന്നുറപ്പായി.ആവശ്യം വരുമ്പോൾ കാശ് ചോദിച്ചിരുന്നത് അമ്മാമനോടായിരുന്നു. അതു കാരണം അമ്മാമന്റെ ഒരു കണ്ണ് എപ്പോഴും അജീഷിലുണ്ടായിരുന്നു. എന്നാലും കണ്ണു വെട്ടിച്ചു കൊണ്ട് കുരുത്തക്കേടുകൾ ഒപ്പിച്ചു കൊണ്ടേയിരുന്നു.

പോളി കഴിഞ്ഞു. എറണാകുളത്ത് വിപ്രോയുടെ ഇന്റർവ്യൂവിനു പോയി. ഫസ്റ്റ് ഇയറിൽ മാത്സിൽ തോറ്റതിനാൽ ഇന്റർവ്യൂ ഡിസ്ക്വാളിഫൈ ചെയ്തു. പിന്നെ മറ്റൊരു ഇന്റർവ്യൂവിനു പോവാൻ ധൈര്യമുണ്ടായില്ല. വീണ്ടും ഡിസ്ക്വാളിഫൈ ആയാലോ. അത് സഹിക്കാനാവുമായിരുന്നില്ല. അതിനാൽ വേറെ ജോലിക്ക് ട്രൈ ചെയ്തില്ല.

തൊഴിലന്വേഷിക്കുന്നതിനു പകരം 2001ൽ എറണാകുളത്ത് ഒരു കമ്പ്യൂട്ടർ ഹാർഡ്‌വെയർ ആൻഡ് സോഫ്റ്റ്‌വെയർ കട തുടങ്ങി. പനമ്പള്ളി നഗറിൽ. ഒരു കെട്ടിടത്തിന്റെ കോണിച്ചോട്ടിൽ. 700 രൂപയായിരുന്നു വാടക. പാർട്സ് വാങ്ങി അസംബിൾ ചെയ്ത് കമ്പ്യൂട്ടർ ഉണ്ടാക്കി വിൽക്കുക. പിന്നെ വി.സി.ഡി, ടേപ്പ് റിക്കാർഡർ തുടങ്ങിയവ റിപ്പയർ ചെയ്യുക. എന്നാൽ, സാധനങ്ങൾ വാങ്ങാനും വാടക നൽകാനും കാശ് തികയാതായി. പരികർമ്മത്തിനും മറ്റും പോയാൽ കിട്ടുന്ന പണം മുഴുവൻ കട നടത്താൻ ചെലവാകുന്ന അവസ്ഥ. അങ്ങനെ കമ്പ്യൂട്ടർ കട നിർത്തി.

ഇതിനിടെ ഡ്രൈവിംഗിൽ ഹെവി ലൈസൻസും എടുത്തിരുന്നു. അത് ഉപയോഗപ്പെടുത്താമെന്നു വച്ചു. ഒരു സുഹൃത്ത് വഴി പ്രൈവറ്റ് ബസ് ഡ്രൈവറായി. റൂട്ടിൽ ഓടുന്ന ഡ്രൈവേഴ്സ് ആരെങ്കിലും ലീവിന് പോയാൽ ഒന്നു രണ്ടുദിവസത്തേക്ക് താൽക്കാലിക ഡ്രൈവർ ആലുവ കാലടി റൂട്ടിൽ. അത് എങ്ങനെയോ അമ്മാമനറിഞ്ഞു. അജീഷിനെ നാട്ടിൽ നിർത്തിയാൽ ഡ്രൈവറോ പരികർമ്മിയോ ആയി കാലം കഴിക്കുമെന്ന് അമ്മാമന് ബോദ്ധ്യമായി.

അമ്മാവന്മാർ ഉന്നതല യോഗം ചേർന്ന് അച്ഛനുമായി സംസാരിച്ച് അജീഷിനെ നാടുകടത്താൻ തീരുമാനിച്ചു. അതിനുള്ള ഉപായവും കണ്ടെത്തി. മൂത്ത അമ്മാവൻ ബോംബെയിലാണ്, അങ്ങോട്ട് അയക്കാം. മുത്തശ്ശിയെ ബോംബെയിലുള്ള അമ്മാവന്റെ അടുത്തു കൊണ്ടാക്കാൻ പറഞ്ഞു. അങ്ങനെ നാട്ടിൽ നിന്നു ബോംബെയിലെത്തി.

‘എന്തായാലും ഇവിടെ വന്നതല്ലേ ഇലക്ട്രോണിക്സ്കാർക്ക് ഇവിടെ നല്ല സ്കോപ്പ് ആണ്. വെറുതെയിരിക്കുമ്പോൾ ഒന്ന് രണ്ട് ഇൻറർവ്യൂ അറ്റൻഡ് ചെയ്തുകൂടെ' എന്നായി അമ്മാമൻ.

അങ്ങനെ പെരുവനം ആലക്കാട്ടൂർ പരമേശ്വരൻ നമ്പൂതിരി വർക്ക് ചെയ്തിരുന്ന കമ്പനിയിൽ ഇൻറർവ്യൂവിന് പോയി.പണ്ട് മാത്സിൽ തോറ്റതൊന്നും അവർ നോക്കിയില്ല. അവിടെ ജോലി കിട്ടി. പിന്നീടാണ് അജീഷിന് മനസ്സിലായത് അമ്മാവനും പരമേശ്വരേട്ടനും ചേർന്നുണ്ടാക്കിയ ഐഡിയ ആയിരുന്നു ആ ഇന്റർവ്യൂ എന്ന്. ആദ്യ ശമ്പളം 2100 രൂപ.

ജോലി കിട്ടിയാൽ മാറി താമസിക്കണമെന്ന് പറഞ്ഞിരുന്നു. അങ്ങനെ രണ്ട് നമ്പൂതിരിമാർ താമസിക്കുന്ന ഒരു ഫ്ളാറ്റിലായി താമസം. ബോംബെ ബാച്ചിലർ ലൈഫ്. കിട്ടുന്നതിൽ ആയിരവും വാടകയായി ചെലവാകും. ബാക്കിയുള്ളതു കൊണ്ട് കഷ്ടിച്ച് 20 ദിവസം കഴിഞ്ഞു കൂടാം.

പിന്നെ കടം വാങ്ങി വേണം. അങ്ങനെ രണ്ടു കൊല്ലം.

ആയിടക്കാണ് ബോംബെയിൽ താമസിക്കുന്ന പെരുവനം ആലക്കാട് മോഹനൻ നമ്പൂതിരിയെ കാണുന്നത്. അദ്ദേഹം വർക്ക് ചെയ്യുന്ന കമ്പനിയിൽ (Grover & Weil ) ഒരു ഓട്ടോമേഷൻ എൻജിനീയറുടെ വേക്കൻസി ഉണ്ടെന്നും താല്പര്യമുണ്ടെങ്കിൽ ഇൻറർവ്യൂവിന് ചെന്നോളാനും പറഞ്ഞു. ഇന്റർവ്യൂനു പോയി, ജോലിയും കിട്ടി. 2004 ൽ അതിൽ ജോയിൻ ചെയ്തു. ശമ്പളം 4500 ആയി. പിന്നത്തെ വർഷം ആറായിരമായി. 2006 ൽ ഒരു റോബോട്ടിക്സ് കമ്പനിയിൽ നിന്ന് 28000 ത്തിന്റെ ഓഫർ വന്നു. അപ്പോൾ അതേ ശമ്പളം നൽകിക്കൊണ്ട് കമ്പനി അജീഷിനെ നിലനിർത്തി. അടുത്ത വർഷം 32000 ആയി. 2008 ൽ 48,000 രൂപയായി.ഇലക്ട്രിക്കൽ എഞ്ചിനീയർ പദവിയുമായി. ഇക്കാലത്താണ് മാളയിലെ

മുത്തശ്ശന്റെ ട്രെയിനിംഗ് ആണ് എന്നെ ഞാനാക്കിയത്. അമ്മാത്തായിരുന്നല്ലൊ സ്കൂൾ കാലം. അതിരാവിലെ എണീക്കണം. കുളി തേവാരം ഇത്യാദികൾ. വൈകീട്ടും കുളി ജപം ഭസ്മക്കുറി അങ്ങനെ മുത്തശ്ശിക്കൊപ്പം. പിന്നെ നാളും പക്കവും ഗുണകോഷ്ടവും. ഒപ്പം അന്നത്തെ പ്രധാന വാർത്തകൾ എന്തൊക്കെയെന്ന് മുത്തശ്ശൻ ചോദിക്കും. മാതൃഭൂമിയിലെയും ഹിന്ദുവിന്റെയും എഡിറ്റോറിയൽ പകർത്തിയെഴുതിട്ടുണ്ടാവണം. അതിനെപ്പറ്റിയെല്ലാം വിശദമായി ചർച്ച ചെയ്യും. അതൊരു വലിയ അഭ്യാസമായിരുന്നു. അടുക്കും ചിട്ടയും അച്ചടക്കവും അറിവും എല്ലാം ചേർന്ന ഒരു ശിക്ഷണം. രണ്ടു വരിക്കോപ്പി പോലെയുള്ള ആ ചിട്ട തെറ്റിയതാണ് പോളി ടെക്നിക്കിൽ കണക്കിൽ തോൽക്കാൻ കാരണം. ആ തോൽവി ഓർത്തിരിക്കും.



*അമ്മ സുധ അച്ഛൻ ദാമോദരൻ നമ്പൂതിരിപ്പാട്*
*മകൻ നിവേദ് പത്നി ശ്രീപ എന്നിവർക്കൊപ്പം*

ഒറ്റമുറി വീട് മാറി കണിമംഗലത്ത് സ്വന്തം വീട്ടിലെത്തിയത്.

2008 ൽ Eisenmann എന്ന ജർമൻ കമ്പനിയിൽ ജോലി കിട്ടി. അപ്പോഴേക്കും ശമ്പളം 60,000 രൂപയായി. നാട്ടിൽ അക്കാലത്ത് 20000 കിട്ടിയാൽ വലിയ ശമ്പളമായി. അതിനാൽ മുംബയിൽ ഒരു ഫ്ളാറ്റും വാങ്ങി.

ഇക്കാലത്താണ് മാളയിൽ നിന്നു മാറി കണിമംഗലത്ത് വീട് വാങ്ങുന്നത്. 2011ൽ വേളി. 2013 ആയപ്പോഴേക്കും പ്രതിമാസം 2 ലക്ഷം രൂപയുടെ അടുത്ത് ശമ്പളം കിട്ടിക്കൊണ്ടിരുന്നു.

അപ്പോഴാണ് ജോലി രാജി വെച്ചാലോ എന്നൊരു വെളിപാട് ഉണ്ടാവുന്നത്. അതിനൊരു കാരണവും ഉണ്ട്. നാലുകൊല്ലം നീളുന്ന വലിയ രണ്ടു പ്രോജക്ടുകൾ ആയിരുന്നു ചെയ്യാൻ ഉണ്ടായിരുന്നത്. റഷ്യയിലും ബ്രസീലുമായി രണ്ട് യമണ്ടൻ പ്രോജക്ടുകൾ. ഈ നാലുകൊല്ലം മകനിൽ നിന്നും അകന്ന് നിൽക്കേണ്ടി വരുമല്ലോ, പാരന്റിങ് അല്ലേ വലുത് എന്ന് തോന്നി. അങ്ങനെ ആ ജോലി വിട്ടു. ഫ്രീലാൻസ് ആയി എന്തെങ്കിലുമൊക്കെ ചെയ്ത് തരക്കേടില്ലാതെ ജീവിക്കാമെന്ന് ഉറപ്പുള്ളതിനാലാണ് വിട്ടത്.

അതാണ് ടേണിംഗ് പോയിന്റ് ആയത്. രാജിവയ്ക്കുന്ന കാര്യം ഭാര്യയോടും അമ്മാമനോടും മാത്രമേ പറഞ്ഞുള്ളൂ. മറ്റാരോടെങ്കിലും പറഞ്ഞാൽ ചീത്ത വിളിക്കുമെന്നുറപ്പ്. അതേ കമ്പനി തന്നെ ഫ്രീലാൻസായി ഒരു പ്രോജക്ട് ഏല്പിച്ചു അത് തൽക്കാലം ആശ്വാസമായി. രണ്ടു കൊല്ലം നീളുന്നതായിരുന്നു ആ പ്രോജക്ട്. മഹീന്ദ്ര ആൻഡ് മഹീന്ദ്രയുടെ ഒരു ഓട്ടോമേഷൻ വർക്ക്. ഹീറോ ഹോണ്ടയുടെ വർക്കും ഫ്രീലാൻസായി ചെയ്തു.

ഒരു വിധം നന്നായി പൊയ്ക്കൊണ്ടിരിക്കുമ്പോഴാണ് 2014 ൽ ചാലക്കുടിക്കാരനായ ഒരു ചങ്ങാതിയെ കണ്ടുമുട്ടിയത്. ആൽബർട്ട്. അയാൾക്ക് ഗുജറാത്തിലും ഡൽഹിയിലും കമ്പനികളുണ്ട്. 150 കോടി ടേണോവറുള്ളത്.

'നീയൊരു കമ്പനി തുടങ്ങിക്കോ, ഞാൻ ഇൻവെസ്റ്റ് ചെയ്യാം 'എന്നായി അയാൾ.

സ്റ്റാർട്ട് അപ് തുടങ്ങാൻ കൊതിക്കുന്ന ഒരാൾ കാത്തിരിക്കുന്ന ഓഫർ. എന്നാൽ അന്ന് ധൈര്യമുണ്ടായില്ല. മറ്റൊരാളുടെ പണം എടുത്താണ് കമ്പനി നടത്തേണ്ടത്. കാശ് പോയാലോ. ഫ്രീലാൻസായി പണി ചെയ്യുമ്പോൾ അത്തരം റിസ്കില്ല.

2015 ൽ വീണ്ടും അയാൾ പ്രഷർ ചെയ്തു.

'ഇത് ശരിയായില്ലെങ്കിൽ രണ്ടു കൊല്ലം കഴിഞ്ഞ് നീ വേറെ പണി നോക്കിക്കോ. എന്നാലും രണ്ടു കൊല്ലം പരീക്ഷിക്ക് '. അയാൾ ആവേശം നൽകി.

അങ്ങനെ 2015 ൽ ഡൽഹി ആസ്ഥാനമായി കമ്പനി രജിസ്റ്റർ ചെയ്തു. 5000 രൂപ സ്റ്റാമ്പ് പേപ്പറിന്. 600 രൂപ എഴുത്തു ഫീസും. അതാണ് മൂലധനം. 25 ലക്ഷം രൂപയാണ് അയാൾ കമ്പനിയിൽ മുടക്കിയത്. കാശ് മുടക്കാത്ത അജീഷിന് 60 ശതമാനം ഷെയർ. കാശ് മുഴുവനും മുടക്കിയ ആൾക്ക് 40 ശതമാനവും. വാഹന നിർമ്മാതാക്കൾക്ക് വേണ്ട ഓട്ടോമേഷൻ ജോലികളാണ് അധികവും. 2018 ആയപ്പോഴേക്കും അയാളുടെ മുടക്കു മുതൽ മുഴുവനും തിരിച്ചു നൽകാനായി. അഞ്ചു കോടിയോളം ടേൺ ഓവറിലുമെത്തി.

എന്നാൽ കോവിഡ് കാലം ജീവിതഗ്രാഫിന്റെ മുനയൊടിഞ്ഞ കാലമായിരുന്നു. വളർച്ച നിലച്ച കാലം. നാല്പത് ശതമാനത്തോളം കസ്റ്റമർമാർ വിദേശകമ്പനികളായിരുന്നു. അത് പത്തു ശതമാനമായി കുറഞ്ഞു. എന്നാൽ ഇപ്പോൾ വീണ്ടും കുത്തനെ കയറുകയാണ് ഗ്രാഫ്.

പത്തു ദിവസം നാട്ടിൽ. പത്തു ദിവസം രാജസ്ഥാനിൽ. പത്തു ദിവസം ബിസിനസ് യാത്രകൾ. അങ്ങനെയാണ് ഇപ്പോൾ. കൂറ്റമ്പിള്ളി മകൾ ശ്രീപയാണ് പത്നി. എം.ബി.എ കഴിഞ്ഞ അവർ തൃശൂരിൽ ടാക്സ് കൺസൾട്ടന്റാണ്. പതിനൊന്നു വയസ്സുകാരൻ നിവേദും എട്ടുമാസം പ്രായമെത്തിയ ഭാവ്നിയും മക്കൾ. അച്ഛൻ ദാമോദരൻ നമ്പൂതിരിപ്പാട്. അമ്മ പന്താവൂർ മകൾ സുധ.


നാട്ടിലെ വിലാസം:

അജീഷ് എ.ഡി, ആലപ്പാട്ട് മന, വലിയാലുക്കൽ, പി.ഒ. കണിമംഗലം, തൃശൂർ. പിൻ: 680027 ajeesh@electritech.in http:/electritech.in ●

Ajeesh A.D, Electritech,

TB 332&333, Capital Galleria, Bhiwadi, Rajasthan, Pin: 301019

മൊബൈൽ 9886699946

**ഏഴു പാസായ വിഷ്ണുപിൽക്കാലത്ത്സ്കൂൾ വാദ്ധ്യാരായി. ഹിന്ദിയാണ് വിഷയം. പതിനാലു രൂപ ശംബളം. അത് മുഴുവനും സർക്കാരല്ല, പകുതി മാനേജ്മെന്റ്. ഒപ്പിട്ടാൽ കൈ വെള്ളയിൽ കിട്ടുക അഞ്ച് രൂപ. ആ തട്ടിപ്പിന് നിന്നു കൊടുത്തില്ല. ആപടി പിന്നെ ചവുട്ടിയില്ല.**

## നൂറു വയസ്സ് കഴിഞ്ഞ ഈ നമ്പൂതിരി

# ശാന്തി സ്കൂളിലെ ഒന്നാം റാങ്ക്

**പാലേലി മോഹൻ**



ഒരു നൂറ്റാണ്ട് മുമ്പ് ഗ്രാമത്തിലെ നാലുകെട്ടിനകത്ത് ഉണ്ണി പിറന്നു. പാരമ്പര്യ നാമം വിഷ്ണുവെന്നത് പെറ്റു പുല തീർന്ന് അച്ഛൻ ചെവിയിൽ, തുടർന്ന് അമ്മയും . ഷോഡശക്രിയകൾ യഥാവിധി ചെയ്തു വളർന്നു. വർഷവും, വേനലും,വാരവും പൂരവും ഏറെ കണ്ടു. ബ്രിട്ടീഷുകാരും രാജഭരണവും നാട്ടു തമ്പുരാന്മാരും വൈസ്രോയി , ദിവാൻ തുടങ്ങിയ ഭരണാധിപന്മാർ അന്നത്തെ നാട്ടു വാഹനത്തിലൂടെ കടന്നുപോയി. തുടർന്ന് സ്വതന്ത്ര ഭാരതവും കണ്ടു. അതും ഏറെ മനസ്സിലാക്കി.

അണയും, നാണയവും, നോട്ടുകളും കൂലിയായി നെല്ലും അരിയും വാങ്ങിയും കൊടുത്തു വളർന്നു. കൊയ്ത്ത് പാടവും

കാലം പോകെ തരിശു നിലങ്ങളും ജനനവും മരണവും ഏറെ കണ്ടു.

കൊറോണയടങ്ങുന്ന നടപ്പുദീനങ്ങളെ അടുത്തറിഞ്ഞു. അതിനൊന്നും വഴങ്ങാതെ വിഷ്ണുനമ്പൂതിരി. കൂടപ്പിറപ്പുകളും സഹപാഠികളും കഥാവശേഷരായി. പൂർണ്ണാരോഗ്യത്തോടെ പാലായ്ക്കടുത്ത പുലിയന്നൂരിലെ ശിവക്ഷേത്രത്തിൽ അര നൂറ്റാണ്ടിലേറെ ശാന്തി ചെയ്തു. ഇപ്പോൾ ചെറിയ മകനാണ് അവിടെ ശാന്തി നിർവ്വഹിക്കുന്നത്.

സ്ക്കൂൾ വാദ്ധ്യാരായി, നിരവധി മഹാക്ഷേത്രങ്ങളിലെ തന്ത്രി നമ്പൂരി



*വിഷ്ണുനമ്പൂതിരി*

**കൊറോണയടങ്ങുന്ന നടപ്പുദീനങ്ങളെ അടുത്തറിഞ്ഞു. അതിനൊന്നും വഴങ്ങാതെ വിഷ്ണുനമ്പൂതിരി. കൂടപ്പിറപ്പുകളും സഹപാഠികളും കഥാവശേഷരായി. പൂർണ്ണാരോഗ്യത്തോടെ പാലായ്ക്കടുത്ത പുലിയന്നൂരിലെ ശിവക്ഷേത്രത്തിൽ അര നൂറ്റാണ്ടിലേറെ ശാന്തി ചെയ്തു.**

യായി, പ്രതിഷ്ഠകളും, പുനഃപ്രതിഷ്ഠകളും, ധ്വജപ്രതിഷ്ഠകളും നടത്തി. ബാല്യത്തിൽ സ്കൂളിൽ പോകുവാൻ സാധിച്ചു കാരണം അച്ഛൻ സ്കൂളിലെ പാട്ടു സാറായിരുന്നു. സംഗീതത്തെ മനസ്സിലാക്കാൻ സാധിച്ച അദ്ദേഹം കുമാരനല്ലൂർ ക്ഷേത്രത്തിൽ ദർശനത്തിനിടെ കാർത്ത്യായനിയുടെ ധ്യാനശ്ലോകം രാഗമാലികയിൽ ചൊല്ലി. അത് ആ നാലമ്പലത്തിനകത്ത് മാറ്റൊലി കൊണ്ടു. അപ്പോൾ അവിടെ വിദ്യാഭ്യാസ വകുപ്പ് മേധാവിയും തൊഴുത് നിന്നിരുന്നു.

പള്ളിക്കൂടത്തിൽ പാട്ടു പഠിപ്പിക്കാമോ?

ഓർഡർ തന്നാൽ നോക്കാം. അദ്ദേഹം മറുപടി പറഞ്ഞു.

ആ നാലമ്പലത്തിനകത്ത് നിന്നും ദേവീപ്രസാദം അധ്യാപനായി വന്നു. അത് ഏറ്റുവാങ്ങി.

മുണ്ടക്കൊടി ഭാഗവതരായി ഖ്യാതിനേടി. അയിത്താചാരം കൊടികുത്തി വാഴുന്ന കാലത്ത് വിഷ്ണുവും ഏട്ടനും സ്കൂളിൽ പോയിരുന്നു. ഏഴാം ക്ലാസു കഴിഞ്ഞപ്പോൾ അച്ഛൻ പറഞ്ഞു. ഇനി പഠിക്കണമെന്നുണ്ടെങ്കിൽ സ്വയം പഠിക്കണം സഹായം പ്രതീക്ഷിക്കേണ്ട.

ഏഴു പാസായ വിഷ്ണുപിൽക്കാലത്ത്സ്കൂൾ വാദ്ധ്യാരായി. ഹിന്ദിയാണ് വിഷയം. പതിനാലു രൂപ ശംബളം. അത് മുഴുവനും സർക്കാരല്ല, പകുതി മാനേജ്മെന്റ്. ഒപ്പിട്ടാൽ കൈവെള്ളയിൽ കിട്ടുക അഞ്ച് രൂപ. ആ തട്ടിപ്പിന് നിന്നു കൊടുത്തില്ല. ആപടി പിന്നെ ചവുട്ടിയില്ല.

മാറ്റങ്ങൾ കാറ്റിനും, വർഷത്തിനുമിടക്ക് നടന്നുകൊണ്ടിരുന്നു. വാഹനങ്ങൾ നന്നേ കുറവ്. കാൽനടയാണധികം. ഇരുട്ടിൽ ചൂട്ടുകറ്റ വീശി പാട വരമ്പ് വഴി നടക്കും. അതിവൃഷ്ടിയും, അനാവൃഷ്ടിയും, പട്ടിണിയും ദാരിദ്ര്യവും തൊടലും, തീണ്ടലും പരിഷ്ക്കാരങ്ങൾ ഓലക്കുട മാറി ശീലക്കുട വന്നതും കാലം. ഇപ്പോൾ നാലായി മടക്കി സഞ്ചിയിൽ വക്കാവുന്ന വിധമായി.

അച്ഛന്റെ രണ്ടാം വേളിയിലെ പുത്രനാണ് വിഷ്ണു. വലിയമ്മക്ക് എന്നും ദീനമാണ്. അതിനാൽ നാല് വീടിനപ്പുറത്തെ ഇല്ലത്ത് നിന്നും അച്ഛൻ രണ്ടാം വേളി കഴിച്ചു.

**അയിത്താചാരം കൊടി കുത്തി വാഴുന്ന കാലത്ത് വിഷ്ണുവും ഏട്ടനും സ്കൂളിൽ പോയിരുന്നു. ഏഴാം ക്ലാസു കഴിഞ്ഞപ്പോൾ അച്ഛൻ പറഞ്ഞു. ഇനി പഠിക്കണമെന്നുണ്ടെങ്കിൽ സ്വയം പഠിക്കണം സഹായം പ്രതീക്ഷിക്കേണ്ട.**

അഞ്ചൽ വകുപ്പിലെ ഉദ്യോഗസ്ഥനായ ഒരഫനും ഇല്ലത്തുണ്ടായിരുന്നു. വലിയമ്മയിലെ ഏട്ടനുമായി ഇരുപത്തിരണ്ട് വയസ്സന്തരമുണ്ട്. വിഷ്ണുവിന്റെ കൂടപ്പിറപ്പുകൾക്ക് അധികം ആയുസ്സുണ്ടായില്ല. അച്ഛൻ ഭാഗവതർക്ക് ഉദ്യോഗം കുറിച്ചകലെയായിരുന്നു. ഇടയ്ക്കേ അദ്ദേഹം വരൂ. തിരുവല്ലയിൽ അക്കാലത്തു സ്ഥാപിതമായ ശാന്തി സ്ക്കൂളിൽ പതിനെട്ടാം വയസ്സിൽ ചേർന്നു. ഒന്നാം റാങ്കോടെ പാസായി. പരിശോധകരായി ശബരിമല തന്ത്രിയും, അമ്പലപ്പുഴ തന്ത്രിയും വന്നിരുന്നു.

അവരുടെ അനുഗ്രഹം വേണ്ടുവോളം വിഷ്ണുവിന് ലഭിച്ചു.

മുണ്ടക്കൊടി എന്നു തന്നെയാണ് പാലായിലെ ഇല്ലം അറിയപ്പെടുന്നത്. എന്നാൽ കണ്ണൂര് മുല്ലക്കൊടി എന്ന ഗ്രാമവും അതേ പേരിൽ മയ്യിലിന്റെ അടുത്ത് ഇല്ലവും ഉണ്ട്. കാസർകോട്ടെ അനന്തപത്മനാഭന്റെ ക്ഷേത്രത്തിൽ ശാന്തി ചെയ്തിരുന്നത് ഇവരായിരുന്നു. (അടുത്തിടെ മുതല സമാധിയായ ക്ഷേത്രം) രക്തേശ്വരി, അനന്തപത്മനാഭൻ , ഗ്രന്ഥം കൈയ്യിലിരിക്കുന്ന ശാസ്താവ് ഇവരാണ് തേവാരമൂർത്തികൾ. തിരുവിതാംകൂർ മഹാരാജാവിന്റെ ക്ഷണം സ്വീകരിച്ച് മുല്ലക്കൊടിയുടെ ഒരു ശാഖ തിരുവനന്തപുരത്ത് വന്നു. ശാന്തി ചെയ്യുന്നതിനാവണം. അക്കാലത്ത് പാലായിൽ പണിതീർത്ത ശിവക്ഷേത്രത്തിലേക്ക് ശാന്തി ചെയ് വാനായി ഇവരെ രാജാവ് നിയോഗിച്ചു.

ഇന്നും പരമ്പരാഗത ശാന്തി ഇവർ തന്നെയാണ്. മന്ത്രവാദവും, തന്ത്രവും, സർപ്പ പ്രതിഷ്ഠയും ഇവർക്കുണ്ട്.

വിഷ്ണുനമ്പൂതിരിയും മൂത്ത മകൻ ദാമോദരനും,പേരക്കുട്ടി ഹരിയും ചേർന്ന് തന്ത്രം കൊണ്ടു നടക്കുന്നുണ്ട്. പുതുതായി തന്ത്രം ലഭിച്ച മദിരാശി വിലാജ്പേട്ട ധന്വന്തരീ ക്ഷേത്രത്തിലെ പ്രതിഷ്ഠ കലശാദികളിൽ ഇദ്ദേഹവും പങ്കാളിയായി. ശ്രീലകത്ത് കയറി പൂജ നിർവ്വഹിച്ചു. നാട്ടിലെ ക്ഷേത്രങ്ങളിൽ പ്രതിഷ്ഠാദിനങ്ങളിൽ ഇദ്ദേഹത്തിന്റെ സാന്നിധ്യം ഭക്തർ കാംക്ഷിക്കുന്നുണ്ട്.

യാത്രക്ക് ഓട്ടോക്കാരനെ ഫോണിൽ വിളിച്ച് വരുത്തും. പോകാൻ കാലത്ത് മകന്റെ ഭാര്യ ശ്രീജയോട് വിവരം പറഞ്ഞ് പോകും.

ഒരു കാലത്ത് ശാന്തി ചെയ്യാൻ വേണ്ടി കന്യാകുമാരിക്കടുത്ത നാഗർകോവിലിലെ ക്ഷേത്രത്തിൽ കുറച്ചു കാലം കൂടി. പ്രതിഷ്ഠയിൽ ചുറ്റി ഒരു സർപ്പം പത്തിവിടർത്തി ഇടയ്ക്ക് ചീറ്റിയിരുന്നു. മേൽശാന്തി ഭയന്ന് ആദിവസങ്ങളിൽ അകത്ത് കയറിയിരുന്നില്ല. ഒരു ഭയപ്പാടും കൂടാതെ അകത്തിരുന്ന് സർപ്പ സാന്നിദ്ധ്യത്തിൽ പൂജ ചെയ്തു.

കൊല്ലവർഷം 1098 കുംഭത്തിലെ ഉത്രട്ടാതി ഉദിച്ച് ഏഴു നാഴിക പിന്നിട്ട് ഉണ്ണി പിറന്നു. മീനം രാശിയിൽ AD 1923 ൽ. അടുത്ത വർഷമായിരുന്നു പ്രസിദ്ധമായ 99 ലെ വെള്ളം. അത് ഇല്ലത്തിന്റെ അടുക്ക ഇവരെ എത്തി. പ്രളയത്തിൽ ജനം വലഞ്ഞു. പ്രജാക്ഷേമതൽപ്പരനായ തിരുവിതാംകൂർ മഹാരാജാവ് കരഞ്ഞുവത്രേ. വാഹനങ്ങളും, വൈദ്യുതിയും ഇല്ലാത്ത കാലത്ത് മാറാവ്യാധികൾ പരന്നൊഴുകി. അതും പറഞ്ഞ് പേടിപ്പിക്കുവാൻ നിഷ്ക്കളങ്കരായ നാട്ടുകാർ. അതും തീർന്ന് എട്ടുവർഷം കഴിഞ്ഞപ്പോൾ അതുപോലെ വീണ്ടും പ്രളയം. ആ സമയത്ത് പറമ്പിൽ കയറിയ വെള്ളത്തിൽ വള്ളം തുഴഞ്ഞത് ഓർമ്മയിൽ ഉണ്ട്.

ശബരിമലയിൽ അടുത്ത ബന്ധു നരമംഗലം മേൽശാന്തിയായി. അതിനാൽ സഹായിയായി നിന്നു. ഒരു വർഷത്തേക്കല്ല അക്കാലത്തെ നിയമനങ്ങൾ. മകര വിളക്കു കഴിഞ്ഞാൽ താക്കോൽക്കൂട്ടം പന്തള രാജാവിനു തിരികെ കൊടുക്കണം. അടുത്ത നിമിഷം രാജാവ് തിരിച്ചും നൽകും.

മേൽശാന്തിക്ക് മുടക്കു വന്നാൽ പകരം കഴിക്കാൻ സഹായിക്കു കൂ

ടാം. അങ്ങിനെ മുണ്ടക്കൊടി വിഷ്ണു ഒന്നിലേറെ തവണ മാസ പൂജ നിർവ്വഹിച്ചു. വൃതാനുഷ്ഠാനത്തോടെ ഇരുപത്തഞ്ചു വർഷം വരെ മല ചവുട്ടി. വർഷത്തിൽ ഒന്നല്ല പലതവണ ദർശനം പതിവുണ്ട്.

പിൽക്കാലത്ത് പനമറ്റത്ത് കുറച്ചു സ്ഥലം വാങ്ങി. അവിടെ അടുത്ത അമ്പലത്തിൽ ശാന്തിചെയ്തിരുന്നു. അക്കാലത്താണ് വീടുവച്ചത്. ഇപ്പോൾ മൂത്തമകൻ അവിടെയാണ് താമസിക്കുന്നത്.

പുലർച്ചെ 5 ന് ഉണരും ചൂടുവെള്ളത്തിലാണ് കുളി. സന്ധ്യാവന്ദനം, ജപം, അരകിലോമീറ്റർ നടന്ന് ക്ഷേത്ര ദർശനം. ഒരു മണിക്കൂർ അവിടെയുണ്ടാവും. വലിയ തിരുമനസ്സിനെ മഹാദേവനോളം ബഹുമാനം നാട്ടുകാർക്കുണ്ട്. ഇല്ലത്തു വന്ന് പത്രം വായിക്കും. കണ്ണടയൊന്നും വേണ്ട. മകൻ ശാന്തി കഴിഞ്ഞ് 10.15 ന് വരും എല്ലാവരും ഒന്നിച്ച് പ്രാതൽ. തുടർന്നും, ഉച്ചയൂണിനു ശേഷവും മയക്കം. ഏതു തരം ഭക്ഷണവും സ്വീകാര്യം. കോവിഡിനു ശേഷം വൈകീട്ടു ക്ഷേത്ര ദർശനം പതിവില്ല. മുറ്റത്ത് നടക്കും. അഞ്ച് വർഷം മുമ്പ് ഭാര്യ എൺപത്തി ഏഴാം വയസിലാണ് മരിച്ചത്.

മക്കൾ പറയും അഛന് മക്കളെ ഏറെ ഇഷ്ടമാണ്. സിനിമ, ഉത്സവം, ചെറിയ ടൂറ് എന്നിവ പതിവുണ്ട്. അതിനൊക്കെ ഉത്സാഹമാണ്. അമ്മാത്ത് കുട്ടിക്കാലത്ത് കൊണ്ടുപോകും മൂന്നു ദിവസം ശാന്തിക്ക് ആളെ ഏൽപ്പിച്ചാണ് യാത്ര. വായനശാലയിൽ നിന്നും പുസ്തകം വാങ്ങി വായിക്കും. പുസ്തകശേഖരവും ഉണ്ട്. ചീട്ടുകളി അഛൻ പഠിപ്പിച്ചു തന്നു. വാർഷികത്തിന് നാടകത്തിൽ അച്ഛൻ അഭിനയിച്ചിട്ടുണ്ട്. 80 വയസ്സു വരെ കുളത്തിൽ മുങ്ങിക്കുളിച്ച് ശാന്തി ചെയ്തിരുന്നു.

ശബരിമലയിൽ ഭസ്മക്കുളത്തിലെ കുളി പെട്രോമാക്സിന്റെ വെളിച്ചത്തിൽ. കുളത്തിനക്കരെ പുലിയുടെ തിളങ്ങുന്ന കണ്ണുകൾ കാണാം. ആനയുടെ ചിഹ്നം വിളിയും ചിലപ്പോൾ കേൾക്കാം.

മുപ്പതാം വയസ്സിൽ വേളി. മൂവ്വാറ്റുപുഴ പതുപ്പിള്ളി ഇല്ലത്തുനിന്നും. ബസ്സിന് 6 പേർ പോയി. നാലാം




*മുണ്ടക്കൊടി വിഷ്ണു നമ്പൂതിരിയും മക്കളും- ഇരിക്കുന്നത് (ഇടത്തുനിന്ന് വലത്തോട്ട്) ദാമോദരൻ, രാമൻ, നിൽക്കുന്നത് (ഇടത്തുനിന്ന് വലത്തോട്ട്) ജയന്തി, പത്മിനി, ലീലാമണി*

**ശബരിമലയിൽ ഭസ്മക്കുളത്തിലെ കുളി പെട്രോമാക്സിന്റെ വെളിച്ചത്തിൽ. കുളത്തിനക്കരെ പുലിയുടെ തിളങ്ങുന്ന കണ്ണുകൾ കാണാം. ആനയുടെ ചിഹ്നം വിളിയും ചിലപ്പോൾ കേൾക്കാം.**

ദിവസം കഴിഞ്ഞപ്പോഴേക്കും കർക്കടകമായി ചിങ്ങത്തിൽ പുലവന്നു. മകരത്തിലായിരുന്നു കുടിവയ്പ്പ്.

പരേതയായ അമ്മുക്കുട്ടി അമ്മയാണ് ഭാര്യ. മൂത്തമകൻ ദാമോദരൻ, രാമൻ (ദൽഹി) വിഷ്ണു. ലീലാമണി, പത്മിനി, ജയന്തി. പുലിയന്നൂർ ക്ഷേത്രം തന്ത്രി മണയത്താട്ട് അനിൽ ദിവാകരൻ പറയും എന്ത് സംശയം ചോദിച്ചാലും എന്നും മറുപടിയുണ്ട്. ഓർമ്മക്ക് ഒരു കുറവുമില്ല. ഒരു വലിയ അത്ഭുതമാണ് മുണ്ടക്കൊടി. എല്ലാവരോടും ഒരുപോലെ പെരുമാറാൻ നല്ല വശ്യതയാണ്. ആർക്കും ഒരുപോലെ ഇട പഴകാം.

ശ്രീവിദ്യാഉപാസകരാണ് മുണ്ടക്കൊടിക്കാർ. തന്ത്ര വിഷയം പഠിക്കാൻ എത്തുന്നവർക്ക് ആദ്യം ശ്രീവിദ്യയാണ് ഉപദേശിക്കുക. ആ ഉപാസനയാലുള്ള സിദ്ധി വിശാലമാണ്. ഗ്രന്ഥമേന്തിയ ശാസ്താവും കലാപരമായ കഴിവിനെ ഉത്തേജിപ്പിക്കുന്നു.

ഭാരതത്തിന്റെ വിവിധ ദേശങ്ങളിൽ പൂജക്ക് പോകാറുണ്ട്. ദൽഹിയിലുള്ള മകൻ രാമൻ അവിടുത്തെ മലയാളികളുടെ പ്രിയനാണ്. വിഷ്ണുനമ്പൂതിരി എന്ന പരമഭാഗ്യവാൻ നൂറാം പിറന്നാളും പിന്നിട്ടു.

എല്ലാവരോടും നല്ല നയവും, ചിട്ടയായ ജീവിതവും പൂർണ്ണരോഗ്യം നിലനിർത്തുന്നു. ഒട്ടേറെ മൂർത്തികളെ പൂജ ചെയ്തതിന്റെ സുകൃതം പറഞ്ഞാൽ തീരില്ല. ഭക്തജനത്തിന്റെ ശരണം വിളികളാൽ പവിത്രമായ ശ്രീധർമ്മശാസ്താവിന് പൂജനിർനിർവഹിക്കാൻ ശാന്തിക്കാരനോ തന്ത്രിയോ അല്ലാത്ത മുണ്ടക്കൊടിക്കു കഴിഞ്ഞു.

നൂറ്റാണ്ടുകളുടെ സൂര്യോദയവും, പൗർണ്ണമിയും ദർശിച്ച ആ പാദാരവിന്ദത്തിൽ അഭിവാദ്യ പ്രണാമം.

●

പാലേലി മോഹൻ
ചൊവ്വര, ആലുവ, പിൻ :683 571
മൊബൈൽ +91 83049 09076

എം.വി. വിഷ്ണു നമ്പൂതിരി
മുണ്ടക്കൊടി ഇല്ലം
പുലിയന്നൂർ പാല,
കോട്ടയം ജില്ല, പിൻ :686573
മൊബൈൽ: 98469 20795



സി കെ കൃഷ്ണൻ നമ്പൂതിരിപ്പാട്

# ചിറ്റൂർ സ്വരൂപം

കേരള ചരിത്രത്തിലെ പ്രസക്തിയും പ്രശസ്തിയും

'ചിറ്റൂർ സ്വരൂപം' എന്ന നിലയിൽ പേരുകേട്ട ചിറ്റൂർ മനയുടെ നൂറ്റാണ്ടുകൾ പഴക്കമുള്ള ചരിത്രം, പെരുമാൾ കാലഘട്ടം മുതലുള്ള ചരിത്ര രേഖകളെ ആസ്പദമാക്കി പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. ആര്യബ്രാഹ്മണരുടെ ആഗമനം മുതൽ പാശ്ചാത്യാധിനിവേശം വരെയുള്ള കേരള ചരിത്രത്തിലെ പ്രസക്തഭാഗങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ചിറ്റൂർ മനയുടെ നൂറ്റാണ്ടുകൾ പഴക്കമുള്ള ചരിത്രം വിവരിക്കുന്ന ഈ ഗ്രന്ഥം ഇപ്പോൾ വിലയുടെ 10% കിഴിവിൽ 225/- രൂപക്ക് ലഭ്യമാണ്.

C K കൃഷ്ണൻ : 9846031953

ഹരി C V : 8921839878

രാജൻ C N : 7012569523

ഓൺലൈനിൽ ലഭിക്കാൻ




## അമ്മക്ക് (പങ്കജം കക്കാട്)
## ഷഷ്ഠി പൂർത്തി ആശംസകൾ

മക്കൾ:
ഹരിഗോവിന്ദൻ, ശ്രീ കേശവൻ

മരുമക്കൾ:
ഗോപിക ഹരിഗോവിന്ദൻ,
സുകന്യ ശ്രീകേശവൻ

പേരക്കുട്ടി:
മീനാക്ഷി ഉണ്ണിമായ.



MACOEN PUMPS
MACOEN PUMPS
കൂടുതൽ വെള്ളം
വൈദ്യുതി ലാഭം..
39 Years of Trust
+916282319315
+918547916495
Mfd by ENGINEER'S ELECTRIC ,NH PILATHARA,KANNUR DIST KERALA-670504




P V Hari's
illam catering
COMPLETE VEG.
Let us be your
personal chef for your
Special Events !
Buffets set-up for
Breakfast
Lunch
Dinner
Call Hari at
9947101063, 8086143999
for more details on Illam catering services

പുസ്തക പരിചയം

## അര നൂറ്റാണ്ട് മുമ്പ് ചിന്നിച്ചിതറി അനാഥമായിപ്പോയ

# ഒരു ദരിദ്ര കുടുംബത്തിന്റെ കഥ

**മനസ്സിനെ വേദനിപ്പിക്കുന്നതും സന്തോഷിപ്പിക്കുന്നതുമായ ഒട്ടേറെ അനുഭങ്ങൾ ഇതിൽ വിവരിച്ചിട്ടുണ്ട്. അച്ഛന്റെ മരണം നേരിൽ കണ്ടതിൻറെ വിവരണം ഏറെ അസ്വസ്ഥതയുളവാക്കുന്നു.**

**പൊത്തോപ്പുറം ജയന്തൻ**



ഒരു ആത്മകഥ, വ്യക്തിയുടെ മാത്രം ജീവിതകഥ യല്ല, മറിച്ച്, ഒരു കുടുംബത്തിന്റെ, ഒരു സമൂഹത്തിന്റെ, കൂടി കഥയാണ്.

ചിത്രാമോഹൻ എഴുതിയ ''ഓർമ്മകൾ" എന്ന ആത്മകഥ വായിച്ചു തീർക്കുമ്പോൾ അര നൂറ്റാണ്ടിനു മുമ്പുള്ള ചിന്നിച്ചിതറിപ്പോയ ഒരു അനാഥ ദരിദ്ര ബ്രാഹ്മണകുടുംബത്തിൻറെ കഥ ഇതിലും നിശിതമായി എഴുതാൻ പറ്റുമോ എന്നു ചിന്തിച്ചുപോകും.

തീവ്രമായ അനുഭവങ്ങൾ അതേ തീവ്രതയോടേയും ആത്മാർത്ഥതയോടേയും എഴുതിയിരിക്കുന്നു. അവ പലപ്പോഴും വായനക്കാരുടെ ഹൃദയമിടിപ്പു കൂട്ടാനും കണ്ണു നനയിക്കാനും കാരണമാകും. ചിലപ്പോഴൊക്കെ 'ഈശ്വരാ' എന്നു വിളിച്ചു പോകും.

മനസ്സിനെ വേദനിപ്പിക്കുന്നതും സന്തോഷിപ്പിക്കുന്നതുമായ ഒട്ടേറെ അനുഭങ്ങൾ ഇതിൽ വിവരിച്ചിട്ടുണ്ട്. അച്ഛന്റെ മരണം നേരിൽ കണ്ടതിന്റെ വിവരണം ഏറെ അസ്വസ്ഥതയുളവാക്കുന്നു. ഒരു ഏഴുവയസ്സുകാരിയുടെ മനസ്സിനെ അതെത്രമാത്രം സ്വാധീനിച്ചിരിക്കാമെന്നോർക്കുമ്പോൾ ഭയം തോന്നുന്നു!

അബലാമന്ദിരത്തിലേക്കു പോയപ്പോൾ ഉണ്ടായ പ്രകൃതിയുടെ വിളി; ആകെയുണ്ടായിരുന്ന ഉടുമുണ്ട് തിരുവനന്തപുരത്തെ അനാഥാലയത്തിലെ സൂപ്രണ്ട് ഉരിഞ്ഞെറിഞ്ഞ അനുഭവം, തുടങ്ങി പല വിവരണങ്ങളെയും ക്രൂരമായ സത്യസന്ധതയുള്ളത് എന്നു വിശേഷിപ്പിക്കാം.



*ചിത്രാമോഹൻ*

**ഈ പുസ്തകം വായിക്കുമ്പോൾ ചിലപ്പോഴൊക്കെ 'ഈശ്വരാ' എന്നു വിളിച്ചു പോകും. തീവ്രമായ അനുഭവങ്ങൾ അതേ തീവ്രതയോടേയും ആത്മാർത്ഥതയോടേയും എഴുതിയിരിക്കുന്നു. അവ പലപ്പോഴും വായനക്കാരുടെ ഹൃദയമിടിപ്പു കൂട്ടാനും കണ്ണു നനയിക്കാനും കാരണമാകും.**




അബലാമന്ദിരത്തിനെപ്പറ്റിയുള്ള വിവരണങ്ങൾ ഏതോ ഇംഗ്ലീഷ് അപസർപ്പക നോവൽ വായിക്കുന്ന അനുഭവം പ്രദാനം ചെയ്തു.

അടുത്ത ക്ലാസ്സിൽ പാട്ടു പഠിപ്പിച്ചപ്പോൾ അതു കേട്ട് ഏറ്റു ചൊല്ലി ക്ലാസ്സുകയറ്റം വാങ്ങിയ കാര്യം കൗതുകകരമായി തോന്നി.

പുസ്തകത്തിന്റെ മുക്കാൽ ഭാഗവും ഉപയോഗിച്ചിരിക്കുന്നത് കേരളനടനത്തിനു അർഹമായ അംഗീകാരം ലഭിക്കുന്നതിനും അതിന്റെ പ്രചാരണത്തിനും വേണ്ടി നടത്തിയ ഒറ്റയാൾ പോരാട്ടത്തിന്റെ കഥ വിവരിക്കാനാണ്. വായിച്ചപ്പോൾ ഏറെ അഭിമാനവും അതിലേറെ ബഹുമാനവും തോന്നി.

എങ്കിലും, അൽപ്പം കൂടി ശ്രദ്ധിച്ചിരുന്നെങ്കിൽ... വിദഗ്ധമായ എഡിറ്റിംഗിന്റെ അഭാവം പല സ്ഥലത്തും അനുഭവപ്പെട്ടു.

ഓണക്കാലത്ത് പൂവു പറിക്കാൻ പോയപ്പോൾ ഇല്ലത്തുനിന്നു പതിവില്ലാതെ ശബ്ദകോലാഹലം കേട്ട് ഓടി വന്നതും അച്ഛൻ നിലത്തുകിടന്നുരുണ്ടു പരാക്രമം കാണിക്കുന്നതും ബനിയൻ വലിച്ചു കീറുന്നതും നെഞ്ചിലെ രോമങ്ങൾ കൂടി വലിച്ചു പറിക്കുന്നതും കണ്ട് അന്തിച്ചു നിന്നപ്പോൾ 'അച്ഛൻ വിഷം കുടിച്ചിരിക്കുന്നു' എന്ന് അമ്മ പറഞ്ഞതു കേട്ട് പരിഭ്രമിച്ച് ഓടിപ്പോയി മരുന്നു വാങ്ങിക്കൊണ്ടുവന്നതും ഒടുവിൽ അദ്ദേഹം നിശ്ചലനായതും ശ്വാസം അടക്കിപ്പിടിച്ചല്ലാതെ ആർക്കും വായിക്കാനാവില്ല. ●

പൊത്തോപ്പുറം ജയന്തൻ
സരസിജം (പൊത്തോപ്പുറം)
വെളിയന്നൂർ പി.ഒ.വഴി: ഉഴവൂർ,
കോട്ടയം ജില്ല,പിൻ:686634,
മൊബൈൽ: 9810453289

**വൈക്കം മുഹമ്മദ് ബഷീറിന് ബാല്യകാലസഖിയുണ്ടായിരുന്നു – സുഹറ. കവി എം.എൻ പാലൂരിനുമുണ്ടായിരുന്നു താൻ നളനായിരുന്ന കാലത്ത് ഒരു ദമയന്തി. ബാഹുകൻ എന്ന കവിതയിലുണ്ട് അക്കഥ**

**മധുരസ്മൃതി**

## വിഷ്ണു നാരായണൻ നമ്പൂതിരിക്ക്

# പ്രണയമുണ്ടായിരുന്നോ?

**ദേവി ആർ**



വിഷ്ണു നാരായണൻ നമ്പൂതിരിക്ക് പ്രണയമുണ്ടായിരുന്നോ? ഉണ്ടായിരുന്നു എന്ന സൂചന നൽകുന്ന ഒരു കവിതയുണ്ട്. ബാല്യകാലസഖി. വൈക്കം മുഹമ്മദ് ബഷീറിന്റെ കഥ പോലെ . അതേ തലക്കെട്ടിൽ ഒരു കവിത...... പുതുമയുടെ തുറവിയും പഴമയുടെ വിവേകവും സമ്മേളിക്കുന്ന കവിതകളാണ് ഈ കവിയുടേത്. അങ്ങിനെയുള്ള വിശാലഹൃദയനും സാത്വികനുമായ ഈ ഭാസുരപ്രതിഭയുടെ കുട്ടിക്കാലത്തെ ഒരു പ്രണയസ്മരണയെ ചിത്രീകരിക്കുന്ന കവിതയാണ് ''ബാല്യകാലസഖി''.

'നിന്നെക്കുറിച്ചിനി
യൊന്നുപാടട്ടെ ഞാൻ
ഉള്ളം തുറന്നിന്നു
പാടി ഞാൻ നോക്കട്ടെ
നിന്നെ; നിന്നെക്കണ്ടു
ദിച്ച പുലരികൾ'

അത്യന്തം നിഷ്കളങ്കമായ ഓർമകളാണ് അദ്ദേഹം പങ്കുവയ്ക്കുന്നത്. ആധുനികയുടെ ചില കടിഞ്ഞാണുകൾ ഈ സ്നേഹത്തെ ശ്വാസം മുട്ടിക്കുന്നില്ല. കവി പറഞ്ഞിട്ടുള്ളപോലെ ക്ലേശകരമായ ബാല്യകാലത്ത് മാധുര്യമേകിയ സ്മൃതിയാണിത്. പ്രിയതമയുടെ ഓമനമുഖവും ചെറുപിണക്കങ്ങളുമാണ് മനസ്സിലുള്ളത്. ആ കുട്ടിയെ വേളികഴിച്ചില്ല, കുടിവയ്ച്ചില്ല എന്നൊക്കെയുള്ള ദുഃഖം മുതിർന്നപ്പോൾ മാത്രമാണ് കവിമനസ്സിൽ ഉണർന്നത്. ഭൂതകാലത്തിൽ നിന്നും ഹൃദയത്തിൽ പേറുന്ന എത്രയെത്ര ഓർമകളാണ് മനുഷ്യർ ജീ

**കൗമാരചാപല്യങ്ങളെന്നു വിളിച്ചാൽ ഒരു ദോഷവുമില്ല. ബാല്യകാലസഖി എന്ന ഈ കവിത ഒരു പ്രത്യേക അനുഭവത്തിന്റെ ആവിഷ്കരണമാണ്. കുട്ടിക്കാലത്ത് ഉണ്ടായ തുമ്പപ്പൂവ് പോലെ വെളുത്ത് പരിശുദ്ധമായ ഒരു സ്നേഹബന്ധം.**



പ്രണയത്തെക്കുറിച്ച് വിഷ്ണു നാരായണൻ നമ്പൂതിരി പറഞ്ഞ വാക്കുകൾ തന്നെ, അദ്ദേഹത്തിന്റെ സ്വരത്തിൽ ഇതു സ്കാൻ ചെയ്ത് കേട്ടുകൊള്ളൂ.

**പ്രണയവും സ്നേഹവു മൊക്കെ പലപ്പോഴും കമ്പോളവൽക്കരിക്കപ്പെടുന്ന കാഴ്ച നാം വായിച്ചും കേട്ടുമൊക്കെ അറിഞ്ഞിട്ടുണ്ട്. 'ആധുനിക ഉപഭോഗ സംസ്കാര' പശ്ചാത്തലത്തിൽ പ്രണയത്തിനുള്ള ചില സങ്കുചിതമായ വ്യാഖ്യാനങ്ങൾക്കനുസൃതമായി ഈ കവിതയുടെ ആത്മാവ് മനസ്സിലാക്കാൻ സാധിക്കില്ല.**

### ഞങ്ങളാരും ഒന്നും ചോദിച്ചിട്ടില്ല

അച്ഛന്റെതായി പ്രണയഗീതങ്ങൾ തന്നെ ഉണ്ട്. അതിലെല്ലാം പാറിപ്പറന്ന് നടക്കുന്ന പ്രണയവും ഉണ്ട്. പക്ഷേ അതെപ്പറ്റി വ്യക്തിപരമായി ഞങ്ങളാരും ഒന്നും ഇന്നേവരെ ചോദിച്ചിട്ടില്ല. പിന്നെ, മണ്ണും വിണ്ണും തൊടുന്ന ആത്മീയതയുടെ ഭാഗമായ പ്രണയം – അത് മനസ്സിലാക്കാൻ ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നു .



– വിഷ്ണുനാരായണൻ
നമ്പൂതിരിയുടെ മകൾ അദിതി
തേവലശ്ശേരി പടിഞ്ഞാറ്റിടത്ത് ഇല്ലം,
ഇല്ലത്തു മേപ്പുറം, പി.ഓ.വെണ്മണി,
ആലപ്പുഴ ജില്ല–പിൻ: 689509,
മൊബൈൽ: 96332 25970)

വിതകാലം മുഴുവനും താലോലിക്കുന്നത്!

എന്താണു താൻ പറയേണ്ടത്, അല്ലെങ്കിൽ എന്താണു നിന്നെക്കുറിച്ച് പറയുവാനുള്ളത് എന്നു കവി ചോദിക്കുന്നു. കണ്ണേറുകളുണ്ടായിട്ടില്ല, പ്രണയലേഖനങ്ങളോ ചുംബനങ്ങളോ കൈമാറിയിട്ടില്ല. സർവസാധാരണമായ ചില സ്ഥിരസങ്കൽപങ്ങളുടെ സീമകൾക്കും വ്യവസ്ഥകൾക്കുമപ്പുറത്താണ് യഥാർത്ഥ സ്നേഹം. തന്റെ കൂട്ടുകാരിയെക്കുറിച്ച് പറഞ്ഞതിനു ശേഷംമാത്രമേ കവി നമ്മോട് അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ച് പറയുന്നുള്ളൂ. അവളിപ്പോൾ എവിടെവിടെയെല്ലാം ആയിരിക്കും എന്ന് കവി വിചിന്തനം ചെയ്യുന്നു:

'എന്തോ പഴകിയ
കർമ്മബന്ധങ്ങളാ–
ലെന്നെയോർത്തേ
നിലകൊൾകയുമായിടാം'.

പതിയെ തന്നെക്കുറിച്ചും അദ്ദേഹം പറയുന്നു. പച്ച-ചെമപ്പു-കരിച്ചായങ്ങളോട് ധർമ്മ, ദുഃഖ-സ്വാർത്ഥ,മദ-മോഹങ്ങളെ സാദൃശ്യപ്പെടുത്തുന്ന കവി ഇവയാൽ

'കാലം ചമയ്ക്കുന്ന
ചുട്ടികുത്തിന്നൊപ്പു
ശീലയായ് മാറി
ക്കഴിഞ്ഞു മജ്ജീവിതം' എന്നു സങ്കടപ്പെടുന്നു . എത്ര ദുഃഖങ്ങളുണ്ടെന്നാകിലും ബാല്യകാലത്തെ പേലവമായ ആ സ്മൃതി അദ്ദേഹത്തിന് ആശ്വാസമാകുന്നു:

**കണ്ണേറുകളുണ്ടായിട്ടില്ല, പ്രണയലേഖനങ്ങളോ ചുംബനങ്ങളോ കൈമാറിയിട്ടില്ല. സർവസാധാരണമായ ചില സ്ഥിരസങ്കൽപങ്ങളുടെ സീമകൾക്കും വ്യവസ്ഥകൾക്കുമപ്പുറത്താണ് യഥാർത്ഥ സ്നേഹം.**

ഉണ്ടിതിൽ കണ്ണിനാൽ
കാണാത്ത പാടുകൾ
കണ്ണീർക്കണം
വീണുണങ്ങിയ ചാലുകൾ!
ആകിലും, ധന്യത
കൊള്ളുന്നുണ്ടാ;നിതിൽ–
ജ്ജീവനേ, സൗവർണ്ണ
മുദ്രയായ് നിൽപു നീ!

പ്രണയവും സ്നേഹവുമൊക്കെ പലപ്പോഴും കമ്പോളവൽക്കരിക്കപ്പെടുന്ന കാഴ്ച നാം വായിച്ചും കേട്ടുമൊക്കെ അറിഞ്ഞിട്ടുണ്ട്. ''ആധുനിക ഉപഭോഗ സംസ്കാര' പശ്ചാത്തലത്തിൽ പ്രണയത്തിനുള്ള ചില സങ്കുചിതമായ വ്യാഖ്യാനങ്ങൾക്കനുസൃതമായി ഈ കവിതയുടെ ആത്മാവ് മനസ്സിലാക്കാൻ സാധിക്കില്ല. ക്ലേശകരമായിരുന്ന ബാല്യകാലത്തെപ്പറ്റി കവി പറഞ്ഞിട്ടുണ്ട്. ആ കാലഘട്ടത്തിലെ മധുരസ്മൃതികളിലൊന്നാണ് ഈ നിസ്വാർത്ഥസ്നേഹം.'ഹൃദയം കൊണ്ടറിയുന്ന സത്യം സുന്ദരമാകാതെ വയ്യ' എന്നു പറയുന്ന കവിയ്ക്ക് സ്നേഹം ഒരു ഉപഭോഗവസ്തുവല്ല. ഭൂതകാലസ്മൃതികളിലേക്കിറങ്ങുമ്പോൾ അദ്ദേഹത്തിനു പരാതികളില്ല, താരതമ്യപ്പെടുത്തലുകളുമില്ല. വളരെ പക്വതയുള്ളതാണ് കവിയുടെ ചിന്തകൾ. കവിയുടെ ആർദ്രമായ ഈ അനുഭവം തീർച്ചയായും വായനക്കാർക്ക് ഹൃദ്യവും കൗതുകകരവുമായ ഒന്നു തന്നെയാണ്. നിഷ്കളങ്ക സ്നേഹത്തിന് അന്ത്യമില്ല.... അതു ജീവസ്സോടെ എന്നും നിലനിൽക്കും എന്നുകൂടി ഈ കവിത നമ്മോട് സംവദിക്കുന്നു. ●

(മാന്നാനം സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളേജ് വിദ്യാർഥിനിയാണ് ലേഖിക)

വിലാസം: തുരുത്തി ഇല്ലം
കിഴതിരി പി ഓ, രാമപുരം
കോട്ടയം ജില്ല. പിൻ. 686576
മൊബൈൽ: 9188350153
(താമരക്കാട് ഉപസഭ)

യൂനിവേഴ്സിറ്റി ഓഫ് ഇല്ലിനോയ്സിലാണ് പ്രൊജക്റ്റ്. തെർമോഡൈനാമിക്സ് ആണ് ഡോ. വിനോദ് നാരായണന്റെ ഇഷ്ട വിഷയം. ഗാന്ധിനഗർ ഐ.ഐ.ടി.യിലെ

## ഈ നമ്പൂതിരി നേടിയത് 40 ലക്ഷം രൂപയുടെ

# ഫുൾബ്രൈറ്റ് സ്കോളർഷിപ്പ്

**സ്വന്തം ലേഖകൻ**

ഇന്ത്യയിൽ നിന്നു അമേരിക്കയിലെ പ്രശസ്തമായ യൂനിവേഴ്സിറ്റികളിൽ പഠന ഗവേഷണങ്ങൾക്ക് ലഭിക്കുന്ന വളരെ പ്രസ്റ്റീജിയസ് ആയ സ്കോളർഷിപ്പാണ് ഫുൾ ബ്രൈറ്റ് – നെഹ്റു അക്കാദമിക് ആന്റ് പ്രൊഫഷണൽ എക്സലൻസ് അവാർഡ്. പി ജി ക്ക് പഠിക്കുന്നവർക്കും, റിസർച്ച് ചെയ്യുന്നവർക്കും, പ്രൊഫഷണലുകൾക്കും, കലാകാരന്മാർക്കും പോസ്റ്റ് ഡോക്റ്ററൽ ഫെല്ലോഷിപ്പ് ചെയ്യുന്നവർക്കും, ഡിസ്റ്റിംഗ്യൂഷ്ഡ് ഫാക്കൽറ്റി മെമ്പർ മാർക്കും ഇതിന്നപേക്ഷിക്കാം. 4 മാസം മുതൽ 9 മാസം വരെയുള്ള കാലയളവിനാണ് ഇത് ലഭിക്കുക. 12500 യു എസ് ഡോളർ മുതൽ 50000 യു.എസ് ഡോളർ വരെയാണ് അവാർഡ് തുക. ഏകദേശം 100 പേർക്ക് മാത്രമാണ് ഈ അവാർഡ് ലഭിക്കുന്നത്.

ആദ്യമായി യു.എസിലെ ഏതെങ്കിലും യൂനിവേഴ്സിറ്റിയുമായി ഒരു ടൈ അപ് ഉണ്ടാക്കണം. നമ്മളെ അവർ അക്കോമൊഡേറ്റ് ചെയ്യണമല്ലോ. നമ്മൾ ചെയ്യുന്ന വർക്കിൽ, പ്രൊഫഷണൽ ആയാലും, അക്കാഡമിക് ആയാലും എക്സൽ ചെയ്തിരിക്കണം. പഠന ഗവേഷണത്തിന് കൃത്യമായ പ്ലാനും പ്രൊജക്ട് ഡീറ്റയിൽസുമുണ്ടാകണം.

അപേക്ഷിക്കുന്നവർ ഇംഗ്ലീഷിൽ പ്രൊഫിഷ്യന്റ് ആയിരിക്കണം. അപേക്ഷിക്കാൻ TOFEL iBT ചുരുങ്ങിയത് 79 ഉം അല്ലെങ്കിൽ, IELTS ൽ 6.5 ഉണ്ടായിരിക്കണം.

മിനിമം ജി.പി.എ. പറയുന്നില്ലെങ്കിലും ഏക്സലന്റ് അക്കാഡമിക് റികാർഡുള്ളവർക്കേ ഈ അവാർഡ് കിട്ടാറുള്ളു. പ്രൊഫസർമാരുടേയോ ഫീൽഡിലെ പ്രഗത്ഭരായ 3 പേരുടേയോ റെക്കമെന്റേഷൻ ലറ്റർ കൂടി അറ്റാച്ച് ചെയ്യണം. ഈ മൂന്നു പേർക്കും നിങ്ങളുടെ കഴിവുകളെക്കുറിച്ചും, പ്രൊജക്റ്റ് ചെയ്യാനുള്ള കഴിവിനെ കുറിച്ചും, ബുദ്ധിശക്തിയേക്കുറിച്ചും നല്ല ധാരണ വേണം.

ഫുൾ ബ്രൈറ്റിന്റെ അപ്ളിക്കേഷൻ പ്രിപ്പറേഷൻ തന്നെ ശ്രമകരമാണ്.

ഓരോ വർഷവും ജൂലൈ 26 ന് മുൻപാണ് അപേക്ഷിക്കേണ്ടത്. സ്ക്രൂട്ടിനി കഴിഞ്ഞ് ഷോർട്ട്‌ലിസ്റ്റ് ചെയ്യും, അതിനു ശേഷം നടക്കുന്ന ഇൻറർവ്യൂവിന്റെ അടിസ്ഥാനത്തിലാണ് സെലക്ഷൻ . ഈ പ്രൊസീജിയേഴ്സ് എല്ലാം പൂർത്തിയായി റിസൾട്ട് വരാൻ 9 മാസത്തോളം എടുക്കും. ആഗസ്റ്റിൽ തുടങ്ങും അടുത്ത ഏപ്രിലിൽ അവസാനിക്കും.

മുഴുവൻ സമയ കോഴ്സ് ആയിരിക്കും. മറ്റു സൈഡ് ജോലികൾ ചെയ്യാൻ പാടില്ല. കോഴ്സ് ചെയ്യുന്ന യൂനിവേഴ്സിറ്റിയിൽ നിന്നല്ലാതെ

കോട്ടയം ജില്ലയിൽ മള്ളിയൂരിൽ ആയാംകുടിയിൽ പട്ടമന ഇല്ലത്തെ വിനോദ് നാരായണൻ നേടിയത് പ്രസ്റ്റീജിയസ് ആയ ഫുൾ ബ്രൈറ്റ് സ്കോളർഷിപ്പാണ് . 2023 ആഗസ്റ്റ് മുതൽ 9 മാസത്തേക്ക്. ആദ്യത്തെ പോസ്റ്റ് ഡോക്റ്ററൽ ഫെലോഷിപ്പ് ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയന്റിഫിക് റിസർച്ച് ബാംഗളൂർ, ബ്രാൻഷീഗ് ജർമ്മനി എന്നിവിടങ്ങളിൽ വെച്ചും (2005 -2007) രണ്ടാമത്തെ പോസ്റ്റ് ഡോക്റ്ററൽ ഫെലോഷിപ്പ് യൂനിവേഴ്സിറ്റി ഓഫ് കാലിഫോർണിയ, സാന്റാ ബാർബറ യുഎസ് ൽ വെച്ചുമാണ് (2007 -2008) ചെയ്തത്.



*വിനോദ് നാരായണൻ*

പണം സ്വീകരിക്കാനും പറ്റില്ല. സെലക്റ്റ് ചെയ്യപ്പെട്ടാൽ ഫ്ളൈറ്റ് ചാർജ്, അലവൻസുകൾ, മാസം തോറുമുള്ള റെന്യൂമറേഷൻ എല്ലാം ഫ്രീ ആണ്. കഴിഞ്ഞവർഷം മുതൽ കാലാവസ്ഥാ പഠനങ്ങൾക്ക് മാത്രമായി ഫുൾ ബ്രൈറ്റ് - കലാം അക്കാഡമിക് ആന്റ് പ്രൊഫഷനൽ എക്സലൻസ് അവാർഡ് തുടങ്ങിയിട്ടുണ്ട്.

ഇനി നമുക്ക് 2023 - 24 വർഷത്തേക്കുള്ള ഫുൾ ബ്രൈറ്റ് അവാർഡ് നേടിയ ശ്രീ വിനോദ് നാരായണനെ പരിചയപ്പെടാം.

കോട്ടയം ജില്ലയിൽ മള്ളിയൂരിൽ നിന്നും 4 കി മീ ദൂരത്തുള്ള ആയാംകുടിയിൽ പട്ടമന ഇല്ലത്തെ വിനോദ് നാരായണൻ പ്രസ്റ്റീജിയസ് ആയ 2023 - 24 വർഷത്തേക്കുള്ള ഫുൾ ബ്രൈറ്റ് അവാർഡ് നേടി. 2023 ആഗസ്റ്റ് മുതൽ 9 മാസത്തേക്ക് യൂനിവേഴ്സിറ്റി ഓഫ് ഇല്ലിനോയ്സിലാണ് പ്രൊജക്റ്റ് ചെയ്യുന്നത്. തെർമോഡൈനാമിക്സ് ആണ് ഡോ. വിനോദ് നാരായണന്റെ ഇഷ്ട വിഷയം. “Fundamental Charectorisation of Suspensions in Iostropic and Wall Bounded Turbulance” എന്നതാണ് പ്രൊജക്റ്റ് ടൈറ്റിൽ.

ശ്രീ വിനോദ് നാരായണൻ 1995 ൽ മഹാത്മാ ഗാന്ധി യൂനിവേഴ്സിറ്റിയിൽ നിന്നും മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ബി.ടെക്കും, 1999 ൽ കേരള യൂനിവേഴ്സിറ്റിയിൽ നിന്നും എം.ടെക്കും പഠിച്ചു. 2005 ൽ ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയന്റിഫിക് റിസർച്ചിൽ നിന്നും പി എച് ഡി എടുത്തു. ആദ്യത്തെ പോസ്റ്റ് ഡോക്റ്ററൽ ഫെലോഷിപ് ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയന്റിഫിക് റിസർച്ച് ബാംഗളൂർ വെച്ചും (2005-2007) രണ്ടാമത്തെ പോസ്റ്റ് ഡോക്റ്ററൽ ഫെലോഷിപ് യൂനിവേഴ്സിറ്റി ഓഫ് കാലിഫോർണിയ, സാന്റാ ബാർബറ യുഎസ് ൽ വെച്ചുമാണ് (2007 -2008) ചെയ്തത്.

മെറ്റാകമ്പ് ടെക്നോളജീസിൽ സയന്റിസ്റ്റായി 6 മാസം വർക്കു ചെയ്തതിനു ശേഷം ഗാന്ധിനഗർ ഐ.ഐ.ടി.യിൽ 2010 മുതൽ അസിസ്റ്റന്റ് പ്രൊഫസറായും 2020 മുതൽ അസോസിയേറ്റ് പ്രൊഫസറായും ജോലി ചെയ്തു വരുന്നു.




*വിനോദ് നാരായണനും കുടുംബവും*

Theoretical and computational fluid dynamics ൽ ആണ് ശ്രീ വിനോദ് നാരായണന്റെ റിസർച്ച് ഏരിയ. Hydrodynamic stability and transition to Turbulance, fully developed Turbulance, mixing and combustion of high speed flows എന്നിവയിലാണ് ശ്രീ വിനോദ് റിസർച്ച് നടത്തിയിട്ടുള്ളത്.

ശ്രീ വിനോദ് നാരായണൻ പീർ - റിവ്യൂഡ് ഇന്റർനാഷണൽ ജേർണലുകളിൽ 20 ൽ പരം പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 50 ൽ പരം പേപ്പറുകൾ കോൺഫറൻസുകളിലും അവതരിപ്പിച്ചിട്ടുണ്ട്.

ഇപ്പോൾ ലഭിച്ച ഫുൾ ബ്രൈറ്റ് ഫെലോഷിപ്പിൽ ഡോ നാരായണൻ numerical models and experimental technics for suspensions in Iostropic and wall-bounded turbulant flows ഡവലപ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

ആഗസ്റ്റ് 2023 ൽ തുടങ്ങുന്ന പ്രൊജക്റ്റ് 2024 ഏപ്രിൽ വരെ നീണ്ടു നിൽക്കും. 50000 യുഎസ് ഡോളർ (40 ലക്ഷം രൂപ) യാണ് അവാർഡ് തുക.

അച്ഛൻ പട്ടമന നാരായണൻ നമ്പൂതിരിയും അമ്മ ഇന്ദിരാദേവി ടീച്ചറും യോഗക്ഷേമസഭയിൽ സജീവമാണ്. കോട്ടയം ജില്ലാ സെക്രട്ടറിയായും സംസ്ഥാന വൈസ് പ്രസിഡണ്ടായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സഹധർമ്മിണി മലപ്പുറം ജില്ലയിലെ വണ്ടൂർ നെൻമനശ്ശേരി മഴൂർ ഇല്ലത്തെ സ്വപ്ന. രണ്ടു കുട്ടികൾ . മൂത്തമകൾ മീര എട്ടാം ക്ലാസ്സിലും ഇളയമകൾ ഭദ്ര നാലാം ക്ലാസ്സിലും പഠിക്കുന്നു. മൂത്ത സഹോദരൻ പ്രദീപ് യു എസ് എ യിൽ NIST യിൽ ജോലി ചെയ്യുന്നു. രണ്ടാമത്തെ സഹോദരൻ ആയാംകുടി സ്കൂളിൽ ക്ലർക്ക്. പട്ടമന ഇല്ലം ആയാംകുടി മഹാദേവ ക്ഷേത്രത്തിന്റെ ഊരാളനാണ്. ●

വിനോദ് നാരായണൻ,
24/101 ഹൗസിംഗ് ബ്ലോക്ക്
ഐ.ഐ.ടി. ഗാന്ധിനഗർ, പാലാജ്
ഗാന്ധിനഗർ, ഗുജറാത്ത്- 382355
മൊബൈൽ: 9909987547

## ജീവിതാനുഭവം

**സംസാരിച്ചു കൊണ്ടിരിക്കെ പ്രിയതമൻ ഒരു സെക്കൻഡു കൊണ്ട് ഇല്ലാതായപ്പോൾ അനുഭവപ്പെട്ട ശൂന്യതയെ മറികടക്കാൻ ഒരു അന്തർജനം ആ അനുഭവങ്ങളെല്ലാം എഴുതി വച്ചു. തീവ്രമായ ആ അനുഭവങ്ങളാണ് ഇത്**



<u>ഇതായിരുന്നു അവസാനം പറഞ്ഞ വാക്കുകൾ:</u>

# എനിക്കിനിയൊന്നും വേണ്ട ട്ടോ, നളിനീ... തൃപ്തിയായി!

**നളിനി കണ്ടമംഗലം**



2020ൽ വുഹാനിൽ പൊട്ടിപ്പുറപ്പെട്ട കൊറോണ എന്ന മഹാവ്യാധിയിൽ അനേകായിരങ്ങളാണ് എരിഞ്ഞടങ്ങിയത്. എത്രയെത്ര മരണങ്ങൾ.. വേദനകൾ.! കൂടാതെ പ്രളയംകൊണ്ടും പേവിഷബാധയാലും ജനങ്ങൾ വലയുകയായിരുന്നു. 2022 അവസാനത്തോടെ ഇതിന്റെ തീവ്രത കുറഞ്ഞുതുടങ്ങി. പതിയെപ്പതിയെ എല്ലാവരും പഴയ ജീവിതത്തിലേയ്ക്ക് തിരിച്ചുവന്നുകൊണ്ടിരുന്നു. പിന്നീട് ജീവിതത്തിന് വീണ്ടും ഒരു താളവും ലയവും ഉണ്ടാക്കാൻ എല്ലാവരും പാടുപെടുകയായിരുന്നു.

ആയുർവേദവും അലോപ്പതിയും ഹോമിയോപ്പതിയും പരീക്ഷിച്ചു. ജ്യോതിഷിയെ കണ്ടു. തിരുവോണവാരവും വേട്ടേയ്ക്കരൻ പാട്ടും മൃത്യുഞ്ജയഹോമവും നടത്തി. മൃതിയെ ജയിക്കാൻ ഒരു മൃത്യുഞ്ജയത്തിനും കഴിയില്ലല്ലൊ

ഏതാണ്ട് ഈ സമയത്തുതന്നെയാണ് എന്റെ രാമേട്ടനിലും ചില പ്രകടമായ മാറ്റങ്ങൾ ഞാൻ ശ്രദ്ധിച്ചുതുടങ്ങിയത്. എപ്പോഴും ഒരു വിഷാദഭാവമായിരുന്നു. എന്തൊക്കെയോ ചെയ്തുതീർക്കാനുള്ള വ്യഗ്രത എപ്പോഴും ഉണ്ടായിരുന്നു.

ആദ്ധ്യാത്മികമായ കാര്യങ്ങളിൽ പണ്ടുതൊട്ടേ വലിയ താല്പര്യമായിരുന്നു. കെ.എസ്.ആർ.ടി.സി.യിൽ നിന്നും പിരിഞ്ഞതിനുശേഷം അത് കൂടുകയാണുണ്ടായത്. രാവിലെ 5മണിക്ക് എഴുന്നേറ്റ് പ്രാഥമികകർമ്മങ്ങൾക്കുശേഷം എണ്ണയും കുഴമ്പും തേച്ച് ചാത്തമംഗലം അമ്പലത്തിലേയ്ക്ക് ഒരു പോക്കാണ്. അവിടന്ന് കുളിയും തേവാരവുമെല്ലാം കഴിഞ്ഞേ വരൂ. 2022ൽ തളിയിലും, പന്നിയൂരും നടന്ന അതിരുദ്രം ധാരയിൽ പങ്കെടുക്കാനുള്ള ഭാഗ്യവും ഉണ്ടായി. ഒരുപാട് സൗഹൃദങ്ങൾ ഈവഴിയും ഉണ്ടായിരുന്നു. ഈയവസരത്തിൽ എന്റെ അനിയത്തിമാരുടെയും ഏട്ടന്റെയും കുട്ടികളുടെ വിവാഹവും തീരുമാനിച്ചിരുന്നു. വളരെ സന്തോഷത്തോടെയായിരുന്നു അതിലെല്ലാം പങ്കെടുത്തത്. പനി കാരണം ഏട്ടന്റെ മകൾ ആര്യയുടെ വിവാ

ഹത്തിൽ പങ്കെടുക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. അതിൽ രാമേട്ടന് നല്ല വിഷമവും ഉണ്ടായിരുന്നു.

2022ലെ വിഷുവിന് വിദേശത്തു നിന്നും മൂത്തമകൻ രമേശനും കുടുംബവും വന്നു. അപ്പോൾ നല്ല സന്തോഷമായി. ഗുരുവായൂരും, ബന്ധുഗൃഹങ്ങളിലും പോയി. ഭഗവാനെ മനംനിറഞ്ഞു തൊഴുതു. അതുകഴിഞ്ഞ് ചാവക്കാട് അക്വേറിയം കാണാൻ പോയി. നന്നായി ആസ്വദിച്ചു. തിരിച്ചുവന്നതിനുശേഷം കരിങ്കാളിക്കാവിലെ 'പാലുംവെള്ളരി' വഴിപാട് കഴിക്കാൻ എന്റെ ഇല്ലത്തേയ്ക്കുപോയി. രാമേട്ടൻ നല്ല ഉത്സാഹത്തിലായിരുന്നു. കുട്ടേട്ടനോട് കുറേനേരം സംസാരിച്ചിരുന്നു. അവർ പണ്ടുതൊട്ടേ കൂട്ടായിരുന്നുവല്ലോ. അന്ന് അനിയത്തി ജയയുടെ ഇല്ലത്ത് താമസിച്ചു. കുടുംബസമേതമുള്ള അവസാനയാത്രയായിരുന്നു അതെന്ന് അന്ന് ഒട്ടും കരുതിയിരുന്നില്ല. ഭംഗിയായി വഴിപാടെല്ലാം നടത്തി.

മെയ്മാസം ആദ്യവാരംതന്നെ രമേശൻ ബോട്സ്വാനയ്ക്ക് തിരിച്ചുപോയി. പിന്നീടാണ് പല വിഷമതകളും തുടങ്ങിയത്. രാമേട്ടന് തുടർച്ചയായി ഓരോ അസുഖങ്ങൾ.. ചുമ, വേദന അങ്ങനെ ഓരോന്നായി തുടങ്ങി. ഡോക്ടറെ കാണിച്ചിട്ടും ഒന്നും ഭേദമാവുന്നില്ല. ആയുർവേദവും അലോപ്പതിയും പരീക്ഷിച്ചു. രോഗത്തിന് ശമനം ഇല്ലാത്തതിനാൽ വിദഗ്ധചികിത്സയ്ക്കായി കോഴിക്കോട് നിർമ്മല ഹോസ്പിറ്റലിൽ അഡ്മിറ്റ് ആയി. ജൂൺ 9 മുതൽ 16 വരെ അവിടെത്തന്നെ. എല്ലാ ടെസ്റ്റുകളും നടത്തി. രോഗം അല്പം സീരിയസ് ആണെന്ന് ഡോക്ടർ പറഞ്ഞു. ഇൻജക്ഷനും മരുന്നും ഒന്നും ഫലം ചെയ്യുന്നില്ല. പിന്നേയും ക്ഷീണം വർദ്ധിച്ചുകൊണ്ടിരുന്നു. എം.വി.ആർ. ഹോസ്പിറ്റലിലോ മെഡിക്കൽ കോളേജിലോ കൊണ്ടുപോകാൻ ഡോക്ടർ നിർദ്ദേശിച്ചു.

അങ്ങനെ ജൂൺ 17ന് എം.വി.ആർ. കാൻസർ സെന്ററിൽ നാരായണൻകുട്ടിവാര്യർ സാറിന്റെ കീഴിൽ ചികിത്സ തുടങ്ങി. റേഡിയേഷൻ, കീമോ എല്ലാം ചെയ്തിട്ടും രോഗം മൂർച്ഛിക്കുകയാണുണ്ടായത്. വല്ലാത്ത ക്ഷീണവുംചുമയും. ഭക്ഷണം വേണ്ടാത്ത അവസ്ഥ. അച്ഛന്റെ രോഗവിവരമറിഞ്ഞ് രമേശൻ ലീവ് എടുത്ത് വീണ്ടും വന്നു. കൂടെ ഉണ്ണിക്കുട്ടനും. അപർണ്ണയ്ക്ക് ലീവ് കിട്ടിയില്ല. അവനെ കണ്ടപ്പോൾ രാമേട്ടന് വല്ലാത്ത സന്തോഷം. 'നീ വന്നതുകൊണ്ട് എന്റെയസുഖം പകുതി മാറി' എന്നൊക്കെ പറഞ്ഞു.. അവൻ വന്നത് എനിക്കും നല്ല സഹായമായി. എന്തു സഹായത്തിനും അടുത്തുള്ളവർ എപ്പോഴുമുണ്ടായിരുന്നു.

രാമേട്ടൻ നല്ല ഉത്സാഹത്തിലായിരുന്നു. കുട്ടേട്ടനോട് കുറേനേരം സംസാരിച്ചിരുന്നു. അവർ പണ്ടുതൊട്ടേ കൂട്ടായിരുന്നുവല്ലോ. അന്ന് അനിയത്തി ജയയുടെ ഇല്ലത്ത് താമസിച്ചു. കുടുംബസമേതമുള്ള അവസാനയാത്രയായിരുന്നു അതെന്ന് അന്ന് ഒട്ടും കരുതിയിരുന്നില്ല.

ഒരുപാട് മരുന്നുകൾ കുത്തിവച്ചുവെങ്കിലും രോഗത്തിന് മാറ്റമില്ലായിരുന്നു. അവസാനം ഹോമിയോ മരുന്ന് കൊടുത്തുതുടങ്ങി. അപ്പോൾ വേദനയ്ക്ക് അല്പം ആശ്വാസം പോലെ. ജ്യോതിഷിയെ കണ്ടു. കുറേ പരിഹാരങ്ങൾ നിർദ്ദേശിച്ചു. മൃത്യുഞ്ജയ ഹോമവും തിരുവോണവാരവും, വേട്ടേയ്ക്കരൻ പാട്ടും കഴിക്കാൻ പറഞ്ഞു. രമേശൻ തൃപ്രങ്ങോട്ട് പോയി വഴിപാടെല്ലാം നടത്തി. മൃത്യുഞ്ജയഹോമം ഹരിയും ചെയ്തു.

ജൂലൈ 23, മുപ്പെട്ട ശനിയാഴ്ച പാട്ട് കഴിക്കാമെന്ന് മനോജ് പറഞ്ഞു. അതനുസരിച്ച് കോമരവും വാദ്യക്കാരുമെല്ലാം എത്തി. കുറേനാളായി മുടങ്ങിക്കിടക്കുകയായിരുന്ന പാട്ട് നടത്തുന്നു എന്നുകേട്ടപ്പോൾ രാമേട്ടൻ ഏറെ സന്തോഷിച്ചു. വേട്ടേയ്ക്കരൻ പാട്ടിന്റെ ഭാഗങ്ങൾ വീഡിയോ എടുത്ത് രാമേട്ടനെ കാണിച്ചുകൊടുത്തപ്പോൾ 'കുട്ടികൾക്ക് നന്നാവും. അവർ പാട്ട് കഴിച്ചുവല്ലോ' എന്നുപറഞ്ഞു. അതുവരെയുള്ള രോഗാവസ്ഥക്ക് ചെറിയൊരു മാറ്റംപോലെ തോന്നി.

അന്ന് സന്ധ്യയ്ക്ക് നാമം ജപിക്കുമ്പോൾ എന്നോട് പറയുകയാണ് 'നോക്ക്, ഉണ്ണിക്കുട്ടൻ തലയിലൊരു മുണ്ടുംകെട്ടി ചിരിച്ചുകൊണ്ട് വന്നുനിൽക്കുന്നത് നീ കാണുന്നില്ലേ' എന്ന്. അത് ഭഗവാൻ ആണ്. അസുഖം എല്ലാം മാറും എന്ന് ഞാനും പറഞ്ഞു.

രാമേട്ടന്റെ അസുഖം എന്നെ വല്ലാതെ ഉലച്ചിരുന്നു. പുറമേയ്ക്ക് ഒന്നും കാണിക്കാതെ നടക്കുന്നുണ്ടെങ്കിലും ഉള്ളിൽ ആകെ വിങ്ങുകയായിരുന്നു. എന്തെങ്കിലും സംഭവിച്ചാൽ ഞാനെന്തുചെയ്യുമെന്ന ചിന്ത എന്നെ അലട്ടിക്കൊണ്ടിരുന്നു. അന്ന് ഭക്ഷണം കൊടുക്കുന്നതിനുമുമ്പ് 'ഇങ്ങനെ വയ്യാണ്ടായാൽ ഞാൻ എന്തുചെയ്യും' എന്നു ചോദിച്ചു. അപ്പോൾ രാമേട്ടൻ എന്റെ കൈയിൽ കുറച്ചു പണവും ഒരു ഡ്രസ്സും തന്നിട്ട് ഇങ്ങനെ പറഞ്ഞു.

'നീ ഒരിക്കലും കുട്ടികളെ ബുദ്ധിമുട്ടിക്കരുത്.. അഥവാ എനിക്കെന്തെങ്കിലും സംഭവിച്ചാൽ ഭംഗിയായി ശേഷക്രിയ ചെയ്യിക്കണം', 12ദിവസം മതി എന്നും പറഞ്ഞു.

രാമേട്ടൻ എന്തൊക്കെയോ മനസ്സിൽ ഉറപ്പിച്ചിരുന്നു. അല്പം വെള്ളം കുടിക്കണമെന്ന് പറഞ്ഞപ്പോൾ ഞാനത് എടുത്തുകൊടുത്തു. വീണ്ടും കുറച്ച് വെള്ളം അമ്മയ്ക്ക് കൊടുക്കാൻ പറഞ്ഞു. അമ്മ മരിച്ചിട്ട് വർഷങ്ങളായി. ഞാൻ കൊടുത്താൽ അമ്മ കുടിക്കുമോ എന്നു ചോദിച്ചപ്പോൾ കൈചൂണ്ടി ഗ്ലാസ്സ് നിലത്തു വച്ചുകൊടുക്കാൻ പറഞ്ഞു. ഞാൻ അനുസരിച്ചു. പിന്നെ പെങ്ങന്മാർക്ക് വേണ്ടത് കൊടുക്കണം എന്നും പറഞ്ഞു. രാമേട്ടന്റെ ഒരേയൊരു പെങ്ങൾ ചെറുപ്പത്തിലേ മരിച്ചതാണ്. പിന്നെ ഓരോന്ന് മാറിപ്പറയാനും തുടങ്ങി.

നമ്മൾക്ക് രണ്ടാം നമ്പർ വീട്ടിലേയ്ക്ക് പോവാം, ഇവിടെ വേണ്ടാ എന്ന് ഇടയ്ക്കിടെ പറയും. അത് രാമേട്ടൻ ആദ്യം ഉണ്ടാക്കിയ വീടായിരുന്നു. പുതിയ വീട്ടിൽ പാലുകാച്ചണം എന്നെല്ലാം കവിതയോട് പറഞ്ഞു.

ജൂലൈ 24ന് പകൽ എന്നെ വിളിച്ച് വേദം പഠിപ്പിക്കാൻ തുടങ്ങി. അ.. ആ.. ഇ.. ഈ ചൊല്ലിത്തന്നു.

ഞാൻ ശരിക്ക് ചൊല്ലാഞ്ഞിട്ട് ‘നിനക്ക് ബുദ്ധിയില്ല, അങ്ങനെയല്ല ചൊല്ലേണ്ടത്’ എന്നും പറഞ്ഞു.

എത്ര കുട്ടികൾക്ക് വേദവും ശ്രീരുദ്രവുമെല്ലാം പറഞ്ഞുകൊടുത്ത ആളാണ്. അതെല്ലാം ഓർമ്മവന്നു കാണും. സന്ധ്യയ്ക്ക് നാമം ചൊല്ലാനിരുന്നപ്പോൾ അതുവേണ്ടാ ഭാഗവതം വായിച്ചാൽമതി എന്നുപറഞ്ഞു. ഭീഷ്മസ്തുതി, നാരായണകവചം, പന്ത്രണ്ടാം അദ്ധ്യായം എന്നിവ ചൊല്ലിക്കൊടുത്തു. വീണ്ടും ചൊല്ലി. ഇനിയെനിക്ക് ‘ഗീത’ കേൾക്കണം എന്നുപറഞ്ഞു. വന്ദനശ്ലോകം ചൊല്ലിക്കേൾപ്പിച്ചു. ‘ഇനിമതി.. എനിക്ക് സന്തോഷായി’ എന്നുപറഞ്ഞു.

സമയം വൈകുന്നേരം ഏഴര ആയിക്കാണും.ഏകാദശിയാണ്. കഴിക്കാൻ ചപ്പാത്തിയും ഓട്സും കൊടുത്തു. മരുന്ന് കൊടുത്തപ്പോൾ‘എനിക്കല്പം വെള്ളം കുടിക്കണം ’എന്നു പറഞ്ഞു. ഞാൻ വേഗം വെള്ളം കൊടുത്തു. ‘എനിക്കിനിയൊന്നും വേണ്ട ട്ടോ നളിനീ.. തൃപ്തിയായി എനിക്ക്’ എന്ന് പറഞ്ഞു.

പെട്ടെന്ന് ഒരു ചുമ വന്നു. തുപ്പാനായി പാത്രം കാണിച്ചുവെങ്കിലും ഒന്നിനും പറ്റുന്നില്ലായിരുന്നു. മുഖത്തിന് ഭാവവ്യത്യാസം വന്നപോലെ. ഞാൻ ഭുജംഗപ്രയാതം ചൊല്ലി. കുട്ടികളെ വിളിച്ച് അച്ഛന് തീർത്ഥം കൊടുക്കാൻ പറഞ്ഞു. എന്റെ കൈയിൽക്കിടന്നുകൊണ്ട് രാമേട്ടന്റെ ജീവൻ പോവുകയാണെന്ന് അറിയുകയായിരുന്നു. തലേന്ന് പാട്ട് കഴിച്ച അതേ സമയം 8നും 8.30നും ഇടയിൽ ആ അദ്ധ്യായം അവസാനിച്ചു.

ഒരു നല്ല ഗൃഹനാഥൻ, എല്ലാ വിഷയങ്ങളിലും സാമാന്യം അറിവുള്ള പച്ചയായ ഒരു മനുഷ്യൻ, സർവോപരി എല്ലാവർക്കും പ്രിയങ്കരൻ.അതായിരുന്നു രാമേട്ടൻ. എന്തുചെയ്യാം.ഈശ്വരനിശ്ചയം അതായിരുന്നു. ഡോക്ടർ വന്ന് മരണം സ്ഥിരീകരിച്ചു. വെറും ഒരു മാസംകൊണ്ട് കടന്നുവന്ന ആ മഹാവ്യാധി എന്റെ ഭർത്താവിന്റെ ജീവൻ അപഹരിച്ചു. 25ന് രാമേട്ടന്റെ ഇഷ്ടംപോലെ രണ്ടാം നമ്പർ വീടിന്റെ പറമ്പിൽ സംസ്കാരകർമ്മങ്ങൾ നടത്തി. എന്റെ രാമേട്ടൻ ഇപ്പോൾ അവിടെ അന്ത്യവിശ്രമത്തിലാണ്.

രാമേട്ടൻ എന്താണോ ഉദ്ദേശിച്ചത് അതുപോലെ എല്ലാം നടത്തി. അതുവരെ കൂടെയുണ്ടായിരുന്ന ആൾ പെട്ടെന്ന് പോയപ്പോൾ അതെന്നെ വല്ലാതെ ഉലച്ചു. അപ്പോൾ മനസ്സിലൂടെ കടന്നുവന്ന കഴിഞ്ഞുപോയ കാര്യങ്ങൾ ഓരോന്നായി എഴുതിവച്ചു. എവിടെ നോക്കിയാലും അനുഭവപ്പെട്ട ശൂന്യതയെ മറികടക്കാൻ ഇതേ വഴിയുണ്ടായിരുന്നുള്ളൂ.‘കാലമിനിയുമുരുളും വിഷു വരും, വർഷം വരും....’ എന്ന് കക്കാട് എഴുതിയതുപോലെ എല്ലാം വീണ്ടും ആവർത്തിക്കും. അങ്ങനെ ഒരിക്കൽ ഈ ഞാനും. എന്നാലും അതുവരെ പിടിച്ചുനിൽക്കാൻ ആ നല്ല ഓർമ്മകളും പിന്നെ ഈശ്വരഭജനവും അല്ലാതെ വേറൊന്നും ഞാൻ കാണുന്നില്ല. രാമേട്ടൻ പോയിട്ട് ഈ ജൂലൈ ഇരുപത്തിനാലിനു ഒരുവർഷം ആവുന്നു. ഈശ്വരോ രക്ഷതു.●

നളിനി കണ്ടമംഗലം
ചെറില്ലത്ത് കണ്ടമംഗലം
(അനശ്വര),ചാത്തമംഗലം,
ആർ ഇ സി, കോഴിക്കോട്
മൊബൈൽ: 6282983043

ഒന്നാം ശ്രാദ്ധദിനം

24–07–2023

## ചെറില്ലത്ത് കണ്ടമംഗലം
## രാമൻ നമ്പൂതിരി



*ആദരാഞ്ജലികളോടെ:*

ഭാര്യ: നളിനി, മക്കൾ: രമേശ്, രാകേശ്
മരുമക്കൾ: അപർണ, കവിത
പേരക്കുട്ടികൾ: സാരംഗ് റാം, ശ്രീരംഗ് ദേവ്

## ശരണ്യയും വൈശാഖും



തൃപ്പൂണിത്തുറ ഏരൂർ പരേതനായ താമരക്കുളം ടി.വി.ദാമോദരൻ നമ്പൂതിരിയുടെയും പ്രസന്നയുടെയും മകൾ ശരണ്യയും ആലുവ കുട്ടുമശ്ശേരി മന ദാമോദരൻ നമ്പൂതിരിപ്പാടിന്റെയും സുജാതയുടെയും മകൻ വൈശാഖും 2023 മേയ് 7ന് ഞായറാഴ്ച രാവിലെ 9 മണിക്കും 10.45 നും മദ്ധ്യേയുള്ള മുഹൂർത്തത്തിൽ വിനായക കല്യാണമണ്ഡപത്തിൽ വെച്ച് വിവാഹിതരായി.



## 2023 മെയ് 25,1198 എടവമാസം 11, ന് സപ്തതി ആഘോഷിച്ച

# എം പി ശങ്കരനാരായണൻ നമ്പൂതിരി

റിട്ടയേർഡ് അധ്യാപകൻ, മുണ്ടക്കാശ്ശേരി പുല്ലൂർമണ്ണ,
ആക്കോട്, മലപ്പുറം, മൊബൈൽ: 9048427946

ആശംസകളോടെ

പത്നി: ഉമാദേവി, മകൻ: നാരായണൻ, മകൾ: ഗംഗ
പേരക്കുട്ടികൾ: സാരംഗ്, വാസുദേവ്, സംവേദ്യ, ശ്രീക്കുട്ടി





# ഷഷ്ഠിപൂർത്തി ആശംസകൾ

## സരള. പി.എൻ. കരിപ്പത്ത് ഇല്ലം

**ആശംസകളോടെ:**
**ഭർത്താവ്: രാമചന്ദ്രൻ**
**നമ്പൂതിരി കരിപ്പം**
**അരീക്കോട് ഉപസഭ, മലപ്പുറം ജില്ല**
**9446249088**
**മക്കൾ: ധന്യ ,നിത്യ**
**മരുമക്കൾ: ശ്രീനാഥ്, ശ്രീനാഥ് ശർമൻ**
**പേരക്കുട്ടികൾ: സാരംഗ്,സാമജ്.**
**ബന്ധുമിത്രാദികളും.**







*2023 ജൂൺ 11 ന് ചെർപ്പുളശ്ശേരി ശ്രീദുർഗ്ഗാ ഓഡിറ്റോറിയത്തിൽ കൊയ്ത്തടി കുടുംബ സംഗമത്തിന് എത്തിയവർ*

## ചെർപ്പുളശ്ശേരി കാറൽമണ്ണ കൊയ്ത്തടി കുടുംബസംഗമം വേറിട്ടതായി

# തൊണ്ണൂറു കഴിഞ്ഞ ഉദ്ഘാടക

പാലക്കാട് ജില്ലയിലെ കാറൽമണ്ണ കൊയ്ത്തടി മഹളേരുകളായ ഷീന, ദിവ്യ, വിദ്യ സഹോദരിമാർ കൊയ്ത്തടി കുടുംബ സംഗമം ക്ഷണപത്രം തയ്യാറാക്കി സംഘടിപ്പിക്കുന്ന വിവരമറിഞ്ഞപ്പോൾ തറവാട്ടിലെ കാരണവന്മാർ ഏറെ സന്തോഷിച്ചു. സ്ത്രീശാക്തീകരണ കാലഘട്ടമാണ്. അവർക്കു വേണ്ട ഒത്താശകൾ ചെയ്തു കൊടുക്കുക തന്നെ. 2023 ജൂൺ 11 ന് ചെർപ്പുളശ്ശേരി ശ്രീദുർഗ്ഗാ ഓഡിറ്റോറിയത്തിൽ കുടുംബാംഗങ്ങളും ബന്ധുമിത്രാദികളും ഒത്തുകൂടി.

ഫോട്ടോകളിലൂടെ കണ്ടു തൊഴാൻ മൂന്നു മുൻതലമുറകളിലെ കാരണവന്മാർ. മുമ്പിലെ നിലവിളക്കു എണ്ണയും തിരിയുമിട്ട് ഉൽഘാടകരെ പ്രതീക്ഷിച്ചു നിൽക്കുന്നു. സീനിയർ മഹളേരുകളായ കുറൂർ പ്രിയദത്ത (90), അഷ്ടത്ത് ഉമാദേവി (70) എന്നിവർ ഭദ്രദീപ തിരികൾ കൊളുത്തി.1950 കളിൽ തൃശ്ശൂർ സെന്റ് മേരീസിൽ ഇന്റർ മീഡിയറ്റു പഠിച്ച കോളേജുകുമാരി നവതി കഴിഞ്ഞ മുതുമുത്തശ്ശി അഭിവന്ദ്യ. ബംഗളൂരുവിലും മുംബയിലും ഗുജറാത്തിലും നോർത്ത് ഈസ്റ്റിലും ഒക്കെ പ്രവാസി ജീവിതം നയിച്ച അനുഭവസമ്പത്തും ഇരുവർക്കുണ്ട്.

കടവല്ലൂർ അന്യോന്യത്തിൽ കടന്നിരുന്നിട്ടുള്ള, തിരുന്നാവായ ഓത്തന്മാർ മഠത്തിൽ വേദാദ്ധ്യാപകനായിരിക്കെ തലേത്തട്ടിരോഗം ( കോളറ) ബാധിച്ച് 1944ൽ അകാലത്തിൽ ദിവംഗതനായ യശശ്ശരീരനായ കൊയ്ത്തടി (പുന്നപ്പുറം ) നാരായണൻ നമ്പൂതിരിപ്പാടിന്റെ വത്സല പുത്രിയാണ് കുറൂർ പ്രിയദത്ത



*സീനിയർ മഹളേരുകളായ കുറൂർ പ്രിയദത്ത അന്തർജ്ജനവും അഷ്ടത്തുമുണ്ടനാട് ഉമ അന്തർജ്ജനവും ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.*

1950 കളിൽ തൃശ്ശൂർ സെന്റ് മേരീസിൽ ഇന്റർ മീഡിയറ്റു പഠിച്ച കോളേജുകുമാരി നവതി കഴിഞ്ഞ മുതുമുത്തശ്ശി അഭിവന്ദ്യ. ബംഗളൂരുവിലും മുംബയിലും ഗുജറാത്തിലും നോർത്ത് ഈസ്റ്റിലും ഒക്കെ പ്രവാസി ജീവിതം നയിച്ച അനുഭവസമ്പത്തും ഇരുവർക്കുണ്ട്.

അന്തർജ്ജനം .

അമ്പതിൽപ്പരം അണുകുടുംബങ്ങളിലെ ഇരുനൂറിൽ പരം - ആബാലവൃദ്ധം - ബന്ധുമിത്രാദികളുടെ ഒത്തുചേരൽ സാർത്ഥകമായി. 150 വർഷമെങ്കിലും അഞ്ചു തലമുറകളിലെ സോമയാജിമാരും പത്തിനാടിമാരും ഔപാസനാഗ്നി കെടാതെ സൂക്ഷിച്ചു തപോമയ ജീവിതം നയിച്ച ഗുരുകാരണവന്മാർ പിൻതലമുറക്കാരുടെ സുകൃതമാവട്ടെ.

മംഗലത്തേരി നാരായണൻ നമ്പൂതിരി, മോഴികുന്നം ജയൻ, ഡോ.മധു കെ.പരമേശ്വരൻ, പഴയത്ത് പി.എ.പരമേശ്വരൻമാഷ്, മോഴികുന്നം ദാമോദരൻ മാഷ്, കാറൽമണ്ണ കുന്നം കെ.എം.രാജൻ (ആര്യ സമാജ വേദ ഗുരുകുലം), ആലമ്പിള്ളി ശങ്കരൻ നമ്പൂതിരി, ആട്ടീരി വാസുദേവൻ നമ്പൂതിരി, അഷ്ടത്ത് എ.എം.എൻ.നമ്പൂതിരി, മോഴികുന്നം ഡോ. നാരായണൻ (എൻ.ഐ.ടി.), തുടങ്ങിയ ബന്ധുജനങ്ങൾ ആശംസിച്ചും അനുഗ്രഹിച്ചും സംഗമത്തെ ധന്യമാക്കി.

കൊയ്ത്തടി ജാതവേദൻ നമ്പൂതിരി (റിട്ട. ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ) ആമുഖ ഭാഷണം നടത്തി. കൊയ്ത്തടി പുരാവൃത്തം കവിതയാക്കി വഞ്ചിപ്പാട്ടായി അവതരിപ്പിക്കുന്നതിന് കൊയ്ത്തടി വിദ്യ ടീച്ചറും കുട്ടികളും നേതൃത്വം നൽകി. വിഭവ സമൃദ്ധമായ പ്രാതലും ഉച്ചസ്സദ്യയും ആസ്വദിച്ച ശേഷമാണ് കുടുംബ സംഗമത്തിനെത്തിയവർ പിരിഞ്ഞത്. കുടുംബാംഗങ്ങളെ വേർതിരിച്ച് ഫോട്ടോയെടുക്കാനും പരിചയപ്പെടുത്താനും പരസ്പരം കുടുംബവിശേഷങ്ങൾ പങ്കുവെക്കാനും സമയം തികഞ്ഞില്ലല്ലോ എന്ന ഭാവത്തോടെ വീണ്ടും വീണ്ടും പ്രതിവർഷം ഒത്തുകൂടണം എന്ന ആഗ്രഹം നിലനിർത്തി പിരിയുന്നവർക്ക് കൊയ്ത്തടി പരമേശ്വരൻ മാഷ് (ഉണ്ണി) കൃതജ്ഞത പറഞ്ഞു. ●

ജാതവേദൻ കൊയ്ത്തടി
മൊബൈൽ: 9446531962



*ഒന്നിച്ച് പ്രവർത്തനം ആരംഭിച്ച രവിശങ്കറിനും അള്ളാരഖയ്ക്കുമൊപ്പം വർഷങ്ങൾക്കു ശേഷം കൃഷ്ണാ ഇളമൺ (വലത്തേ അറ്റം)*

# മലയാള സിനിമയിലെ ആദ്യത്തെ ശബ്ദ ലേഖകൻ

**ഗിരീഷ് ഇളമൺ**



ആത്മ വിദ്യാലയമേ, ഈശ്വര ചിന്തയിതൊന്നേ, ഹരിവരാസനം, പൊൽത്തിങ്കൾ കല... എന്നീ അനശ്വര സിനിമാ ഭക്തിഗാനങ്ങൾ കേൾക്കുമ്പോൾ ഒരു ശരാശരി മലയാളി ആ ഗാനം പാടിയ ആളൊ അല്ലെങ്കിൽ അതിന്റെ രചൈതാവൊ സംവിധായകനൊ ആരെന്നാകും മനസ്സിലാക്കിയിട്ടുണ്ടാവുക. പക്ഷെ അത് ശ്രവണ വേദ്യമാക്കാൻ റെക്കോർഡു് ചെയ്ത സാങ്കേതിക കൈകൾ ആരുടേതാണന്ന് തിരക്കാൻ താല്പര്യം കാണിക്കാറില്ല. എന്നാൽ ആ അനശ്വര ഗാനങ്ങളടക്കം ഒട്ടനവധി സിനിമാ ഗാനങ്ങൾക്കു പിന്നിൽ ഒരു നമ്പൂതിരിയുടെ കരസ്പർശം ഉണ്ടെന്ന വസ്തുത പലരിലും കൗതുകമുണർത്തിയേക്കാം.



അതെ, കൃഷ്ണാ ഇളമൺ എന്ന പേരിൽ സിനിമാ ലോകത്ത് അറിയപ്പെട്ടിരുന്ന ഇളമൺ മന കൃഷ്ണൻ നമ്പൂതിരി ആയിരുന്നു അദ്ദേഹം.

1919 ൽ തിരുവല്ലയിലെ പ്രസിദ്ധവും അതിപുരാതനവുമായ ഇളമൺ മനയിൽ ജനനം. 1300ാം ആണ്ടിൽ രചിക്കപ്പെട്ടു എന്ന് കരുതുന്ന 'ഉണ്ണുനീലി സന്ദേശ'ത്തിൽ ഇളമൺ മനയെ കുറിച്ചുള്ള വ്യക്തമായ പരാമർശം 700 ൽ അധികം വർഷം ഈ മനക്ക് പഴക്കമുണ്ട് എന്ന യാഥാർഥ്യത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നു,

വംഗനാട്ടിൽ ഉദയം ചെയ്തു എങ്കിലും ഭാരതമൊട്ടാകെ പ്രകാശം



പാട്ടെഴുത്ത്

രവിമേനോൻ

ശബ്ദലോകത്തെ ഇളമൺ ഗാഥ



*മാതൃഭൂമിയിലെ രവി മേനോന് 2015ലെ സംസ്ഥാന ചലച്ചിത്ര പുരസ്കാരത്തിന് അർഹനാക്കിയ ലേഖനം... സ്വാമി അയ്യപ്പന്റെ ചിത്രീകരണ വേളയിൽ ശബരിമലയിൽ ആദ്യമായി ഔട്ട് ഡോറിൽ ലൈവ് റെക്കോർഡിങ്ങിന് ഒരുങ്ങുന്ന ചിത്രമാണ് ഇടതുവശത്തുള്ളത്*

പരത്തി ജ്വലിച്ചു നിന്നിരുന്ന രബീന്ദ്രനാഥ ടാഗോറിന്റെ വ്യക്തിപ്രഭാവത്തിൽ ആകൃഷ്ടനായതുകൊണ്ടാകാം ചങ്ങനാശ്ശേരി S.B College ൽ നിന്നും ഇന്റർമീഡിയേറ്റ് വിദ്യാഭ്യാസത്തിന് ശേഷം ഉപരിപഠനത്തിനായി 1938 ൽ കൽക്കത്തയ്ക്ക് വണ്ടി കയറിയത്.

വളരെ ദുഷകരമായ യാത്രയ്ക്കു ശേഷം ശാന്തിനികേതനിൽ എത്തി ടാഗൂറിന്റെ ശിഷ്യത്വത്തിൽ ബിരുദധാരി ആയി. പിന്നീട് ഒരു സതീർത്ഥ്യന്റെ പ്രേരണയാൽ ബോബയ്ക്കു പോകുകയും അവിടെ എത്തി സൗണ്ട് എൻജിനീയറിംഗ് പാസ്സാവുകയും ഉടൻ തന്നെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ദാദാ സാഹബ് ഫാൽക്കേ അവാർഡു ജേതാവായ വി.ശാന്താറാമിന്റെ ഒപ്പമായിരുന്നു ആദ്യ ജോലി. സൈഗാളും ലതാമങ്കേഷ്ക്കറും പണ്ഡിറ്റ് രവിശങ്കറും അടക്കം പല പ്രതിഭകളുടേയും ഗാനങ്ങൾ റെക്കോർഡ് ചെയ്യാനുള്ള അസുലഭ ഭാഗ്യം ആ കാലഘട്ടത്തിൽ സിദ്ധിക്കുകയുണ്ടായി.

1946ന്റെ അവസാനം നാട്ടിൽ എത്തി വിവാഹിതനായതിന് ശേഷം ബോബയ്ക്ക് മടങ്ങിയില്ല.

**ശാന്തിനികേതനിൽ എത്തി ടാഗൂറിന്റെ ശിഷ്യത്വത്തിൽ ബിരുദധാരി ആയി. പിന്നീട് ഒരു സതീർത്ഥ്യന്റെ പ്രേരണയാൽ ബോബയ്ക്കു പോകുകയും അവിടെ എത്തി സൗണ്ട് എൻജിനീയറിംഗ് പാസ്സാവുകയും ഉടൻ തന്നെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.**

കേരളാ ഹൈക്കോടതിയിലെ ആദ്യത്തെ Registrar ഉം നമ്പൂതിരി സമുദായത്തിലെ ആദ്യത്തെ ജസ്റ്റിസുമായിരുന്ന ചങ്ങനാശ്ശേരി. കുമാരമംഗലസ്സു മനയിലെ K.N.കേശവൻ നമ്പൂതിരിപ്പാടിന്റെ മകൾ രാജേശ്വരിയെ 1947 ൽ വിവാഹം കഴിച്ചു.

ആ ഇടക്കാണ് തിരുവനന്തപുരത്ത് ശ്രീ.പി.സുബ്രഹ്മണ്യം, സിനിമാ നിർമ്മാണത്തിനായി മെരിലാന്റ് സ്റ്റുഡിയോ തുടങ്ങുന്നത്. 1955 ൽ ഇറങ്ങിയ അവകാശികൾ എന്ന സിനിമ മുതൽ 1976 ൽ ഇറങ്ങിയ അവസാന ചിത്രമായ ഹൃദയം ഒരു ക്ഷേത്രം വരെ ഉള്ള ഏതാണ്ട് 70 ഓളം സിനിമകളിൽ ശബ്ദലേഖകനായി പ്രവർത്തിച്ചു.

രണ്ടിടങ്ങഴി, പാടാത്ത പൈങ്കിളി, ഹരിശ്ചന്ദ്രൻ, ഭക്തകുചേല, സ്വാമി അയ്യപ്പൻ, കുമാരസംഭവം, ഹൃദയം ഒരു ക്ഷേത്രം എന്നിവയാണ് സജീവമായ പങ്കാളിത്തം ഉണ്ടായിരുന്ന ശ്രദ്ധേയമായ ചലച്ചിത്രങ്ങൾ.

മലയാള ചലച്ചിത്ര ഗാന ശാഖക്ക് അമൂല്ല്യമായ സംഭാവനകൾ നൽകുന്നതിൽ ഭാഗഭാക്ക് ആകാൻ സാധിച്ചു എന്ന ചാരിതാർഥ്യത്തോടെ 2015ൽ 96 മത്തെ വയസ്സിൽ ഇഹലോക വാസം വെടിഞ്ഞു. ●

അപ്പാർട്ട്മെന്റ് 1 ജെ
നികുഞ്ജം പാംഗ്രോവ്
എൻ.എക്സ്.ടി.
ലുലു മാളിന് എതിർവശം
ആനയറ, തിരുവനന്തപുരം-695029
മൊബൈൽ: 9447723686

**ഇക്കഴിഞ്ഞ മാസം കേരളത്തിന്റെ വടക്കും തെക്കുമായി രണ്ട് വലിയ ഒത്തുചേരലുകൾ നടന്നു. കണ്ണൂരിലെ കൈതപ്രത്ത് സോമയാഗവും കൂത്താട്ടുകുളത്ത് നമ്പൂതിരി മഹാസമ്മേളനവും. അതേപ്പറ്റിയുള്ള റിപ്പോർട്ടുകൾ തുടർന്നുള്ള പേജുകളിൽ**

# മഹാസംഗമത്തിൽ അന്തർജ്ജനങ്ങൾ നമ്പൂതിരിമാരെ തോല്പിച്ചു

**പൊത്തോപ്പുറം കേശവൻ ജയന്തൻ**



കായികമായ മത്സരത്തിൽ അന്തർജ്ജനങ്ങൾക്ക് നമ്പൂതിരിമാരെതോല്പിക്കാൻ പറ്റുമോ? പറ്റുമെന്ന് തെളിയിച്ചതാണ് നമ്പൂതിരി മഹാസംഗമത്തിലെ ഒരു കായികമത്സരം. നാം-23 ന്റെ ഭാഗമായിട്ടായിരുന്നു ഈ മത്സരം.

20,000ലേറെ അംഗങ്ങൾ ഉള്ള നമ്പൂതിരി ഫേസ്ബുക്ക് ഗ്രൂപ്പിൽ ശ്രീജിത്ത് കൃഷ്ണൻ ഒരു ചെറിയ തീപ്പൊരിയിട്ടു, 'നമുക്കൊന്നു കൂടണ്ടേ'?

ആറേഴു വർഷമായി വർഷത്തിൽ ഒരിക്കൽ ഒരു കൂടിച്ചേരൽ പതിവുള്ളതാണ്. കൊറോണ മൂലം മുടങ്ങിക്കിടക്കുകയായിരുന്നു. ഏകദേശം 150-200 പേർ ഒത്തുകൂടിയാൽ ഗംഭീരമായി എന്നു കരുതും. അത്രയുമേ പതിവുള്ളൂ താനും.

കാപ്ര ഊതിവിട്ട തീപ്പൊരി പടർന്നു പിടിക്കാൻ ഒട്ടും താമസമുണ്ടായില്ല. എല്ലാവർക്കും അത്യുത്സാഹം. ''വേണം, വേണം.' കോവിഡ് മൂലം കഴിഞ്ഞ മൂന്നു വർഷങ്ങളായി ഇത്തരത്തിലുള്ള കൂടിച്ചേരൽ മുടങ്ങിക്കിടക്കുകയായിരുന്നു. അതിനാൽ അംഗങ്ങളുടെ ഉത്സാഹത്തിന് അതിരുണ്ടായിരുന്നില്ല.

വേദി എവിടെ എന്ന തകൃതിയായ ചർച്ചകൾ നടക്കുന്നതിനിടയ്ക്ക് ശ്രീധരീയത്തിലെ ഹരി നമ്പൂതിരി ഒരു പടക്കം പൊട്ടിച്ചു, □ശ്രീധരീയത്തിൽ നടത്താം കൂടിച്ചേരൽ, എല്ലാ സൗകര്യങ്ങളും ഒരുക്കാം.□

കാപ്രയുടെ തീപ്പൊരി പോലെ തന്നെ ഈ പ്രസ്താവനയും മാലപ്പടക്കം പോലെ പൊട്ടി. ഹരിയുടെ നിർദ്ദേശത്തെ എല്ലാവരും സഹർഷം സ്വീകരിച്ചു, പിന്തുണച്ചു. പിന്നെ കാര്യങ്ങൾ അതിവേഗത്തിലായിരുന്നു.



**സമുദായത്തിലെ സംരംഭകർക്കു വേണ്ടി സ്റ്റാളുകൾ ഉണ്ടായിരിക്കുമെന്നു പരസ്യപ്പെടുത്തിയപ്പോൾ പത്തോ പന്ത്രണ്ടോ സ്റ്റാളുകൾ ബുക്ക് ചെയ്യപ്പെടുമെന്നു പ്രതീക്ഷിച്ചു. എന്നാൽ ഈ പ്രതീക്ഷയെ തകിടം മറിച്ചുകൊണ്ട് ഇരുപത്തഞ്ചിലേറെ സ്റ്റാളുകൾ ബുക്ക് ചെയ്യപ്പെട്ടു.**

മഹാസംഗമത്തിന്റെ വ്യത്യസ്ത മേഖലകൾ കൈകാര്യം ചെയ്യുവാൻ വേണ്ടി ഉചിതമായ കമ്മറ്റികൾ രൂപീകരിച്ചു. ഹരി എൻ നമ്പൂതിരി (ചെയർമാൻ), സന്തോഷ് താന്നിക്കാട് (ജനറൽ കൺവീനർ), നിധിൻ കൃഷ്ണ (മഹാസംഗമം കോ ഓർഡിനേറ്റർ), രാജൻ നമ്പൂതിരി (ഇവന്റ് കോഓർഡിനേറ്റർ) എന്നിവരടങ്ങുന്ന ഒരു ഓർഗനൈസിങ് കമ്മിറ്റിയോടൊപ്പം, പ്രോഗ്രാം (ചെയർ-ജ്യോതിഷ് സി കൃഷ്ണ); ഫിനാൻസ് (ചെയർ-ബ്രിജേഷ് നീലകണ്ഠൻ); റിസപ്ഷൻ (ചെയർ-നിഷാന്ത് വാസുദേവൻ); അക്കോമഡേഷൻ (ചെയർ-സോമൻ പുനം); പ്രൊമോഷൻ (ചെയർ-രേഷ്മ നകുൽ); ഫുഡ് (ചെയർ-കൃഷ്ണൻ ഈ കെ); ബിസിനസ്സ് പ്രൊമോഷൻ (ചെയർ-നിമൽ നമ്പൂതിരിപ്പാട്); വൈവാഹികമേള (ചെയർ-പ്രശാന്ത് പെരിയമന) തുടങ്ങിയ വിവിധ കമ്മറ്റികൾ അഹോരാത്രം പ്രയത്നിച്ചു.

ഒരു ഫേസ്ബുക്ക് ഗ്രൂപ്പ് ഭീമമായ പണമിടപാടുകൾ കൈകാര്യം ചെയ്യുന്നതിനു നിയമപരമായ പരിമിതികളുണ്ടായിരുന്നു. ഇതിനു മുമ്പു നടത്തിയ കൂടിച്ചേരലുകളുടെ ചിലവുകൾ ഏതെങ്കിലും ഒരു അംഗത്തിന്റെ ചുമതലയിൽ, അദ്ദേഹത്തിന്റെ അക്കൗണ്ട് വഴി നടത്തുകയായിരുന്നു പതിവ്. എന്നാൽ അത് സാദ്ധ്യമാകില്ലായിരുന്നു. ആയിരങ്ങളിലല്ല, ലക്ഷങ്ങളിലാണ് കണക്കുകൾ. അങ്ങനെയാണ് നമ്പൂതിരി വെൽഫെയർ ചാരിറ്റബിൾ ട്രസ്റ്റ് ജന്മമെടുത്തത്. പണമിടപാടുകളെല്ലാം ഈ ട്രസ്റ്റിന്റെ പേരിലാണു നടത്തിയത്.

യോഗക്ഷേമ സഭ സംസ്ഥാന പ്രസിഡണ്ട് അക്കീരമൺ കാളിദാസൻ ഭട്ടതിരി സംഗമം ഉദ്ഘാടനം ചെയ്തു. ചലച്ചിത്ര നടൻ ബാബു നമ്പൂതിരി, മനയത്താറ്റ് ബ്രിജേഷ്

*നാം-23 നമ്പൂതിരി മഹാസംഗമത്തിൻറെ ഉൽഘാടനച്ചടങ്ങ്. (ഇടത്തുനിന്ന്) ശ്രീ ഹരി എൻ. നമ്പൂതിരി, വൈസ് ചെയർ മാൻ, ശ്രീധരീയം; ശ്രീ എൻ.പി. നാരായണൻ നമ്പൂതിരി, ചെയർമാൻ, ശ്രീധരീയം; ശ്രീ അക്കീരമൺ കാളിദാസൻ ഭട്ടതിരി, സംസ്ഥാന പ്രസിഡണ്ട്, യോഗക്ഷേമ സഭ; ശ്രീ ബാ ബു നമ്പൂതിരി, ചലച്ചിത്രനടൻ; ശ്രീ മനയത്താറ്റ് ബ്രിജേഷ് നമ്പൂതിരി; ശ്രീ നിധിൻ കൃഷ്ണ; ശ്രീ സന്തോഷ് താന്നിക്കാട്.*



നമ്പൂതിരി, നമ്പൂതിരി ഫേസ്ബുക്ക് കൂട്ടായ്മയുടെ പ്രധാന അഡ്മിൻ സന്തോഷ് താന്നിക്കാട്, തുടങ്ങിയവർ സംസാരിച്ചു. ഹരി എൻ നമ്പൂതിരി അദ്ധ്യക്ഷത വഹിച്ചു. നിധിൻ കൃഷ്ണ നമ്പൂതിരി വെൽഫെയർ ചാരിറ്റബിൾ ട്രസ്റ്റിനെപ്പറ്റി സംസാരിച്ചു.

ഓൺലൈൻ മത്സരങ്ങളുടെ പരിസമാപ്തിയും നടന്നു. പാട്ട്, നൃത്തം, കൈകൊട്ടിക്കളി, കുട്ടികളുടെ ഫോട്ടോ, പ്രസംഗം, അക്ഷരശ്ലോകം, കവിതാപാരായണം, പ്രഭാഷണം, തുടങ്ങി ചീട്ടുകളി വരെ ഒട്ടേറെ മൽസരങ്ങൾ നടത്തി.

രണ്ടാമത്തെ ദിവസം അന്തർജ്ജനങ്ങളും നമ്പൂതിരിമാരും തമ്മിൽ നടത്തിയ വടംവലി മത്സരം വളരെ കൗതുകകരമായ സംഭവമായിരുന്നു. അന്തർജ്ജനങ്ങൾ നമ്പൂതിരിമാരെ തോല്പിച്ചപ്പോൾ ഉയർന്ന ആരവത്തിലും ആഹ്ളാദത്തിലും അന്തർജ്ജനങ്ങൾ മാത്രമല്ല, നമ്പൂതിരിമാരും കുട്ടികളും ഒത്തുചേർന്നു!

നമ്പൂതിരിമാരുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും എന്ന വിഷയത്തെപ്പറ്റി ശ്രീ ടി.പി.ആർ. നമ്പൂതിരി ചർച്ച നയിച്ചു.പാചകകലയെപ്പറ്റിയുള്ള ‘രുചികരമായ□ ചർച്ചയിൽ ശ്രീ ടി.പി.ആർ. നമ്പൂതിരി, ശ്രീ പഴയി

**അന്തർജ്ജനങ്ങളും നമ്പൂതിരിമാരും തമ്മിൽ നടത്തിയ വടംവലി മത്സരം വളരെ കൗതുകകരമായ സംഭവമായിരുന്നു. അന്തർജ്ജനങ്ങൾ നമ്പൂതിരിമാരെ തോല്പിച്ചപ്പോൾ ഉയർന്ന ആരവത്തിലും ആഹ്ളാദത്തിലും അന്തർജ്ജനങ്ങൾ മാത്രമല്ല, നമ്പൂതിരിമാരും കുട്ടികളും ഒത്തുചേർന്നു!**

ടം മോഹനൻ, ശ്രീ ഉണ്ണികൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

നമ്പൂതിരിമാർ വ്യാപാരരംഗത്തും ഒട്ടും പിന്നിലല്ല എന്ന് ഉച്ചത്തിൽ പ്രഖ്യാപിക്കുന്നതായിരുന്നു ബിസിനസ്സ് പ്രൊമോഷനു വേണ്ടിയുള്ള സമ്മേളനത്തിന്റെ ഗംഭീര വിജയം.

സമുദായത്തിലെ സംരംഭകർക്കു വേണ്ടി സ്റ്റാളുകൾ ഉണ്ടായിരിക്കുമെന്നു പരസ്യപ്പെടുത്തിയപ്പോൾ പത്തോ പന്ത്രണ്ടോ സ്റ്റാളുകൾ ബുക്ക് ചെയ്യപ്പെടുമെന്നു പ്രതീക്ഷിച്ചു. എന്നാൽ ഈ പ്രതീക്ഷയെ തകിടം മറിച്ചുകൊണ്ട് ഇരുപത്തഞ്ചിലേറെ സ്റ്റാളുകൾ ബുക്ക് ചെയ്യപ്പെട്ടു. ഒടുവിൽ സ്റ്റാളുകൾ തികയാതെ വന്നപ്പോൾ തുറന്ന സ്ഥലത്തും കൂടി സൗകര്യം ഒരുക്കേണ്ടി വരികയുണ്ടായി.

സാധാരണഗതിയിൽ, ഇത്തരം കൂടിച്ചേരലുകളിൽ കുട്ടികളെ ഒഴിവാക്കുകയാണു പതിവ്. എന്നാൽ കുട്ടികൾക്ക് വിവിധയിനം ക്രീഡാ സൗകര്യങ്ങളും ഉപകരണങ്ങളും തയ്യാറാക്കി നെല്ലിക്കാട്ടു മനയിലുള്ളവർ. അവർക്കു കളികളെപ്പറ്റിയുള്ള കാര്യങ്ങൾ പറഞ്ഞു കൊടുക്കാനും മേൽനോട്ടം വഹിക്കാനും പരിചയസമ്പന്നരായ പരിശീലകരെ ചുമതലപ്പെടുത്തി. ഒപ്പം തന്നെ മനയുടെ കോമ്പൗണ്ടിൽ നിർമ്മിച്ച നീന്തൽക്കുളവും കുട്ടികൾക്കായി തുറന്നുകൊടുത്തു. ഏതു സമയത്തു നോക്കിയാലും പത്തോ പന്ത്രണ്ടോ കുട്ടികൾ നീന്തൽക്കുളത്തിൽ നീന്തിക്കളിക്കുന്നതു കാണാമായിരുന്നു. കുട്ടികൾ സുരക്ഷിതരാണെന്ന ആശ്വാസത്തിൽ രക്ഷകർത്താക്കൾക്ക് തങ്ങളുടെ ചുമതലകൾ ഭംഗിയായി നിർവ്വഹിക്കാനും സാധിച്ചു.

നമ്മുടെ വേദസംസ്കാരം നിലനിർത്തുന്നതിന്റെ ആവശ്യകത ത്രിശ്ശൂർ ബ്രഹ്മസ്വം മഠം പ്രസിഡണ്ട് അഡ്വക്കേറ്റ് പാഴൂർ പരമേശ്വരൻ ഊന്നിപ്പറഞ്ഞു. സമാപനസമ്മേളനത്തിൽ കേരള ഹൈക്കോടതി ജഡ്ജി പി.വി. കുഞ്ഞികൃഷ്ണൻ, ചലച്ചിത്രതാരം ശ്രീ ശ്രീകാന്ത് മുരളി തുടങ്ങിയവർ പങ്കെടുത്തു സംസാരിച്ചു.

മഹാസംഗമത്തെപ്പറ്റിയുള്ള മധുരസ്മരണകൾക്കൊപ്പം എല്ലാവരേയും ഏറ്റവും ആകർഷിച്ച കാര്യം നെല്ലിക്കാട്ടു മനയിൽ ഉള്ളവരുടെ സ്നേഹവും സഹകരണവും സംഗമത്തിനു വേണ്ടി എന്തും ചെയ്യാനുള്ള വ്യഗ്രതയുമായിരുന്നു. ശ്രീധരീയത്തിലും മനയിലും ഉള്ള മുറികൾ, ഓഡിറ്റോറിയങ്ങൾ, പാർക്കിംഗ്, ആനപ്പുര, സുരക്ഷാവ്യവസ്ഥ, അങ്ങനെയെല്ലാമെല്ലാം സംഗമത്തിനു വേണ്ടി സമർപ്പിച്ചു.

യൂട്യൂബിൽ കൂടിയുള്ള തത്സമയസംപ്രേഷണം അനേകം പേർ വീക്ഷിച്ചു. ഒരു പക്ഷേ നമ്പൂതിരിമാരുടെ ആധുനിക ചരിത്രത്തിൽ ഇത്രയും ബൃഹത്തായ ഒരു കൂടിച്ചേരൽ, ആദ്യമാണെന്നു തോന്നുന്നു. ഏകദേശം മൂവായിരത്തോളം പേർ പങ്കെടുത്തുന്നത്. ●

സരസിജം (പൊത്തോപ്പുറം)
വെളിയന്നൂർ പി.ഒ., വഴി ഉഴവൂർ
കോട്ടയം ജില്ല. ഫോൺ:
9810453289



*യാഗശാലയിൽ അരണി കടഞ്ഞ് അഗ്നി ഉണ്ടാക്കുന്നു*

## കാലടി സംസ്കൃത സർവ്വകലാശാല പ്രൊഫസറാണ്

# ഈ യജമാനൻ

നൂറ്റാണ്ടിനു ശേഷം അത്യുത്തര മലബാറിൽ കൈതപ്രത്ത് 2023 ഏപ്രിൽ 30 മുതൽ മെയ് 5 കൂടി നടന്ന സോമയാഗം ക്രിയാ, ദ്രവ്യ, മന്ത്രശുദ്ധികളെ കൊണ്ട് ശ്രദ്ധേയമായിരുന്നു.

സ്വന്തം ലേഖകൻ

യാഗങ്ങളെല്ലാം ലോകഹിതത്തിനു വേണ്ടിയത്രെ. 'സ്വർഗ്ഗകാ മസ്സോമേന യക്ഷ്യേ' എന്നാണ് സോമയാഗത്തിന്റെ ഫല സങ്കൽപ്പം. സർവ്വചരാചരങ്ങൾക്കും സ്വർഗ്ഗതുല്യമായ അവസ്ഥ വരാൻ മാനവരാശി പ്രകൃതിയോട് നടത്തുന്ന സമർപ്പണമായി സോമയാഗത്തെ കാണാം. ദിവ്യമായ സോമലത ഇടിച്ച് പിഴിഞ്ഞുണ്ടാകുന്ന സത്ത് ആണ് ഇവിടെ പ്രധാനപ്പെട്ട ഹോമദ്രവ്യം. വിശിഷ്ടവും അപൂർവ്വവുമായ കൃഷ്ണാജിനം മുതൽ അനവധി ദ്രവ്യങ്ങൾ യാഗത്തിനായി ഒരുക്കണം. ഹോമങ്ങൾക്ക് വിവിധ മരങ്ങളാൽ നിർമ്മിതമായ സ്രുക്കുകൾ ചമസങ്ങൾ എന്നിവ വേണം. പല ആകൃതിയിലുള്ള മൺപാത്രങ്ങൾ,അനേകതരം ചമതകൾ,ദർഭ,കുശ തുടങ്ങിയ പുല്ലുകൾ ഇങ്ങിനെ പലതും സംഭരിക്കണം. കൃഷ്ണാജിനവും സോമലതയും



*യാഗം യജമാനൻ ഡോക്ടർ കൊമ്പങ്കുളം വിഷ്ണുനമ്പൂതിരി, പത്നി ഉഷ പത്തനാടി*

നൽകാനുള്ള ചുമതല കൊല്ലങ്കോടു രാജാവിനാണ്.

യാഗശാലയിൽ അഗ്നി ഉണ്ടാക്കുന്നത് എല്ലാ പ്രാവശ്യവും അരണി കടഞ്ഞ് മാത്രം. കൈതപ്രം യാഗത്തിന് അരണിയിൽ ഒട്ടും താമസമില്ലാതെ അഗ്നിഭഗവാൻ പ്രത്യക്ഷമായി എന്നതും യാഗപുണ്യം.

ശുദ്ധാശുദ്ധങ്ങളിൽ കടുകിട വീഴ്ച പാടില്ല.ഋത്വിക്കുകളും പരികർമ്മികളും എന്നു വേണ്ട യാഗശാലയിൽ പ്രവേശിക്കുന്നവർക്കെല്ലാം ഇതു ബാധകമാണ്. വേദജ്ഞർ,വൈദികർ, അഗ്നിഹോത്രികൾ, പണ്ഡിതർ,നിരവധി പരികർമ്മികൾ,രാഘവപുരം യോഗത്തിന്റെ വേദപാഠശാലയിലെ പഠിതാക്കൾ. സന്യാസിവര്യർ, ജനപ്രതിനിധികൾ, കലാ സാഹിത്യപ്രവർത്തകർ, കൈതപ്രം നമ്പൂതിരി ഗ്രാമത്തിലെ സർവ്വാംഗങ്ങൾ,ഒപ്പം അണമുറിയാതെ യാഗവേദിയിൽ ഒഴുകി എത്തിയ ജനസഞ്ചയവും ചേർന്ന് ഈ യജ്ഞത്തെ നെഞ്ചിലേറ്റി.

ഷോഡശ സംസ്ക്കാരത്തിൽ അവസാനത്തെതായ അഗ്ന്യാധാനം അനുഷ്ഠിച്ച ആചാര്യനു മാത്രമാണ് അഗ്നി

ഷ്ടോമസോമയാഗം എന്ന മഹായജ്ഞം നടത്താൻ അർഹത.

എപ്രിൽ 29 – മെയ് 5 വരെ നടന്ന സോമയാഗത്തിന്റെ യജമാനനായ ഡോക്ടർ കൊമ്പങ്കുളം വിഷ്ണു നമ്പൂതിരിക്കും (അഗ്നിഹോത്രി)പത്നി ഉഷ പത്തനാടിക്കുമൊപ്പം മക്കളായ സാരസ്വത് മുക്തേശ്വറും വംശീകൃഷ്ണനനും ആർത്വിജ്യം (യാഗക്രിയകളിൽ പങ്കെടുക്കൽ )ചെയ്തു. കൈതപ്രം ദാമോദരൻ നമ്പൂതിരിയായിരുന്നു യാഗസമിതി ചെയർമാൻ.

ഇരിങ്ങാലക്കുടയിലും ശുകപുരത്തുമുള്ള വൈദികരും ശ്രൗതികളും ക്രിയാഭാഗത്തിന് നേതൃത്വം കൊടുത്തു. ചെറുമുക്ക് വൈദികൻ വല്ലഭൻ അക്കിത്തിരിപ്പാട്,പന്തൽ വൈദികൻ ദാമോദരൻ നമ്പൂതിരി,ഏർക്കര നാരായണൻ നമ്പൂതിരി, കവപ്രമാറത്ത് ശങ്കരനാരായണൻ നമ്പൂതിരി എന്നിവർ ആചാര്യരായി.ഇവർക്കൊപ്പം കടലൂർ ശ്രീദാസ്,കൈമുക്ക് വൈദികൻ പരമേശ്വരൻ നമ്പൂതിരി, തിരുത്തിമുക്ക് ഗോവിന്ദൻ നമ്പൂതിരി എന്നിവരും രാഘവപുരം സഭായോഗത്തിന്റെ യജുർവേദ,സാമവേദ വിദ്യാർത്ഥികളും കർമ്മനിരതരായി. പരികർമ്മികളായത് കവപ്രമാറത്ത് പരമേശ്വരൻ നമ്പൂതിരി,കേശവൻ നമ്പൂതിരി,എരണ്ടപ്പുറത്തുകാട് അനൂപ്, കൂടല്ലൂർ സുദീപ് തുടങ്ങിയ പരിചയസമ്പന്നർ.

സോമയാഗത്തിന് 17 ഋത്വിക്കുകൾ ആണ് വേണ്ടത്.ബ്രഹ്മൻ, അധ്വര്യു ,ഹോതൻ, ഉദ്ഗാതൻ,സദസ്യൻ എന്നിങ്ങനെ മഹർത്വിക്കുകൾ. ഇവിടെ ബ്രഹ്മൻ മണ്ണൂർ ഗോപൻ.അധ്വര്യു നടുവം വാസുദേവൻ നമ്പൂതിരി.ഹോതൻ ഏർക്കര ശങ്കരൻ നമ്പൂതിരി.ഉദ്ഗാതാവ് ദിനേശ് കുൽക്കർണി. സദസ്യൻ ശ്രൗതസ്മാർത്തരംഗത്ത് നിറസാന്നിധ്യമായ ഏർക്കര നാരായണൻ നമ്പൂതിരി.

സാമവേദം സമ്പൂർണമായി തോന്നുന്നവർ കേരളത്തിൽ രണ്ടു പേർ മാത്രം. സഹോദരങ്ങളായ പാഞ്ഞാൾ തോട്ടം കൃഷ്ണൻ നമ്പൂതിരിയും ശിവകരൻ നമ്പൂതിരിയും. ഇവരിൽ അനുജനായ ശിവകരൻ നമ്പൂതിരി ഗുരുവായൂർ മേൽശാന്തിയായി തെരഞ്ഞെടുക്കപ്പെട്ടതു കാരണം അദ്ദേഹത്തിന് യാഗത്തിൽ പങ്കെടുക്കാൻ പറ്റിയില്ല. സോമയാഗത്തിൽ ഉദ്ഗാതാക്കളാകാൻ മഹാരാഷ്ട്രക്കാരായ സാമവേദി ബ്രാഹ്മണരെ ഏൽപ്പിക്കുകയായിരുന്നു.

യാഗങ്ങളിൽ പ്രത്യക്ഷ പശ്വാലംഭനം അവസാനമായി നടന്നത് ശുകപുരം അമേറ്റൂർ കണ്ണത്ത് മനയിലാണ്.വപ എടുക്കുന്നത് മൃഗബലി പോലെ ക്രൂരമാണെന്ന വാദങ്ങൾ സമൂഹത്തിൽ അന്നുണ്ടായി.വേദരത്നം ഏർക്കര രാമൻ നമ്പൂതിരി,ചെറുമുക്ക് വൈദികൻ സി വി സോമയാജിപ്പാട്,മുട്ടത്തു കാട്ടിൽ ഇട്ടിരവി മാമുണ്ണ് തുടങ്ങിയവർ ആലോചിച്ച് പാഞ്ഞാൾ യാഗം മുതൽ പ്രത്യക്ഷ പശുവിന് പകരം പിഷ്ടപശു മതി എന്ന് തീരുമാനിക്കുകയായിരുന്നു.

സോമയാഗത്തിന്റെ തുടക്കം മു



*യാഗവേദിയിൽ നിന്ന് ഒരു ദൃശ്യം*

# യാഗച്ചടങ്ങുകൾ

യാഗത്തലേന്ന് ഏപ്രിൽ 29 ന്,യജമാനന്റെ കുലത്തിൽ മൂന്നു തലമുറകളായി യാഗം ചെയ്യാതിരുന്നതിന്റെ പ്രായശ്ചിത്തമായി ഐന്ദ്രാഗ്നം പശു ഇഷ്ടിചെയ്തു.ഇഷ്ടി എന്നാൽ യാഗത്തിന്റെ സംക്ഷിപ്ത രൂപം. ഒന്നാം ദിവസം രാവിലെ ആശ്വിനം പശു ഇഷ്ടി.തുടർന്ന് യാഗ ക്രിയകൾ. ആചാര്യവരണം, ഋത്വിക് വരണം. പത്നീ യജമാനന്മാർ സ്നാന, പവന,ആചമന പുണ്യാഹങ്ങളാൽ ബാഹ്യശുദ്ധിയും പ്രാണായാമാദികളെ കൊണ്ട് ആഭ്യന്തര ശുദ്ധിയും വരുത്തി ഋത്വിക്കുകളോടൊപ്പം ശാലയിൽ പ്രവേശിച്ച് അരണി കടഞ്ഞ് ത്രേതാഗ്നി വിഹരിച്ചു.തുടർന്ന് കൂശ്മാണ്ഡിഹോമവും ദീക്ഷണീയേഷ്ടിയും ചെയ്തു.അധ്വര്യു 'ദീക്ഷിതോസി' എന്ന പ്രൈഷത്തിലൂടെ ദീക്ഷിതധർമ്മങ്ങൾ ഉദ്ബോധിപ്പിച്ചു.

രണ്ടാം ദിവസം പ്രവർഗ്യസംഭാരം, സോമക്രയം, ആതിഥ്യേഷ്ടി, പ്രവർഗ്യോപ സത്തുക്കൾ എന്നിവ ചെയ്തു. ഇത് 2,3,4 ദിവസങ്ങളിൽ ആവർത്തിക്കുന്നു. തുടർന്ന് സോമലതയെ രാജോചിതമായി ഉപചരിക്കുന്ന ആതിഥ്യേഷ്ടി.

മൂന്നാം ദിവസം യൂപം കൊള്ളൽ, വേദീകരണം

നാലാം ദിവസം പ്രവർഗ്യോപസത്തുക്കൾക്കു ശേഷം അഗ്നീഷോമീയം പശു ഇഷ്ടി. അടുത്ത ദിനത്തിനുള്ള ഒരുക്കങ്ങൾ.

അഞ്ചാംദിവസം രാവിലെ രണ്ട് മണിക്ക് ആരംഭം. പ്രാതരനുവാകം എന്ന ഹോതന്റെ ഋഗ്വേദ സ്തുതി, ഉദയത്തിന് മുമ്പ് ചെയ്യേണ്ട ആദ്യത്തെ പ്രധാന സോമാഹുതി അന്നാണ്. തുടർന്ന് ആഗ്നേയം പശുഇഷ്ടി. 8 നാഴിക വീതമുള്ള മൂന്നു സവനങ്ങളിലാണ് ക്രിയകൾ. സാമസ്തുതികളും ഋഗ്വേദ സ്തുതികളും ചൊല്ലുന്നു.ഇവ ആറാം ദിവസം കാലത്തേ കഴിയൂ.

തുടർന്ന് കല്പപ്രായശ്ചിത്തം, അവഭൃഥസ്നാനം ,മൈത്രാവരുണി ഇഷ്ടി. യാഗാഗ്നിയെ ദാവാഗ്നിയായി സങ്കൽപ്പിച്ച് സക്തു ഹോമം, ത്രേതാഗ്നിയെ അരണിയിലേക്ക് ആവാഹിക്കൽ,യാഗശാല അഗ്നിക്ക് സമർപ്പിക്കൽ.യജമാനൻ സ്വഗൃഹത്തിൽ അരണി കടഞ്ഞ് അഗ്നി ജ്വലിപ്പിച്ച് ആജീവനാന്തം സംരക്ഷിക്കുന്നു. ●



*നെഡ്ഢം ഭവത്രാതൻ നമ്പൂതിരി*

തൽ ഒടുക്കം വരെ,ചടങ്ങുകളുടെ തൽസമയ വിവരണം യാഗവേദിയിൽ ആധികാരികമായി നൽകിയത് റിട്ട യേർഡ് അധ്യാപകനായ നെഡ്ഢം ഭവതാത്രൻ നമ്പൂതിരിയായിരുന്നു. ഈ ഫീച്ചറിന് സ്വസ്തിയെ സഹായി ച്ചതും അദ്ദേഹമാണ്.യാഗം യജമാന നായിരുന്ന അഗ്നിഹോത്രി ഡോക്ടർ കൊമ്പങ്കുളം വിഷ്ണു നമ്പൂതിരി ലേ ഖനം പരിശോധിച്ച് വേണ്ട തിരുത്തലു കൾ നടത്തി തന്നു.രണ്ടു പേരോടും സ്വസ്തിയുടെ അളവറ്റ കടപ്പാടുകൾ രേഖപ്പെടുത്തുന്നു. (പത്രാധിപർ) ●

ഡോക്ടർ കൊമ്പങ്കുളം വിഷ്ണു സോമയാജി, മൊബൈൽ :9947788407,
നെഡ്ഢം ഭവത്രാതൻ നമ്പൂതിരി, മൊബൈൽ : 9497808567



*ആചാര്യന്മാർ :ഇടത്തു നിന്ന് പന്തൽ വൈദികൻ ദാമോദരൻ നമ്പൂതിരി, ഏർക്കര നാരായണൻ നമ്പൂതിരി,കൈമുക്ക് വൈദികൻ പരമേശ്വരൻ നമ്പൂതി രി,ചെറുമുക്കു വൈദികൻ വല്ലഭൻ അക്കിത്തിരിപ്പാട്, കടലൂർ ശ്രീ ദാസ്*

## അഗ്നയേ ഇദം ന മമ.

യാഗദീക്ഷ അനുഷ്ഠിക്കുന്ന ആചാര്യൻ അഥവാ യജമാനൻ തന്റെ എല്ലാ സ്വകാര്യങ്ങളും ലോകത്തിന് അർപ്പിക്കുകയാണ്. യാഗം കഴിഞ്ഞ് യാഗാഗ്നി ഇല്ലത്ത് ഔപാസനമായി സൂക്ഷിക്കുന്നത് കെടാനേ പാടില്ല.ചി ട്ടകൾ വൺ ടൈം അല്ല എന്നർത്ഥം. യാഗശേഷവും യജമാനൻ സ്വഗൃഹ ത്തിൽ അരണി കടഞ്ഞ് തീ ഉണ്ടാക്കി എല്ലാ ദിവസവും അഗ്നിഹോത്രവും അമാവാസി,പൗർണമാസി ഇഷ്ടികളും നിർവ്വഹിക്കണം.സ്വർഗ്ഗം എന്നത് മരണശേഷം സംഭവിക്കുന്നതല്ല. ഇഹലോകം സ്വർഗ്ഗതുല്യമാകാൻ വേണ്ട കർമ്മങ്ങൾ നടത്തുകയാണ് വേദജ്ഞരായ ബ്രാഹ്മണർ. ആജീവനാന്തം അനുഷ്ഠിക്കുന്ന തപസ്യയാണത്.പത്നീയജമാനന്മാരിൽ ആദ്യം മരിക്കുന്ന ആളിന്റെ ചിതക്ക് തീ പകരേണ്ടത് ദമ്പതിമാർ അനുഷ്ഠിച്ചു വരുന്ന ഔ പാസനത്തിലെ അഗ്നി കൊണ്ടാണ്. ജന്മജന്മാന്തരങ്ങളിലേക്ക്,മോക്ഷത്തി ലേക്ക് നീളുന്ന യജ്ഞപുണ്യം. ●

Since-2001



SREE RAMANA YATRA

(SREE RAMANA MAHARISHI YATRA SAMITHI)

30/53 - 1, School stop, West yakkara, PALAKKAD Cell-8714549394 9/193 Maharaja junction south nata, GURUVAYUR Cell-9496898311 F1, 2/84, Nadesanar Nagar,Thiruverkadu, CHENNAI Cell-9843119221 SWAMIJI-9943748311

E-mail:yatra@ramanayatra.com Web Site:www.ramanayatra.com

2023-YATRA SCHEDULE BUS YATRA/TRAIN &FLIGHT YATRA

| | | | |
|---|---|---|---|
| AUGUST | 12 DAYS(06-17) KASI ₹ 21000/-* | 9 DAYS(09-17) SRILANKA ₹ 49000/-* | 5 DAYS(30-04) NAVAGRAHAM BUS ₹ 9000/- |
| SEPTEMBER | 12 DAYS(03-14) KASI ₹ 21000/-* | 16 DAYS(15-30) CHARDHAM ₹ 36000/-* | SPECIAL -YATRAS- |
| OCTOBER | 4 DAYS(16-20) CHETTINADU BUS ₹ 7500/- | 6 DAYS(18-23) ANDHAMAN ₹ 28000/-* | 12 DAYS(29-09) KASI ₹ 21000/-* |
| NOVEMBER | 14 DAYS(12-25) NEPAL ₹ 32000/-* | 6 DAYS(15-20) BALI ₹ 33000/-* | 4 DAYS(29-03) RAMESHWARAM BUS ₹ 7500/- |
| DECEMBER | 13 DAYS(02-14) MADHYA PRADESH ₹ 27000/-* | 10 DAYS(07-16) KOLKATA ₹ 18000/-* | 5 DAYS(18-23) KANCHIPURAM BUS ₹ 9000/- |

(*) YATRA AMOUNT + ABOVE FARE EXCLUDES TRAIN / FLIGHT CHARGES



മലപ്പുറം ജില്ലയിൽ വിളയിൽ പാനാട്ട് ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെയും ശോഭയുടെയും മകൾ ശരണ്യയും തൃശ്ശൂർ ജില്ലയിലെ ചെമ്മണ്ണൂർ താഴക്കുളം മനയിലെ വാസുദേവൻ നമ്പൂതിരിയുടെയും ഹേമലതയുടെയും മകൻ വൈശാഖും മേയ് 6 ന് പാനാട്ട് ഇല്ലത്ത് വെച്ച് വിവാഹിതരായി



പൂങ്കുടിൽ മന നാരായണൻ നമ്പൂതിരിയുടെയും ഗീത അന്തർജനത്തിന്റെയും മകൻ നവനീത് നാരായണനും പുക്കിപ്പറമ്പ് തൃക്കുറ്റിശ്ശേരി പുതുശ്ശേരി കൃഷ്ണൻ നമ്പൂതിരിയുടെയും ശ്രീദേവി അന്തർജനത്തിന്റെയും മകൾ ശ്യാമയും കാഞ്ഞമണ്ണ ക്രൗൺ കൺവെൻഷൻ സെന്ററിൽ വെച്ച് വിവാഹിതരായി.



പറമ്പിടി പുതുശ്ശേരി ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെയും രാധാമണി അന്തർജ്ജനത്തിന്റെയും മകൻ നിധിൻദേവും മാവൂർ കണ്ണിപറമ്പ് പേരൂരില്ലത്ത് നാരായണൻ നമ്പൂതിരിയുടെയും ദേവകി അന്തർജ്ജനത്തിന്റെയും മകൾ ഗായത്രിയും 2023 മേയ് 14 ന് ഞായറാഴ്ച രാവിലെ 6.15 നും 8.15 നും മദ്ധ്യേയുള്ള ശുഭമുഹൂർത്തത്തിൽ വിവാഹിതരായി.



കോഴിക്കോട് തിക്കോടി വടക്കേ ചേന്ദമംഗലം വാസുദേവൻ നമ്പൂതിരി - രമ അന്തർജനം ദമ്പതികളുടെ മകൾ ശ്രീവിദ്യയും മലപ്പുറം ഇന്ത്യനൂർ നീലമന ശങ്കരനാരായണൻ നമ്പൂതിരി- സാവിത്രി അന്തർജനം ദമ്പതികളുടെ മകൻ സന്ദീപും 2023 ഏപ്രിൽ 23 ഞായറാഴ്ച കോട്ടക്കൽ ഗംഗാ കല്യാണമണ്ഡപത്തിൽ വെച്ച് വിവാഹിതരായി. മൊബൈൽ: വാസുദേവൻ നമ്പൂതിരി 9447634943



കിഴക്കുമ്പാട്ട് ഉണ്ണിക്കൃഷ്ണൻ നമ്പൂതിരിപ്പാട് -സിനി അന്തർജനം ദമ്പതിമാരുടെ പുത്രൻ നാരായണൻ നമ്പൂതിരിയും തൃപ്പൂണിത്തുറ സച്ചിൻ ഗണേഷ് സൂര്യവൻഷി - സുനിത ദമ്പതിമാരുടെ മകൾ മമ്ത എസ് സൂര്യവൻഷിയും 2023 ജൂൺ 10ന് മലപ്പുറം അരീക്കോട് സൺ സിറ്റി കൺവെൻഷൻ സെന്ററിൽ വെച്ച് വിവാഹിതരായി. മൊബൈൽ: കിഴക്കുമ്പാട്ട് ഉണ്ണിക്കൃഷ്ണൻ നമ്പൂതിരിപ്പാട്:9446104440



40-ാം വിവാഹ വാർഷികം

വിവാഹം - 15/7/1983 വാർഷികം @ 40

ബാണത്തൂർ രാമൻ നമ്പൂതിരി (റിട്ടയേർഡ് ടീച്ചർ)

സുഭദ്ര ടി.പി, താഴെ പാട്ടം

ആശംസകളോടെ മക്കളും പേരക്കുട്ടികളും




ഇല്ലപ്പെരുമ
ബ്രാഹ്മിൻസ്

# മലയാളികളുടെ രുചിക്കൂട്ടുകളിൽ അ

# ബ്രാഹ്മിൻസ്

വിനോദ് മങ്ങത്തായ



തിരുവോണപ്പതിപ്പിൽ ഇല്ലത്തിനു പകരം ഒരു സ്ഥാപനത്തെയാണ് സ്വസ്തി അവതരിപ്പിക്കുന്നത്. വീടിനും നാടിനുമപ്പുറത്താണ് ആ സർവ്വനാമത്തിന്റെ സ്ഥാനം.ലോകമെങ്ങുമുള്ള മലയാളികളുടെ രുചിക്കൂട്ടുകളിൽ ആ പേരുണ്ട്. ബ്രാഹ്മിൻസ്. കറിപ്പൊടികളിലും പിക്കിൾസുകളിലും കേരളത്തിലെ മുൻനിരക്കമ്പനി. തൊടുപുഴയിൽ തുടങ്ങി രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും, യു എസ്സടക്കമുള്ള വിദേശരാജ്യങ്ങളിലും ബ്രാഹ്മിൻസ് എത്തി. കമ്യൂണിറ്റിയുടെ പേരിൽ ശ്രേഷ്ഠമായ ബ്രാന്റിങ്ങ് നടത്തിയ ലോകത്തെ തന്നെ അപൂർവ്വം കമ്പനികളിലൊന്ന്.ബ്രാഹ്മിൻസിന്റെ വിജയഗാഥ എന്റർപ്രൈണർ വിഷ്ണു നമ്പൂതിരിയുടെ ജീവിതരേഖയാണ്.

എട്ടു വയസ്സിൽ അച്ഛൻ മരിച്ചു. പിന്നീട് മൂത്ത ജ്യേഷ്ഠൻ കേശവൻ നമ്പൂതിരിയുടെ സംരക്ഷണയിലായിരുന്നു വിഷ്ണു. പന്ത്രണ്ടു വയസ്സിൽ ആറു രൂപ സലയുള്ള ചിട്ടി വെച്ചു തുടങ്ങി. പിന്നീട് കട്ട് പീസ് കച്ചവടം. മൂവാറ്റുപുഴ ആവോലി സുബ്രഹ്മണ്യക്ഷേത്രത്തിൽ പൂജാരി. പരികർമ്മങ്ങൾക്കും പോകും. അതേസമയം തന്നെ സഹോദരിയുടെ ഇല്ലത്തിനടുത്ത് വയൽ പാട്ടത്തിനെടുത്ത് വിഷ്ണു നെൽകൃഷി തുടങ്ങി. ദൂരെയുള്ള ഗ്രാമത്തിലാണിതെല്ലാം. അപ്പോഴാണ് ഒരു വലിയ പ്രയാസം വന്നത്.കുറച്ചു സ്ഥലത്തേക്ക് മണ്ണൊരുക്കാൻ കാളകളെയൊന്നും പെട്ടെന്നു കിട്ടില്ല. അതൊക്കെ വൻകിട ഏർപ്പാടുകളാണ്. വിഷ്ണുവും കൂട്ടുകാരനും തളർന്നില്ല. ഉഴാനുള്ള കലപ്പ സംഘ



# ആ പേരുണ്ട്

ടിപ്പിച്ചു. കാളയുടെ മുതുകിനു പകരം നുകം സ്വന്തം ശരീരത്തിൽ വെച്ചു കെട്ടിയുള്ള ഓട്ടം. കലപ്പയുമായി വീണ്ടും ഓട്ടം. ഒരു പക്ഷേ ഇങ്ങിനെയൊക്കെ ചെയ്യേണ്ടി വന്ന അപൂർവ്വം മനുഷ്യരിൽ ഒരാൾ. ബ്രാഹ്മണ മേധാവിത്വത്തിന്റെ വീരഗാഥകൾ പാടുന്നവർ ഇതൊന്നും കണ്ടില്ല, കേട്ടില്ല, ചരിത്രം രേഖപ്പെടുത്തിയുമില്ല.

ഇപ്പോൾ നാഗരാജ ക്ഷേത്രം നിൽക്കുന്ന പറമ്പ് അന്ന് മറ്റൊരു കൈവശമായിരുന്നു. അവിടെ റബ്ബറിന് രണ്ടു രൂപ നിരക്കിൽ കുഴിയെടുക്കാൻ പോയത് വിഷ്ണു ഓർത്തു. പിന്നെ ഒരു പലചരക്കുകട തുടങ്ങി.ഒപ്പം തേങ്ങ, കൊപ്ര, വെളിച്ചെണ്ണ ബിസിനസും. കച്ചവടവഴികൾ പക്ഷേ അത്ര എളുപ്പമായിരുന്നില്ല. കൂലിക്ക് ആളെ വെക്കാൻ പ്രാപ്തിയില്ല. വിഷ്ണു നമ്പൂതിരി ഒന്നാന്തരം തലച്ചുമട്ടുകാരനായി

പ്രതിസന്ധികളെ ഒപ്പോർച്ചൂനിറ്റികളാക്കുന്ന വിഷ്ണുവെന്ന ബിസിനസ്മാന്റെ 'ഫയർ' ഇവിടെ കെട്ടുപോയില്ല.

പ്രീഡിഗ്രിയോടെ പഠനം നിർത്തേണ്ടി വന്നു വിഷ്ണുവിന്.എൽ ഐ സി,പിയർലെസ് ഏജൻസി,ടൂർ ഓപ്പറേഷൻ, ചെരിപ്പ് കച്ചവടം തുടങ്ങി ഇരുപത്തിമൂന്ന് കരിയർ പരീക്ഷണങ്ങൾ വിഷ്ണു ചെയ്തു.ഒന്നും നഷ്ടത്തിലായി അവസാനിപ്പിച്ചതൊന്നുമല്ല.ബെറ്റർ ആവാനുള്ള ശ്രമം തുടർന്നു കൊണ്ടേയിരുന്നു എന്ന് മാത്രം.

അതിനിടെ അടിയന്തരാവസ്ഥക്കാലത്ത് (1975) ആർ എസ് എസ് മുദ്രാവാക്യം വിളിച്ചതിന് സ്വാമി അയ്യപ്പദാസിന്റെ കൂടെ ജയിലിലായി.(അന്ന് രാഷ്ട്രീയ സ്വയം സേവക സംഘത്തെ സർക്കാർ നിരോധിച്ചിരുന്നു). ഒന്നും രണ്ടുമല്ല, അറുപത്തഞ്ച് ദിവസങ്ങളുടെ ജയിൽ ജീവിതം. വീണ്ടും നിരവധി കരിയറുകളും പൂജാരി ജോലികളും തുടർന്നു. തൊടുപുഴ നിന്ന് തേങ്ങകൾ വാങ്ങി ദൂരെ കട്ടപ്പനയിൽ വിൽക്കുക, കണിവെള്ളരി കൃഷിക്കാരിൽ നിന്നും ഒന്നിച്ചു വാങ്ങി നഗരത്തിൽ വിൽപ്പന നടത്തുക, ഇങ്ങിനെ പലതും പരീക്ഷിച്ചു. കൊപ്ര കച്ചവടം നിർത്തിയില്ല. ആയിടെ വിവാഹം. വധു ആലപുരം മഠത്തിൽ മനയിലെ മഞ്ജരി.

കണ്ണൂർ ധന്വന്തരി ഏജൻസിയിൽ വിഷ്ണു ജോലി ചെയ്തിരുന്നു. നാട്ടിലായാൽ കുടുംബ ക്ഷേത്രത്തിൽ പൂജയും നടക്കും. അതിനാൽ തൊടുപുഴക്കു തന്നെ മടങ്ങി. തൊടുപുഴ നമ്പൂതിരി പിക്കിൾസിൽ കുറച്ചു കാലം വർക്ക് ചെയ്തു. കറിപ്പൊടി,അച്ചാർ നിർമ്മാണത്തിന്റെയും വിൽപ്പനയുടെയും എല്ലാ വശങ്ങളും പരിചയമാവുന്നത് അങ്ങിനെയാണ്.

സ്വന്തം സ്ഥാപനം തുടങ്ങാൻ വിഷ്ണു നിശ്ചയിച്ചു. പേരിട്ടു. ബ്രാഹ്മിൻസ്. 35000/രൂപയുടെ സ്വയം തൊഴിൽ വായ്പ എടുത്തു. ഒരു ജീവനക്കാരൻ സഹായിച്ചതു കൊണ്ട് മാത്രമാണ് ചുവപ്പുനാടയിൽ കുടുങ്ങാതെ ലോൺ കിട്ടിയതെന്ന് വിഷ്ണു നമ്പൂതിരി ഓർക്കുന്നു. വായ്പാ പണം ഉപയോഗിച്ച് 15 HP പവറുള്ള പൊടിയന്ത്രം വാങ്ങി. രാത്രിയാണ് പൊടിക്കുക.പിന്നെ പൊടിക്കാൻ ഒരാൾ, സഹായിക്കാൻ രണ്ടാൾ ഇതായി അറേഞ്ച്മെന്റ്. തുടക്കത്തിൽ 5000/ രൂപക്ക് മല്ലിയും മുളകും വാങ്ങി.രണ്ടു മുറികൾ മാത്രമുള്ള ഇല്ലമാണ് പ്രൊഡക്ഷൻ ഫാക്ടറി. പാക്കിംഗ് അമ്മ കിടക്കുന്ന മുറിയിൽ. പൊടിയുടെ പ്രശ്നമൊക്കെ നിസ്സാരമാക്കി.മല്ലിയും മുളകുമെല്ലാം ദൂരെ നിന്ന് വരുത്തണം. രാത്രി വൈകി ലോറിയിൽ എത്തുന്ന സാധനങ്ങൾ ഇറക്കുന്നതെല്ലാം വിഷ്ണു ഒറ്റയ്ക്കാണ്. അൺലോഡിംഗ് നടത്തുന്ന ഉടമസ്ഥനു



ബ്രാഹ്മിൻസ് സ്ഥാപകൻ
പുതുക്കുളം വിഷ്ണു
നമ്പൂതിരി, മണക്കാട്,
തൊടുപുഴ.

ജനനം: 22/6/1956.
മരണം: 27/6/2023

കഴിഞ്ഞ ദിവസം ഞങ്ങളെ സ്വീകരിച്ച് ആതിഥ്യമരുളിയ ബ്രാഹ്മിൺസ് സ്ഥാപകൻ ഇന്ന് നമ്മോടൊപ്പമില്ല. ഇല്ലക്കാർക്കൊപ്പം ബ്രാഹ്മിൺസ് ജീവനക്കാരും നാട്ടുകാരും ചേർന്ന് അദ്ദേഹത്തിന് നിറമിഴികളോടെ യാത്രാമൊഴി നൽകി. സ്വർഗ്ഗീയ വിഷ്ണുവേട്ടന് തിലോദകമായി സ്വസ്തി ഇല്ലപ്പെരുമ സമർപ്പിക്കുന്നു.

- ടീം സ്വസ്തി



*ഇപ്പോഴത്തെ ലീഡർ ശ്രീനാഥ് വിഷ്ണു, അച്ഛൻ ബ്രാഹ്മിൻസ് സ്ഥാപകൻ വിഷ്ണു നമ്പൂതിരി*

കീഴിൽ സ്ഥാപനം റീലോഡഡ് ആയി.ആദ്യം കച്ചവടം സൈക്കിളിലായിരുന്നു. നടന്നു വിൽക്കാൻ വേറെയും ആളുകൾ ഉണ്ടായി. പ്രൊഡക്ഷനിൽ ജോലിക്കാർ കൂടുതൽ വേണ്ടി വന്നു. കൂടുതൽ ഓർഡറുകൾ ഉള്ള സീസണുകളിൽ രാപ്പകൽ നിർമ്മാണവും പാക്കിംഗും വേണം. ജോലിക്കാർക്കും സ്വന്തം കൈയ്യാൽ വെച്ചു വിളമ്പി താങ്ങായി,കരുത്തായി മഞ്ജരി കൂടെ നിന്നു.

## അധ്യായം 2: ഉപ്പിലിട്ടത്

അച്ചാറുകളുടെ നമ്പൂരിഭാഷയാണ് ഉപ്പിലിട്ടത്. ഭാര്യയുടെ അച്ഛനായ ആലപുരം മഠം നാരായണൻ നമ്പൂതിരി നന്നായി കടുമാങ്ങയൊക്കെ ഇടുമായിരുന്നു. വിശേഷമായ സ്വാദായിരുന്നു അദ്ദേഹത്തിന്റെ കൂട്ടിന്. അപ്രാവശ്യം ഇട്ടതിന്റെ പകുതി അദ്ദേഹം ഒരു വലിയ ഭരണിയിലാക്കി മകൾക്ക് നൽകാനായി അവളുടെ ഇല്ലത്ത് എത്തിച്ചു.വിഷ്ണു കറിപ്പൊടികൾ ഉണ്ടാക്കി വിറ്റിരുന്ന കാലമായിരുന്നു അന്ന്. അപ്പോഴാണ് ഒന്നാന്തരം അച്ചാർ മൊത്തമായി, അതും സൗജന്യമായി സ്വന്തം ഇല്ലത്ത് എത്തുന്നത്.പിന്നെ ഒന്നും നോക്കിയില്ല. വിഷ്ണുവിലെ ബിസിനസുകാരൻ ഉണർന്നു. ഒഴിഞ്ഞ ബോട്ടലുകൾ സംഘടിപ്പിച്ചു. അച്ചാറുകൾ റീ പാക്കിംഗ് ചെയ്തു. ദിവസങ്ങൾക്കുള്ളിൽ എല്ലാം സോൾഡ് ഔട്ട്. വാങ്ങിയവർ വീണ്ടും വീണ്ടും അന്വേഷണമായി.

ഭാര്യാപിതാവ് നാരായണൻ നമ്പൂതിരിയുടെ കൂട്ടിൽ പിന്നെയും പലതരം മാങ്ങാക്കറികളും നാരങ്ങാക്കറികളും ഓർഡറനുസരിച്ച് ഇവിടെ ഉണ്ടാക്കി. വിൽപ്പന തകർത്തു. വിപുലമാക്കാൻ ഏജൻസികളെ വെച്ചു. ബ്രാഹ്മിൻസിന്റെ ആദ്യ ഏജൻസികൾ എറണാകുളത്തായിരുന്നു. ഇടപ്പള്ളി ഞായല്ലൂർ മനക്കാരും മേഘ മാർക്കറ്റിംഗും. മറ്റു കടകളിൽ അവർ എത്തിക്കുകയായിരുന്നു.

അന്നു മുതൽ മുപ്പത്തഞ്ചു വർഷങ്ങളായി ആദ്യത്തെ ഏജൻസികൾ ബ്രാഹ്മിൻസിന്റ കൂടെയുണ്ട്.

## ബ്രാഹ്മിൻസ് ടച്ച്

ആദ്യം വിവിധ അളവുകളിൽ ഇൻഗ്രഡിയന്റ്സ് ചേർത്ത് കറി പൗഡറുകൾ ഉണ്ടാക്കുന്നു. രുചിച്ചു നോക്കി ഏറ്റവും സ്വാദുള്ള സാമ്പിളിന്റെ അനുപാതമനുസരിച്ച് ബൾക്ക് നിർമ്മാണം. അതാണ് അപ്രൂവ്ഡ് കോമ്പിനേഷൻ.

രുചിപ്പൊരുത്തം നോക്കാൻ മാസ്റ്റർ പായ്ക്കറ്റ് എല്ലാ പ്രാവശ്യവും സൂക്ഷിക്കും. ഓരോ ബാച്ചിന്റെ പ്രൊഡക്ഷനിലും ഇതാവർത്തിക്കുന്നു. ബ്രാഹ്മിൻസിന്റെ തനതു രുചി വരാൻ ഇന്നും ഈ രീതിയാണ് കമ്പനി തുടരുന്നത്.

## തേവാരം, ക്ഷേത്രം:

നിത്യവും ഗണപതിപൂജ ചെയ്തിരുന്നു.ഇല്ലം വകയായി നാഗരാജ പ്രതിഷ്ഠയുള്ള ക്ഷേത്രം പരിപാലിക്കുന്നു. ക്ഷേത്ര ദർശനം മുടക്കാറില്ല. പൂജാരിമാർക്കും മറ്റു ജീവനക്കാർക്കും മാന്യമായ വേതനം നൽകുന്ന ക്ഷേത്രത്തിൽ തൊഴാൻ വരുന്ന എല്ലാ ഭക്തർക്കും എന്നും ഏറ്റവും ഹൈജീനിക് ആയി പ്രാ



*പുതുക്കുളം വിഷ്ണു നമ്പൂതിരി, സഹധർമ്മിണി മഞ്ജരി. ശ്രീനിധി, നിൽക്കുന്നവർ: ശിവാനി, ശ്രീനാഥ് വിഷ്ണു, അർച്ചന, മാനസി, സത്യ വിഷ്ണു, റിഥിമ, ജിതിൻ ശർമ്മ*

ബിസിനസ് ലോകത്തിന്ന് ഏറെ വിലയുള്ള പേരാണ് ബ്രാഹ്മിൻസ്. പേരിനു പിന്നിലൊരു കഥയുണ്ട്. യാദൃശ്ചികതകൾ നൽകിയ സമ്മാനം. വർത്തമാനം പറഞ്ഞ കൂട്ടത്തിൽ താൻ ഒരു സ്ഥാപനം തുടങ്ങാൻ പോവുന്നു എന്നും അതിനൊരു പേരു നോക്കുകയാണെന്നും വിഷ്ണു കൂട്ടുകാരോട് പറഞ്ഞു. പലരും പറഞ്ഞ നിരവധി പേരുകളിൽ ബ്രാഹ്മിൻസ് എന്ന നാമം മാത്രം വിഷ്ണു മനസ്സിൽ കോറിയിട്ടു; മായാതെ, മറയാതെ.അതായിരുന്നു, അന്നായിരുന്നു ഈ വലിയ കമ്പനിയുടെ ജാതകർമ്മം.

ഒരാളിൽ തുടങ്ങി ഒന്നു വലുതായപ്പോൾ ഇരുപതു ജോലിക്കാരായി.സ്ത്രീ തൊഴിലാളികളെ സുരക്ഷിതമായി അവരവരുടെ വീട്ടിൽ കൊണ്ടാക്കുമായിരുന്നു. ഇന്ന് ഫാക്ടറിയിൽ തന്നെ സ്ഥിരമായി മുന്നൂറോളം ജീവനക്കാരുണ്ട്. അന്നും ഇന്നും ഭക്ഷണം കമ്പനി വകയാണ്.ഒന്നാന്തരം സസ്യാഹാരം നൽകുന്ന കാന്റീൻ ബ്രാഹ്മിൻസ് നടത്തുന്നു.

ബ്രാഹ്മിൻസ് വലുതാകുകയായിരുന്നു. പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി റജിസ്റ്റർ ചെയ്തു. ക്വാളിറ്റി എന്നും ആപ്തവാക്യമാക്കി.ആന്ധ്രയിൽ ചിറ്റൂർ നിന്ന് മഞ്ഞൾ, ഗുണ്ടൂർ നിന്ന് മുളക്,രാജസ്ഥാനിലെ കോട്ടയിൽ നിന്ന് മല്ലി .. ഇങ്ങിനെ കൃത്യമായ പർച്ചേസ് പ്ലാനുകൾ ഉണ്ടായി.ഇല്ലത്തിനോട് ചേർന്ന് ആധുനിക സൗകര്യങ്ങളുള്ള ഫാക്ടറി സ്ഥാപിച്ചു. തമിഴ്നാട്ടിലും ആന്ധ്രയിലും പ്രൊഡക്ഷൻ യൂനിറ്റുകൾ വന്നു. പുതിയ ഉൽപ്പന്നങ്ങൾ ആരംഭിച്ചു. ധാരാളം രാജ്യങ്ങളിലേക്ക് കയറ്റുമതി തുടങ്ങി.

തൽ വിളമ്പുന്നു.

'എവിടെയായാലും നമ്മൾ നമ്മളായിരിക്കണം. സത്യസന്ധതയും നന്മയും എന്നും പാലിക്കണം. റിസ്ക് എടുക്കണം. കഠിനാധ്വാനം വേണം. ബ്രാഹ്മിൻസിന്റെ വിജയസൂത്രവും അതാണ്. സമൂഹം എന്നും സഹായിച്ചിട്ടേ ഉള്ളൂ. ബ്രാഹ്മണനായതിനാൽ നമ്മൾ വാക്ക് പാലിക്കുമെന്ന് ആളുകൾക്ക് ധാരണയുണ്ട്. അത് ബിസിനസിൽ തുണയായി. വലിയ ചീറ്റിംഗുകളൊന്നും നേരിട്ടിട്ടില്ല. ജാതി മത രാഷ്ട്രീയം നോക്കാതെ ഞങ്ങളും സംഭാവന നൽകാറുണ്ട്.ഈ സൊസൈറ്റിയിലല്ലേ ബ്രാഹ്മിൻസ് വളർന്നത്? എല്ലാതരം മനുഷ്യരും നമ്മുടെ കസ്റ്റമേഴ്സ് ആണല്ലോ.അതൊന്നും ഒരിക്കലും മറന്നു കൂടാ'

പുതുതലമുറ എൻറർപ്രൈനേഴ്സിന് ബ്രാഹ്മിൻസിന്റെ വിജയമന്ത്രമോതിക്കൊടുക്കുകയായിരുന്നു വിഷ്ണു നമ്പൂതിരി.



*ബ്രാഹ്മിൻസ് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീനാഥ് വിഷ്ണു (നിൽക്കുന്നവരിൽ ഇടത്തു നിന്ന് നാലാമത്) സ്വീഡനിൽ അന്നത്തെ ഇന്ത്യൻ പ്രസിഡണ്ട് പ്രണബ് മുക്കർജിടൊപ്പം.*






*ബ്രാഹ്മിൻസ് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീനാഥ് വിഷ്ണു (പിന്നിൽ ഇടത്തു നിന്ന് മൂന്നാമത് ) കോൺഫഡേറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (CII) ഡെലിഗേറ്റ്: 2018 ഗ്രീസ് കോൺഫറൻസിൽ അന്നത്തെ ഇന്ത്യൻ രാഷ്ട്രപതി റാംനാഥ് കോവിന്ദിനൊപ്പം.*

## ബ്രാഹ്മിൻസ് ഇവർ

ഡയറക്ടർ ബോർഡ്

1 തൊടുപുഴ പുതുക്കുളം വിഷ്ണു നമ്പൂതിരി: ചെയർമാൻ

2 എറണാകുളം ആലപുരം മഠത്തിൽ മന മകൾ മഞ്ജരി:വൈസ് ചെയർമാൻ

3 ശ്രീനാഥ് വിഷ്ണു മാനേജിംഗ് ഡയറക്ടർ

4 സത്യ വിഷ്ണു

5 അർച്ചന എടമന

6 ജിതിൻ ശർമ്മ

## മഞ്ജരി

യുനീക് ആയ പേരായിരുന്നു മഠം നാരായണൻ നമ്പൂതിരി തന്റെ മൂത്ത മകൾക്കിട്ടത്.മഞ്ജരി. ബ്രാഹ്മിൻസ് കുടുംബത്തിൽ ഇപ്പോഴത്തെ ഫസ്റ്റ് ലേഡി.

പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിൽ ടൈപ്പിസ്റ്റ് ആയി 21 വർഷം.പിന്നീട് വോളണ്ടറി റിട്ടയർമെന്റ്.

നാൽപ്പത്തിമൂന്നു കൊല്ലങ്ങൾക്കു മുമ്പ് വിഷ്ണുവിന്റെ വിവാഹപത്നിയായി തൊടുപുഴയിൽ എത്തി.മഞ്ജരിയെ വിഷ്ണുവിന്റെ അമ്മ വാത്സല്യത്തോടെ ഇല്ലത്തേക്ക് എതിരേറ്റപ്പോൾ പുതിയ സ്നേഹ ഗാഥ തുടങ്ങുകയായിരുന്നു. അന്നുമിന്നും.

“തനിക്ക് ഇവിടെ വലിയ കരുതലും കൺസിഡറേഷനും ഉണ്ടായിരുന്നു. ഭർത്താവിന്റെ ഒരു തീരുമാനത്തിനും എതിരു പറഞ്ഞിട്ടില്ല.എല്ലാം പ്ലാൻ ചെയ്യുന്നത് ഈശ്വരന്മാരല്ലേ? തിരിഞ്ഞു നോക്കുമ്പോൾ നിറഞ്ഞ സംതൃപ്തിയാണ്.” നമ്പൂതിരിമാരുടെ ഏറ്റവും വലിയ ഭക്ഷ്യോദ്പാദക സ്ഥാപനത്തിന്റെ ഡയറക്ടർക്ക് എന്നും വിനയം മാത്രം. സഹധർമ്മത്തിൽ ചരിക്കുന്നത് മഞ്ജരിയോപ്പോൾക്ക് വെറും വാക്കുകളല്ല.താങ്ങായി തണലായി എന്നും കൂടെ ഉണ്ടാകും എന്ന



*മഞ്ജരി, വിഷ്ണു നമ്പൂതിരി*

കാൽപ്പനിക വാചകങ്ങളുമല്ല. അവയവദാനമെന്ന പുണ്യമായിരുന്നു അത്. ഭർത്താവിന് കിഡ്നി മാറ്റി വെക്കേണ്ടി വന്നപ്പോൾ സ്വന്തം കിഡ്നി നൽകുകയായിരുന്നു മഞ്ജരിയോപ്പോൾ. വിഷ്ണു നമ്പൂതിരിക്ക് പെർഫക്റ്റ് മാച്ച് ആകുന്ന ബ്ലഡ് ഗ്രൂപ്പ് ആയിരുന്നു ഓപ്പോൾക്ക് എന്നത് നിയതിയുടെ പദ്ധതിയാകാം.

ബ്രാഹ്മിൻസിന്റെ വർക്കേഴ്സ് നാട്ടാർ,ഇല്ലക്കാർ, ആ സ്നേഹമഞ്ജരി എന്നുമറിയുന്നു.

എല്ലാ അർത്ഥത്തിലും മേഡ് ഫോർ ഈച്ച് അദർ ആണ് വിഷ്ണുവേട്ടനും മഞ്ജരിയോപ്പോളും. ശ്രീക്കുട്ടനും അർച്ചനയും(ശ്രീനാഥ് വിഷ്ണു,സഹധർമ്മിണി അർച്ചന),സത്യയും കണ്ണനും(സത്യ വിഷ്ണു, ഭർത്താവ് ജിതിൻ ശർമ്മ) ഞങ്ങളെ പോലെ തന്നെ പെർഫക്റ്റ് മാച്ച് എന്ന് മഞ്ജരിയോപ്പോൾ കൂട്ടിച്ചേർത്തു.



*ബ്രാഹ്മിൻസ് ലീഡർ ശ്രീനാഥ് വിഷ്ണു, സഹധർമ്മിണി അർച്ചന*

## മഠം നാരായണൻ നമ്പൂതിരി

എറണാകുളം ജില്ല ഇലഞ്ഞി ആലപുരത്താണ് ഇല്ലം. വിദ്യാഭ്യാസ വകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി മുപ്പത്തിമൂന്ന് വർഷങ്ങൾക്കു മുമ്പ് വിരമിച്ചു.ഇപ്പോൾ നവതിയിൽ. സഹധർമ്മിണി സാവിത്രി അന്തർജ്ജനത്തിന്റെ കൂടെ വിശ്രമജീവിതം.

മൂത്ത മകൾ മഞ്ജരിയെ ജോലിയൊന്നുമില്ലാത്ത പുതുക്കുളം വിഷ്ണു നമ്പൂതിരിക്ക് പെൺകൊട നൽകിയതിനെപ്പറ്റി മഠം നാരായണൻ നമ്പൂതിരി ഇങ്ങിനെ പറഞ്ഞു. ജാതകപ്പൊരുത്തം,സ്ഥിരോത്സാഹം, സൗന്ദര്യം ഇതൊക്കെ ഉള്ള ആലോചന വരുമ്പോൾ,അതും തൊടുപുഴക്കു സമീപം മണക്കാട്ടുള്ള എന്റെ ഓപ്പോൾ വഴിയും ഏട്ടന്റെ മകൻ വഴിയും വന്നപ്പോൾ അത് നിരസിക്കാൻ പാടില്ലല്ലോ. സ്വത്തും മുതലുമല്ല,ഭാവിയാണ് നോക്കേണ്ടത്.പത്തു പ്രാവശ്യം പല ബിസിനസുകൾ നടത്തിയെന്നത് ശുഭസൂചനയാണ്. സ്ഥിരോത്സാഹത്തിന്റെ തെളിവാണ്.എന്തെങ്കിലും ചെയ്യുന്നവർക്കല്ലേ വിജയ പരാജയങ്ങൾ ഉണ്ടാകൂ?ഇല്ലത്ത് ചെറുകുന്ന് അന്നപൂർണേശ്വരിയുടെ വിഗ്രഹമുണ്ട്.ആലോചന ഉറപ്പിക്കാൻ ദേവി മനസ്സിൽ പറയുകയായിരുന്നു.

മലയാളിയുടെ അടുക്കളകളിൽ ബ്രാഹ്മിൻസിന്റെ പെരുമ നിറയുമ്പോൾ അന്നപൂർണേശ്വരിയുടെ അനുഗ്രഹവർഷം പ്രത്യക്ഷമാവുകയാണ്. ഉപ്പിലിട്ടതുകളുടെ നിർമ്മാണ വിപണനത്തിലേക്ക് ബ്രാഹ്മിൻസ് എത്താൻ കാരണമായത് അങ്ങ് മകൾക്ക് സമ്മാനിച്ച കണ്ണിമാങ്ങ വഴിയല്ലേ എന്നു ചോദിച്ചപ്പോൾ ‘അതെല്ലാം ഒരു നിമിത്തം മാത്രമല്ലേ’ എന്നായിരുന്നു നാരായണൻ നമ്പൂതിരിയുടെ മറുമൊഴി. വലിയ കമ്പനികളിലൊന്നിന്റെ തലപ്പത്ത് ഇരിക്കുന്ന മകളുടെ അച്ഛന് അതിന്റെ ഭാവ ഭാരങ്ങളില്ല.എല്ലാം ഈശ്വരേച്ഛ എന്ന വിനയം മാത്രം.

മഞ്ജരിയുടെ സഹോദരൻ ജയറാം, റിട്ടയേർഡ് സീനിയർ മാനേജർ, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ എറണാകുളം റീജനൽ ഓഫീസ്.

സഹോദരി മായ റിട്ടയേർഡ് അധ്യാപിക.



ശിവാനി, ശ്രീനാഥ് വിഷ്ണു, മാനസി, അർച്ചന



ജിതിൻ ശർമ്മ, ശ്രീനിധി ,സത്യാ വിഷ്ണു, റിദ്ധിമ



ഫീച്ചർ തയ്യാറാക്കാൻ സഹായിച്ചത്: പരമേശ്വര ശർമ്മ, ചീഫ് ലൈഫ് പാർട്ണർ, TATA AIA Life Insurance



പുതുക്കുളം ഇല്ലം

## ബ്രാഹ്മിൻസ് ഇന്ന്

പുതു തലമുറയിലെ ശ്രീനാഥിന്റെ നേതൃത്വത്തിൽ പ്രൊഡക്ട് ഡൈവേഴ്സിഫിക്കേഷനും ടൈഅപ്പുകളുമായി കേരളത്തനിമയുടെ ആഗോള ബ്രാന്റാകാനുള്ള പാതയിലാണ് ബ്രാഹ്മിൻസ്. ബ്രിട്ടീഷ് പാർലമെന്റിലും അന്താരാഷ്ട്ര വേദികളിൽ വിവിധ കോൺഫറൻസുകളിലും ശ്രീനാഥ് ബ്രാഹ്മിൻസിനെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

ഇന്ത്യൻ ഇൻഡസ്ട്രിയിലെ മുൻനിരക്കാരായ അസീം പ്രേംജിയുടെ വിപ്രോ, കേരളത്തിലെ ഭക്ഷ്യോൽപ്പന്ന മേഖലയിൽ നിലവിലുള്ള ഏതെങ്കിലും കമ്പനിയുമായി സഹകരിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചപ്പോൾ തെരഞ്ഞെടുത്തത് ബ്രാഹ്മിൻസിനെ ആയിരുന്നു.ഇനി പുതു മോടിയിൽ, വിപ്രോയുടെ മാർക്കറ്റിംഗ് നെറ്റ്‌വർക്കിൽ, കേരളത്തിന്റെ ബ്രാഹ്മിൻസ് ലോകമാർക്കറ്റിൽ എത്തുകയാണ്.പ്രൊഡക്ഷനിലും ഉടമസ്ഥതയിലും മാറ്റങ്ങളില്ല. പുതിയ കളറിൽ രണ്ടിലകൾ എന്ന ഡിസൈൻ ലോഗോയും 'A Vegetarian Promise' എന്ന ശാശ്വതമായ ടാഗ് ലൈനുമായി ബ്രാഹ്മിൻസിന്റെ ബിസിനസ് തുടരുകയാണ്. കേരളത്തിലും

പുറത്തുമായി ആധുനികമായ പ്രൊഡക്ഷൻ സംവിധാനങ്ങൾ ഇന്ന് ബ്രാഹ്മിൺസിന് സ്വന്തം.

തൊടുപുഴയിൽ വെള്ളം വറ്റാറില്ല. ഇടുക്കി പവർ ഹൗസിൽ നിന്നും എപ്പോഴുമെത്തുന്ന ജലപ്രവാഹമാണ് കാരണം.പുഴയുടെ തീരത്താണ് പുതുക്കുളം ഇല്ലവും ബ്രാഹ്മിൻസിന്റെ ഫാക്ടറിയും റീട്ടെയിൽ ഔട്ട്ലെറ്റും നാഗരാജ ക്ഷേത്രവും സ്ഥിതി ചെയ്യുന്നത്.ഉറവ വറ്റാത്ത നന്മയുടെ,സത്യത്തിന്റെ സ്ഥാപനമായി ബിസിനസ് ലോകത്ത് ബ്രാഹ്മിൻസ് ചുവടുറപ്പിക്കുകയാണ്. അഭിവാദയേ വിഷ്ണു ശർമ്മാ നാമ:അഹമസ്മിഭോ.




*ബ്രാഹ്മിൺസിന്റെ ആദ്യത്തെ പൊടിയന്ത്രം*



## പുതുക്കുളം നാഗരാജ ക്ഷേത്രം

പുതുക്കുളത്തില്ലത്തെ ക്ഷേത്രമാണ് നാഗരാജ ക്ഷേത്രം.നിത്യപൂജ, ആയില്യത്തിന് വിശേഷം.രാവിലെ എന്നും എല്ലാ തീർത്ഥാടകർക്കും കാപ്പിയും ഉപ്പുമാവും നൽകുന്ന അപൂർവ്വം ക്ഷേത്രങ്ങളിലൊന്ന്.

വെട്ടിക്കോടും മണ്ണാറശ്ശാലയും പോലെ, നാഗശാപങ്ങളിൽ നിന്ന് രക്ഷ നേടാനും ഉദ്ദിഷ്ട കാര്യസിദ്ധിക്കുമായി അനേകം തീർത്ഥാടകരാണ് നിത്യവും ഇവിടെ എത്തുന്നത്. ക്ഷേത്രസന്നിധി പവിത്രമായി പരിപാലിക്കപ്പെട്ടിരിക്കുന്നു.മള്ളിയൂർ അനുഗ്രഹിച്ച ഗണപതിവിഗ്രഹവും വിശേഷമായ പ്രതിമകളും ചുറ്റുമുണ്ട്. സർപ്പക്കാവും അപൂർവ്വങ്ങളായ വൃക്ഷങ്ങളും ഏറ്റവും വൃത്തിയായി പരിപാലിക്കുന്ന നടപ്പാതകളും ചേരുമ്പോൾ തൊടുപുഴ തൊട്ടൊഴുകുന്ന ഈ ക്ഷേത്രസന്നിധിക്ക് വല്ലാത്തൊരു പരിപാവനതയാണ്.

എല്ലാ അഭിവൃദ്ധികൾക്കും കാരണം ഇവിടത്തെ കാരുണ്യവും അനുഗ്രഹവുമാണെന്ന് വിഷ്ണു നമ്പൂതിരി.

യു ട്യൂബിൽ അടുത്തിടെ റിലീസ് ചെയ്ത നാഗരാജ സ്തുതി 'ശ്രീ വാസുകിം ഭജേ' എഴുതിയത് പുതുക്കുളം വിഷ്ണു നമ്പൂതിരിയാണ്. സംഗീതവും ആലാപനവും, അധ്യാപകനും സംഗീതജ്ഞനുമായ രാജു നാരായണൻ നമ്പൂതിരി.വിഷ്ണു നമ്പൂതിരിയുടെ സഹോദരീപുത്രിയുടെ ഭർത്താവാണ് ഇദ്ദേഹം.

ശ്രീ വാസുകിം ഭജേ ക്യു. ആർ. കോഡ് താഴെ

# പുതുക്കുളം വിഷ്ണു നമ്പൂതിരി



ബ്രാഹ്മിൻസ് സ്ഥാപകൻ, മുൻ മാനേജിംഗ് ഡയറക്ടർ.

മാതാപിതാക്കൾ:പരേതരായ പുതുക്കുളം വിഷ്ണു നമ്പൂതിരി, പാലാ പിഴക് പൂവപ്പിള്ളി സാവിത്രി അന്തർജനം

ജനനം: 22-6-1956, നക്ഷത്രം.തൃക്കേട്ട, വേദം: ഋഗ്വേദം, ഗോത്രം :ഭരദ്വാജ

ഇല്ലപ്പെരുമയുടെ ചരിത്രം: ഈ ഇല്ലക്കാർ ടിപ്പുവിന്റെ കാലത്ത് മലബാറിൽ നിന്നും പലായനം ചെയ്ത താണെന്ന് വിശ്വസിക്കുന്നു. കേരള ചരിത്രത്തിൽ പ്രത്യേകം പരാമർശിക്കേണ്ട പലായനമായിരുന്നു പതിനെട്ടാം നൂറ്റാണ്ടിൽ മലബാറിൽ ഉണ്ടായത്. മധ്യ, തെക്കൻ കേരളത്തിലേക്ക് നമ്പൂതിരിമാരുടേയും ഉന്നത ജാതിക്കാരുടേയും അഭയാർത്ഥി പ്രവാഹമായിരുന്നു.വന്നവർക്കെല്ലാം വടക്കുംകൂർ രാജാവ് അഭയം നൽകി എന്ന് കഥകൾ.കോഴിക്കോട് ബാലുശ്ശേരിയിലും മറ്റു ചില പ്രദേശങ്ങളിലും പുതുക്കുളം എന്ന പേരിൽ ഇന്നും ഇല്ലങ്ങളുണ്ട്.പുതുക്കുളത്തിന്റെ കോഴിക്കോടൻ ബന്ധങ്ങൾക്ക് സാധുതയുണ്ടെന്നർത്ഥം.

സഹോദരങ്ങൾ: കേശവൻ നമ്പൂതിരി (Late)

ശ്രീദേവി അന്തർജനം

സുബ്രഹ്മണ്യൻ നമ്പൂതിരി (Late)

ശാന്താദേവി

സഹോദരപത്നിമാരും സഹോദരീഭർത്താക്കന്മാരും: ഉദയനാപുരം ദേവസേന അന്തർജനം, മൂവാറ്റുപുഴ കൊന്നശ്ശേരി സുബ്രഹ്മണ്യൻ നമ്പൂതിരി, യശോദ കാഞ്ഞിരമറ്റം, ലക്ഷ്മീനാരായണ ജ്യോതിസ്

വിവാഹം:1980

സഹധർമ്മിണി: ഇലഞ്ഞി ആലപുരം മഠത്തിൽ മന മഞ്ജരി

മക്കൾ: ശ്രീനാഥ് വിഷ്ണു, സത്യ വിഷ്ണു

മരുമക്കൾ:മാരാരിക്കുളം എടമന അർച്ചന

ഈരാറ്റുപേട്ട വെള്ളൂർ ജിതിൻ ശർമ്മ (എഞ്ചിനീയർ)

പേരക്കുട്ടികൾ: 1 ശിവാനി, 2 മാനസി, 3 റിഢിമ, 4 ശ്രീനിധി

* * * * * *

**1987-ൽ രണ്ട് ജീവനക്കാരുമായി ബ്രാഹ്മിൺസ് തുടങ്ങി. ഇന്ന് വർഷത്തിൽ 9300 ടൺ ഭക്ഷ്യോല്പന്നങ്ങൾ ബ്രാഹ്മിൺസ് നിർമ്മിക്കുന്നു.**

## ബ്രാഹ്മിൺസ് ഇനി വിപ്രോയുടെ കൂടെ

ബ്രാഹ്മിൻസിന്റെ ന്യൂ ജൻ എം ഡി ശ്രീനാഥ് വിഷ്ണു.ഡയറക്ടർമാരായ സഹോദരി സത്യയും ഭർത്താവ് ജിതിൻ ശർമ്മയും ബംഗളൂരുവിൽ ജോലി നോക്കുമ്പോൾ ബ്രാഹ്മിൻസിനെ നയിക്കുന്നത് മാനേജ്മെന്റിൽ മാസ്റ്റർ ബിരുദധാരിയായ ശ്രീനാഥാണ്.കൂടെ ജീവിതപങ്കാളി മാരാരിക്കുളം എടമന ഇല്ലത്തെ മകൾ എം സി എക്കാരിയായ അർച്ചന. വലിയ ബിസിനസ് മീറ്റുകളിൽ പങ്കെടുക്കുമ്പോൾ,24 X 7 ഹാർഡ് & സ്മാർട്ട് മാനേജ്മെൻറ് നടത്തുമ്പോൾ, രാജ്യങ്ങളിൽ നിന്ന് രാജ്യങ്ങളിലേക്ക് പറക്കുമ്പോൾ,അസീം പ്രേംജിയുമായി ബിസിനസ് സംസാരിക്കുമ്പോൾ ശ്രീനാഥ് വിഷ്ണുവിന് ക്ഷീണം ലവലേശമില്ല. പരിഭ്രമവുമില്ല അച്ഛനുമമ്മയും കാണിച്ചു തന്ന വഴികളതാണ്. ശ്രീനാഥ് പറഞ്ഞു. എല്ലാറ്റിനും കൂടെ പുതു മാനേജ്മെന്റ് പാഠങ്ങളുമായി സഹധർമ്മിണി അർച്ചനയുമുണ്ടല്ലോ.(ഗ്രേറ്റ് ബിസിനസ്മാനായ അച്ഛന്റെ നക്ഷത്രം തന്നെയാണ് അർച്ചനക്കുമെന്ന് മഞ്ജരിയോപ്പോൾ.)




വലിയ ബിസിനസിനൊപ്പം ഒരു മോഹമായി ശ്രീനാഥ് നടത്തുന്ന കുഞ്ഞു വ്യവസായ സ്ഥാപനമുണ്ട്, പുതുക്കുളം ഇല്ലപ്പറമ്പിൽ തന്നെ.ആയിരങ്ങൾ വിലയുള്ള ഡിസൈനർ പേനകളാണ് പ്രൊഡക്ഷൻ.ശ്രീനാഥ് ലണ്ടനിൽ നിന്നും പഠിച്ച് പരിശീലനം നേടിയ വിദ്യയാണിത്. അമൂല്യമായ പെൻ ഓരോന്നും യുനീക് ആണ്.ഒന്നു പോലെ മറ്റൊന്നില്ല,ഉണ്ടാക്കില്ല. ബ്രാന്റ് നെയിം RYTOL. ഓർഡർ അനുസരിച്ചാണ് നിർമ്മാണം.കൗണ്ടർ വിൽപ്പനയില്ലെന്നർത്ഥം. മറ്റെവിടെയും കിട്ടാത്ത, ആവശ്യക്കാരന് വേണ്ടി പ്രത്യേകം തയ്യാർ ചെയ്ത് ലഭിക്കുന്ന സമ്മാനം വാങ്ങാൻ നോക്കുന്നവർ ഇവിടെ എത്തുന്നു. തുല്യതയില്ലാത്ത തൂലികയാണ് RYTOL.

സ്വസ്തിയോട് യാത്ര പറഞ്ഞ് ഷെഡ്യൂൾ ചെയ്ത ബിസിനസ് മീറ്റുകൾക്കായി ശ്രീനാഥും അർച്ചനയും ഇറങ്ങി. ●


മഞ്ജരി
8590017585
വാട്സ് ആപ് only



# പൂജ പഠിപ്പിച്ചത് മമ്മൂട്ടിയെ

**അഥർവ്വത്തിൽ മമ്മുട്ടിയെ തന്മയത്വത്തോടെ പൂജ ചെയ്യാൻ പഠിപ്പിച്ചത് ഒരു നമ്പൂതിരിയായിരുന്നു. രണ്ടു കൊല്ലം മുമ്പു രംഗമൊഴിഞ്ഞ് പോയ തുപ്പേട്ടൻ എന്ന പരുത്തിപ്ര സുബ്രഹ്മണ്യൻ നമ്പൂതിരി**

ഉദയൻ നമ്പൂതിരിപ്പാട്



മമ്മുട്ടി നായകനായി 1989 ൽ പുറത്തിറങ്ങിയ സിനിമയാണ് അഥർവം. വേദപണ്ഡിതന്റെ മകനായി താണ ജാതിയിൽ ജനിച്ച് വേദങ്ങളും മന്ത്രങ്ങളും പഠിച്ച ഒരാളുടെ കഥയാണത്. വിവിധങ്ങളായ പത്മമിട്ട് സങ്കീർണങ്ങളായ മന്ത്രങ്ങൾ ചൊല്ലി പൂജ ചെയ്യുന്ന നായകനാണ് മമ്മുട്ടി. മമ്മുട്ടിയെ തന്മയത്വത്തോടെ പൂജ ചെയ്യാൻ പഠിപ്പിച്ചത് ഒരു നമ്പൂതിരിയായിരുന്നു. രണ്ടു കൊല്ലം മുമ്പു രംഗമൊഴിഞ്ഞ് പോയ തുപ്പേട്ടൻ എന്ന പരുത്തിപ്ര മന സുബ്രഹ്മണ്യൻ നമ്പൂതിരിയായിരുന്നു.

അദ്ദേഹത്തെ നേരിട്ടറിഞ്ഞവരും കേട്ടറിഞ്ഞവരും ഉണ്ടാവും. ആരായിരുന്നു തുപ്പേട്ടൻ? വേദങ്ങൾ ചൊല്ലാനറിയുന്ന വേദപണ്ഡിതൻ, സാധകൻ, പൂജാരി, മന്ത്രവാദി, ഒരു എഞ്ചിനീയർ, ചിത്രകാരൻ, നാടകസിനിമാ നടൻ, സിനിമാ പ്രവർത്തകൻ, അതുമല്ലെങ്കിൽ നല്ലൊരു എഴുത്തുകാരൻ.പക്ഷേ ഇതൊന്നുമായിരുന്നില്ല, അല്ലെങ്കിൽ ഇതെല്ലാം കൂടിയായിരുന്നു.

എം.ടിയും ഹരിഹരനും ചേർന്ന് ചെയ്ത പരിണയം ഒരു വൃദ്ധനമ്പൂതിരിയുടെ നാലാം ഭാര്യയായി അകാലത്തിൽ വിധവയായ നമ്പൂതിരി പെൺകുട്ടിയുടെ കഥയാണ്. ഈ കുട്ടി പിഴച്ചുപോയി ഭ്രഷ്ടു കല്പിക്കപ്പെട്ട് സമുദായത്തിൽ നിന്നു പുറത്താക്കപ്പെടുന്നതുമാണ് പിന്നീടുള്ള കഥ. സിനിമയിൽ സ്

തുപ്പേട്ടനെ ഞാൻ കാണാൻ തുടങ്ങിയത് വേളി ക്രിയകളിലാണ്. കനമുള്ള ശബ്ദത്തിൽ വേളി ഓത്ത് ചൊല്ലുന്ന ദീർഘകായൻ. ആ ആളാണ് തുപ്പേട്ടനെന്നു പിന്നീടാണു മനസ്സിലായത്. അദ്ദേഹത്തിന്റെ അമ്മയുടെ അമ്മാത്ത് എന്റെ ഇല്ലത്തായിരുന്നു. ആ വകയിൽ ഞങ്ങൾ ചാർച്ചക്കാരായിരുന്നു. അദ്ദേഹത്തിന്റെ രീതികൾ വത്യസ്തമായിരുന്നു. ചിലപ്പോൾ സംസ്കൃതം സംസാരിക്കുന്ന കർണ്ണാടകയിലെ ഉൾഗ്രാമങ്ങളിൽ. അല്ലെങ്കിൽ തമിഴ്നാട്ടിലെ അഗ്രഹാരങ്ങളിലും ക്ഷേത്ര നഗരികളിലും. ഇടക്കിടെ തോൾ സഞ്ചിയിൽ ഒരു ജോഡി ഡ്രസ്സുമായി ഹിമാലയം കയറും. പിന്നെ മാസങ്ങൾ കഴിഞ്ഞാലെ പ്രത്യക്ഷപ്പെടു. ഒരിക്കൽ ഇംഗ്ലണ്ടിലുമെത്തി. സായിപ്പുമാരും മദാമ്മമാരും ശിഷ്യന്മാരായി എന്നും കേട്ടിട്ടുണ്ട്.

നാടകവും സിനിമയും വിട്ടശേഷം ആത്മാന്വേഷണമായിരുന്നു. മന്ത്രങ്ങളും ശാസ്ത്രങ്ങളും ലോകത്തെവിടെ പോയി പഠിക്കാനും, പ്രയോഗിക്കാനും ശ്രമം തുടങ്ങി. പലർക്കുംഗുരുനാഥനായി. ഒരു ചാർട്ടേർഡ് അക്കൗണ്ടിനേയും അദ്ദേഹത്തിന്റെ മകനേയും ഉപനയനം കഴിപ്പിച്ചു. ശിഷ്യന്മാക്ക് തന്റെ അറിവുകൾ വാരി വാരി കൊടുക്കാനും മടിയുണ്ടായിരുന്നില്ല. അക്കാലത്ത് എന്നും ആരെങ്കിലും വന്ന് പൂജകൾക്കും ക്രിയകൾക്കും വിളിച്ചു കൊണ്ടുപോകും. അല്ലെങ്കിൽ പ്രശ്നവിധികളും ചാർത്തുകളുമായി ഉപദേശം തേടി വരും. ആരേയും തുപ്പേട്ടൻ നിരാശരാക്കി പറഞ്ഞയച്ചിരുന്നില്ല. അദ്ദേഹത്തിന്റെ രീതികളും ശരീര ഭാഷകളും അത്തരം കർമ്മങ്ങൾക്കു യോജിച്ചതായിരുന്നു. അതിനാൽ തന്നെ ആ രംഗത്തും അദ്ദേഹത്തിന് ആവശ്യക്കാരേറെ ആയിരുന്നു. ●





*അരവിന്ദന്റെ ദേശീയ അവാർഡു നേടിയ സിനിമ കാഞ്ചനസീതയിൽ തുപ്പേട്ടൻ*

മാർത്തനായി തിലകനായിരുന്നു അഭിനയിച്ചത്. വിചാരണയുടെ ഒരോ രംഗവും ഒരു കാര്യവും വിട്ടു പോകാതെ കൃത്യമായി ചിത്രീകരിക്കാൻ സംവിധായകനെ സഹായിച്ചതും ഈ നമ്പൂതിരി തന്നെ.

അതുപോലെ അരവിന്ദൻ എന്ന മഹാനായ സംവിധായകന്റെ കാഞ്ചനസീത. ദേശീയ അവാർഡു നേടിയ സിനിമയാണ്. വേദാലാപനങ്ങളും സംസ്കൃത മന്ത്രങ്ങളും പാശ്ചാത്തലമായുള്ള ഒരു അപൂർവ്വ സിനിമയായിരുന്നു അത്. അതു അണിയിച്ചൊരുക്കാൻ അരവിന്ദന്റെ കൂടെ ഉണ്ടായിരുന്നതും ഇദ്ദേഹം തന്നെ. അരവിന്ദൻ സിനിമ എടുക്കാൻ തുടങ്ങിയതു മുതൽ ഈ നമ്പൂതിരിയുമായി തുടങ്ങിയ സുഹൃദ്ബന്ധം മരിക്കുന്നതുവരെ കൊണ്ടു നടന്നു. അരവിന്ദന്റെ പല സിനിമകളിലും ഈ നമ്പൂതിരി ചെറിയ വേഷങ്ങളിൽ അഭിനയിച്ചിട്ടുമുണ്ട്.

ഒരിടത്ത് എന്ന അവാർഡ് സിനിമ പലരും ഓർക്കുന്നുണ്ടാവും. അധുനിക സൗകര്യങ്ങൾ കടന്നു ചെല്ലാത്ത ഒരു ഗ്രാമത്തിൽ വൈദ്യുതി എത്തുന്നതും നിഷ്കളങ്കരായ ഗ്രാമീണരുടെ ജീവിതത്തിൽ അതു വരുത്തുന്ന മാറ്റങ്ങളുമാണ് ആ സിനിമയുടെ പ്രമേയം. ഗ്രാമക്ഷേത്രത്തിന്റെ അരയാൽ തറയിലിരുന്ന് വരാൻ പോകുന്ന ആപത്തുകളെ പറ്റി വിളിച്ചു കൂവുന്ന ഭ്രാന്തനായി അഭിനയിച്ചത് ഈ നമ്പൂതിരിയായിരുന്നു. അരവിന്ദനു പുറമെ അക്കാലത്തെ പ്രശസ്ത സംവിധായകരായിരുന്ന ഹരിഹരൻ, ഭരതൻ, ലോഹിതദാസ് തുടങ്ങിയ പ്രശസ്ത സംവിധായ

കരുടെ സഹായിയായി പല സിനിമകളിലും പ്രവർത്തിച്ചിരുന്നു. വരിക്കാശ്ശേരി മന, പോഴത്തുമന,പാറയ്ക്കാട്ടുമന തുടങ്ങിയ ഇല്ലങ്ങൾ സിനിമയിൽ വന്ന് പ്രശസ്തമായതും ഇദ്ദേഹത്തിലൂടെയായിരുന്നു.

സിനിമാ രംഗത്തു തന്നെ തുടർന്നിരുന്നുവെങ്കിൽ വലിയൊരു നടനോ സംവിധായകനോ ആവുമായിരുന്നു. എന്നാൽ, ചില മനുഷ്യർ അങ്ങനെയാണ്. ദൈവം കഴിവുകൾ വാരിക്കോരി കൊടുക്കും. എല്ലാ മേഖലകളിലും കൈവെയ്ക്കും. പക്ഷേ, ഒന്നിലും ഉറച്ചു നിൽക്കാനോ, തുടർന്നുകൊണ്ടുപോകാനോ പേരെടുക്കാനോ അവർക്കാവാറില്ല. പലപ്പോഴും തുടങ്ങിവെച്ചത് പകുതി എത്തുമ്പോൾ ഇട്ടെറിഞ്ഞു പോവും.

1979 കാലത്ത് നചികേതസ്സ് എന്നൊരു നോവൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചിരുന്നു. അന്നു കലാകൗമുദിയിലെല്ലാം ഒരു നോവൽ പ്രസിദ്ധീകരിച്ചു വരിക, അതും ഒരു തുടക്കകാരന്റെ എന്നതു ചില്ലറ കാര്യമായിരുന്നില്ല.

ഒററപ്പാലത്ത് ചോറോട്ടൂരാണ് പരുത്തിപ്രമന. അമ്മാത്ത് കുറുമ്പത്തൂർ പാഴിയോട്. പാണ്ടിക്കാട്ടെ വെട്ടിക്കാട്ടിരി എന്ന സ്ഥലം അമ്മാത്തെ മുത്തശ്ശനായ പാഴിയോടു ഭട്ടതിരിപ്പാട് മകൾക്ക് കൊടുത്തു. അവിടെയാണു തുപ്പേട്ടൻ സ്കൂളിൽ പഠിച്ചത്. ഉപനയനം കഴിഞ്ഞ് വേദം പഠിക്കാനായി തൃശൂർ ബ്രഹ്മസ്വം മഠത്തിൽ ചേർത്തു. പക്ഷേ അവിടത്തെ കർക്കശമായ രീതികളും ചിട്ടകളും 7 വയസ്സുകാരന് ഉൾകൊള്ളാനായില്ല. പലപ്പോഴും അവിടെ നിന്നു ഇല്ലത്തേക്ക് ഓടിപ്പോരും. ഒടുവിൽ വേദ പഠനം പൂർത്തിയാക്കാതെ 6 കൊല്ലം പഠിച്ച് അവിടം വിട്ടു.

പിന്നെ സ്ക്കൂൾ പഠനമായി. തൃപ്രയാർ പോളി ടെക്നിക്കിൽ നിന്നും മെക്കാനിക്കൽ എഞ്ചിനിയറിങ്ങ്. ജോലി തേടി ബോംബേക്കുപോയി. പ്രമുഖ സ്കൂട്ടർ കമ്പനിയായ ലാംബ്രട്ടയിൽ എഞ്ചിനീയറായി. ഇതിനിടെ വേളി കഴിഞ്ഞു. ജോലിവിട്ടു നാട്ടിലേക്കു പോന്നു. നാട്ടിൽ ജോലിക്കു ശ്രമിച്ചു കൊണ്ടിരിക്കേ ഒരു സുഹൃത്തിന്റെ ഉപദേശ പ്രകാരം അഭീഷ്ടകാര്യ സിദ്ധിക്ക് മൂകാംബികയിൽ 41 ദിവസത്തെ ഭജനത്തിനു



*ഒരു ഹവനത്തിനുള്ള ഒരുക്കത്തിനിടയിൽ*

**അഭീഷ്ടകാര്യസിദ്ധിക്ക് 41 ദിവസത്തെ ഭജനത്തിനു മൂകാംബികയിൽ പോയി. ആ സമയത്താണ് സർക്കാർ ജോലിയിൽ ചേരാനുള്ള അറിയിപ്പു വന്നത്. പറഞ്ഞ ദിവസത്തിനു ജോലിയിൽ ചേരാനായില്ല. കിട്ടിയ ജോലി അങ്ങനെ നഷ്ടമായി.**

പോയി. ആ സമയത്താണ് സർക്കാർ ജോലിയിൽ ചേരാനുള്ള അറിയിപ്പു വന്നത്. അന്ന് ഇന്നത്തെ പോലെ മൊബൈലുണ്ടായിരുന്നില്ല അതുകൊണ്ട് വിവരം അറിയിക്കാനും പറ്റിയില്ല. പറഞ്ഞ ദിവസത്തിനു ജോലിയിൽ ചേരാനായില്ല. കിട്ടിയ ജോലി അങ്ങനെ നഷ്ടമായി.

പിന്നെ പല സ്ഥലത്തും താൽക്കാലിക അദ്ധ്യാപകൻ. ഇതിനിടയിൽ കരിക്കാട്ടെ നമ്പൂതിരിമാരോടൊപ്പം നാടക ട്രൂപ്പിൽ. ഒരുപാടു വേദികളിൽ നാടകങ്ങൾ അവതരിപ്പിച്ചു. പിന്നെ അതും വിട്ടു. പക്ഷേ പിൽക്കാലത്ത് വി.ടി.യുടെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകം വീണ്ടും അവതരിപ്പിച്ചപ്പോൾ നാടകക്യാമ്പിൽ സജീവമായി പങ്കെടുക്കുകയും മൂസ്സ് എന്ന കഥാപാത്രമായി ഇരുപതോളം അരങ്ങുകളിൽ അഭിനയിക്കുകയും ചെയ്തിട്ടുണ്ട്. നാടകം വിട്ട ശേഷം സിനിമാരംഗത്തായി. അരവിന്ദന്റെ ആകസ്മിക മരണത്തോടെ സിനിമയും വിട്ടു.

താമസം എടത്തറയിൽ ചന്ദ്രശേഖരപുരം എന്ന അഗ്രഹാരത്തിലേക്ക് മാറ്റി. ബോംബെ സുഹൃത്ത് വലയത്തിലൂടെ ഒരു പെയിന്റ് കമ്പനി തുടങ്ങി. രണ്ടു കൊല്ലം അതുകൊണ്ടു നടന്നു. അതും നിർത്തേണ്ടിവന്നു. നമ്പൂതിരിമാർക്ക് പൊതുവേ ഒരു സ്വഭാവമുണ്ട്. അവർ ആത്മാർത്ഥമായി കർമം ചെയ്യുമെങ്കിലും പണമോ പ്രശസ്തിയോ ആഗ്രഹിക്കാറില്ല. അതുകൊണ്ട് നമ്മളിൽ പലരും ഇപ്പോഴും ഈ നമ്പൂതിരിയെ അറിയില്ല. 2020 മെയ് ഒന്നാം തീയ്യതി കോവിഡു കാലത്തായിരുന്നു അദ്ദേഹത്തിന്റെ മരണം.

ഭാര്യ: മുട്ടത്ത് കാട്ടിൽ മാമണ്ണ് മകൾ രാധ. മക്കൾ : അനിൽ, അമ്മക്കൊപ്പം പറളിയിൽ. കാർട്ടൂണിസ്റ്റ് സുനിൽ നമ്പു പൂനെയിൽ. ●

ഉദയൻ നമ്പൂതിരിപ്പാട്,
കിഴക്കേടത്തു മന, വയപ്പാറപ്പടി, മഞ്ചേരി. മൊബൈൽ
.8281926325.



**40ാം വിവാഹ വാർഷികം**
**03/07/2023**

**പാറക്കോട്ടില്ലത്ത്**
**വാസുദേവൻ നമ്പൂതിരി**
**ഹേമലതാദേവി**
**അന്തർജനം.**

*അച്ഛനും അമ്മക്കും ആശംസകൾ നേരുന്നു.*

സ്നേഹത്തോടെ...
മക്കൾ: **കൃഷ്ണൻ, ഉമ, ശങ്കരൻ**
പേരക്കുട്ടി: **സഞ്ജയ്**



**@ 84**

ചിങ്ങമാസത്തിലെ പൂരാടം നക്ഷത്രത്തിൽ (1199)
എൺപത്തിനാലാം പിറന്നാൾ ആഘോഷിക്കുന്ന
എടക്കുന്നത്തു മനയിലെ

**നാരായണൻ നമ്പൂതിരിക്ക്**

ആശംസകൾ: ആര്യ, ബിന്ദു,
നാരായണൻ പുതുശ്ശേരി, സുഭാഷ്, രേഖ
മറ്റ് കുടുംബാംഗങ്ങൾ



വേട്ടയ്ക്കൊരു മകൻ പാട്ട് എന്ന ഈ അനുഷ്ഠാനം ഋഷിതുല്യമായ പവിത്രതയോടെ നിർവ്വഹിക്കുകയാണ് പട്ടാമ്പി ഓങ്ങല്ലൂർ എരണ്ടപ്പുറത്തുകാട് മനയിൽ **മോഹനൻ നമ്പൂതിരി.** പതിനെട്ടാം വയസ്സിലായിരുന്നു അരങ്ങേറ്റം.

# പരദേവതയുടെ പ്രതിപുരുഷൻ

**വി ഇ നാരായണൻ നമ്പൂതിരി**



'പീഠത്തിൻ മീത ലോ പീഡിപ്പോരുള്ളിലോ /പെരുംപടയിലോ നിറം വരുമാറ് ഈരേഴു ലോകത്തോ'

വീരൻ വേട്ടയ്ക്കൊരു മകന്റെ തോറ്റം കുറുപ്പ് നീട്ടിച്ചൊല്ലുകയാണ്. കളത്തിൽ കോമരം പീഠം നിരക്കി ഉറഞ്ഞാടുന്നു.ചെണ്ടയുടെ ചടുലതാളം ,നന്തുർണിയുടെ ലയവിന്യാസം, കടുത്തില പിടിച്ച് പീഠമേറിയാണ് കിരാതമൂർത്തിയുടെ നൃത്തം. പഞ്ചഭൂതങ്ങളെ പ്രതീകമാക്കി പഞ്ച വർണ്ണപ്പൊടികളാൽ വരച്ചെടുത്തതാണ് വേട്ടയ്ക്കൊരുമകന്റെ കളം.ആചാരപ്രകാരമുള്ള പാട്ട് പാടുന്നത് അതിനർഹതപ്പെട്ട കുറുപ്പന്മാർ.ഭക്തർക്കു മുമ്പിൽ അവരുടെ കൺകണ്ട ദൈവമായി, കിരാതസൂനുവായി പകർന്നാടുന്നത് വേട്ടയ്ക്കരന്റെ കോമരമാണ്. നാൽപതിലേറെ വർഷങ്ങളായി ഈ അനുഷ്ഠാനം ഋഷിതുല്യമായ പവിത്രതയോടെ നിർവ്വഹിക്കുകയാണ് പട്ടാമ്പി ,ഓങ്ങല്ലൂർ എരണ്ടപ്പുറത്തുകാട് മനയിൽ മോഹനൻ നമ്പൂതിരി.

അച്ഛനമ്മമാർ നാരായണൻ നമ്പൂതിരിയും ലീല അന്തർജനവും. അമ്മാത്ത് പനയുർ മന. മുത്തച്ഛനും അഫ



*എരണ്ടപ്പുറത്തുകാട് മോഹനൻ നമ്പൂതിരി ഇൻസെറ്റിൽ ഒരു പന്തീരായിരത്തിനിടയിൽ*

പരമാവധി രണ്ടര മണി ക്കൂർ.സെക്കന്റുകളുടെ കണക്കിൽ പറഞ്ഞാൽ 9000 നിമിഷങ്ങൾ. ഒരു തേങ്ങ എറിയാൻ മു ക്കാൽ സെക്കന്റ് മാത്രം. നിശ്ചയമായും മനു ഷ്യസാധ്യമല്ലാത്ത കാ ര്യം.മോഹനൻ നമ്പൂതിരി പൂർത്തീകരിച്ചത് നൂറ്റി ഇരുപത്തഞ്ചിലേറെ പന്തീരായിരങ്ങളാണ്.



*മരുമകൻ പുതുരുത്തി നെല്ലുവായ് ആനന്ദ് മാധവ് ഭട്ടതിരി,പല്ലിക്കാട്. (മാനേജർ, ഐ സി ഐ സി ഐ നാഗർകോവിൽ) മകൾ ശ്രുതി,ഭാര്യകോഴി ക്കോട് വൈത്തല ഇടക്കാട് ശ്രീദേവി, മോഹനൻ നമ്പൂതിരി,മകൻ ശ്രീനാഥ് ദുബൈ (വേട്ടയ്ക്കരൻ പാട്ടിലെ മകന്റെ അരങ്ങേറ്റം ഈയിടെ കഴിഞ്ഞു.)*

നുമാണ് മോഹനൻ നമ്പൂതിരിയുടെ ഗുരുക്കന്മാർ. പതിനെട്ടാം വയസ്സിലാ യിരുന്നു അരങ്ങേറ്റം.

തെക്കൻ മലബാറിലാണ് വേട്ട യ്ക്കൊരു മകൻ പാട്ട് ധാരാളമായി നടക്കാറ്.വലിയ കളവും ഉച്ചപ്പാട്ടും മൂലയ്ക്കൽ (മുല്ലയ്ക്കൽ) പാട്ടും കളം പൂജയും ഉണ്ടാകും. വേട്ടക്കരന് ഇഷ്ട വഴിപാട് തേങ്ങയേറാണ്. നമ്മുടെ അഹംഭാവങ്ങൾ ഉടഞ്ഞ് യഥാർത്ഥ സത്തിനെ ഭക്തൻ അറിയുന്നു എന്നാ ണ് സങ്കൽപ്പം. വേട്ടയ്ക്കരൻ പാട്ടിന് പന്തീരായിരത്തി എട്ടു തേങ്ങകൾ വരെ എറിയാനായി സമർപ്പിക്കാം.

**ഭക്തർക്കു മുമ്പിൽ അവരുടെ കൺകണ്ട ദൈവമായി, കിരാത സൂനു വായി പകർന്നാടുന്നത് വേട്ടയ്ക്കരന്റെ കോമരമാണ്.**

ചുരികയുമായി നിൽക്കുന്ന വേട്ട യ്ക്കരന്റെ വലിയ കളം.ചെണ്ടകൾ, ചേങ്ങില,മറ്റു വാദ്യങ്ങൾ. കളത്തിനു വശത്തായി കൂട്ടി ഇട്ടിരിക്കുന്ന നാളി കേരങ്ങൾ കണ്ടാൽ തന്നെ പേടിയാ വും. ഒറ്റ ഇരിപ്പിൽ ചെണ്ടമേളത്തിന്റെ താളക്കൊഴുപ്പിൽ, പുരുഷാരത്തിന്റെ നാമജപഘോഷത്തിൽ പന്ത്രണ്ടാ യിരത്തിലേറെ നാളികേരങ്ങൾ എറിഞ്ഞുടക്കുകയാണ് കോമരം.ഇ രു കൈയ്യുകളും ചുമലുകളും,അല്ല ശരീരത്തിലെ സർവ്വസന്ധികളും മു ഴുവൻ ഇളകിയാടുന്നു. എല്ലാം മറ ന്ന് ഭക്തരും ചലരാശിയിലാവുന്ന സമയം. ഇളകാത്തത് ഒന്നു മാത്രം. സർവ്വം ഭഗവാനിൽ സമർപ്പിച്ച കോ മരത്തിന്റെ ഉപാസകമനസ്സു മാത്രം.

പരമാവധി രണ്ടര മണിക്കൂർ.സെ ക്കന്റുകളുടെ കണക്കിൽ പറഞ്ഞാൽ 9000 നിമിഷങ്ങൾ. ഒരു തേങ്ങ എറി യാൻ മുക്കാൽ സെക്കന്റ് മാത്രം. നിശ്ചയമായും മനുഷ്യസാധ്യമല്ലാത്ത കാര്യം.മോഹനൻ നമ്പൂതിരി പൂർത്തീ കരിച്ചത് നൂറ്റി ഇരുപത്തഞ്ചിലേറെ പന്തീരായിരങ്ങളാണ്.

[വേട്ടയ്ക്കരൻ പാട്ടിന്റെ കോമര ങ്ങളായി തങ്ങളുടെ ജന്മം ഭഗവാനു സമർപ്പിക്കുന്ന വിരലിലെണ്ണാവുന്ന നമ്പൂതിരിമാരും കുറുപ്പന്മാരും മല

## നൃത്തത്തിൽ ചാലിച്ച പരകായപ്രവേശം

കിരാത വേഷം കെട്ടിയ മഹേശ്വരനാണ് വേട്ടയ്ക്കൊരു മകൻ. അർജുനന്റെ ഗർവ്വം ശമിപ്പിക്കാൻ ശിവപാർവ്വതിമാർ കാ ട്ടാളന്റെ വേഷം കെട്ടിയത്രെ.അവർക്ക് ജനിച്ച പുത്രനാണ് കിരാ തമൂർത്തി അഥവാ വേട്ടയ്ക്കൊരു മകൻ. വേട്ടയ്ക്കരന്റെ തട്ടകം കോഴിക്കോട് ബാലുശ്ശേരി കോട്ടയാണ്. അവിടത്തെ കോമരമായ കാരോൽ പണിക്കരാണ് മോഹനൻ നമ്പൂതിരിയുടെ മുത്തച്ഛന്റെ ഗുരു. അദ്ദേഹം പണ്ടുകാലത്ത് കോഴിക്കോട് ബാലുശ്ശേരി നിന്ന് വിദൂരത്തുള്ള പട്ടാമ്പി എരണ്ടപ്പുറത്തുകാട് മനയിൽ നേരിട്ട് ചെ ന്ന് മുത്തച്ഛനെ എല്ലാം പഠിപ്പിക്കുകയായിരുന്നത്രെ. മുത്തച്ഛനാ ണ് മോഹനനെ ഈ രംഗത്തേക്ക് നയിക്കുന്നത്. വേട്ടയ്ക്കൊരു മകനിലേക്കുള്ള പരകായപ്രവേശവും തനതു മനോധർമ്മ ശൈ ലിയിലുള്ള സോപാനനൃത്തവും വേട്ടയ്ക്കരൻ പാട്ടിനെ ദൃശ്യശ്രാ വ്യ വിസ്മയമാക്കി മാറ്റുന്നു. വേട്ടയ്ക്കരൻ പാട്ടിന്റെ മർമ്മമെന്നു പറയാവുന്ന ഈടും കൂറും ചവിട്ടലും കളപ്രദക്ഷിണവും കളം മാ യ്ക്കലുമെല്ലാം ഒരഭ്യാസിയുടെ ചുവടുറപ്പുകളാലും അതേ സമയം മനോഹരമായ നൃത്തച്ചുവടുകളാലും ചിട്ടപ്പെടുത്തിയിരിക്കുന്നു. പാട്ടും വാദ്യവും വെളിച്ചവും രൂപക്കളം കൊണ്ട ഭഗവാന്റെ ശക്തി ചൈതന്യവും എല്ലാം കാഴ്ചക്കാരിലേക്ക് പകരേണ്ടത് പാട്ടിന്റെ കോമരമാണ്.ഇതിലാണ് മോഹനൻ നമ്പൂതിരിയുടെ യുനീക്നെസ്സ്. തന്റെ ആദ്യ ഗുരു പ്രശസ്തനായ തിരുവേഗപ്പുറ രാമപ്പൊതുവാളിനേ യും ബാലുശ്ശേരി കോട്ടയിലെ പാരമ്പര്യം തനിക്കു പകർന്നു തന്ന മുത്തച്ഛനെയും അഫനേയും മോഹനൻ ആദരവോടെ സ്മരിച്ചു.

ബാറിലുണ്ട്. വള്ളിവട്ടം, പരിയാരം, കണ്ടമംഗലം തുടങ്ങിയ ഇല്ലക്കാർ ഈ രംഗത്ത് പ്രമുഖരാണ്. കണ്ട മംഗലം മനോജിന് വർഷങ്ങളുടെ പാരമ്പര്യമുണ്ട്.മുല്ലപ്പള്ളി വിനു, അമ്പിളിക്കുന്നം ഹരി തുടങ്ങിയവരും വേട്ടയ്ക്കരൻ പാട്ടിൽ സജീവമാണ്. ]

നിരവധി പുരസ്ക്കാരങ്ങൾ മോഹനൻ നമ്പൂതിരിയെ തേടിയെത്തി. മഞ്ഞളാലുങ്കൾ തളി ക്ഷേത്ര പുരസ്ക്കാരം, കോമര കേസരി , അണ്ടലാടി നാരായണൻ നമ്പൂതിരി പുരസ്ക്കാരം എന്നിവ ചിലതു മാത്രം. തൃശൂർ വടക്കുന്നാഥൻ,അങ്ങാടിപ്പുറം വേട്ടക്കൊരു മകൻ കാവ്,തോട്ടത്തിൽ മന, അണ്ടലാടി മന, പുലാപ്പറ്റ,പല്ലശ്ശന, മാത്തൂർ എന്നിങ്ങനെ തെക്കൻ മലബാറിലെ എത്രയോ വേദികളിൽ മോഹനനൻ നമ്പൂതിരി നിറഞ്ഞാടി. ഓം നമ:ശിവായ കിരാതവപുഷേ നമ: ●

വി ഇ നാരായണൻ നമ്പൂതിരി
വൈത്തല ഇടക്കാട്ട് ഇല്ലം,
ചെറുകുളത്തൂർ കോഴിക്കോട്
മൊബൈൽ: 9446372698
മോഹനൻ നമ്പൂതിരി :9444331552

പണ്ട് പന്തീരായിരങ്ങൾ അപൂർവ്വമായിരുന്നു.ഇന്ന് ജീവിച്ചിരിക്കുന്നവരിൽ വേട്ടയ്ക്കൊരു മകൻ പാട്ടിന് ഏറ്റവും കൂടുതൽ പന്തീരായിരമെറിഞ്ഞയാൾ എരണ്ടപ്പുറത്തു കാട് മോഹനൻ നമ്പൂതിരി തന്നെയായിരിക്കണം.ആ അർത്ഥത്തിൽ ഗിന്നസ്സിലും ലിംകാ ബുക്കിലും വരേണ്ട നാമം.



യോഗക്ഷേമസഭ
സ്വസ്തി
ത്രൈമാസിക

യോഗക്ഷേമ സഭ കോഴിക്കോട് ജില്ലാകമ്മിറ്റി പ്രസിദ്ധീകരണം

*An Exclusive Publication on Namboodiri Life &Life style*

പരസ്യനിരക്ക്

| | | | |
|---|---|---|---|
| ബാക്ക് കവർ കളർ | 15000 | വേളി പരസ്യം കളർ | 1500 |
| ഫ്രണ്ട് ഇന്നർ കവർ കളർ | 7500 | ഫുൾ പേജ് b/w | 3000 |
| ബാക്ക് ഇന്നർ കവർ കളർ | 7500 | ഹാഫ് പേജ് b/w | 1500 |
| ഫുൾ പേജ് കളർ | 5000 | ക്വാർട്ടർ പേജ് b/w | 750 |
| ഹാഫ് പേജ് കളർ | 2500 | സ്ട്രിപ്പ് b/w | 750 |
| ക്വാർട്ടർ പേജ് കളർ | 1500 | ജാതകങ്ങൾ | 1000 |
| സ്ട്രിപ്പ് കളർ | 1000 | ആശംസകൾ | 1000 |

Net Banking / Google Pay

**Name of A/c:** Yogakshema Sabha Kozhikode Dt. Committee
**Bank:** DhanalkshmiBank **Branch:** Chevarambalam
**A/c No.** 013303800000664 **IFSC** DLXB0000133

യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി,
ജില്ലാ ആസ്ഥാനമന്ദിരം,
കോവൂർ വിഷ്ണുക്ഷേത്രത്തിന് സമീപം,
പി.ഒ. ചേവായൂർ, കോഴിക്കോട് 673017

വാർഷിക വരിസംഖ്യ

300

രൂപ

അയക്കാൻ ഈ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക

25-ാം തിയ്യതിക്കുള്ളിൽ സ്വസ്തി കിട്ടിയില്ലെൽ വിളിക്കുക ഫോൺ നമ്പർ -9447332611

*മാനേജിംഗ് എഡിറ്റർ, 9895621493*



# ഒരു വർക്കേരിയ വട്ടം

**ഒ.എൻ.രാജേഷ്**



നാളെ അയൽവാസിയായ പാട്ടത്തില്ലത്തെ മനോജിന്റെ പുതിയ വീടിന്റെ പാലുകാച്ചലാണ്. ചുരുക്കത്തിലാണ്. എന്നാലും പത്തിരുന്നൂറുപേരുണ്ട്. ഇട്ടേക്കാട്ടെ കുഞ്ഞുണ്ണിയെയാണ് പാട്ടം കാറ്ററിങ്ങ് ഏല്പിച്ചിരിക്കുന്നത്. കുഞ്ഞുണ്ണി കാറ്ററിങ്ങ് നടത്തിയാണ് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നത്. കായ, ചേന നുറക്കലിലാണ് കുഞ്ഞുണ്ണിയും പി സിന്ധുവും മകൾ ആര്യയും. തൊട്ടടുത്ത് വന്നു താമസമാക്കിയ തെക്കൂട്ടിലെ ദേവി അന്തർജ്ജനവും മകൾ നെഴ്സ് അനിതയും, ഡോ.പ്ലാവേലി അമ്മിണി അന്തർജ്ജനവും, അനുജത്തി റിട്ടയർ അദ്ധ്യാപിക ലീല അന്തർജ്ജനവും അവിടെ വന്നിട്ടുണ്ട്.

**ആധുനിക ജീവിതത്തിലും തന്റെ പാരമ്പര്യത്തെ മുറുകെപ്പിടിക്കുക, പാരമ്പര്യജോലി ചെയ്യുന്ന ഒരാളുടെ കൂടെ ജീവിക്കാൻ തയ്യാറാവുക. ഇന്ന് അങ്ങനേള്ള കുട്ട്യോളെ കണികാണാൻ കിട്ട്ല്ല്യാ അനിത തെല്ലു ബഹുമാനത്തോടെ അത്ഭുതം പൂണ്ടു.**

'ഒരാൾക്കും രണ്ടാൾക്കും ഒക്ക്യായിട്ട് വെക്കണ്ടേ. ബ്ടെ എന്തായാലും ഒരു കാറ്ററിങ് വട്ടണ്ടലോ? വെറുതെ ഇരിക്ക്യല്ലേ, അല്പം സഹായിക്ക്യേം കഴിക്ക്യേം ആവാലോ എന്നുകരുതി പോന്നതാണ് എന്ന് ടീച്ചർ പ്ലാവേലി ലീല അന്തർജ്ജനം.

മുത്തശ്ശിയമ്മേ, ചിരിതേയി മുത്തശ്ശി വന്നടക്ക് 'പേരക്കുട്ടി ആര്യ വർക്കേരിയയിൽനിന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. ചിരിതേയിയമ്മ തൊട്ടവീട്ടിലെയാണ്; ആര്യയെ എടുത്തുവളർത്തിയിട്ടുമുണ്ട്. മുത്തശ്ശിയമ്മ ദീർഘനാളായി മൂത്തമകൻ കുഞ്ഞനിയന്റെ കൂടെ പാലക്കാട്ടാണ് താമസം. ഇവിടെ വന്നിട്ടുണ്ടെന്നറിഞ്ഞപ്പോൾ ഒന്ന് കണ്ടുപോകാം എന്നുവിചാരിച്ച് വന്നിരിക്കുകയാണ് ചിരിതേയിയമ്മ. മുത്തശ്ശിയമ്മ പതുക്കെപ്പതുക്കെ വന്ന് വർക്കേരിയയുടെ പടിയിന്മേൽ കാലും നീട്ടി ഇരിപ്പായി.

'അകായ്ന്നേ ബ്ട്ത്തേയ്ക്ക് വയ്യായ്കൊന്നുല്ല്യലോ?' എന്ന് ചിരിതേയിയമ്മ. 'ഏയ് നിയ്ക്ക് പ്പൊ പ്രത്യേകിച്ചൊന്നൂല്ല്യ' എന്ന് മുത്തശ്ശിയമ്മ. ഈ എടത്തേ കാലിന് ചെറ്യോരു വേദനണ്ട്. കുഞ്ഞുണ്ണി പറേക്കെ ചെയ്തു, ഡോക്ടറെ കാണിക്കാന്ന്. അത്രയ്ക്കൊ

ന്നൂല്ല്യ'' എന്ന് മുത്തശ്ശിയമ്മ. ''ചിരിതേയിക്കും അസുഖോന്നുല്ല്യലോ'' എന്ന് മുത്തശ്ശിയമ്മ. ''വിശേഷിച്ചൊന്നൂല്ല്യ, ഇങ്ങനെ പോണൂ,കുറേശെ വെയ്യായൊക്കെ ണ്ട്;അതൊന്നും സാരാക്കാറില്ല; കഴിഞ്ഞുകൂടണ്ടെ? അകായ്ന്നേ! അല്പ-സ്വല്പ വയ്യായ്മകളെ കാര്യമാക്കാതെ ചിരിതേയിയമ്മ പ്രതിവചിച്ചു.

എന്താ,ചിരിതേയിയമ്മയുടെ വീടിന്റെ അടുത്തുള്ള വരവൂരില്ലത്ത് ഈയിടെയായി എന്തോ വിശേഷം ണ്ട് ന്ന് കേൾക്കാണ്ടലോ? എന്ന് ടീച്ചർ ലീല അന്തർജ്ജനം. 'ഞാൻ കേട്ടില്ല്യലോ. ഇപ്പൊ വീട്ടിൽ പോയിട്ട് കുറേ ദിവസായി. അവിടത്തെ വർത്താനൊന്നും അറിയാറില്ല' എന്ന് ചിരിതേയിയമ്മ. ഇട്ടേക്കാട്ടമ്മ കേൾക്കണ്ടായില്ലേ? എന്ന് വീണ്ടും ലീല അന്തർജ്ജനം.

''ഉവ്വോ, അത് ന്നാ കുഞ്ഞന്റെ മഹന്റെ വേളിറ്റ്യാവും. അത് നിശ്ചയിച്ചിരിക്ക്ണൂന്ന് കേട്ടു. ശ്ശി കാലായി അതിന്റെ ശ്രമം തൊടങ്ങീട്ട്. പണ്ടൊക്കെ പെൺകൊടയ്ക്കാ വെഷമം. ഇപ്പൊ വേളിക്കായടക്ക്ണൂ. കാലത്തിന്റെ ഒരു പോക്കേയ്. അയാൾക്ക് വിദ്യാഭ്യാസം അല്പം കുറവാണ്. ന്നാലും എന്തോരു ഡിഗ്രിക്കെ ണ്ട് ട്ടോ. അയാൾക്ക് ഇല്ലം വിട്ട് പോവാനൊക്കെ നല്ല മടീള്ള കൂട്ടത്തിലാ. അടുത്തുള്ള തൃക്കേലമ്പലത്തിൽ ശാന്ത്യായിട്ട് കൂടിക്കടകാണ് എന്ന് മുത്തശ്ശിയമ്മ.

'അതേയ്, ട്ടോ ഇട്ടേക്കാട്ടമ്മേ, പ്പൊ ശാന്തിക്കാരേന്നും പെൺകുട്ട്യോൾക്ക് പിടിക്കില്ല്യ. ശാന്തിക്കാര് വയ്യ, പരികർമ്മികള് വയ്യ, ദേഹണ്ണക്കാര് വയ്യ. ഓയ്ക്കനെ വയ്യ. ഇങ്ങനെ തുടങ്ങി ശ്ശീണ്ട് അവരുടെ ഓരോ ഡിമാന്റുകള്. മൂക്കറ്റം കള്ളുകുടിച്ചു നടക്കുന്നവന്റേയോ നാലാം വേദക്കാരന്റേയോ കൂടെ ഓടിപ്പോണേന് ഒരു വിരോധോംല്ല്യേനും. ന്നാലും നമ്പൂര്യേവേണ്ട. ശാന്തിക്കാരനായാൽ പിന്നെ പറേം വേണ്ട'' എന്ന് അടുത്തിരുന്നിരുന്ന തെക്കുട്ടിലെ ദേവി അന്തർജ്ജനം.

'എന്താ പ്പൊ ഈ വക ജോലിക്കൊക്കെ ത തരക്കേട്. ഈ വക ജോലിക്കൊക്കെ ഇന്ന് അത്യാവശ്യം സമ്പാദ്യോക്കെണ്ടേനും. ഇതിനൊക്കെ പോണോരെ വേളികഴിച്ചാൽ സിനിമയ്ക്ക് പോവാൻ പറ്റില്ല്യാ, യാത്ര പോവാൻ പറ്റില്ല്യാ, കെട്ടിയിട്ടപോലെയാണ് എന്നൊക്കെയാണ് പെൺകുട്ടികളുടെ പരാതി. അപ്പൊ ഞാനൊക്കെ രാത്രീം പകലും വ്യത്യാസല്ല്യാതെയാണ് ജോലി എടുക്കണത്. ലീവും കിട്ടില്ല്യാ. കാര്യായിട്ട് ശമ്പളോം ല്യ. ന്റെ നമ്പൂരിക്ക് അതിലൊന്നും ഒരു വെഷമോം ല്യ. അദ്ദേഹം തന്ന്യാ ഞങ്ങളുടെ കുട്ട്യോളെ ഊട്ടലും ഉറക്കലും എല്ലാം. എന്നേ കുട്ട്യോൾക്ക് അറേന്നേല്യ.'' പ്രൈവറ്റ് ഹോസ്പിറ്റലിൽ നെഴ്സായി ജോലിചെയ്യുന്ന അനിത തന്റെ ജീവിതത്തിനെ വരച്ചുകാട്ടി.

**പെൺകുട്ട്യോൾക്കും അത്യാവശ്യം നേദിക്കാനും, ഗീതേം, നാരായണീയോം, സഹസ്രനാമോം ഒക്കെ അറിഞ്ഞിരിക്കണംന്ന്. നാമോം ജപിക്കണം. പ്ലസ്ടു ക്ലാസിലാവോണ്ട് അനവധി പഠിക്കാൻ ണ്ടേരിക്കും.**

'കേമായിട്ടാരീക്ക്ല് ന്നാണെന്ന് കുഞ്ഞന്യേട്ടൻ പറേംണ്ടായി. വേക്കണെ കുട്ടീം മിടുക്കത്യാത്രെ?. പൈലറ്റാത്രെ! പക്ഷെ ആ കൂട്ടിക്ക് നന്നായി നേദിക്കാൻ അറീത്രേ! മാത്രല്ല ദിവസോം നാരായണീയോം, സഹസ്രനാമോം ഒക്കെ ചെല്ലും ത്രെ! പൊറേന്നൂരെ നമ്പൂരിടെ ദശമം അസ്സലായിട്ട് വായിക്കും ! ഇങ്ങനെക്കെ ആണെങ്കിലും ആ കുട്ടിക്ക് ശാന്തിക്കാരനേ വേക്കാൻ വിരോധല്ല്യാ ത്രെ!'' അടുക്കളപ്പണിക്കിടയിൽനിന്ന് സിന്ധു.

''എന്നാ അതിന് എന്തെങ്കിലും പോരായണ്ടാവും തീർച്ച്യാ. അല്ലാണ്ടെ ഇത്ര നല്ല ജോലിള്ള ഒരു കുട്ടി ശാന്തിക്കാരനെ വേക്കണ്ടാവില്ല, ഒറപ്പാ''-ചേന നുറുക്കിക്കൊണ്ടിരുന്ന കുഞ്ഞുണ്ണി ഇടയിൽ കയറി പറഞ്ഞു.

''ഇന്നത്തെ പെൺകുട്ട്യോൾക്ക് ഇതൊക്കെ അറ്യാച്ചാൽ? അതും ഇത പ്രയാസള്ള ജോലിക്കിടയിലും? അതൊന്നും വേണ്ടാന്ന് വെച്ചിട്ടില്ല്യലോ? ആ കുട്ട്യേ ബഹുമാനിക്ക്യന്നെ വേണേ! ആധുനിക ജീവിതത്തിലും തന്റെ പാരമ്പര്യത്തെ മുറുകെപ്പിടിക്കുക, പാരമ്പര്യജോലി ചെയ്യുന്ന ഒരാളുടെ കൂടെ ജീവിക്കാൻ തയ്യാറാവുക. ഇന്ന് അങ്ങനേള്ള കുട്ട്യോളെ കണികാണാൻ കിട്ട്ല്ല്യാ അനിത തെല്ലു ബഹുമാനത്തോടെ അത്ഭുതം പൂണ്ടു.

ഈ ചർച്ചകൾക്കിടയിൽ അടുത്തിരുന്ന് മൊബൈലിൽ കളിക്കുന്ന പേരക്കുട്ടി ആര്യയെ ചൂണ്ടി മുത്തശ്ശിയമ്മ ''ദേ ഇതിനെ കണ്ടില്ലേ. ഒരു വസ്തും നിശ്ചല്യ. രാവിലെ ണീറ്റാൽ കിടക്ക്വോളം ഈ കുന്ത്രാണ്ടം ഇങ്ങനെ കയ്യ് പിടിച്ച്. എപ്പഴും അതുനോക്കിരിക്കലാ പണി. ഞാനെപ്പഴും പറയും; പെൺകുട്ട്യോൾക്കും അത്യാവശ്യം നേദിക്കാനും, ഗീതേം, നാരായണീയോം, സഹസ്രനാമോം ഒക്കെ അറിഞ്ഞിരിക്കണംന്ന്. നാമോം ജപിക്കണം. പ്ലസ്ടു ക്ലാസിലാവോണ്ട് അനവധി പഠിക്കാൻ ണ്ടേരിക്കും. എന്നാലും ഇതൊക്കെ ശീലിച്ചാൽ ദിവസോം ഇതിനൊക്കെ എത്ര കുറച്ച് സമയേ വേണ്ടൂ. ന്നാലും ചെയ്യില്ല്യാച്ചാലോ. ഇതൊക്കെ ശീലിച്ചാൽ മനസ്സിന് ധൈര്യോം, ഏകാഗ്രതേം, ഒരൊറപ്പും ഒക്കെ കിട്ടും.'' മുത്തശ്ശിയമ്മ തന്റെ മനസ്സിലുള്ളത് പറഞ്ഞു.

'അതും ശര്യാ, ഇട്ടേക്കാട്ടമ്മ പറേണത്. ഇന്ന് നമ്മുടെ പെൺകുട്ടികൾക്ക് നമ്മുടെതായിട്ട് ഒന്നും അറീല്ല്യ. എന്നിട്ട് കണ്ണിക്കണ്ടോര് എന്തെങ്കിലും പറഞ്ഞത് മനസ്സിൽ കേറ്റും. അതില് അന്ധമായി ങ്ങട് വിശ്വസിക്കും. ന്ന്ട്ടാണേയ് ഈ ഒന്നും നോക്കാതെ ഒരൂട്ടം ആളോളുടെ കൂടെ ഓടിപ്പോണതേയ്. തക്കതായ വിദ്യാഭ്യാസംണ്ടോ, ജോലിയോ, സമാന സംസ്ക്കാരാണോ എന്നൊന്നും ഒരു നോട്ടോം ല്യ. കഷ്ടിച്ച് ഇതൊക്കെങ്കിലും നോക്കണ്ടെ? ന്നത്തെ പെൺകുട്ട്യോള് നല്ല വിദ്യാഭ്യാസള്ളോരല്ലെ? ചിന്തിച്ചിട്ടുവേണ്ട എടുത്തു ചാടാൻ. ഓടി ചെന്നോട്ത്തോ? പലേടത്തും നിലവിലത്തേക്കാൾ കഷ്ടാവും ചെയ്യും. തനി ഇരുട്ടിലേയ്ക്കും കാർക്കശ്യത്തിലേയ്ക്കും അനാചാരത്തിലേയ്ക്കും ആവും ഈ ഓടി പോണത്.' തെക്കുട്ടിലെ ദേവി അന്തർജ്ജനം.

''മുത്തശ്ശിയമ്മ പറേണ കേട്ടാതോന്നും ഞങ്ങളാ ഇതിനൊക്കെ കുറ്റക്കാരെന്ന്. അച്ഛനമ്മമാരോ കാർന്നോമ്മാരോ ഒന്നുംതന്നെ ഇതൊന്നും ചെയ്യണത് കാണാറില്ല. അമ്മോടും അച്ഛനോടും ചോദിച്ചാൽത്തന്നെ ചെലപ്പോ ഇതൊന്നും നിശ്ചണ്ടാവില്ല. മുത്തശ്ശിയമ്മ അമ്മോടൊന്ന് ചോദിച്ചുനോക്കൂ, നേദിക്കാൻ അറിയോന്ന്. ന്ന്ട്ടല്ലെ ന്റെ കാര്യം. ന്റെ കൂട്ടുകാരികളായ ഫാത്തിമയ്ക്കും ജസ്നയ്ക്കുമൊക്കെ അവരുടെ കർമ്മശാസ്ത്രം എന്താന്നും, അത് എങ്ങനെ ചൊല്ലണംന്നും, എപ്പോൾ ചൊല്ലണംന്നും, എന്തിനു ചൊല്ലണംന്നും, അത് ചൊല്ലിപ്പഠിച്ചാൽ അതിന്റെ ഗുണം എന്താണെന്നും ഒക്കെ അവരുടെ ശാസ്ത്ര ഗുരുക്കന്മാരും മാതാപിതാക്കളും അവർക്ക് കുട്ടിക്കാലത്തുതന്നെ പഠിപ്പിച്ചിട്ടുണ്ട്. അവരുടെ അച്ഛനമ്മമാരും ഇതൊക്കെ ചെയ്യുന്നുണ്ട്. എന്നോട്

അമ്മ സന്ധ്യയ്ക്ക് നാമം ചൊല്ലണംന്ന് പറയും. എന്നിട്ട് അമ്മ സീരിയലും കണ്ടിരിക്കും. ഞാൻ എനിക്ക് നാമം ചെല്ലാൻ ഇഷ്ടായതുകൊണ്ട് ഞാൻ എന്നും ചെല്ലാറ്ണ്ട്. ആര്യ അല്പം ഗൌരവത്തോടെ നയം വ്യക്തമാക്കി.

'പെൺകുട്ട്യോളെ മാത്രം പറഞ്ഞിട്ട് കാര്യല്ല. നമ്മുടെ ആൺകുട്ട്യോളും മോശൊന്നൂല്ല്യ. പാരമ്പര്യൊക്കെ നിശ്ചള്ളോരും അതിന് താല്പര്യള്ളോരും എത്രപേരുണ്ടാവും? ഒന്നും നിശ്ചല്ല്യാത്തോരും താല്പര്യല്ല്യാത്തോരും ആവും അധികോം. പിന്നെ വിവാഹം ഒരു പരിചയോംല്ല്യാത്ത ഒരു നമ്പൂര്യായിട്ടും ശ്ശി ഗുണോന്നുല്ല്യ. അയാള് എങ്ങനത്തെ ആളാന്ന് എങ്ങന്യാ അറിയാ?. എത്ര നമ്പൂരി ആൺകുട്ട്യോള് താന്തോന്നിത്തം കാട്ടി നമ്പൂരി പെൺകുട്ട്യോളെ വഴിയാധാരാക്കുന്നുണ്ട്. പണ്ടത്തെ കാലൊന്നല്ലലോ നമ്പൂരി സ്ത്രി എല്ലാം സഹിച്ച് ജീവിക്കാൻ. ആൺകുട്ട്യോളിൽ പലരും ചാടിച്ച് കൊണ്ടുവര്ണല്ലേ?. അതെന്താ ആരും പറയാത്തത്. ആൺകുട്ട്യോളായാൽ അത് കേമം. പെൺകുട്ട്യോളായാൽ അത് മോശം. അങ്ങനെ ഇല്ലലോ. ഒന്നുകിൽ രണ്ടുകൂട്ടർക്കും ആവാം. അല്ലെങ്കിൽ രണ്ടുകൂട്ടർക്കും പാടില്ല. വേണ്ടത് എന്താച്ചാൽ ഞങ്ങളെപ്പോലെ മുമ്പുതന്നെ പരിചയപ്പെട്ട്, പരസ്പരം അറിഞ്ഞും കൊണ്ടുള്ള സ്വജാതീവിവാഹം. അങ്ങനെയാകുമ്പോൾ നമ്പൂതിരിസമുദായത്തിന് നിലനില്പ്പുണ്ടാകും. സമുദായം കൂട്ടായ്മകളിലൂടേയും സഭകളിലൂടേയും നിരന്തരം അതിനുള്ള വേദി ഒരുക്കണം. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സ്വസമുദായത്തിൽനിന്നുതന്നെ വരനെ തെരഞ്ഞടുക്കാനുള്ള സാഹചര്യം ഒരുക്കണം. വിവാഹത്തിന് മുമ്പെ കൌൺസിലിങ്ങോ മറ്റോ നടത്താം. നമ്പൂരിക്ക് സ്വയംവരാ നല്ലത്. ഈ ജാതകോം മണ്ണാംകട്ടേം ഒക്കെ നിർത്തണം. വിവാഹകാര്യത്തിൽ ജാതകം നോക്കിത്തുടങ്ങിയിട്ടൊക്കെ പത്തിരുന്നൂറ് കൊല്ലേ ആയിട്ടുള്ളൂ. ജാതകം നോക്കും. അത് വിവാഹ മുഹൂർത്തം കുറിക്കാൻ. മൂഹൂർത്തമാണ് പ്രധാനം. അല്ലാതെ പൊരുത്തല്ല. പൊരുത്തം മനസ്സിനാണ് വേണ്ടത്. മനപ്പൊരുത്തംന്ന് കേട്ടിട്ട്. അത് സ്വയംവരായാലെ നടക്കൂ.'' അനിത തന്റെ അനുഭവത്തിലൂടെ കാര്യം സ്പഷ്ടമാക്കി.

''പണ്ട് നമ്പൂരാര് അന്തർജ്ജനങ്ങളെ നല്ലോണം ഉപദ്രവിച്ചിരുന്നൂലോ.

**തന്നിഷ്ടപ്രകാരം വല്ലോരുടേയും കൂടെ പോയ നമ്പൂതിരി പെൺകുട്ട്യോളിൽ എല്ലാവരും സുഖായിട്ടാണ് കഴിയണത് എന്നും ഉറപ്പുപറയാൻ പറ്റില്ല. പലരുടേയും ഭർത്താക്കന്മാർ നല്ലോണം ഉപദ്രവിക്കുന്നുണ്ട്.**

ഇന്നും അത് തീർത്തും ഇല്ലാണ്ടായിട്ടില്ല്യാ. അതിന് കുറവുവന്നിട്ടുണ്ട്. എന്നാൽ തന്നിഷ്ടപ്രകാരം വല്ലോരുടേയും കൂടെ പോയ നമ്പൂതിരി പെൺകുട്ട്യോളിൽ എല്ലാവരും സുഖായിട്ടാണ് കഴിയണത് എന്നും ഉറപ്പുപറയാൻ പറ്റില്ല. പലരുടേയും ഭർത്താക്കന്മാർ നല്ലോണം ഉപദ്രവിക്കുന്നുണ്ട്. അവരിൽ പലർക്കും ബ്രാഹ്മണ വിരോധവും മറ്റുപല അജണ്ടകളും ഉണ്ട്. ആ വിരോധവും അജണ്ടകളും വെച്ച് ബ്രാഹ്മണ പെൺകുട്ടികളെ തെരഞ്ഞുപിടിച്ച് സ്നേഹം നടിച്ച് വിവാഹം കഴിച്ച് ഉപദ്രവിക്കുന്നതും വഴിയാധാരമാക്കുന്നതുമായ ഒരു പ്രവണതയും സമൂഹത്തിൽ നടന്നുവരുന്നുണ്ട്. അത് നല്ലതിനല്ല. നമ്മുടെ കുട്ടികളെ ബോധവൽക്കരിക്കേണ്ടതുണ്ട്. ഇത്തരം പ്രവണതകളെ ചെറുക്കേണ്ടതുണ്ട്. എന്നാൽ നല്ലോരും ണ്ട് ട്ടോ. ഇല്ല്യാന്നല്ല. നമ്പൂതിരിമാരേക്കാൾ കേമായിട്ട് കഴിയണോരും ധാരാളം ണ്ട്.'' കുഞ്ഞുണ്ണി ഇതിനിടയിൽ കയറിപ്പറഞ്ഞു.

'എന്റെ ഒക്കെ കുട്ടിക്കാലത്ത്-അന്തർജ്ജനങ്ങളെക്കൊണ്ട് ഘോഷ ബഹിഷ്ക്കരിപ്പിക്യാ, ബ്ലൗസിടീപ്പിക്യാ, മറക്കുട ഉപേക്ഷിപ്പിക്യാ, സ്കൂളില് പൂവാൻ നിർബ്ബന്ധിക്യാ ഒക്ക്യാർന്നു. നമ്പൂരാരാച്ചാൽ -ഉണ്ണ്യമ്പൂരാര്-പൂണൂല് പൊട്ടിക്ക്യാ, അഫ്ഫമ്പൂരാരെക്കൊണ്ട് സ്വസമുദായത്ത്ന്നെന്നെ വേളി കഴിപ്പിക്ക്യാ, സമുദായത്തിലെ വിധവകളെ ഉണ്ണ്യമ്പൂരാരെക്കൊണ്ടും അഫ്ഫമ്പൂരാരെക്കൊണ്ടും വിവാഹം ചെയ്യിക്ക്യാ.'' ഹൌ എന്താർന്നു ബഹളം. പഴമക്കാരിയായ മുത്തശ്ശിയമ്മ പറഞ്ഞു നിർത്തി.

''അന്ന് അതൊക്കെ ചെയ്തതുകൊണ്ടാണ് ഇന്ന് എനിക്കൊക്കെ ടീച്ചറാവാൻ സാധിച്ചത്. അല്ലെങ്കിൽ ഞാൻ ഇന്ന് ഏതെങ്കിലും ഇല്ലത്തെ വയസ്സനായ അച്ഛൻ നമ്പൂരീടെ നാലാംവേളിക്കാരത്തിയായി, വടിക്കിണിയിൽ ശീലപിരിച്ച് കുന്തിച്ചിരിക്കേണ്ടിവന്നേനെ. കാലത്തിനനുസരിച്ച് നമ്പൂരാരും അന്തർജ്ജനങ്ങളും മാറണം. അതിന് രണ്ടഭിപ്രായല്യാ. പക്ഷെ ആ മാറ്റം നമ്മളിൽ അടിഞ്ഞുകൂടിയ തിന്മയെ മാറ്റലാവണം. എന്നാൽ നമുക്ക് പറ്റിയ ഒരബദ്ധം, നാം നമ്മുടെ തിന്മയെ കഴുകിക്കളയുന്ന കൂട്ടത്തിൽ നമുക്കുണ്ടായിരുന്ന തനിമയെ കൂടി കളഞ്ഞുകുളിച്ചു. അതിനും കാരണംണ്ട്. അത്രയ്ക്ക് മലീമസമായിരുന്നു നമ്പൂതിരിയുടെ പുറത്തളങ്ങളും അകത്തളങ്ങളും. കശ്മീരി ബ്രാഹ്മണരും, ബംഗാളി ബ്രാഹ്മണരും എന്തിനേറെപ്പറയുന്നു നമ്മുടെ തൊട്ട് അയൽപക്കത്തെ തമിഴ് ബ്രാഹ്മണരെന്നെ നോക്കൂ; അവരൊക്കെ നമ്മളേക്കാൾ എത്ര കാലം മുമ്പ് പാരമ്പര്യവിദ്യാഭ്യാസത്തോടൊപ്പം ആധുനികവിദ്യാഭ്യാസവും ജോലിയും നേടി സ്വയംപര്യാപ്തരായി. എന്നാൽ അതൊക്കെ സ്വായത്തമാക്കി എന്നു വിചാരിച്ച് അവരൊക്കെ അവരുടെ പാരമ്പര്യത്തെ കളഞ്ഞിട്ടുമില്ല. നിത്യകർമ്മങ്ങളും ഉപാസനകളും ഒന്നും ഉപേക്ഷിച്ചതുമില്ല. നമ്മളോ? എല്ലാം പെരുവഴിയിലുപേക്ഷിച്ച് ആർക്കും കയറിക്കൊട്ടാവുന്ന ഒരു ചെണ്ടയായി മാറി.'' അദ്ധ്യാപികയായ ലീല അന്തർജ്ജനം ചർച്ചയെ ഒരുനിമിഷമൊന്ന് ചിന്തയിലേയ്ക്കു വിട്ടു.

''പഠിക്കേണ്ട കാലത്ത് പഠിക്കണം. ഉന്നത വിദ്യാഭ്യസം നേടി ആനുകൂല്യങ്ങൾക്കു കാത്തുനിൽക്കാതെ അവനവന്റെ കഴിവിനും പ്രാഗൽഭ്യത്തിനും അനുസരിച്ച് ആത്മാഭിമാനത്തോടെ ജോലിയിലോ ബിസിനസ്സിലോ ശ്രദ്ധ ചെലുത്തി മുന്നേറാൻ ശ്രമിക്കണം. ചെയ്യുന്നതെന്തുമായിക്കോട്ടെ അതിൽ ആത്മസംതൃപ്തി കണ്ടെത്തണം. സത്യം, ധർമ്മം, ദയ, ലാളിത്യം ഇതൊക്കെ മുഖമുദ്രയാക്കണം. അത് തലമുറ തലമുറ കൈമാറണം. ആർത്തി, സ്വാർത്ഥത ഇവ വെടിയണം. അങ്ങനെ നമ്മൾ മനുഷ്യനാവണം. എന്നും ആ മനുഷ്യത്വം നിലനിർത്താൻ ശ്രദ്ധിക്കണം. അതോടൊപ്പം നമ്മുടെ തനതായ വേദപാരമ്പര്യത്തെ,കർമ്മത്തെ മുറുകെപ്പിടിക്കുകയും ആചാരങ്ങളെ അനുഷ്ഠിക്കുകയും അന്ധവിശ്വാസത്തിനടിമപ്പെടാതിരിക്കുകയും വേണം. റെയിൽവേ ലൈൻ പോലെയാവണം നമ്പൂതിരിയുടെയും അന്തർജ്ജനത്തിന്റെയും ജീവിതം. ആധുനികവും പാരമ്പര്യവും ഒരുമിച്ചുകൊണ്ടുപോകാൻ സാധിക്കണം. ഒന്നിനെ കളഞ്ഞിട്ടല്ല മറ്റേതിനെ പുണരേണ്ടത്. അതാണ് നമുക്കുപറ്റിയ

അബദ്ധം. സമയം വൈകിയിട്ടില്ല. ഇനി മുതൽ ശ്രദ്ധിച്ചാലും നമുക്ക് കരകയറാം. നമ്മൾ എണ്ണത്തിൽ ഇന്ന് നന്നേ കുറവ്. ഉള്ളവർക്ക് കർമ്മലോപംകൂടി സംഭവിച്ചാലോ? പിന്നെ കഥ മഹാപരുങ്ങലിലാവും.'' മനോരോഗവിദഗ്ദ്ധകൂടിയായ ഡോ.അമ്മിണി അന്തർജ്ജനം ഇത്രയും പറഞ്ഞതിനുശേഷം ദീർഘ മൌനത്തിലായി.

''വി.ടി., എം.പി., എം.ആർ.ബി, ആര്യാപള്ളം, പാർവ്വതി നെന്മിനിമംഗലം തുടങ്ങി നമ്പൂതിരി അന്തർജ്ജന സാമൂഹ്യപരിഷ്കർത്താക്കൾ ശ്ശി മെനക്കെട്ടോണ്ടല്ലേ നമുക്കൊക്കെ ഇങ്ങനെ സ്വതന്ത്രായി നടക്കാൻ സാധിക്കണത്?. അതേ പോലെ, വരുംകാലത്തിന്റെ ഒരാവശ്യമാണ് കേരളത്തിലെ നമ്പൂതിരിമാരുടെ കൂട്ടായ്മ. നമ്പൂതിരിയെ ഇന്ന് വല്ലാതെ താറടിക്കുന്നുണ്ട്. നമ്മൾ ഇന്ന് ആരേയെങ്കിലും ഉപദ്രവിക്കുന്നുണ്ടോ? ചൂഷണം ചെയ്യുന്നുണ്ടോ? നമ്മൾ, നമ്മുടെ കാര്യം നോക്കി പോകുന്നു എന്നല്ലേ ഉള്ളൂ. നമ്പൂതിരിമാർ ആകെ കുറച്ചുപേരേ ഇന്ന് കേരളത്തിൽ ഉള്ളൂ. ഒരു സ്വാധീനോം ഇല്ലാത്ത ഈ വർഗ്ഗം കേരളത്തിൽ എന്ത് ബ്രാഹ്മണാധിപത്യം(Brahmanical Hegemony) കാട്ടാനാ'' ഇന്നു നമ്പൂതിരി നേരിടുന്ന ദുരവസ്ഥയിലേയ്ക്ക് സിന്ധു വിരൽ ചൂണ്ടി..

''എന്റെ ഒക്കെ കുട്ടിക്കാലത്തന്നെ ഇല്ലത്തുള്ളോരു തമ്മിലും അടുത്തുള്ള ഇല്ലക്കാരോടൊക്കെത്തന്നെയും ഒരടുപ്പോക്കെണ്ടാർന്നു. പരസ്പരം അങ്ങോട്ടുമിങ്ങോട്ടുമൊക്കെ ശരീരംകൊണ്ടും സാമ്പത്തികംകൊണ്ടും ഒക്കെ സഹായിച്ചേർന്നു. വിശേഷങ്ങളിൽ പ്രത്യേകിച്ചും. ഇന്നതൊന്നൂല്ല്യ. ബന്ധങ്ങളൊക്കെ യാന്ത്രികായിരിക്കുന്നു. വരും. വന്നാൽ ഭക്ഷണം കഴിയോളം അവിടെ വട്ടംതിരിയും, ഭക്ഷണം കിട്ടിയാൽ കഴിക്കും ഉടനെ പോകും അത്ര തന്നെ. അച്ഛനും അമ്മയും മക്കളും അവനോന്റെ അവിടെ നാലുമുക്കിലും ഓരോ മൊബൈലും പിടിച്ച് ഇരിക്ക്യാ. കഴിക്കാറായാൽ ബൈക്കും എടുത്ത് പോയി കുഴിമന്തീം ചമ്മന്തീം ഒക്കെ മൂക്കറ്റം കേറ്റാ. എന്നിട്ട് ഡോക്ടറെ കണ്ട് കുറേ എക്സറേം, സ്കാനിങ്ങും, ഗുളികേം വാങ്ങിക്കഴിക്ക്യാ. ഈ അടുത്തകാലത്ത് നമ്പൂതിരിമാരെ ധാരാളം ഹോസ്പിറ്റലിൽ കണ്ടുതുടങ്ങിയിരിക്കുന്നു. നമ്പൂതിരിമാർ വൃദ്ധസദനത്തിലോ അനാഥമന്ദിരത്തിലോ ശരണം പ്രാപിച്ചുതുടങ്ങിയിരിക്കുന്നു. ആരും നോക്കാൻ ഇല്ല്യാ, സഹായിക്കാനില്ല്യാ, ആകെ ഒരു ഒറ്റപ്പെടൽ. ഇതാപ്പൊ നമ്മടെ ഒക്കെ അവസ്ഥ. അത് മാറണം. നമ്മൾ പരസ്പരം സഹകരിച്ചു പ്രവർത്തിക്കണം. സംഘടിക്കണം. നമ്മുടെ സത്വത്തെ മുറുകെപ്പിടിക്കണം. അതിനുവേണ്ട വഴികൾ നാം തന്നെ വെട്ടണം, സ്വയം ആരായണം. അത് ഓരോ നമ്പൂതിരി ഇല്ലങ്ങളിൽ നിന്നും തുടങ്ങി, ഉപഗ്രാമങ്ങളിലും ഗ്രാമങ്ങിലൂടേയും വ്യാപിച്ച് കേരളത്തിൽ മുഴുവൻ പടരണം. അതിനായി നാം നമ്മളെ സ്വയം മാറ്റിയെടുക്കണം.'' നെഴ്സായ അനിത വിഷയത്തിന് അല്പം ഗൌരവമേകികൊണ്ട് 'വർക്കേരിയവട്ട'ത്തിനു വിരാമമിട്ടു. ●


ഒരുപുലാശ്ശേരി മന,
കല്ലിപ്പാടം പി.ഒ.,
ഷൊർണ്ണൂർ-2,
പാലക്കാട് ജില്ല.
പിൻ- 679 122.
മൊബൈൽ: 94955 02605





**നാരായണ ശ്രമസംഘം**

**തൃശൂർ**

15 വർഷത്തോളമായി അന്തർജ്ജനങ്ങൾ നടത്തി വരുന്നത്. സദ്യ ഏതായാലും ശ്രമം ഉത്തവാദിത്വത്തോടെ ഏറ്റെടുത്ത് നടത്തിക്കൊടുക്കുന്നതാണ്.

**മൊബൈൽ:**

**9495420691 / 9847506035**

**തിരുന്നാവായ ബ്രഹ്മസ്വം മഠം**

**ആകർഷകമായ പ്രീ പബ്ലിക്കേഷൻ ആനുകൂല്യം**

തിരുന്നാവായ ബ്രഹ്മസ്വം മഠത്തിലെ പ്രസിദ്ധീകരണമായിരുന്ന അനാദി മാസികയിലെ പ്രൗഢമായ ലേഖനങ്ങളിൽ ലൗകിക വിഷയങ്ങളെ സമാഹരിച്ച് ഡോ. കെ.എ.രവീന്ദ്രൻ പ്രസാധനം ചെയ്യുന്ന അനാദിവാല്യം 2 ലൗകികം ഈ ക്രിസ്മസ് വെക്കേഷൻ കാലത്ത് പ്രസിദ്ധീകരിക്കുകയാണ്.

അനാദിവാല്യം- 2 - 800 പേജ് വില 1000/-
മുമ്പെ പ്രസിദ്ധീകരിച്ച അനാദി വാല്യം- 1- 768 പേജ് വില 1000/-

അനാദിവാല്യം ഒന്നും, രണ്ടും ഒരുമിച്ച് എടുക്കുന്നവർക്ക് പ്രീ പബ്ലിക്കേഷൻ ആനുകൂല്യമായി കേവലം 1500 രൂപ മതി. (ഈ ആനുകൂല്യം 2023 സെപ്തംബർ 30 വരെ) ഒറ്റ വാല്യത്തിന് 850 രൂപ മാത്രം. വൈദികവും ലൗകികവുമായ ആർഷ ഭാരത വിജ്ഞാന ഭണ്ഡാകാരത്തെ പണ്ഡിത ശ്രേഷ്ഠന്മാരുടെ പ്രൗഢ ലേഖനങ്ങളിലൂടെ സ്വന്തം വായനമുറിയിലേക്ക് എത്തിക്കാൻ ഒരു സുവർണ്ണാവസരം.

പ്രീ പബ്ലിക്കേഷൻ നിരക്കിൽ
ബുക്ക് ചെയ്യേണ്ട വിലാസം
**കൃഷ്ണകുമാർ എം.ടി.എം.**
**മാനേജർ തിരുന്നാവായ ബ്രഹ്മസ്വം മഠം**
**പി.ഒ തവനൂർ**
**മലപ്പുറം ജില്ല 679 573**
**ഫോൺ: 9656736423**
ഈ നമ്പറിൽ വാട്സ് ആപ്പ് ചെയ്യാം

State Bank of India
Kuttippuram Branch
A/c No. 57022129653
IFSC SBIN0070195




*ഓച്ചിറ ഓർക്കാസ് സംഘടിപ്പിച്ച ഒരു കളിയരങ്ങ് (ഇൻസെറ്റിൽ ഓച്ചിറ രാഘവൻ പിള്ള)*

## ഈ ഓണക്കാലത്ത് ഓർക്കാസിനെപ്പറ്റി

# ഓർക്കാൻ ചിലതുണ്ട്

**എറ്റവും വേറിട്ട ചില കാര്യങ്ങൾ ചെയ്യുന്നവരെ ഓർക്കാതെ വയ്യ. കോവിഡ് കാലത്ത് വരുമാനം കിട്ടാതെ വിഷമിച്ച അറുപതിലധികം കഥകളി കലാകാരന്മാർക്ക് ഓച്ചിറയിലെ ഓർക്കാസ് സഹായം എത്തിച്ചു. 2020 ൽ 2020 രൂപ. 2021 ൽ 2021 രൂപയും. ഇങ്ങനെയൊരു ഓണസമ്മാനം നൽകാൻ സാധിച്ചത് ഈ കഥകളി ആസ്വാദക സമിതിയുടെ വലിയ നേട്ടമായി കരുതുന്നു. തുടർച്ചയായി രണ്ട് വർഷവും സഹായ ധനം നൽകാൻ സാധിച്ച മറ്റ് കഥകളി ക്ലബുകൾ കേരളത്തിൽ ഉണ്ടോ എന്ന് സംശയമാണ്. വായിക്കാം ഈ സമിതിയെപ്പറ്റി**

**പ്രൊഫ. കൈപ്പുഴ നീലകണ്ഠൻ നമ്പൂതിരി**



കൊല്ലം ജില്ലയിലെ ഓച്ചിറ കേന്ദ്രമാക്കി 2018 മുതൽ പ്രവർത്തിച്ച് വരുന്ന ഒരു കഥകളി ആസ്വാദക സമിതി യാണ് ഓർക്കാസ്. കഥകളിയിലെ വിവിധ മേഖലകളിൽ പ്രവർത്തിച്ച് പ്രശസ്തി ആർജ്ജിച്ച ഗുരു ചെങ്ങന്നൂർ രാഘവൻ പിള്ള, മാങ്കുളം വിഷ്ണു നമ്പൂതിരി, ഹരിപ്പാട് രാമകൃഷ്ണൻ, വാരണാസി വിഷ്ണു നമ്പൂതിരി,ഓച്ചിറ ശങ്കരൻ കുട്ടി, ചീരാഴി രാഘവൻ പിള്ള, പന്നിശ്ശേരി നാണുപിള്ള, ക്ടാക്കോട്ട് മഹേശ്വരൻ പോറ്റി എന്നിവരുടെ സമകാലീനനും കഥകളി സംഗീതജ്ഞനുമായിരുന്ന ഓച്ചിറ രാഘവൻ പിള്ളയുടെ നാമധേയത്തിൽ പ്രവർത്തിച്ച് വരുന്ന ഈ കഥകളി ആസ്വാദക സമിതിയിൽ ഏതാണ്ട് തൃശൂർ മുതൽ തിരുവനന്തപുരം വരെയുള്ള അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

കഥകളി രംഗത്തെ ഒന്നാം നിര കലാകാരന്മാരെ പങ്കെടുപ്പിച്ച് കൊണ്ട് ഒരു വർഷം അഞ്ച് മേജർ സെറ്റ് കഥകളികൾ ഓർക്കാസ് നടത്തുന്നു.

**ഓർക്കാസ് നിർവ്വാഹക സമിതി അംഗങ്ങൾ**

പ്രൊഫ.എസ്.കെ ഗോവിന്ദൻകുട്ടി കാരണവർ, അഡ്വ. പ്രയാർ ഹരി, വരവിള ശ്രീനി, എസ്. സാഗർ, വൈ. ശ്രീകുമാർ ശ്രീവത്സം, നന്ദകുമാർ വള്ളിക്കാവ്, ഡോ. എം.എൻ. ഗിരിജ, കെ.എൻ. മായാ നമ്പൂതിരി, സജി കളത്തിൽ, പ്രൊഫ. പി.രാധാകൃഷ്ണക്കുറുപ്പ്, പ്രൊഫ. കെ. മോഹനക്കുറുപ്പ്, ജി. കരുണാകരൻ പിള്ള പ്രണവം, റ്റി.ജെ. ഗോവിന്ദർ, കെ.എസ്. മുരളി, എം. ഹർഷൻ, റ്റി.ജെ. ഉണ്ണികൃഷ്ണൻ നമ്പൂതിരി.

## ഓർക്കാസ് ഭാരവാഹികൾ



*ഡോ. എം ജി ശശിഭൂഷൺ (രക്ഷാധികാരി), അഡ്വ: ഡി.സോമസുന്ദരം (രക്ഷാധികാരി), കെ.ബി. രാധാകൃഷ്ണൻ (പ്രസിഡന്റ്), പ്രൊഫ: കൈപ്പുഴ നീലകണ്ഠൻ നമ്പൂതിരി (സെക്രട്ടറി), റ്റി.ജെ. നാരായണൻ(ട്രഷറർ), സി ആർ പ്രഭ (വൈസ് പ്രസിഡന്റ്), സഞ്ചാർശ്രീ ചന്ദ്രമോഹൻ (ജോയിന്റ് സെക്രട്ടറി)*

ആസ്വാദകർക്കായി ഉന്നത നിലവാരമുള്ള കഥകളി നടത്തുന്നതോടൊപ്പം തന്നെ കൂടുതൽ ആസ്വാദകരെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിൽ എല്ലാ അരങ്ങുകൾക്കും മുമ്പായി ഒരു മണിക്കൂർ നീളുന്ന ഒരു കഥകളി ആസ്വാദന ക്ലാസും നടത്തി വരുന്നു. കൂടാതെ കഥകളി കാണാൻ വിവിധ പ്രദേശങ്ങളിൽ നിന്നും എത്തുന്ന എല്ലാ ആസ്വാദകർക്കും രാത്രി ഭക്ഷണവും ഓർക്കാസ് നൽകുന്നുണ്ട്. അങ്ങനെ തികച്ചും വ്യത്യസ്തമായ രീതിയിൽ പ്രവർത്തിച്ച് വരുന്ന കേരളത്തിലെ ഒരു പ്രമുഖ കഥകളി ആസ്വാദക സമിതിയായി ഓർക്കാസ് മാറിയിട്ടുണ്ട്.

ഓർക്കാസ് അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന 21 അംഗ നിർവ്വാഹക സമിതി യോഗം കൂടി കഥ ഏതെന്ന് നിശ്ചയിച്ചാൽ പിന്നെ കഥാപാത്രങ്ങൾക്കനുസരിച്ചുള്ള വേഷക്കാരേയും സംഗീതം, മേളം, ചുട്ടി എന്നിവയ്ക്ക് ആവശ്യമായ കലാകാരന്മാരേയും ഈ സമിതി തീരുമാനിക്കുന്നു. കഴിവതും ഒന്നാം നിര കലാകാരന്മാരെയാണ് സമിതി പരിഗണിക്കുന്നത്. ആകയാൽ എല്ലായ്പ്പോഴും മികച്ച കഥകളി നടത്താൻ ഓർക്കാസിന് സാധിക്കുന്നുണ്ട്.

കഴിഞ്ഞ കോവിഡ് കാലത്ത് കഥകളി കലാകാരന്മാർ അരങ്ങുകൾ കിട്ടാതെ വിഷമിച്ച് കഴിഞ്ഞപ്പോൾ കഷ്ടത അനുഭവിച്ച ഉദ്ദേശം അറുപതിലധികം കഥകളി കലാകാരന്മാർക്ക് 2020 ലും 2021 ലും ഓണം ആഘോഷിക്കാനായി യഥാക്രമം 2020 രൂപ, 2021 രൂപ എന്ന നിരക്കിൽ ഓണസമ്മാനം നൽകാൻ സാധിച്ചത് ഈ കഥകളി ആസ്വാദക സമിതിയുടെ വലിയ നേട്ടമായി കരുതുന്നു. തുടർച്ചയായി രണ്ട് വർഷവും സഹായധനം നൽകാൻ സാധിച്ച മറ്റ് കഥകളി ക്ലബുകൾ കേരളത്തിൽ ഉണ്ടോ എന്ന് സംശയമാണ്.

കഥകളി കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ വർഷവും പതിനായിരം രൂപ വീതം വരുന്ന നാല് അവാർഡുകളും പ്രൗഢിയുള്ള മൊമെന്റോകളും കഥകളിയിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന കഥകളി കലാകാരന്മാർക്കായി ഓർക്കാസ് നൽകി വരുന്നുണ്ട്. ●

ഓർക്കാസ് സെക്രട്ടറി കൈപ്പുഴ നീലകണ്ഠൻ നമ്പൂതിരിയുടെ ഫോൺ നമ്പർ: 9446376806

### അവാർഡുകളും ജേതാക്കളും

**1. തോട്ടം ദിവാകരൻ നമ്പൂതിരി സ്മാരക പുരസ്കാരം**
(കഥകളിയിലെ സമഗ്ര സംഭാവനയ്ക്കുള്ള അവാർഡ്)
2018 ൽ ശ്രീ. ഇഞ്ചക്കാട് രാമചന്ദ്രൻ പിള്ള (കഥകളി വേഷം)
2019 ൽ ശ്രീ. കണ്ടല്ലൂർ സദാശിവൻ (ചെണ്ട)
2020 ൽ ശ്രീ. പത്തിയൂർ ശങ്കരൻ കുട്ടി (കഥകളി സംഗീതം)
2021 ൽ ശ്രീ കലാനിലയം കരുണാകരക്കുറുപ്പ് ( കഥകളി വേഷം)
2022 ൽ ശ്രീമതി കൊട്ടാരക്കര ഗംഗ ( കഥകളി വേഷം)

**2. ദേവനാദം പുരസ്കാരം**
(മേളം, കഥകളി സംഗീതം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന കഥകളി കലാകാരന്മാർക്ക് മാത്രമായുള്ള അവാർഡ് )
2018 ൽ ശ്രീ. പനമണ്ണ ശശി (ചെണ്ട)
2019 ൽ ശ്രീ. കോട്ടക്കൽ മധു (കഥകളി സംഗീതം)
2020 ൽ ശ്രീ.കലാമണ്ഡലം അച്യുത വാരിയർ ( മദ്ദളം)
2021 ൽ ശ്രീ. കുറൂർ വാസുദേവൻ നമ്പൂതിരി (ചെണ്ട)
2022 ൽ ശ്രീ ആയാംകുടി കുട്ടപ്പമാരാർ

**3. കുവലയ പുരസ്കാരം**
(കഥകളിയിലെ പ്രശസ്തരായ യുവ കലാകാരന്മാർക്കുള്ള അവാർഡ് )
2018 ൽ ശ്രീ കലാമണ്ഡലം കൃഷ്ണകുമാർ ( കഥകളി സംഗീതം)
2019 ൽ ശ്രീ. കലാമണ്ഡലം ചമ്പക്കര വിജയകുമാർ (വേഷം)
2020 ൽ ശ്രീ. മധു വാരണാസി (വേഷം)
2021 ൽ ശ്രീ.കലാമണ്ഡലം മയ്യനാട് രാജീവൻ നമ്പൂതിരി (വേഷം)
2022 ൽ ശ്രീ. കലാമണ്ഡലം പ്രശാന്ത് പന്മന (വേഷം)

**4. അനന്ത പ്രദീപം പുരസ്കാരം**
(കഥകളിയിലെ അണിയറ കലാകാരന്മാർക്ക് മാത്രമായുള്ള പുരസ്കാരം. 2022 മുതൽ ആരംഭിച്ചത് )
2022 ൽ ശ്രീ. മുതുപിലാക്കാട് ചന്ദ്രശേഖരൻ പിള്ള (ചുട്ടി)

# സച്ചിനും ശ്രീലക്ഷ്മിയും



മലപ്പുറം എടപ്പാൾ നെഡ്ഢത്തു മന നീലകണ്ഠൻ നമ്പൂതിരിയുടെ യും സാവിത്രിഅന്തർജനത്തിന്റെ യും മകൻ സച്ചിനും കോഴിക്കോ ട് നടുവണ്ണൂരിലെ അവിടനല്ലൂർ. അമ്പലപുത്തൂർ ഇല്ലത്ത് എ. പി.നാരായണൻ നമ്പൂതിരിയുടെ യും സബിത അന്തർജനത്തിന്റെ യും മകൾ ശ്രീലക്ഷ്മിയും 2023 മെയ് 21ന് എടപ്പാൾ കുമാരനല്ലൂർ വീ കെ ഓഡിറ്റോറിയ(എടപ്പാൾ) ത്തിൽ വെച്ച് വിവാഹിതരായി.

# വിശാഖും ഹൃദ്യയും

പാലക്കാട് കുമരനല്ലൂർ തെക്കിനിയേ ടത്ത് കുത്തുള്ളി മനയിൽ കേശവൻ നമ്പൂതിരിയുടെയും ആര്യ അന്തർജ നത്തിന്റെയും മകൻ വിശാഖും കോഴി ക്കോട് കാരയാട് അകപ്പുറത്ത് ഇല്ലത്ത് ബ്രഹ്മശ്രീ നാരായണൻ നമ്പൂതിരിയു ടെയും നിർമ്മല അന്തർജ്ജനത്തിന്റെ യും മകൾ ഹൃദ്യയും 2023 മെയ് 7 (1198 മേടം 23) ഞായറാഴ്ച രാവിലെ 7.30 നും 8.30 നും മദ്ധ്യേയുള്ള ശുഭമുഹൂർ ത്തത്തിൽ വരന്റെ ഗൃഹത്തിൽ വെച്ച് വിവാഹിതരായി.



# നവതി ആശംസകൾ @ 90



**പൊരുതയിൽ മന**
**നാരായണൻ ഭട്ടതിരിപ്പാടിന്റെ**
**തൊണ്ണൂറാം പിറന്നാൾ**
**2023 ഏപ്രിൽ 9ന്**

പാലക്കാട് ജില്ല,ചളവറ പൊരുതയിൽ വെച്ച് ആഘോഷിച്ചു. 1988 ൽ വിരമിക്കുമ്പോൾ പട്ടാമ്പി പഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ആയിരുന്നു ഭട്ടതിരിപ്പാട്. സഹധർമ്മിണി ഇരുമ്പനം പിലാക്കുടി മന ബേബി അന്തർജനം.

ആശംസകളോടെ,
ബന്ധുമിത്രാദികൾ

**ചേറമ്പറ്റ ഉണ്ണിക്കൃഷ്ണൻ ഭട്ടതിരിപ്പാട്**
ഫോൺ: **9447158016**





21.5.2023 ഉപനയനം നടന്ന **അനിരുദ്ധ്.**
മഞ്ചേരി കൈതക്കൽ മന അരുൺ, വിദ്യ ദമ്പതികളുടെ മകനും മഹാകവി കൈതക്കൽ മന ജാതവേദൻ നമ്പൂതിരി-പദ്മജ ദമ്പതികളുടെ പേരക്കുട്ടിയുമാണ്.

## നവതി ആശംസകൾ



**ആര്യ അന്തർജ്ജനം**
(പരേതനായ കിഴക്കെ കുത്തുള്ളി നാരായണൻ നമ്പൂതിരിയുടെ പത്നി )
ആശംസകളോടെ: മക്കളും, മരുമക്കളും, പേരക്കുട്ടികളും മറ്റു ബന്ധുമിത്രാദികളും




*യോഗക്ഷേമസഭ സംസ്ഥാന പ്രസിഡണ്ട് അക്കീരമൻ കാളിദാസഭട്ടതിരി പ്രധാനമന്ത്രി നരേന്ദ്ര മോദിയോടൊപ്പം.*

## കോഴിക്കോട് ജില്ലയിൽ എന്തെല്ലാം നടക്കുന്നു

# കുട്ടികളുടെ സഹവാസ ക്യാമ്പും വയനാടൻ യാത്രയും

യാതൊരു തരത്തിലുള്ള സംവരണത്തിനും അർഹരല്ലാത്ത, പണ്ടെങ്ങാണ്ടോ ആരോ ചെയ്തിരുന്ന അനാചാരങ്ങളുടെ പാപഭാരം ചുമക്കാൻ വിധിക്കപ്പെട്ട, സൂരി നമ്പൂതിരി തുടങ്ങിയ ചില സാങ്കൽപ്പിക കഥാപാത്രങ്ങളുടെ പേരിൽ പരിഹസിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സമുദായത്തിന്റെ ഉന്നമനത്തിന്, കടുത്ത മത്സര വിജയങ്ങൾക്ക് പ്രാപ്തരാക്കുക, ആത്മവിശ്വാസം നൽകുക എന്നിവ മാത്രമേ പോംവഴിയായിട്ടുള്ളു. മുൻനിരയിലെത്തിയവരും വ്യാവസായിക രംഗത്തും അക്കാദമിക രംഗത്തും വിജയഗാഥ രചിച്ചവരുമായ സമുദായാംഗങ്ങളെ മറ്റുള്ളവർക്ക് പ്രചോദനമാകാൻ വേണ്ടി പരിചയപ്പെടുത്തിക്കൊണ്ടിരിക്കുന്ന കോഴിക്കോട് ജില്ലാ സഭയുടെ പ്രസിദ്ധീകരണമായ സ്വസ്തി സ്തുത്യർഹമായ പ്രവർ ത്തനങ്ങളാണ് ഈ ദിശയിൽ നടത്തിക്കൊണ്ടിരിക്കുന്നത്.

സംഘടനാതലത്തിൽ സർവ്വജ്ഞം പദ്ധതി നല്ല ഉദാഹരണമാണ്. സിവിൽ സർവീസിൽ 36-ാമത് റാങ്ക് നേടിയ ആര്യ നമുക്ക് പ്രചോദനമാകട്ടെ.

കോഴിക്കോട് ജില്ലയിലെ മെമ്പർഷിപ്പ് പ്രവർത്തനങ്ങൾ മാർച്ച് 31 ഓടുകൂടി പൂർത്തീകരിച്ചു. കഴിഞ്ഞ വർഷത്തേക്കാൾ 139 പേരുടെ കുറവാണ് മെമ്പർഷിപ്പിൽ ഉള്ളത്. ചില ഉപസഭകളിലെ സജീവ പ്രവർത്തകരുടെ അഭാവമാണ് ഇതിന് കാരണം.

ഏപ്രിൽ 30 ന് തന്നെ മെർഷിപ്പിന്റെ വിവദവിവരങ്ങൾ ഐ.ടി. കോ ഓർഡിനേറ്റർക്ക് കൈമാറി. തിരക്കിനിടയിലും ഐ.ടി. കോ ഓർഡിനേറ്റർ ശ്രീ ദിലീപ് കരുവാടിന്റെ ആത്മാർത്ഥമായ ഇടപെടലുകളേയും, സഹായങ്ങളേയും നന്ദിപൂർവം സ്മരിക്കുന്നു.

2023 ഏപ്രിൽ 4,5 തീയതികളിലായി കോഴിക്കോട് ജില്ലാ ആസ്ഥാന മന്ദിരത്തിൽ വെച്ച് അഞ്ചാം ക്ലാസു മുതൽ +2 ക്ലാസു വരെയുള്ള 43 കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു സഹവാസ ക്യാമ്പ് നടത്തി. കുട്ടികളുടെ വ്യക്തിത്വ വികാസം, ലക്ഷ്യബോധം, സർഗ വാസനകളുടെ വികാസം, ശാസ്ത്രബോധം, അന്യോന്യമുള്ള ഇടപഴകൽ, കാരിയർ ഗൈഡൻസ്, കളികളിൽ കൂടെ

യുള്ള പഠനം, നമ്മുടെ സംസ്കാരത്തെപ്പറ്റിയുള്ള അവബോധം, ഒറിഗാമി കലാപരിപാടികൾ, പ്രസംഗ പരിശീലനം, വായനാശീലം വളർത്തൽ എന്നിവയാണ് ക്യാമ്പ് കൊണ്ട് ഉദ്ദേശിച്ചത്.

പ്രകൃതിസ്നേഹി, ഗവേഷകൻ, ഇന്ത്യയിലെ ഏറ്റവും മികച്ച പ്രകൃതി ക്ലബ്ബിന്റെ സംഘാടകൻ എന്നീ നിലകളിൽ പ്രശസ്തനായ ശ്രീരഞ്ജിത്ത് രാജ് ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു.

ജില്ലാ പഞ്ചായത്ത് കൌൺസിലിംഗ് മെന്റർ, കരിയർ ഗൈഡൻസ് ടീച്ചർ, ശാസ്ത്ര സാഹിത്യ പരിഷത് പ്രവർത്തകൻ, പുഷ്പക സമാജത്തിന്റെ കോഴിക്കോട് ജില്ലാ സെക്രട്ടറി ഇവയെല്ലാമായ ശ്രീ ഇ രാജൻ ക്യാമ്പിനെപറ്റി സാമാന്യവിവരണം നൽകി. ക്യാമ്പിന്റെ സംഘാടകരിൽ പ്രധാനി കൂടിയായ ശ്രീ രാജന്റെ ക്ലാസ് കുട്ടികൾക്ക് ഏറെ ഇഷ്ടപ്പെട്ടു.

ശ്രീ മനോജ് തരുപ്പ (ഉത്തര മേഖലാ സെക്രട്ടറി), ശ്രീമതി ഹേമലത പാറക്കോട് (ജില്ല വനിത സഭാ പ്രസിഡണ്ട്), ശ്രീ പാണാട് പദ്മനാഭൻ നമ്പൂതിരി (സ്വസ്തി അസോസിയേറ്റ് എഡിറ്റർ) എന്നിവർ ആശംസകൾ നേർന്നു. കുട്ടി കളുടെ കൂട്ടത്തിൽ നിന്ന് എഴുത്തുകാരും എഡിറ്റർമാരും ഉണ്ടാകണമെന്നും സ്വസ്തിയിലെ പേജുകൾ കുട്ടികളുടെ നല്ല രചനക്കായി മാറ്റി വെച്ചിട്ടുണ്ടെന്നും ശ്രീ പദ്മനാഭൻ നമ്പൂതിരി പറഞ്ഞു.

പ്രശസ്തനായ ഭാഗവത സപ്താഹകാരനും ദീർഘകാലം അമൃത ടി.വിയിൽ പ്രോഗ്രാം അവതരിപ്പിച്ച ആളുമായ ശ്രീ കണ്ടമംഗലം പരമേശ്വരൻ നമ്പൂതിരിയാണ് ഹിന്ദു സംസ്കാരത്തേയും വേദപുരാണങ്ങളേയും ആചാരങ്ങളേയുമെല്ലാം വിവരിച്ച് ഹിന്ദോളജി ക്ലാസ് എടുത്തത്.

ഉച്ചക്ക് അഞ്ചു കുട്ടികളെ വീതം ഗ്രൂപ്പുകളാക്കി ഒരു സീനിയർ ലീഡറേയും നൽകി 8 കാറുകളിലായി കുട്ടികളെ കോഴിക്കോട് പ്ലാനറ്റേറിയ സന്ദർശനത്തിനായി കൊണ്ടുപോയി. വിശദമായ വിവരണങ്ങളും നൽകി എല്ലാ കുട്ടികൾക്കും വളരെ ഇഷ്ടപ്പെട്ട ഒരു പ്രോഗ്രാമായിരുന്നു ഇത്. ശ്രീമതി ശ്രീജ അരീക്കര, ശ്രീരേഖ മാടമന, ഇ.രാജൻ, ശ്രീ നാരായണൻ മൂസത്, പി.എം. സതീശൻ മാസ്റ്റർ എന്നിവർ നേതൃത്വം നൽകി.

ക്യാമ്പിൽ പങ്കെടുത്തവരിൽ ആറു ഓനിച്ചുണ്ണികളും ഉണ്ടായിരുന്നു. ശ്രീ എടവല്യം പുരുഷോത്തമൻ നമ്പൂതിരി ചമത ഇടീക്കാൻ നേതൃത്വം നൽകി. ഹേമലതാദേവി പാറക്കോടിന്റെ നേതൃത്വത്തിൽ സത്സംഗവുമുണ്ടായി.

എഴുമണിയുടെ സംഗീതവേളയിൽ പ്രശസ്ത സംഗീതജ്ഞ ഡോ. സുധ രഞ്ജിത്ത് മുഖ്യാതിഥിയായിരുന്നു. ശ്രീമതി പ്രീത കോരമ്പറ്റ (ഡാൻസർ), തിരുമംഗലം നാരായണൻ (ചിത്രകാരൻ, ഫ്ലൂട്ട് ആർട്ടിസ്റ്റ്) ശ്രീ വിനോദ് മങ്ങത്തായ എന്നിവർ നേതൃത്വം നൽകി.

രണ്ടാം ദിവസം രാവിലെ 7.15 ന് ഡോ: യമുന സജിത്ത് (BNYS) (ലൈവ് യോഗാ & വെൽനസ് സെന്റർ,



*ഗുരു ഉപേന്ദ്ര വേദവിദ്യാ പ്രതിഷ്ഠാൻ നൽകുന്ന ഈ വർഷത്തെ വേദകീർത്തി പുരസ്കാരം കരസ്ഥമാക്കിയ കെ.എം.രാജൻ മീമാംസകിനെ ആദരിക്കുന്നു*

## വേദകീർത്തി പുരസ്കാരം കെ. എം. രാജൻ മീമാംസകിന്

വേദപ്രചാരണത്തിനായി മാതൃകാപരമായ സേവനം ചെയ്യുന്നവർക്കായി ഗുരു ഉപേന്ദ്ര വേദവിദ്യാ പ്രതിഷ്ഠാൻ നൽകുന്ന ഈ വർഷത്തെ വേദകീർത്തി പുരസ്കാരം ആര്യസമാജത്തിന്റെ പൂർണ്ണസമയ പ്രചാരകനായി സേവനം അനുഷ്ഠിച്ചുവരുന്ന കാറൽമണ്ണ വേദഗുരുകുലത്തിലെ അധിഷ്ഠാതാവായ ശ്രീ.കെ.എം.രാജൻ മീമാംസകിന് കൊച്ചിയിലെ ഇടപ്പള്ളിയിൽ നടന്ന ചടങ്ങിൽ നൽകി ആദരിച്ചു.



*യോഗക്ഷേമസഭ തിരുവനന്തപുരം ജില്ലാമന്ദിരത്തിന്റെ ഉദ്ഘാടനം നിർവഹിച്ചപ്പോൾ*



*കോഴിക്കോട് ജില്ലയിലെ സർവ്വജ്ഞം രക്ഷിതാക്കൾക്കുള്ള ക്ലാസ് കോവൂർ യോഗക്ഷേമസഭാ ജില്ലാ ആസ്ഥാ നമന്ദിരത്തിൽ വെച്ച് നടന്നു. മാത്തിൽ നാരായണൻ നമ്പൂതിരി (റിട്ടയർഡ് പ്രൊഫസർ ഫിഷറീസ് യൂനിവേഴ് സിറ്റി) ഉദ്ഘാടനം ചെയ്തു. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് വട്ടപ്പറമ്പിൽ പ്രസാദ് ക്ലാസുകളെടുത്തു.*

പൂവാട്ടുപറമ്പ്) നേതൃത്വം കൊടുത്ത യോഗ ക്ലാസ് കുട്ടികൾക്കും വലിയ വർക്കും വ്യത്യസ്തമായ ഒരു അനുഭ വവുമായി.

പുതിയ തലമുറക്ക് പത്രപാരായ ണം എന്ന ശീലമേ ഇല്ല. പത്രത്തിന്റെ ഓരോ പേജിന്റേയും പ്രത്യേകതക ളും വിവിധ പത്രങ്ങളിൽ ഒരേ വാർ ത്ത എങ്ങിനെ കൊടുക്കും എന്നെ തെല്ലാം സരസമായി വിശദീകരിച്ചു വാഗ്മിയും, ആധ്യാത്മിക പ്രഭാഷക നും, സ്വസ്തി മാനേജിംഗ് എഡി റ്ററും, പരിപാടിയുടെ ആങ്കറുമായ ശ്രീ വിനോദ് മങ്ങത്തായ.

ജീവിതത്തിൽ എങ്ങനെ എ പ്ലസ് നേടാം എന്നവിഷയം അതിവിദഗ് ധമായി അവതരിപ്പിച്ചു യോഗക്ഷേ മസഭ കോഴിക്കോട് ജില്ലാ പ്രസിഡ ണ്ട് ശ്രീ മധു അരീക്കര (DRG ടീച്ചർ ട്രെയിനർ,റിട്ട പ്രിൻസിപ്പൽ )

ശ്രീമതി പി ശ്രീജ, ശ്രീമതി എം ശ്രീരേഖ എന്നിവരുടെ നേതൃത്വ ത്തിൽ കുട്ടികൾക്കായി ഒരുക്കിയ ഫണ്ണി ഗയിംസ് എല്ലാവരും ആസ്വ ദിച്ചു.

ഭരണഘടനയിൽ പറയുന്ന നമ്മുടെ കടമകളേയും അവകാശ ങ്ങളേയും കുറിച്ച്, എല്ലാവശങ്ങളേ യും സ്പർശിച്ചു ക്ലാസ് എടുത്തു , നല്ലൊരു സാമൂഹ്യ പ്രവർ ത്തകനും, സംഘാടകനും പാലിയേറ്റീവ് കെ യർ പ്രവർത്തകനുമായ ശ്രീ നാരാ യണൻ മൂസത് ( DGM (Rtd) , BSNL)

ഒറിഗാമി കൊണ്ട് ഉണ്ടാക്കാവുന്ന തൊപ്പി, തോണി തുടങ്ങിയ കുറച്ചു കാര്യങ്ങളെപ്പറ്റി ഭംഗിയാ യി ക്ലാസെ ടുത്തു, അധ്യാപകനായ ശ്രീ സി പ്രേ മരാജൻ .ഉച്ചഭക്ഷണത്തിനുശേഷം ഭൂരിഭാഗം ആളുകളും മയക്കത്തിലേ ക്ക് പോകുന്ന സ മയത്തായിരുന്നു കരിയർ ഗൈഡൻസ് ക്ലാസ് .

കൂടുതലും ചെറിയ കുട്ടികളട ങ്ങിയ സദസ്സും. സംസ്ഥാന അധ്യാ പക അവാർഡ്ജേതാവായ ശ്രീ മനോജ് എം.സി കഥകളിൽ കൂടി യും തമാശകളിൽ കൂടിയും ,തന്റെ പ്രൗഢമായ ശൈലിയിൽ വിഷയം അവതരിപ്പിച്ചു.

മൂന്നര മണിക്ക് തുടങ്ങിയ ക്യാം പ് അവലോകനത്തിൽ എല്ലാവരും അഭിപ്രായങ്ങൾ പറഞ്ഞു. ഇ.രാജൻ ക്യാമ്പിന്റെ പ്രവർത്തനങ്ങൾ വി ലയിരുത്തി. ശ്രീമതി ഉമ ജയന്റെ നന്ദിപ്രകടനത്തോടും ദേശീയ ഗാന ത്തോടും കൂടി 4.40ന് ക്യാമ്പ് അവ സാനിച്ചു. ●

താമരക്കുളം ദിവാകരൻ
ജില്ലാ സെക്രട്ടറി,
യോഗക്ഷേമസഭ, കോഴിക്കോട്.

## വയനാട് ടൂർ

യോഗക്ഷേമ ജില്ലാ സഭയുടെ ആഭിമു ഖ്യത്തിൽ ഏ പ്രിൽ 16 – 17 തീയതികളിലാ യി വയനാട് ടൂർ നടത്തി. 35 പേർ പങ്കെടു ത്തു. വയനാട് മുത്തങ്ങ അമ്മൂസ് ഫാമിലെ റിസോർട്ടിലായിരു ന്നു താമസം. 75 വയസു മുതൽ 6 വയ സ്സു വരെയുള്ള എല്ലാ കുട്ടിക ളും യാത്ര ആസ്വദിച്ചു. എല്ലാ വർഷവും യാത്രകൾ സം ഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

## യോഗക്ഷേമസഭാ ക്ഷേമ പെൻഷൻ

കോഴിക്കോട് നിന്നും 14 പുതുക്കാനു ള്ള അപേക്ഷകളും പുതിയ അപേക്ഷകളും ഏപ്രിൽ 20 ന് അയച്ചു കൊടുത്തിട്ടുണ്ട്.

## വിദ്യാനിധി പുരസ്കാരം

കോഴിക്കോട്ട് നിന്നും SSLC ക്കും +2 വി നും വിദ്യാനിധി പുരസ്കാര ത്തിന്അർഹരായ 32 പേർക്കും ജില്ലാ കമ്മറ്റ ലറ്റർ പാഡിൽ അഭിനന്ദന കത്തുകൾ അയച്ചു. നല്ല ഇൻ സ്പയറിംഗ് ആയ ഒരു പുസ്തകവും ന ൽകാറുണ്ട്. വിദ്യാനിധി പുരസ്കാരത്തിന്റെ പൂരിപ്പിച്ച അപേക്ഷയും, പാസ്പോർട്ട് സൈസ് ഫോട്ടോയും മാർക്ക് ലിസ്റ്റിന്റെ കോപ്പിയും ജൂലെ 10 ന് മുൻപ് കിട്ടത്തക്ക വിധം ജില്ലാ സെക്രട്ടറിക്ക് അയച്ചുതരേണ്ടതാണ്.



*ഇരിങ്ങാടൻ കുന്ന് അമ്പലത്തിന് മുന്നിൽ*

കൂടെ പഠിച്ച എല്ലാവരും ടീച്ചർമാരായി വിരമിച്ചു. സുബ്രഹ്മണ്യൻ നമ്പൂതിരിയും ശ്രമിക്കാതിരുന്നില്ല. അനിയന്മാരുടെ പഠനം, ഏട്ടൻ നാരായണന്റെ 39 ആമത്തെ വയസ്സിലെ അകാലവിയോഗം എല്ലാം ശാന്തി വൃത്തിയിൽ തുടരാനുള്ള നിമിത്തങ്ങളായി. അങ്ങിനെ ആദ്യത്തെ പി.ജിക്കാരനായ മുഴുവൻ സമയ ശാന്തിക്കാരനായി.

# എം എ ബിരുദക്കാരനാണ് ഈ ശാന്തിക്കാരൻ

**സ്വന്തം ലേഖകൻ**

'ഞങ്ങൾ പ്രാർത്ഥിക്കുന്നത് തിരുമേനിക്ക് അസുഖമൊന്നും വരരുതേ' എന്നാണ്. ഇങ്ങിനെ ഒരാളെ മേൽശാന്തിയായി കിട്ടിയതിന് ഈശ്വരന്മാരോട് നന്ദിയും. ചേനോത്ത് ഇരിങ്ങാടൻ കുന്ന് മഹാവിഷ്ണു ക്ഷേത്രത്തിലെ സെക്രട്ടറി ശ്രീ ചന്ദ്രശേഖരൻ.

1994 മുതൽ 28 വർഷങ്ങളായി ഇരിങ്ങാടൻ കുന്ന് മഹാവിഷ്ണു ക്ഷേത്രത്തിലെ മേൽ ശാന്തിയാണ് ശ്രീ കണ്ടമംഗലം സുബ്രഹ്മണ്യൻ നമ്പൂതിരി. കമ്മിറ്റിയുടേയും നാട്ടുകാരുടേയും പ്രിയങ്കരൻ . ക്ഷേത്രത്തിലെ ഐശ്വര്യത്തിനും വളർച്ചക്കും മേൽശാന്തിയുടെ പങ്ക് വളരെ വലുതാണ്. നാട്ടുകാർക്ക് വിവാഹം നടത്തിക്കൊടുക്കാനും , ഗണപതി ഹോമത്തിനും, പൂജകൾക്കും എല്ലാറ്റിനും മേൽശാന്തി തന്നെ വേണം. 25 വർഷം പൂർത്തിയാക്കിയ മേൽശാന്തിയെ ആദരിക്കാൻ ഒരു ഗംഭീരയോഗം നടത്തി നാട്ടുകാർ; ആദരിച്ചതോ കോഴിക്കോട് എം.പി എം.കെ.രാഘവൻ.

രാവിലെ നാലരക്കെഴുന്നേറ്റ് ഇല്ലത്തുനിന്നും ചാത്തമംഗലത്തേക്ക് നടന്ന് ബസ്സിൽ കയറി എൻ ഐ ടി സ്റ്റോപ്പിലേക്ക് . അവിടെ നിന്നും ഒന്നര കി മീ നടന്ന് അമ്പലത്തിലേക്ക് . തിരിച്ചു ഇല്ലത്തെത്തുമ്പോൾ 11 മണി. വൈകിട്ട് നാലരക്ക് വീണ്ടും. ഇല്ലത്ത് എട്ടരക്ക്. കർക്കിടകമാസത്തിൽ അമ്പലത്തിൽ താമസം. കടുകിട തെറ്റാത്ത ചിട്ട. നാട്ടുകാർ വാച്ചിൽ സമയം കറക്റ്റ് ചെയ്യുന്നത് സുബ്രഹ്മണ്യൻ നമ്പൂ

തിരിയെ കണ്ട്.

1979 മുതൽ 1994 വരെ കോഴിക്കോട് മീഞ്ചന്ത തിരുവച്ചിറ ക്ഷേത്രത്തിൽ മേൽശാന്തിയായിരുന്ന അഛൻ സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ കൂടെ സഹായികളായി മക്കൾ 3 പേരും അമ്പലത്തിൽ തന്നെയായിരുന്നു താമസം. പഠനവും ആ കാലത്ത്. തിരുവച്ചിറ ക്ഷേത്രത്തിൽ വെച്ച് പത്തൊമ്പതാമത്തെ വയസ്സിൽ ഒരു ദിവസം 28 വിവാഹങ്ങൾ നടത്തിക്കൊടുത്ത ചരിത്രവുമുണ്ട് സുബ്രഹ്മണ്യൻ നമ്പൂതിരിക്ക്.

കഷ്ടപ്പെട്ട് പഠിക്കുക എന്നൊക്കെ പറയാറില്ലേ. ഒരൊന്നൊര കഷ്ടപ്പാടായിരുന്നു അത്. എസ് എസ് എൽ സി കഴിഞ്ഞ് ബാലുശ്ശരി സംസ്കൃത കോളേജിലായിരുന്നു പഠനം. രാവിലെ 4 മണിക്ക് എഴുന്നേറ്റ് അമ്പലത്തിലെ പണികൾക്ക് സഹായിച്ച് 7 മണിയാകുമ്പോൾ ബാലുശ്ശേരിയിലേക്ക് ബസ് യാത്ര. രാവിലത്തെ ഭക്ഷണം അധികവും ഒരു ചായ മാത്രം. ഉച്ചക്ക് ഭക്ഷണം മിക്കവാറും ചായയിലൊതുക്കും. 4 മണിക്ക് കോളേജ് വിട്ടുവന്ന് അധികവും കോഴിക്കാട്ടു വന്നായിരിക്കും ഭക്ഷണം. അങ്ങിനെ പ്രാക് ശാസ്ത്രി, ശാസ്ത്രി, ആചാര്യ (പ്രീ ഡിഗ്രി, ഡിഗ്രി, പി.ജി) കോഴ്സുകൾ 1987 ൽ പൂർത്തിയാക്കി.

കൂടെ പഠിച്ച എല്ലാവരും ടീച്ചർമാരായി വിരമിച്ചു. സുബ്രഹ്മണ്യൻ നമ്പൂതിരിയും ശ്രമിക്കാതിരുന്നില്ല. അനിയന്മാരുടെ പഠനം, ഏട്ടൻ നാരായണന്റെ 39 ആമത്തെ വയസ്സിലെ അകാലവിയോഗം എല്ലാം ശാന്തി വൃത്തിയിൽ തുടരാനുള്ള നിമിത്തങ്ങളായി. അങ്ങിനെ ആദ്യത്തെ പി.ജിക്കാരനായ മുഴുവൻ സമയ ശാന്തിക്കാരനായി.

ഒരു കലാകാരൻ കൂടിയാണ് സുബ്രഹ്മണ്യൻ നമ്പൂതിരി . ആകാശവാണിയിലെ സംസ്കൃതം പരിപാടി അമരവാണി പഴയ ആളുകൾക്കറിയാം. ഒരു കവിത, പ്രഭാഷണം , ഒരു കൊച്ചു നാടകം അടക്കം മാസത്തിൽ ഒരു 25 മിനിറ്റ് പരിപാടി. അതിൽ സ്ഥിരമായി പങ്കെടുത്തിരുന്നത് സുബ്രഹ്മണ്യൻ നമ്പൂതിരിയും സതീർഥ്യരുമായിരുന്നു.

ബാലേട്ടൻ (സംവിധായകൻ രഞ്ജിത്തിന്റെ അഛൻ), എൻ എൻ കക്കാട്, പി.പി ശ്രീധരനുണ്ണി, ഖാൻ കാവിൽ തുടങ്ങിയവരോട് വലിയ അടുപ്പമായി



*എം.കെ.രാഘവൻ എം.പി കണ്ടമംഗലം സുബ്രഹ്മണ്യൻ നമ്പൂതിരിയെ ആദരിക്കുന്നു.*

**ഓരോരുത്തർക്കും ഓരോ നിയോഗമുണ്ട്. അഛനേയും അമ്മയേയും പരിചരിക്കാനുള്ള നിയോഗം സുബ്രഹ്മണ്യൻ നമ്പൂതിരിക്കായിരുന്നു. 3 വർഷത്തോളം അൾഷിമേഴ്സ് ബാധിച്ച് ഓർമകൾ ഇല്ലാതെ കൊച്ചുകുട്ടികളെപ്പോലെയായ അഛൻ സുബ്രഹ്മണ്യൻ നമ്പൂതിരി 2015 ൽ മരിക്കുന്നത് വരെ മകൻ സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ കൂടെത്തന്നെയായിരുന്നു.**

രുന്നു. ഒരുഗ്രൻ കാപ്പിയും നല്ല പ്രതിഫലവും – രണ്ടും വളരെ വിലപ്പെട്ടത്. ഏട്ടന്റെ അന്നനാളത്തിലെ കാൻസർ അറിയാൻ വൈകിപ്പോയി, എങ്കിലും അവസാന മാസങ്ങളിൽ മെഡിക്കൽ കോളേജിൽ കൂടെ നിന്ന് ശുശ്രൂഷിച്ചത് സുബ്രഹ്മണ്യൻ നമ്പൂതിരി തന്നെ.

1998 ൽ വരോടി ഇല്ലത്തെ മിനിയെ വിവാഹം കഴിച്ചു. 2 പെൺകുട്ടികൾ. മൂന്നമകൾ അഞ്ജന ബീഹാർ സെൻട്ര ൽ യൂനിവേഴ്സിറ്റിയിൽ സൈക്കോളജി പി.ജി ചെയ്യുന്നു. രണ്ടാമത്തെയാൾ നിരഞ്ജന എം.എൽ.ടി പൂർത്തിയാക്കി ജോലിക്ക് ശ്രമിച്ചു കൊണ്ടിരിക്കുന്നു.

ഓരോരുത്തർക്കും ഓരോ നിയോഗമുണ്ട്. അഛനേയും അമ്മയേയും പരിചരിക്കാനുള്ള നിയോഗം സുബ്രഹ്മണ്യൻ നമ്പൂതിരിക്കായിരുന്നു. 3 വർഷത്തോളം അൾഷിമേഴ്സ് ബാധിച്ച് ഓർമകൾ ഇല്ലാതെ കൊച്ചുകുട്ടികളെപ്പോലെയായ അഛൻ സുബ്രഹ്മണ്യൻ നമ്പൂതിരി 2015 ൽ മരിക്കുന്നത് വരെ മകൻ സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ കൂടെത്തന്നെയായിരുന്നു. 2019 ൽ മരിച്ച അമ്മക്കും ഡിമൻഷ്യയായിരുന്നു. സുബ്രഹ്മണ്യൻ നമ്പൂതിരിക്കും മിനിക്കും അഛന്റേയും അമ്മയുടേയും അനുഗ്രഹവർഷം എന്നുമുണ്ടാകും.

സഹോദരന്മാർ കണ്ടമംഗലം പരമേശ്വരൻ പ്രശസ്തനായ ഭാഗവതാചാര്യൻ (അമൃത ഫെയിം), കണ്ടമംഗലം മനോജാണ് പാരമ്പര്യ പ്രകാരമുള്ള വേട്ടക്കരൻ പാട്ടിന്റെ വെളിച്ചപ്പാട് ,പാചക വിദഗ്ധനും, അനിയൻ ..........ഉം ഭാഗവതാചാര്യൻ തന്നെ. സഹോദരി തങ്കമണി കുടുംബിനി.

തിരിഞ്ഞു നോക്കുമ്പോൾ പൂർണ്ണ സംതൃപ്തനാണ് സുബ്രഹ്മണ്യൻ നമ്പൂതിരി. മുത്തഛനും അഛനും കുട്ടികളോട് വലിയ ഇഷ്ടമായിരുന്നു. കുട്ടികളുടെ പ്രിയങ്കരർ. ആ പാരമ്പര്യം കിട്ടിയത് സുബ്രമണ്യൻ നമ്പൂതിരിക്കും. 'എന്നെപ്പറ്റി ആർക്കും മോശം പറയാൻ ഇടവരരുത്. എല്ലാവരും സന്തോഷമായി കഴിയണം അത്രേ വേണ്ടൂ.'ലോകാ : സമസ്താ: സുഖിനോ ഭവന്തു.

●

സുബ്രഹ്മണ്യൻ നമ്പൂതിരി,
സ്കന്ദവിഹാർ, കുന്നത്ത്, കണ്ടമംഗലം ഇല്ലം, ചൂലൂർ പി.ഒ.,
എൻ.ഐ.ടി.സി.,673602,
മൊബൈൽ: 8078345302



ശ്രീറാം ഒരു സപ്താഹ വേദിയിൽ

# ശ്രീറാം ഗേറ്റ് കടന്നത് ഇന്ത്യയിൽ ഒന്നാമനായി

**സജിത മങ്ങത്തായ**



**ഗ്രാജ്വേറ്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ എഞ്ചിനീയറിംഗ്. എം ടെകിനും ജോലിക്കും മിടുമിടുക്കരായ എഞ്ചിനീയർമാരെ തെരഞ്ഞെടുക്കുന്ന പരീക്ഷ നടത്തുന്നത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആണ്. 2021 മുതൽ എഞ്ചിനീയറിംഗ് വിഷയങ്ങൾക്കപ്പുറത്ത് ഹ്യൂമാനിറ്റീസിനും ഗേറ്റ് നിലവിൽ വന്നു. ആ ഗേറ്റാണ് ഇന്ത്യയിൽ ഒന്നാമനായി ശ്രീറാം കടന്നത്**

ഗേറ്റ്2023 ലെ ഫിലോസഫി ഇന്ത്യൻ ടോപ്പർ ഒരു നമ്പൂതിരി യുവാവാണ്. ശ്രീറാം കെ എൻ.ഭാവഗതാചാര്യരിലെ യൂത്ത് ഐക്കൺ കൂടിയാണ് ഒന്നാം റാങ്കുകാരനായ ശ്രീറാം.

ഗേറ്റ് എന്നാൽ ഗ്രാജ്വേറ്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ എഞ്ചിനീയറിംഗ്.എം ടെകിനും ജോലിക്കും മിടുമിടുക്കരായ എഞ്ചിനീയർമാരെ തെരഞ്ഞെടുക്കുന്ന പരീക്ഷ നടത്തുന്നത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐ ഐ ടി) ആണ്. 2021 മുതൽ എഞ്ചിനീയറിംഗ് വിഷയങ്ങൾക്കപ്പുറത്ത് ഹ്യൂമാനിറ്റീസിനും ഗേറ്റ് നിലവിൽ വന്നു.

വർഷം 2022. നമ്മുടെ ശ്രീറാം കാലിക്കറ്റ് യൂനിവേഴ്സിറ്റി വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ എം എ

## നേട്ടങ്ങൾ ,പുരസ്ക്കാരങ്ങൾ

❑കൂട്ടത്തിൽ പ്രായം കുറഞ്ഞ പഠിതാവിന് ജ്യോതിഷരംഗത്തെ പ്രമുഖർ നൽകിയ കേരള ജ്യോതിഷ പരിഷത്ത് ഗോൾഡ് മെഡൽ.
❑പതിനഞ്ചാം വയസ്സ് മുതൽ കേരളത്തിലും പുറത്തും പ്രധാന വേദികളിൽ ഭാഗവത പാരായണം.
❑നൂറിലധികം ഭാഗവത സപ്താഹങ്ങളിൽ മുഖ്യാചാര്യൻ.
❑നിരവധി ഭാഗവത സത്രങ്ങളിൽ ആചാര്യൻ.
❑കുറഞ്ഞ പ്രായത്തിൽ തന്നെ മുന്നൂറോളം വേദികളിൽ പുരാണ പ്രഭാഷണങ്ങൾ.
❑2017 ൽ ഭാഗവതത്തിൽ മള്ളിയൂർ ശങ്കരൻ നമ്പൂതിരി പുരസ്ക്കാരം. (ചെന്നൈയിൽ ഗാന ഗന്ധർവ്വൻ കെ ജെ യേശുദാസ് സമ്മാനിച്ചു)
❑2019 ൽ അഖില ഭാരത ഭാഗവതസത്രസമിതിയുടെ യുവ ഭാഗവതപ്രതിഭാ പുരസ്ക്കാരം.
❑ബി എസ് സി (മാത്തമറ്റിക്സ് )എം എ ഫിലോസഫി.
❑ഇപ്പോൾ കേരളാ യൂനിവേഴ്സിറ്റി വിമൻസ് കോളേജിൽ യു ജി സി ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോടെ പി എച് ഡി ഗവേഷകൻ.



ഫിലോസഫി ചെയ്ത ശേഷം ഗേറ്റിന് അപ്ളൈ ചെയ്തു. എഴുതി. ഫലം ഒട്ടും മോശമായില്ല. ആൾ ഇന്ത്യാ റാങ്ക് 17. ശ്രീറാമിന് സ്വാഭാവികമായും സന്തോഷം തോന്നി. ഇനിയാണ് ടിസ്റ്റ്. കിട്ടിയ റാങ്കുമായി ഏതെങ്കിലും ഐ ഐ ടി യിൽ മിന്നുന്ന പി എച് ഡിക്കു ചേരാൻ ശ്രീറാം തയ്യാറായില്ല. വീണ്ടും ഗേറ്റ് അപ്പിയർ ചെയ്യുക എന്നായിരുന്നു ആ വിദ്യാർത്ഥിയുടെ തീരുമാനം.

നിത്യാഭ്യാസി ആനയെ എടുക്കും, അസാധ്യമായത് ഒന്നുമില്ല എന്ന ശൈലികളൊക്കെ വീണ്ടും സത്യമായി. ഈ വർഷത്തെ ഗേറ്റ് ഫലം വന്നപ്പോൾ ശ്രീറാമിന് ഒന്നാം റാങ്ക്. ഇന്ത്യയിലെ ഫിലോസഫി ഗവേഷണാർത്ഥികളിൽ ശ്രീറാം ഇന്ന് പതിനേഴാം പൊസിഷനിലല്ല, ഏറ്റവും മുന്നിലുള്ള ഒന്നാമനാണ്. തനിക്കതിനു കഴിയുമെന്ന് കരുതി തന്നെ വീണ്ടും പരിശ്രമിക്കുകയായിരുന്നെന്ന് ശ്രീറാം.

രാമജയം, ശ്രീരാമജയം.

ഗുരുവായൂർ ക്ഷേത്രത്തിൽ വൈശാഖത്തിൽ 4 സപ്താഹങ്ങൾ നടത്താറുണ്ട്. ആഞ്ഞം,മേലേടം, തട്ടയൂർ,തോട്ടം എന്നീ ഭാഗവതോത്തമരായിരുന്നു ഇത് നിർവ്വഹിക്കാറ്. മേലേടം ആചാര്യന്റെ നിര്യാണത്തിന് ശേഷം, അക്കാരപ്പിള്ളി, മാധവപ്പിള്ളി തുടങ്ങിയ ആചാര്യന്മാരായിരുന്നു നടത്തിയിരുന്നത്.ആ ഊഴം നടത്താൻ കഴിഞ്ഞ വർഷം തെരഞ്ഞെടുത്തത് ശ്രീറാമിനെയായിരുന്നു.

**ഗുരുവായൂർ ക്ഷേത്രത്തിൽ സപ്താഹാചാര്യൻ കൂടിയാണ് ഈ ഒന്നാം റാങ്കുകാരൻ. ഭാവഗതാചാര്യരിലെ യൂത്ത് ഐക്കണും ആണ് കെ എൻ. ശ്രീറാം.**

?സ്വാധീനിച്ച പുസ്തകങ്ങൾ? വ്യക്തികൾ? സംഭവങ്ങൾ?ഫ്യൂച്ചർ പ്ളാൻസ്?

=ഭാഗവതമെന്ന വിജ്ഞാന സാഗരം.സ്വാമി വിവേകാനന്ദന്റെ പ്രാക്ടിക്കൽ വേദാന്ത. ജഗ്ഗി വാസുദേവിന്റെ പ്രഭാഷണങ്ങൾ.

?സ്വാധീനിച്ച വ്യക്തികളിൽ പ്രധാനം

=എന്റെ അച്ഛനും അമ്മയും.

മാനവ പുരോഗതി സംഭവിക്കുന്നത് തലമുറകളുടെ തപസ്സിനെ,ജ്ഞാനത്തെ എക്സിക്യൂട്ട് ചെയ്യുമ്പോഴാണ്.സമ്പൂർണ മനുഷ്യനിലേക്ക് (കംപ്ളീറ്റ് മാൻ) ഏറെ ദൂരം സഞ്ചരിക്കണമല്ലോ. പഠിച്ച കാര്യങ്ങൾ നിത്യജീവിതത്തിൽ എങ്ങിനെയൊക്കെ അപ്ളൈ ചെയ്യാമെന്ന് സ്വയം പ്രവർത്തിച്ചു പരീക്ഷിക്കണം.അത് നിരന്തരം നവീകരിക്കപ്പെടണം. ഭാവിയിലും വർത്തമാനത്തിലും ഇതു തന്നെയാണ് തന്റെ ഉദ്ദേശം എന്ന് ശ്രീറാം വ്യക്തമാക്കി.

പഠനത്തിന്റെ ടൈറ്റിൽ:'ക്രിട്ടിക്കൽ സ്റ്റഡി ഓഫ് വിതണ്ഡ ആസ് എ ഫിലോസഫിക്കൽ മെത്തേഡ് വിത്ത് സ്പെഷ്യൽ റഫറൻസ് ടു ഖണ്ഡനഖണ്ഡഖാദ്യ ഓഫ് ശ്രീഹർഷ' അച്ഛൻ: കൂനമ്പള്ളി നാരായണൻ നമ്പൂതിരി, അമ്മ: ഗുരുവായൂർ കീഴേടത്ത് ശൈലജ, അനിയത്തി :ശിവപ്രിയ, ബികോം,സി എം എ വിദ്യാർത്ഥിനി. ●

സജിത മങ്ങത്തായ, മങ്ങത്തായ ഇല്ലം, പി.ഒ. പെരുമണ്ണ, പിൻ: 673019, കോഴിക്കോട് ജില്ല
മൊബൈൽ : 99958 83493

ശ്രീറാം 32, ശ്രീചക്രം അപ്പാർട്ട്മെന്റ്സ്, സമൂഹം റോഡ്, വെസ്റ്റ് നട, ഗുരുവായൂർ, പിൻ: 680101
തൃശൂർ ജില്ല: 9846402930

# നമ്പൂതിരി സർവസ്വം

അഡ്വ. ആത്രശ്ശേരി അഗ്നി ശർമ്മൻ നമ്പൂതിരിയുടെ അറിവിൻറെ ഭണ്ഡാരത്തിൽ നിന്നുള്ള പത്തു വോളിയങ്ങളും, ഞാൻ ഗവേഷണം നടത്തി എഴുതിയ പന്നിയൂർ, പെരിഞ്ചല്ലൂർ, കരിക്കാട് ഗ്രാമങ്ങളുടെ പൂർവ്വ ചരിത്രങ്ങളും, നിയോഗം ഒരു നമ്പൂതിരിയുടെ ആത്മകഥ എന്നീ രണ്ടു വോളിയങ്ങളും അടക്കം 12 വോളിയങ്ങൾക്ക് മുഖവില 3200 രൂപയാണ്. 3200ൽ പരം പേജുകൾ.ഈ 12 വോളിയങ്ങളും ഓരോ കുടുംബങ്ങളിലും, അടുത്ത തലമുറകൾക്ക് ഒരു റഫറൻസ് ഗ്രന്ഥമായി സൂക്ഷിക്കേണ്ടതാണ്. ഇവ മുഴുവനായോ ഭാഗികമായോ വാങ്ങുന്നവർക്ക് 20% ഡിസ്കൗണ്ടോടെ വി. പി.പി.ആയി അയച്ചു കൊടുക്കുന്നതാണ്.

പണിക്കത്ത് അപ്പു നമ്പൂതിരി
മൊബൈൽ: 8547286111

**കവിത**

# ഗോകുലത്തിൽ

**ശ്രീജ അന്തർജനം**



ഓർത്തിടും, പൂത്ത കൊന്ന കാൺകിൽ നിൻ -
മഞ്ഞയാം പട്ടു ചേലയെ.
നീല വാനവും, മേഘജാലവും ,
നിൻ മയിൽപ്പീലിയോർമ്മകൾ.
വന്നണഞ്ഞീടിലശ്രു ഹർഷമാർ -
ന്നുൾക്കുളിർ ചൂടി ഗോപിക.
വർഷമാ, ക്കൺകൾ തന്നിൽ നിന്നെഴും
തുള്ളികൾ തൻ പ്രവാഹമാം.
മുട്ടുകുത്തുന്നൊരുണ്ണി, കൊച്ചരി -
പ്പല്ലുകാട്ടിച്ചിരിക്കവേ
ജൻമപുണ്യം, യശോദയമ്മ തൻ
കണ്ണനുണ്ണിയെന്നോർത്തു ഞാൻ.
കന്നുകുട്ടിയെ നക്കി,യമ്മയും
പുല്ലുതിന്നുന്ന വേളയിൽ,
പാൽ ചുരത്തുന്ന പൈക്കൾ മേയുമീ-
ഗോകുലം തന്നിലെത്തി ഞാൻ ●



ശ്രീജ അന്തർജനം, കൽപ്പുഴ മന, തൃപ്രങ്ങോട്
മലപ്പുറം ജില്ല , മൊബൈൽ: 9746307106

യോഗക്ഷേമസഭ
സ്വസ്തി
ത്രൈമാസിക

സ്വസ്തിയുടെ പ്രതിനിധികളായി പ്രവർത്തിക്കാൻ സമുദായാംഗങ്ങളായ യുവതീ യുവാക്കളെ ആവശ്യമുണ്ട്. സർക്കുലേഷൻ, പരസ്യം, ഉള്ളടക്കം എന്നീ മേഖലകളിലായിരിക്കും പ്രവർത്തനം. പ്രാദേശിക ലേഖകരാവാൻ താല്പര്യമുള്ളവരെയും പരിഗണിക്കും. പത്രങ്ങളിലും മാസികകളിലും പ്രവൃത്തി പരിചമുള്ളവർക്ക് മുൻഗണന. സമുദായ സേവനം എന്ന നിലയിൽ ഒഴിവുസമയം പ്രയോജനപ്പെടുത്താനും ഇതൊരു നല്ല അവസരമാവും. പ്ളസ് ടു /ഡിഗ്രി വിദ്യാർത്ഥികൾക്ക് ജേർണലിസം ഇന്റേൺഷിപ്പിനും അസൈൻമെന്റ് വർക്കുകൾ പ്രസിദ്ധീകരിക്കാനും സൗകര്യമുണ്ട്.

ബന്ധപ്പെടുക.
അസോസിയേറ്റ് എഡിറ്റർ, യോഗക്ഷേമസഭ സ്വസ്തി
കോഴിക്കോട്. മൊബൈൽ: 9400992823

**യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി,ജില്ലാ ആസ്ഥാനമന്ദിരം,**
**കോവൂർ വിഷ്ണുക്ഷേത്രത്തിന് സമീപം,**
**പി.ഒ. ചേവായൂർ, കോഴിക്കോട് 673017**

*An Exclusive Publication on Namboodiri Life &Life style*




## ഉപനയനം

## ആശംസകൾ

അരിയന്താരി പുതുശ്ശേരി ഇല്ലത്ത്
കേശവൻ നമ്പൂതിരിയുടെയും
ദീപയുടെയും മകൻ
ശങ്കർ ബ്രഹ്മദത്തന്റെ ഉപനയനം
വേദവാടികയിൽ വച്ചും
സമാവർത്തനം കോഴിക്കോട്
സ്നേഹാഞ്ജലി ഓഡിറ്റോറിയത്തിൽ
വച്ചും നടന്നു

Phone: +919895411775



# ഉപനയനം ആശംസകൾ





ചേക്രക്കൽ ഇല്ലത്ത് ശ്രീകുമാരൻ
മിനി ദമ്പതികളുടെ മകൻ
ഹരികൃഷ്ണന്റെ ഉപനയനം
24.5.2023 ബുധനാഴ്ച
യോഗക്ഷേമസഭ
കോഴിക്കോട് ജില്ലാ
മന്ദിരത്തിൽ (കോവൂർ)
വെച്ച് നടന്നു



മൂത്തേടം ആനന്ദിന്റെയും
ബിന്ദുവിന്റെയും മകൻ
ദേവദത്തിന്റെ ഉപനയനം
21.5.2023 ഞായറാഴ്ച
ഗുരുവായൂരിൽ വെച്ച് നടന്നു

# വായനക്കാരുടെ പേജ്




പ്രതികരണങ്ങൾ
വാട്ട്സ്ആപ്പ് ചെയ്യൂ
9400992823

## കോതമംഗലം വാസുദേവൻ നമ്പൂതിരിയെ നമിക്കുന്നു!

ഡൽഹീല് സർദാർ പട്ടേൽ ഭവനിൽ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷനിൽ ഓഫീസറായി അദ്ദേഹം കുറച്ചു കാലം 80കളിൽ ജോലിയിലുണ്ടായി. അവിടെ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റാറ്റിക്സിൽ ആയിരുന്നു ഞാൻ. അവിടെ ഉള്ള ഓഫീസർമാരിൽ നിന്നു വ്യത്യസ്തമായിരുന്നു അദ്ദേഹം. എല്ലാരോടുമൊരേ പെരുമാറ്റം. പരിചയപ്പെട്ടപ്പോൾ കുടുംബ സുഹൃത്തുകൾ ആയി. ഒരിക്കൽ നാട്ടിൽ ലീവിലുള്ളപ്പോ ഞങ്ങടേ മഠത്തിൽ വിരുട്ടാണത്ത് അദ്ദേഹം വന്നു കുട്ടികളുടെ കൂടെ ഇവിടേയടുത്തുള്ള കുന്നിൽ പോവുകയുണ്ടായി. കുട്ടികൾക്ക് സന്തോഷമായി. അദ്ദേഹത്തിന്റെ വിരമിക്കൽ ഓഫീസിനു വലിയ വൈദഗ്ധ്യ നഷ്ടമായിരുന്നു, എന്നാൽ നാട്ടിൽ വേളിക്കൊക്കേ ആ വേദ സ്തുതികൾ കേൾക്കുമ്പോ ബഹുമാനവും അഭിമാനവുമാ കൂടുതലായി. അദ്ദേഹത്തിന്റെ വേദവീഥിയിലെ ആഗ്രഹങ്ങൾ ഇനീം എല്ലാം സഫലമാവാൻ ദൈവാനുഗ്രഹം ഉണ്ടാവട്ടേ. ആ വേദികളിൽ ഇരുന്നു കൈയടിക്കാനും ഞങ്ങൾക്കു കഴിയട്ടേ.

വരുന്ന തലമുറക്കായി അദ്ദേഹം റെക്കോഡ് ചെയ്ത പെൻ ഡ്രൈവുകൾ ലോകത്തിന് അമൂല്യ നിധിയാണ് .

'അറിയേണ്ട നമ്പൂതിരി' എന്ന ലേഖനം തയാറാക്കിയ ഉദയൻ നമ്പൂതിരിപ്പാടിനേ അനുമോദിക്കുന്നു! ഒരു തുറന്ന പുസ്തകം പോലേ നമുക്ക് ഈ വേദ പണ്ഡിതനേ ലേഖകൻ ലളിതമായി പരിചയപ്പെടുത്തി. ശ്രീ വാസുദേവൻ നമ്പൂതിരിക്കും കുടുംബത്തിനും ആയുരാരോഗ്യ സൌഖ്യം കാംക്ഷിക്കുന്നു!


ശ്രീദേവി അടികൾ,
വിരുട്ടാനത്ത് മഠം,
പോസ്റ്റ് പെരിങ്കണ്ണൂർ,
പാലക്കാട് ജില്ല.
മൊബൈൽ 9645150312.


## The Real essence of Onam

I think we should try to make the Oonappathipp this a besutiful blend of old& new. The present generation can't even imagine how Onam was celebrated during earlier days...that's our times in Illoms where we had the joint families. Now Onam has become a forced occasion to put up a just get- together. Those who live in metropolitans do not even bother to cook the Sadya at home, but order tbem from out side. Where there are an old couple living with, all youngsters gone off , Onam is not a celebration at al. As the different groups based on casts came into existance, Onam has turned into sort of community celebrations , here the real essence of Onam has vanished. Now people have become more attracted to " Instant joy & fun', one wonders what is Onam all about! The essence of Cultural ethnicity is lost.....the law of nature, I believe!


Padmini Ghosh, Vanheri
Mana, Tirur, Malappuram
Mob :9495232699


## ഫോട്ടോ മാറിപ്പോയി

സ്വസ്തി ഏപ്രിൽ ലക്കം.. പേജ് 21... ജഗതി എൻ.കെ.ആചാരി എന്ന് നൽകിയിട്ടുള്ള ഫോട്ടോ സംഗീതജ്ഞൻ പെരുമ്പാവൂർ രവീന്ദ്രനാഥിന്റേതാണ്...ശ്രദ്ധിക്കുമല്ലോ........


നാരായണൻ നമ്പൂതിരി
അസിസ്റ്റന്റ് ഡയറക്റ്റർ (റിട്ട.)
ആകാശവാണി അരിയന്നൂർ,
A.P. 18/265 A, മുള്ളിലവിന്മൂട്,
അരുവിക്കര,
തിരുവനന്തപുരം – 695564
മെബൈൽ 85904 04561

# എന്റെ അമ്മയെ വിപ്ലവമായിട്ടാണ് 1933ൽ വിവാഹം ചെയ്തത്

സമുദായത്തിന്റെ ഇന്നത്തെ പൊതുസ്വഭാവങ്ങളും നീക്കങ്ങളും സശ്രദ്ധം വീക്ഷിക്കാൻ കഴിവുള്ള ഒരാളാണ് നേതൃ സ്ഥാനത്ത് (സംസ്ഥാന പ്രസിഡന്റ്) ഉള്ളത് എന്ന്, ജനുവരി ലക്കം മാസികയിലെ അദ്ദേഹവുമായുള്ള അഭിമുഖം വായിച്ചപ്പോൾ തോന്നി. ഒരു അംഗം എന്ന നിലയിൽ ഭാവുകങ്ങൾ നേരുന്നു. അതേ ലക്കത്തിലെ ഉദയൻ നമ്പൂതിരിപ്പാടിന്റെ കുടിവെപ്പ് എന്ന കഥ മനോഹരമായിട്ടുണ്ട്. ഇന്നത്തെ പുതു തലമുറയിൽ ഒരു വിഭാഗം ഇരുട്ടിൽ തപ്പുകയാണ്. അവർക്ക് ഇതൊരു ടോർച്ച് ആയിരിക്കും.

ആദ്യകാല യോഗക്ഷേമ സഭാ പ്രവർത്തകരിൽ കാഞ്ഞൂർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന രാമൻ ഭട്ടതിരി എന്റെ അമ്മാമൻ ആണ്. അദ്ദേഹത്തിന്റെ കസിൻ സഹോദരിയായ എന്റെ അമ്മയെ 1933ൽ വിപ്ലവവിവാഹമായിട്ടാണ് വിവാഹം ചെയ്തത്. എന്റെ അച്ഛൻ പാലക്കാട് കോട്ടപ്പുറം പാറനാട്ട് വിഷ്ണു നമ്പൂതിരി. അമ്മാത്ത് മുത്തശ്ശൻ മരിച്ചുപോയതുകൊണ്ട് മേൽപ്പറഞ്ഞ അമ്മാമൻ ആയിരുന്നു കാരണവർ.

> വധു സാരിയും ബ്ലൗസും ധരിച്ച്. ആദ്യമായി ഒരന്തർജനം പൊതുവേദിയിൽ സാരിയുടുത്തത് അതിനും മൂന്നു വർഷം മുമ്പാണ് എന്നോർക്കണം. ഒരു ദിവസത്തെ ക്രിയ മാത്രമായി ചടങ്ങും.

പിന്നെ അവിടെ ഉണ്ടായിരുന്നത് ഈ അമ്മാമന്റെ അമ്മ അടക്കം മൂന്ന് മുത്തശ്ശിമാരാണ്. എന്റെ മുത്തശ്ശിക്ക് അമ്മയുടെ താഴെ രണ്ട് ഉണ്ണികളും മറ്റേ മുത്തശ്ശിക്ക് ഒരു ഉണ്ണിയും ഉണ്ടായിരുന്നു. അവരെല്ലാം കൗമാരക്കാർ. ഈ അമ്മാവൻ വിവാഹിതനും രണ്ട് ഉണ്ണികളുടെ അച്ഛനും ആയിരുന്നു. അന്ന് നമ്മുടെ സമുദായത്തിലെ കുട്ടികൾക്ക് ഗുരുകുല വിദ്യാഭ്യാസം മാത്രം. എങ്കിലും എന്റെ അമ്മയ്ക്ക് അത്യാവശ്യ വിദ്യാഭ്യാസവും അതിലുപരി സംസ്കാരവും ഈ അമ്മാമൻ ഉണ്ടാക്കിയെടുത്തിരുന്നു. വധു സാരിയും ബ്ലൗസും ധരിച്ച് ഒരു ദിവസത്തെ ക്രിയ ഓയിയ്ക്കനും മറ്റു സഭാ പ്രവർത്തകർ തന്നെ. ക്രിയയും ഭക്ഷണവും കഴിഞ്ഞ് വരന്റെ പാർട്ടിക്കാർ പോയി. പിന്നീട് വധുവിന്റെ പാർട്ടിയും. രണ്ടു പാർട്ടിയിലും സഭാ പ്രവർത്തകരും കുറച്ചു ബന്ധുക്കളും. ഒരു എതിർപ്പും നേരിടേണ്ടി വന്നില്ല എന്നാണ് പറഞ്ഞത്. ഇല്ലത്ത് മുത്തശ്ശനും വലിയച്ഛനും ഉണ്ടായിരുന്നു. അവർക്കും എതിർപ്പില്ല. വിഷ്ണു നല്ലതേ ചെയ്യൂ ഇതാണ് അവരുടെ അഭിപ്രായം. അമ്മാത്തെ മുത്തശ്ശിമാർക്കും ഇതേ അഭിപ്രായമായിരുന്നു. രാമൻ വേണ്ടാത്തതൊന്നും ചെയ്യില്ല. പോരാത്തതിന് ഉണിക്കാളി (അമ്മായി) കൂടെയുണ്ടല്ലോ. അവർക്കതു മതി. അച്ഛൻ 79 ാം വയസ്സിലും അമ്മ 98 ാം വയസ്സിലും നിര്യാതരായി.

സ്വസ്തി മാസികയുടെ പിന്നണി പ്രവർത്തകർക്കും മുന്നണിയിൽ ഉള്ളവർക്കും അഭിനന്ദനങ്ങൾ

പ്രിയദത്ത അന്തർജനം
പന്ന്യം മ്പള്ളി ഇല്ലം
നന്മണ്ട, കോഴിക്കോട്
മൊബൈൽ: 9495848555

# ഗോവിന്ദിന്റെ വിജയം പ്രചോദനമാവട്ടെ

**കേശവൻ നമ്പൂതിരി**



CAT പരീക്ഷയിൽ 100% മാർക്ക് നേടിയ ഗോവിന്ദിനെ പ്പറ്റി സ്വസ്തിയിൽ കണ്ടപ്പോൾ മുത്തശ്ശൻ തലഴി താമരക്കുളം ഗോവിന്ദൻ നമ്പൂതിരിയെയാണ് ഓർമവന്നത്. ഗോവിന്ദേട്ടൻ എന്റെ അമ്മാവന്റെ മകനാണ്. ഗോവിന്ദേട്ടന്റെ അറിവും വായനയും സാഹിത്യത്തിലും സയൻസിലും ഒരേ പോലെയായിരുന്നു. നല്ല നർമ്മജ്ഞനും, കവിയുമായ ഗോവിന്ദേട്ടൻ ഇല്ലത്ത് ദീർഘമായി താമസിക്കുമ്പോൾ കടങ്കഥകളും കവിതകളും ട്യൂഷനുമായി ഞാനും ഏട്ടനുമുണ്ടാകും. രായിരമംഗലത്തു നിന്നും വേളികഴിച്ച് അവിടെ താമസമാക്കി ഗോവിന്ദേട്ടൻ, ടി.ടി.ജി. നമ്പൂതിരി എന്ന പേരിൽ ധാരാളം കവികളെഴുതി. 'താമരപൊയ്ക' എന്ന നിലവാരമുള്ള ഒരു മാസികയും അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്നു.

'മാമ്പഴം തിന്നു മോദിക്കാൻ
മാവു വേണം, പണത്തിനായ്
അവയൊക്കെ മുറിച്ചാലോ
അധോഗതി വരും ദൃഢം.'

എന്നദ്ദേഹം എഴുതി.

ബഹുമുഖപ്രതിഭയായിരുന്ന ടി.ടി.ജി നമ്പൂതിരിയുടെ പ്രതിഭ ലഭിച്ച പൌത്രൻ ഗോവിന്ദിന് എല്ലാ ഭാവുകങ്ങളും നേരുന്നു. ഗോവിന്ദ് മറ്റുള്ളവർക്ക് പ്രചോദനമാകട്ടെ.

കേശവൻ നമ്പൂതിരി, കുളങ്ങരക്കരാട് മന, റിട്ട. സൂപ്രണ്ട്
സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ്, തൃശൂർ. മൊ: 9447278700

# വായനക്കാരുടെ പേജ്

## തെങ്ങിൻതൈ വെച്ച ആളുടെ പേരില്ല

പുതിയ ലക്കത്തിൽ അറിയേണ്ട വാർത്ത എന്ന ഒരു കുറിപ്പു കണ്ടു. ശുകപുരം ക്ഷേത്ര വളപ്പിൽ തെങ്ങിൻ തയ്യ് വെക്കാൻ നേതൃത്വം നൽകിയ ചില പേരുകൾ വായിച്ചു. ഇവർ ഉണ്ടായിരുന്നുവോ എന്നത് അറിയില്ല. അതിൽ പറഞ്ഞ ഒരു പേരിൽ പെട്ട ആരെങ്കിലും ഒരാൾ ക്ഷേത്രത്തിൽ വന്നിട്ടുണ്ടോ(ആകാലത്ത് ) എന്നു തന്നെ സംശയമാണ്.

അതിരിക്കട്ടെ. തെങ്ങിൻ തയ്യ് വെച്ചത് മഹാനായ വെളിഞ്ഞിൽ വായനക്കാരൻ നമ്പൂരിയുടെ നിർദ്ദേശത്താലായിരുന്നു. നാട്ടുകാർ പറയുന്നതു തന്നെ വെളിഞ്ഞിൽ തിരുമേനിയാണ് ഇതിനു മുൻ കൈ എടുത്തത് എന്നാണ്. അദ്ദേഹം വായന നടത്തിയ ക്ഷേത്രങ്ങളിലെല്ലാം ഈ സൽകർമ്മം ചെയിതിട്ടുണ്ട്. അദ്ദേഹത്തിന്റെ പേര് കാണാത്തതു കൊണ്ട് എഴുതിയെന്നു മാത്രം.

ശങ്കരൻ തോട്ടുപുറത്ത്
പി.ഒ. വട്ടംകുളം, മലപ്പുറം ജില്ല
പിൻ-679578, മൊബൈൽ: 9446430246

## ഇല്ലാത്ത ഹെജിമണി പേരേണ്ടതില്ല

ബ്രാഹ്മണിക്കൽ ഹെജിമണിയെന്നു സ്ഥാനത്തും അസ്ഥാനത്തും വലിച്ചിഴച്ചു വഴി നടക്കാനാവാത്ത സ്ഥിതി സൃഷ്ടിച്ചവർ വാമനനെ വില്ലനാക്കിയതിൽ അത്ഭുതമില്ല. മഹാബലി കഥയിലൂടെ ഒരു പാടു മൈലേജു ആ വഴിമുടക്കികൾ നേടിയെന്നത് വാസ്തവം.

പലപ്പോഴും കാര്യമറിയാതെ, പ്രതിരോധിക്കാനാവാതെ, നമുക്കും തല കുലുക്കേണ്ടി വന്നിട്ടുണ്ടാവും. ഒരു ജനത എണ്ണത്തിലും വണ്ണത്തിലും പ്രസക്തിയിലും ചുരുങ്ങിച്ചുരുങ്ങി നിൽക്കാനിടമില്ലാതെ ത്രിശങ്കുവിലാവാതിരിക്കാൻ ചില മുൻ കരുതലുകൾ കാണേണ്ടിവരും. ഇവിടെയാണ് ഓണവും മഹാബലിയും പിന്നെ വാമനനും എന്ന ചരിത്ര പാഠത്തിന്റ പ്രസക്തി. പുരാണങ്ങളിലും സ്മൃതികളിലുമെല്ലാം ഹെജിമണി തേടിപ്പോകുന്നവരോടു ഇതൊന്നും പറഞ്ഞിട്ടു കാര്യമില്ല. പക്ഷെ, വംശത്തിന്റെ നിലനില്പിനായെങ്കിലും നാം പ്രതിരോധത്തിന്റ പാതയിൽ റോഡു ബ്ലോക്കുകൾ അനുവദിക്കരുത്. ഇല്ലാത്ത ബ്രാഹ്മണാധിപത്യത്തിന്റ ചുരുളുകൾ ഓരോന്നായഴിയട്ടെ. ഇതെഴുതിയത് കഴിഞ്ഞ ലക്കം സ്വസ്തി (പ്രിഹെജിമണി ) ഇറങ്ങുന്നതിനു മുമ്പെയാണ്. ഈ ചെറിയ പാര അതിൽ കൊടുക്കാവുന്നതാണ്.സ്വസ്തിയുടെ കഴിഞ്ഞ ലക്കം ഹെജിമണി ഏറെ കാലികവും പ്രസക്തവുമായ ഒരു വിഷയം എടുത്തിട്ടതിലൂടെ വായനക്കാരുടെ ചിന്തയ്ക്ക് ചാലകത്വവും ഊർജ്ജവുമേകി. ഇത് വൈകിയെത്തിയ ഒരു താക്കീതാണെന്നു ഞാൻ കരുതുന്നു. ആടിനെ കഴുതയാക്കുന്ന 'കുമാറ'ന്മാർ എത്ര പണിപ്പെട്ടാലും ഇല്ലാത്ത ഹെജിമണി മേലാൽ നാം പേറേണ്ടതില്ല. ഒരു മുൻകരുതലെന്ന നിലക്ക് ഈ മണി അവരുടെ കഴുത്തിലിരിക്കട്ടെ, അവരുടെ വരവ് ദൂരത്തു നിന്നു തന്നെയറിയാമല്ലൊ.

കെ. എം. എസ് ഭട്ടതിരിപ്പാട്
കാവനാട് മന, കോട്ടക്കൽ
മലപ്പുറം ജില്ല,
മൊബൈൽ 97449 99300

## അഭിനന്ദനങ്ങൾ

ഏപ്രിൽ ലക്കം വായിച്ചു. വളരെ നന്നായിട്ടുണ്ട്. പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ.

മംഗലം കൃഷ്ണൻ നമ്പൂതിരി.
പാലക്കാട്. മൊബൈൽ::9495889022

## ഹെജിമണിക്കാർക്ക് ചുട്ട മറുപടി

ഹെജിമണിക്കാർക്ക് ചുട്ട മറുപടിയായി സ്വസ്തിയുടെ കവർ സ്റ്റോറിയും എഡിറ്റോറിയലും. പഴയിടവുമായുള്ള അഭിമുഖം കൂടിയായപ്പോൾ തികഞ്ഞു! വായിൽ കയ്യിട്ടാൽ കടിക്കാത്തവരുടെ മേക്കിട്ടു കേറുകയല്ലാതെ ഇവിടത്തെ വിപ്ലവകാരികൾക്ക് വേറെ പണിയില്ലല്ലോ!
എലിയുടെ കഴുത്തിൽ കരിമ്പൂച്ചകൾ മണി കെട്ടുന്നത് സാർത്ഥകം.

മുകുന്ദൻ മാങ്ങോട്ട്രി
പി.ഓ തൃക്കലങ്ങോട് , മഞ്ചേരി
കരുവമ്പ്രം വഴി, മലപ്പുറം ജില്ല
മൊബൈൽ 9567876329

## സമൂഹത്തിനു വേണ്ടിയുള്ള മാസിക

സ്വസ്തി ഏപ്രിൽ ലക്കം അയച്ചത് കിട്ടി. ഒന്നാന്തരം മാസിക... കൃത്യമായ സന്ദേശത്തോടെ ഒരു സമൂഹത്തിനുവേണ്ടി ഗംഭീര മാസിക ഒരുക്കുന്നവരുടെ പ്രയത്നം അഭിനന്ദനീയം തന്നെ...

ഈശ്വരൻ ശീരവള്ളി, മനോരമ ട്രാവലർ, ശീരവള്ളി ഇല്ലം,
കോത്തല പി ഓ , പാമ്പാടി, കോട്ടയം 686 502, മൊബൈൽ 9446388082

## Well covered.

Magazine received today.
The article very Well covered. The presentation style also appeared to be very good.
Thank you.

Dr.A.S. Unnikrishnan
F 8, Shreyas Co-operative Housing Society, Rego Bagh,
Al to Santa Cruz, Bombolim Complex, Goa 403202

# വായനക്കാരുടെ പേജ്

## നൊബേൽ സമ്മാനം നേടിയ നമ്പൂതിരി

ആകാംക്ഷയോടെ കാത്തിരുന്ന സ്വസ്തി മാസികയുടെ ഏപ്രിൽ പതിപ്പ് കൈയ്യിൽ കിട്ടിയപ്പോൾ ഏറെ സന്തോഷം തോന്നി.

പ്രശസ്തരായ നമ്പൂതിരിമാരുടെ ജീവിതരീതികളും, അവർ സമൂഹത്തിനു നൽകിയ സംഭാവനകളും വരും തലമുറയ്ക്ക് പ്രചോദനമേകുമെന്നത് വസ്തുതയാണ്. അതു തിരിച്ചറിഞ്ഞ് സ്വസ്തി നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ എത്ര പ്രശംസിച്ചാലും അധികമാകില്ല.

ലോകത്തിലെ ഏറ്റവും വലിയ പുരസ്കാരമായ നൊബേൽ സമ്മാനം ലഭിക്കുന്ന ആദ്യത്തെ മലയാളി എന്ന നിലയിൽ ആലക്കാട്ടെ മനയിലെ ഡോ.ഉണ്ണികൃഷ്ണൻ നമ്പൂതിരിക്കു ലഭിച്ച അംഗീകാരം നമ്പൂതിരിസമുദായക്കാർക്കു മാത്രമല്ല കേരളജനതയ്ക്കാകമാനം അഭിമാനിക്കാൻ വക നൽകുന്നു, പ്രത്യേകിച്ച് സ്വന്തം നാട്ടുകാരനും, കളിക്കൂട്ടുകാരനുമായ എനിക്ക്. അനുകരിക്കേണ്ടതും ആദരിക്കേണ്ടതുമായ വ്യക്തിത്വത്തിനു ഉടമയാണ് ഉണ്ണികൃഷ്ണൻ. ഉന്നതങ്ങളിൽ എത്തിനിൽക്കുമ്പോഴും എളിമയും, ലാളിത്യവും കൈവിടാത്തതാണ് അദ്ദേഹത്തിന്റെ മഹത്വം. പേരും പെരുമയും തെല്ലും മോഹിക്കാത്ത മിതഭാഷിയായ ഒരു തനി നമ്പൂതിരിയാണ് ഉണ്ണികൃഷ്ണൻ. അതിനാൽ തന്നെ അദ്ദേഹത്തെപറ്റി അധികമാർക്കും അറിവില്ല എന്നതാണ് സത്യം.

ഡോ.ഉണ്ണികൃഷ്ണൻ ഒരു നൊബേൽ സമ്മാന ജേതാവ് മാത്രമല്ല, ഇന്ത്യയിലെ മുൻനിര പരിസ്ഥിതി ശാസ്ത്രജ്ഞരിൽ ഒരാൾകൂടിയാണ് എന്ന വസ്തുത നമ്മളിൽ അധികമാർക്കും അറിയണമെന്നില്ല. സമുദ്രനിരപ്പിലെ താപവ്യതിയാനങ്ങളെകുറിച്ച് അദ്ദേഹം എഴുതിയ നിരവധി ഗവേഷണപ്രബന്ധങ്ങൾ അന്തർദേശീയതലത്തിൽ തന്നെ ഏറെ ശ്രദ്ധ നേടിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവിതവിജയം മറ്റുള്ളവർക്ക് പ്രേരണയും പ്രോത്സാഹനവും ആകുമെന്നതിൽ സംശയമില്ല, പ്രത്യേകിച്ച് നമ്പൂതിരി സമുദായത്തിലെ വരും തലമുറയ്ക്ക്.

**ചിറ്റൂർ നാരായണൻനമ്പൂതിരിപ്പാട്,**
28/2772, മഹിമ (ചിറ്റൂർ മന),
പൊന്നേത്ത് സൗത്ത് റോഡ്,
കടവന്ത്ര, കൊച്ചി- 682020,
ഫോൺ: 9846031953

## It seems to be a Niyoga

Thanks for taking efforts to prepare a profile of my Vedic and related activities and publishing in Swasthi trimonthly. I am happy that Swasthi took note of these activities, appreciated them and judged them to be fit to publish the same.

It seems to be a "Niyoga' (mission) for me to be engaged in this field. You may be aware that during the 1960s, learning Vedas was discouraged, considered as wastage of time and effort, and useless by the society, Vedic students were looked down with contempt, or sympathy. Somehow, in mine and similar cases, God willed otherwise, so blessed to overcome those difficulties. That is why I consider it to be a Niyoga. That attitude has changed a lot since then. Now, by and large, Vedapaathis are getting their due respect and position in the society. Thanks to Swasthi

**VASUDEVAN NAMBOODIRI,** KOTHAMANGALATH MANA,
POST.PORKALANGAD, KUNNAMKULAM, PIN.680517, M NO.8547210191.

അറുപത് എന്ന വില്ലനെ കുറേ പേർക്ക് ഇഷ്ട്ടായി ന്ന് പറഞ്ഞു ട്ടോ... സന്തോഷം...

**ഗീത നാരായണൻ നമ്പൂതിരി,** 'ശ്രീഹരി', അരീക്കര മന, നടുവട്ടം (പോസ്റ്റ്),
കുറ്റിപ്പുറം, പിൻ.... 679571. മൊബൈൽ 85939 72928

### തിരുത്ത്

കഴിഞ്ഞ ലക്കം സ്വസ്തിയിൽ പേജ് 100-ൽ ജില്ലാ യോഗക്ഷേമസഭ വാർത്തകൾക്കൊപ്പം ദേശീയ അധ്യാപക അവാർഡ് ജേതാവ് കൊളങ്ങരക്കരാട് നാരായണൻ നമ്പൂതിരിയെ പരാമർശിക്കുന്ന ഭാഗത്ത് സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് കുറിഞ്ഞക്കോട് നാരായണൻ നമ്പൂതിരി എന്നു പരമാർശിക്കാനിടയായി. ഇങ്ങനെയൊരു തെറ്റ് വന്നതിൽ ഖേദിക്കുന്നു.

എഡിറ്റർ

## പഴയിടത്തിന്റെ തീരുമാനം പ്രശംസനീയം

ബ്രാഹ്മണ ഹെജിമണി ചോദ്യം ചെയ്യപ്പെടുന്ന വർത്തമാന കാലത്തെ സംഭവങ്ങളുമായി ബന്ധപ്പെട്ട് പഴയിടത്തിന്റെ വെജിറേററിയൻ പാചകത്തിനു നേരെയുണ്ടായ വിമർശനങ്ങൾ ചർച്ച ചെയ്യപ്പെടുകയുണ്ടായല്ലൊ. ഈ വിഷയത്തിൽ ശ്രീ പഴയിടത്തിന്റെ തീരുമാനം തികച്ചും പ്രശംസനീയമാണ്.

ബ്രാഹ്മണ്യത്തിനെതിരായ വിമർശനങ്ങൾ കേവലം അസൂയയുടേയോ, അസഹിഷ്ണുതയുടേയോ ഫലമാണെന്ന് കരുതി തള്ളിക്കളയാവുന്നതേയുള്ളു. നമ്മുടെ വില നാം മനസ്സിലാക്കിയാൽ മാത്രം മതി.

സ്വസ്തിയിലെ മറ്റെല്ലാ ലേഖനങ്ങളും മികവുറ്റവയാണ് - എല്ലാവർക്കും അഭിനന്ദനങ്ങൾ

**ഇ.എ.കുബേരൻ നമ്പൂതിരി,**
മയ്യിൽ, കണ്ണൂർ,
മൊബൈൽ: 7559904469.

# വായനക്കാരുടെ പേജ്

## തെങ്ങു നട്ടത് വെളിഞ്ഞിൽ ദാമോദരൻ നമ്പൂതിരിയാണ്

ശുകപുരം അമ്പലത്തിന് ചുറ്റും മരങ്ങൾ വച്ചു പിടിപ്പിച്ചവരുടെ പേരുകൾ കൊടുത്തിട്ടുള്ളത് ശ്രദ്ധിച്ചു. പക്ഷേ അതിലെ ഭൂരിഭാഗം തെങ്ങുകളും വച്ചുപിടിപ്പിച്ച മഹദ്വ്യക്തിയെ മറന്നത് കഷ്ടമായിപ്പോയി. യശഃശരീരനായ ഭാഗവതാചാര്യൻ ബ്രഹ്മശ്രീ വെളിഞ്ഞിൽ ദാമോദരൻ നമ്പൂതിരിയാണ്. സ്വസ്തി മറന്നു പോയ ആ മഹദ് വ്യക്തി.

ശുകപുരം ദക്ഷിണാമൂർത്തി ക്ഷേത്രത്തിൽ നിരവധി തവണ ഭാഗവത സപ്താഹം നടത്തിയ ഭാഗവതാചാര്യനാണ് യശഃശരീരനായ ബ്രഹ്മശ്രീ വെളിഞ്ഞിൽ ദാമോദരൻ നമ്പൂതിരി. ക്ഷേത്രത്തിന് ചുറ്റും അദ്ദേഹത്തിന്റെ വഴിപാടായാണ് 360 തെങ്ങിൻ തൈകൾ നട്ടത്. അതിൽ പലതും നശിച്ചിട്ടുണ്ടാകും... എന്നാലും ഇരുന്നൂറോളം തെങ്ങുകൾ ഇന്നും ഉണ്ട്. അന്നത്തെ നവീകരണ കമ്മിറ്റിയിൽ ആഴ്വാഞ്ചേരി തമ്പ്രാക്കളും പൂമുള്ളി നമ്പൂതിരിപ്പാടും വൈദ്യമഠവും മറ്റും അംഗങ്ങളായിരുന്നു. പക്ഷേ മരങ്ങൾ വഴിപാടായി നൽകിയത് വെളിഞ്ഞിലാണ്. അദ്ദേഹം പല അമ്പലങ്ങളിലും ഇതുപോലെ തെങ്ങുകൾ നട്ടിട്ടുണ്ട്. എന്നാൽ ഇത്രയധികം തെങ്ങുകൾ എവിടെയും നട്ടിട്ടില്ല. ഭൂപരിഷ്കരണ നിയമം വന്ന് സ്വത്തുക്കൾ നഷ്ടപ്പെട്ട് നിത്യനിദാനത്തിന് വരെ ബുദ്ധിമുട്ടുവന്നപ്പോൾ അതിന് ഒരു പരിഹാരമാകും എന്ന് ക്ഷേത്ര പത്രിക എന്ന പ്രസിദ്ധീകരണത്തിൽ എഴുതിയിരിക്കുന്നു.

**ശ്രീദാസ് എം.ടി.**
മേടങ്ങാൽ മന
കുന്നയ്ക്കാൽ പി.ഒ.
മൂവാറ്റുപുഴ- 682316

## പഴയിടത്തിന്റെ കലോറി

പഴയിടത്തിന്റെ കലോറിയിൽ നിന്നു തന്നെ തുടങ്ങാം. പുണ്യപാചകത്തിന്റെ മോഹനം തന്നെയായിരുന്നു ആ വിവരണം. ഒരസ്വാഭാവിക മരണവും നമുക്കിടയിലെ പ്രതിഭ (പരിചയപ്പെടുത്തലുകൾ), വറ്റനും വിളമ്പനും അതിലെ നർമ്മങ്ങളും അറുപത് എന്ന വില്ലന്റെ വിക്രിയകളും ഇല്ലപ്പെരുമയിലെ പന്നിക്കാട്ട് ഇല്ലവും മനംനിറച്ചു.

നൊബേൽ സമ്മാനത്തിലെ നമ്പൂതിരി പങ്കാളിത്തവും ബഹുമുഖ പ്രശസ്തയായ ശ്രീദേവി കൃഷ്ണൻ എന്ന നമ്പൂതിരി പെൺകുട്ടിയും കുട്ടിക്കൂട്ടവും കുഞ്ഞുപ്രതിഭകളും പുസ്തകപരിചയ പംക്തിയും വരാഹമൂർത്തിയുടെ മുമ്പിൽ വെച്ച വിലപ്പെട്ട വിവരണവും സ്വസ്തിക്കഴകേകി.

പൂന്താനത്തിന്റെ ഇല്ലം- ആ പുണ്യസങ്കേതം കാട്ടിത്തന്ന സ്വസ്തിക്കും നിലീനക്കും നന്ദി. അറിയേണ്ട നമ്പൂതിരി അറിഞ്ഞപ്പോൾ ആരോഗ്യമന്ത്രാലയത്തിൽ നിന്നും കടന്നിരിക്കുന്ന കോതമംഗലം വാസുദേവൻ നമ്പൂതിരിയെ അഭിമാനത്തോടെ കണ്ടു.

നടന്നു നേടിയ സാമ്രാജ്യവും പറഞ്ഞുനേടിയ മഹാഭാരത പ്രജ്ഞയും പുല്ലൂർ കളിയോഗത്തിന്റെ സൗന്ദര്യലഹരിയും കുട്ടികളുടെ കുഞ്ഞുരചനകളും പണ്ഡിതോചിതം പാഞ്ഞാളപ്പൻ സ്തോത്രവും എല്ലാത്തിനും മകുടമായി രണ്ടു പേജ് നിറയെ വായനക്കാരുടെ കാമ്പും കഴമ്പുമുള്ള പ്രതികരണങ്ങളും നല്ല വായനാനുഭവമായി.

**കുട്ടിക്കോൽ ശങ്കരൻ എമ്പ്രാന്തിരി, കൂടാനം നീലമന, മടിക്കൈ പി.ഒ, നീലേശ്വരം (വഴി), കാസറഗോഡ് 671314, ഫോൺ: 046722822644**

## ഒരു താക്കീത്.

ഏപ്രിൽ ലക്കം ഫാസിസം നടപ്പാക്കുന്നതാര് എന്ന ലേഖനം പലരുടെയും കണ്ണ് തുറപ്പിക്കും. വെറും ഒരു ഫാഷന് വേണ്ടി നമ്മെ കളിയാക്കുന്ന നമ്മുടെ സമുദായക്കാർ അനുഭവിക്കാൻ പോകുന്നതേ ഉള്ളു. താൽക്കാലിക ലാഭത്തിനു വേണ്ടി സ്വന്തം അസ്തിത്വം മറക്കുന്നവർക്ക് ഒരു താക്കീത്.

**ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി, പുന്നപ്പുഴ മന, ഗണേഷ് നഗർ A 23 ശേഖരീപുരം, പാലക്കാട് 678010,മൊബൈൽ :9446791722**

സ്വസ്തി....ഓൺലൈൻ.വായിച്ചു.അസ്സലായി.മുഴുവൻ വായിച്ച ശേഷം.അഭിപ്രായം.എഴുതാം. ആശംസകൾ

**വി.എൻ.ടി.നമ്പൂതിരി**
**തൃപ്പൂണിത്തുറ....(ബ്രഹ്മശ്രീ.)**

## നേരത്തേ കൈയ്യിലെത്തി

സ്വസ്തി ഈ ലക്കം നേരത്തേ തന്നെ കൈയ്യിലെത്തി .. സന്തോഷം

വി.എൻ.സതീശൻ,വെങ്ങല്ലൂർ മന,പി.ഒ. പാലിശ്ശേരി,തൃശൂർ 680027,മൊബൈൽ: 9879564277

## Size & Quality

The specialty of SWASTHI is Bulkness in Size as well as in Quality.

**ശശിശേഖരൻ നമ്പൂതിരി മംഗലം. തിരുവനന്തപുരം 08 മൊബൈൽ :94471 72334**

# വായനക്കാരുടെ പേജ്

## ജാതിവാൽ തന്നെ പ്രശ്നം

സ്വസ്തി 2023 ഏപ്രിൽ ലക്കത്തിലെ കവർ സ്റേറാറി – ഉണ്ണികൃഷ്ണൻ നമ്പൂതിരി – വായിച്ചു.

ഈയിടെയായി ഈയുള്ളവനും അല്പം പരിഭ്രമത്തിലാണ്. പേരിന് പുറകേയുള്ള ജാതിവാൽ തന്നെ. ബ്രാഹ്മണിക്കൽ ഹെജിമണിയും അതു തകർക്കാൻ തിരയടിച്ചു വരുന്ന നവോത്ഥാനവും ലല്ലലലം പാടിവരും തെന്നലുമൊക്കെ നമ്പൂരാർടെ തല വേദനയാണ് എന്നാണ് ഇതുവരെ കരുതിയിരുന്നത്. എന്നാൽ അതു കേവലം നമ്പൂരിമാരിൽ മാത്രം ഒതുങ്ങില്ലെന്നും രണ്ടു നേരം കുളിയും ഭസ്മം തൊടലുമുള്ള എല്ലാ വിഡ്ഢ്യാന്മാരേയും ബാധിക്കും എന്നും ഒരു പുരോഗമന സാംസ്കാരിക നായകൻ കൂട്ടി വ്ളാകൽ നടത്തിയപ്പോൾ മുതൽ തുടങ്ങിയതാണ് ഈ അന്ധാളിപ്പ്. വാസ്തവത്തിൽ എന്റെ പേരിന് പുറകിൽ ഈ ജാതിവാൽ (സർ നെയിം എന്നാണ് സാർ പറയാറ്) റിക്കാർഡിൽ ഇല്ല. ഇനിഷ്യലേ ഉള്ളൂ. ചില സമാന്തര അപ്രശസ്ത പ്രസിദ്ധീകരണങ്ങളിലൂടെ സാഹിത്യ ദ്രോഹം തുടങ്ങിയപ്പോഴാണ് ഇനിഷ്യൽ പ്രശ്നമായത്. പലപ്പോഴും തെററിച്ചേ അച്ചടിച്ചു വരൂ. ഇനി ഭാവിയിൽ സാഹിത്യ അക്കാദമി പുരസ്കാരം ലഭിക്ക്യാച്ചാൽ ആള് മാറുമോ എന്നു പരിഭ്രമായി. എന്നാൽ യൂണീക് ആയി സംശയലേശമെന്യേ തലയുയർത്തി നിൽക്കുന്ന ഒരു പേര് വേണം ന്നായി. (എനിക്ക് കാലഭൈരവൻ എന്നോ തഥാഗതൻ എന്നോ പേരിടാതെ സിൽമാ നടന്റെ പേരിട്ട മാതാപിതാക്കളോട് ആ നിമിഷം ദേഷ്യം തോന്നി.) മലയാററൂർ രാമകൃഷ്ണൻ, തോപ്പിൽ ഭാസി എന്നൊക്കെപ്പോലെ ഒല്ലൂർ മനോജ്, മനോജ് തൃശൂർ തുടങ്ങിയ കിടിലൻ പേരുകൾ ആലോചിച്ചു. എന്റെ കാര്യത്തിൽ അതൊക്കെ ഒരു കഥാപ്രസംഗക്കാരനായി കരുതപ്പെടുമോ എന്നായി ഭയം. ആയിടെയാണ് ഉദ്യോഗ പർവത്തിൽ മുംബൈയിൽ എത്തുന്നത്. പ്രത്യക്ഷത്തിലും ഫോണിലൂടേയുമെല്ലാം പരിചയപ്പെടുമ്പോൾ പേര് മനോജ് എന്നു പറഞ്ഞാൽ ഉടനെ അവർ ചോദിക്കും സർനെയിം ക്യാഹേ. അപ്പോഴാണ് എന്റെ സർനെയിം ഞാൻ ആലോചിക്കുന്നത്. ഉടനെ ആർക്കിമെഡിസിനു ശേഷം ഞാനും പറഞ്ഞു യുറേക്കാ. സാഹിത്യനായകനു പററിയ പേരു കിട്ടി. മനോജ് വർമ. ഞാൻ എന്റെ കാരണവ പരമ്പരയെ മനസാ സ്മരിച്ചു. കെ. ആർ. വർമ, ഏ. ആർ. വർമ, രവി വർമ എന്നെല്ലാമുള്ള ശാസ്ത്രീയ നാമങ്ങളിൽ അവർ ചന്ദ്രകളഭം ചാർത്തിയുറങ്ങുന്ന ഈ മനോഹര തീരത്തിലൂടെ നടന്ന് സമാധാനമായി സിദ്ധി കൂടി പോയിട്ടുണ്ട്. എന്നാൽ ഈ മരുമകൻ ചന്തുവും അങ്ങനെ പോട്ടേ എന്നു നിരീച്ചു.

ഈയടുത്താണ് പൊളിററിക്കൽ കറക്റ്റ്നസ് ഭൂജാതമായത്. ശിവനേ പെട്ടു. ഞങ്ങൾക്ക് വേറേയും പ്രശ്നമുണ്ട്. ഞങ്ങളുടെ പാരമ്പര്യപ്പേരുകൾ രാമവർമ, കേരളവർമ, ഗോദവർമ, രവി വർമ എന്നൊക്കെയാണ്. ഇതിൽ വാൽ മുറിച്ചാൽ രണ്ടു പേര് കേരള, ഗോദ എന്നാവും. രക്ഷയില്ല.

ഇതോടൊപ്പം രാഷ്ട്രീയ ശരിക്കു വേണ്ടി ചില ബുദ്ധിമാന്മാർ കണ്ടുപിടിച്ച സൂത്രം പ്രശംസിക്കാതെ വയ്യ. ഇല്ലപ്പേരും പേരും മാത്രം വെക്കുക. അപ്പോൾ പൊതു സമൂഹത്തിൽ രാഷ്ട്രീയ മര്യാദരാമൻമാരായി. എന്നാൽ അസ്മാദികളുടെ ഇടയിൽ ഇല്ലപ്പേര് അറിയാവുന്നതുകൊണ്ട് വാരസദ്യക്ക് മുന്നിലിരിക്കാൻ ബുദ്ധിമുട്ടും വരില്ല. ഉദാ: പിശുക്കത്ത് നാരായണൻ, പരമേശ്വരൻ കഷ്ടമംഗലം, പൊത്തോർത്തില്ലാപ്പള്ളി ഭവത്രാതൻ.

ക്ഷാത്രവീരരും മോശല്യ. വല്ലാത്തൂർ വിക്രമൻ, രാജരാജൻ പാർവതീപുരം എന്ന് അവരും പയററുന്നുണ്ട്.

ആഹാ, രാഷ്ട്രീയ ശരി ശരിയായി.

എനിക്ക് ഇനി ഈ പേരു മാററി പുതു ചക്രവാളത്തിൽ ഉദിച്ചുയരാൻ കാലം ദീർഘമില്ല.

പിന്നെ നമ്പൂരിപ്പാടും, ഭട്ടതിരിപ്പാടും, നായനാരും, മേനോനും ഒക്കെ വാൽ മുറിക്കാതിരുന്നതു കൊണ്ട് ഇവിടെ നവോത്ഥാനം വരാതിരുന്നിട്ടില്ലല്ലോ.

അതാലോയ്ക്കുമ്പളാണ് ഒരാശ്വാസം.


മനോജ് വർമ,
സോപാനം, തിരൂപ്പാട് റോഡ്
ഒല്ലൂർ പി. ഒ, തൃശൂർ –680 306
മൊബൈൽ: 9447222984


## തിരുത്ത്

2023 ഏപ്രിൽ ലക്കത്തിലെ സ്വസ്തിയിൽ ശ്രീ ആയടം കേശവൻ നമ്പൂതിരിയെക്കുറിച്ചുള്ള ലേഖനത്തിൽ അദ്ദേഹത്തിന്റെ അമ്മയുടെ പേര് പാർവ്വതി എന്നതിനുപകരം രമ എന്നാണ് കൊടുത്തിട്ടുള്ളത്. തെറ്റു പറ്റിയതിൽ ഖേദിക്കുന്നു.

## സ്വസ്തിക്ക് സ്നേഹാശംസകൾ

സ്വസ്തിയുടെ ഓരോ ലക്കവും ആസ്വാദകർക്ക് പുതിയ നല്ലറിവുകൾ പകർന്നു തരുന്നു. ഒരുപാട് ബഹുമുഖ വ്യക്തിത്വങ്ങളെ..... പഴമയായാലും... പുതുമയായാലും.... വായനക്കാരിലേക്ക് എത്തിക്കുന്നു. അറിവുകൾ കൊണ്ട് സ്വാദേറിയ അക്ഷര സദ്യയൊരുക്കുന്ന സ്വസ്തിക്ക് എന്റെ മനസ്സ് നിറഞ്ഞ സ്നേഹാശംസകളും പ്രാർത്ഥനകളും... എന്നും എപ്പോഴും..??


ഗീത നാരായണൻ നമ്പൂതിരി,
' ശ്രീഹരി ', അരീക്കര മന, നടുവട്ടം (പോസ്റ്റ്),
കുറ്റിപ്പുറം, പിൻ.... 679571. മൊബൈൽ +91 85939 72928

# വായനക്കാരുടെ പേജ്

## വിഷു ലക്കം അസ്സലായി

മറ്റൊരു കാര്യം സൂചിപ്പിക്കട്ടെ .പണ്ട് നമ്മുടെ കാരണവന്മാർ ,മുത്തശ്ശിമാർ എഴുതിയ പല സാഹിത്യ സൃഷ്ടികളും ഇപ്പോൾ കിട്ടാനേ ഇല്ല. ചിലത് വായ്മൊഴി മാത്രം. ചില ഇല്ലങ്ങളിൽ പൊടിഞ്ഞു പോകുന്ന കോപ്പികളും കണ്ടേക്കാം. പറ്റുന്നവ സമാഹരിച്ച് ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുകയാണെങ്കിൽ മലയാള ഭാഷക്കും സാഹിത്യത്തിനും അത് മുതൽക്കൂട്ടാകും. സ്വസ്തിക്കത് പറ്റും എന്നാണ് എനിക്കു തോന്നുന്നത്. കൃത്യമായ പ്രൊജക്ട് തന്നാൽ ഒരു ഭാഗം ഫണ്ട് ചെയ്യാനും ഞങ്ങൾ ശ്രമിക്കാം.

സാവിത്രി കണ്ടഞ്ചാത

## സ്വസ്തി മുഖേന പുസ്തകം വിറ്റഴിയുന്നു

സ്വസ്തി കിട്ടി. സന്തോഷം, നന്ദി. പുസ്തകത്തെപ്പറ്റി പറഞ്ഞ നല്ല വാക്കുകൾക്കും ഒരായിരം നന്ദി. അത് വായിച്ച ചിലർ എന്നെ വിളിച്ച് പുസ്തകം എവിടെ കിട്ടുമെന്ന് അന്വേഷിച്ചു. അങ്ങനെ സ്വസ്തി മുഖേന പുസ്തകം കൂടുതൽ വിറ്റഴിയുന്നു. എന്റെ നന്ദി വാക്കുകൾക്ക് അതീതമാണ് എങ്കിലും നന്ദി. പിന്നെ മറ്റൊരു കാര്യം സ്വസ്തി എന്റെ പേരിൽ രണ്ടെണ്ണം വന്നു. പിലാക്കുടി മേൽവിലാസത്തിൽ ഒന്ന്, മറ്റൊന്ന് മറൈൻ ഡ്രൈവിൽ. ഇത് എങ്ങനെ സംഭവിച്ചു? നമ്പൂരി ശങ്ക തുടർന്നു പോവുകയാണോ? അയക്കാൻ ചുമതലപ്പെട്ടവരെ താങ്കൾ അറിയിക്കൂ. മറൈൻ മേൽവിലാസത്തിൽ മാത്രം മതി. എന്ന് നന്ദി നമസ്കാരം

സരള മധുസൂദനൻ
Tower: 1,15A,Tata Tritvam,Goshree pachalam link road,Marine Drive Extension, Ernakulam North-682018
മൊബൈൽ : 97461 16990

## Swathi trimonthly is fantastic

Dear Sir, Let me introduce myself.I am Prof. Balachandra Sarma K, Former Principal,TKM College of Engineering, Kollam. I have got 50 years teaching experience in the engineering area in various colleges.
Now I am the State President of Malayala Brahmana Samajam (MBS). Settled at Cherthala, Alappuzha dt.
Today I came across your trimonthly magazine. It's fantastic. I really appreciate people behind this. I saw the 2021 July Special issue. Is it possible to get a copy of that. You may send it by Courier to my address. I shall send the charges by Gpay. I would also like to subscribe Swasthi.

Yours Sincerely. Prof. K Balachandra Sarma,
Kanathuruthil Illam, Kokkothamangalam PO,
Cherthala. 688527, Alappuzha dt, Mob. 9447865535

## പാണിഗ്രഹണം

സ്വസ്തി നല്ല ഒരു ത്രൈമാസിക ആണ്. പാണിഗ്രഹണം കുറച്ചും കൂടി എണ്ണം കൂട്ടിയാൽ നന്നായിരുന്നു.

മൃദുല, W/o വിഷ്ണു.
പന്താവൂർ മന, മൂക്കുതല
ചങ്ങരംകുളം, മലപ്പുറം dt.

## അഭിനന്ദനങ്ങൾ

സ്വധർമ്മം അറിഞ്ഞുകൊണ്ട് വിളമ്പുന്ന വിഭവങ്ങൾ ഏറെ പഥ്യം. നമ്പൂതിരിയുടെ ഇത്തിരി ഇടങ്ങളിൽ ഇടപെടുന്നത് എളുപ്പമല്ലാ എന്നറിയാം. അംഗീകരിച്ചും അഭിനന്ദിച്ചും സ്വസ്തിയുടെ താളുകൾ ഇനിയും സമ്പന്നമാകട്ടെ. തെറ്റില്ലാതെ മാതൃഭാഷ വായിച്ചാസ്വദിക്കാനാവുന്ന ആഹ്ലാദ അനുഭവവും പങ്കുവെക്കുന്നു. സ്വസ്തിക്കുപിന്നിലെ ശക്തിസ്രോതസ്സുകളിലെ ഇന്ധനശക്തി നിലക്കരുതേ എന്ന് പ്രാർത്ഥിക്കുന്നു.

ശശി നമ്പൂതിരി, മാനമ്പള്ളി മന,
തൃശൂർ, മൊബൈൽ: 9539340517

## നന്നായിട്ടുണ്ട്

ഹെജിമണി ലേഖനം ഉണ്ണികൃഷ്ണൻ നമ്പൂതിരി, ഓച്ചിറ, വളരെ നന്നായിട്ടുണ്ട്....ഈടുറ്റ ലേഖനങ്ങൾ, കവിതകൾ എല്ലാം അസ്സലായി. അഭിനന്ദനങ്ങൾ

വി.എൻ.ടി.നമ്പൂതിരി ബ്രഹ്മശ്രീ
bimonthly, തൃപൂണിത്തുറ.
മൊബൈൽ : 94475 66168


ശങ്കരാചാര്യർ കാമശാസ്ത്രം പഠിച്ചത്
കഥയും കളിയുമായി

## സകലകലാവല്ലഭൻ

കവിയുംശ്ലോകിയുമായുള്ളോൻ
സംഗീതജ്ഞൻ, സുഗായകൻ
ചിത്രകാരൻ, നടൻ, നാടൻ –
ചിരട്ടേം ശില്പമാക്കുവോൻ.

പുല്ലിലും കവിതതീർക്കുന്നോൻ
കല്ലും കൗതുകമാക്കുവോൻ
ശാസ്ത്രസൂത്രപ്രയോഗജ്ഞൻ
സരസൻ മനോജാഭിധൻ.

കാര്യസ്ഥൻ വെടിവട്ടത്തിൽ
തല്പരൻ കലയേതിലും
അറിയാമൊക്കെയുംസ്വല്പം
സകലകലാവല്ലഭൻ.

**പി.എൻ.വിജയൻ**
പുളിക്കത്തൊടി മന
കരിക്കാട്, മലപ്പുറം ജില്ല
മൊബൈൽ 9496304123

# വായനക്കാരുടെ പേജ്

# ആ ദിവസം ഇപ്പോഴും ഓർക്കുന്നു

സ്വസ്തി കിട്ടിയാൽ ആദ്യം എല്ലാ പേജുകളും ഒന്ന് മറിച്ചു നോക്കും. ലേഖനങ്ങളുടെ തലക്കെട്ടും ഫോട്ടോകളും മറ്റും ഓടിച്ചൊന്നു നോക്കും. പിന്നെയാണ് വിശദമായ വായന. ഏപ്രിൽ ലക്കത്തിന്റെ കാര്യത്തിലും വ്യത്യാസമുണ്ടായില്ല. അങ്ങനെ പേജുകൾ മറിക്കുമ്പോഴാണ് ഡോ. ആർ.കെ. പച്ചോരിയുടെ ഒപ്പും പേരും കണ്ണിൽ പെട്ടത്. ങ്ങേ, ഡോ. പച്ചോരി? സ്വസ്തിയിൽ? അക്ഷരാർത്ഥത്തിൽത്തന്നെ രണ്ടുമൂന്നു നിമിഷനേരത്തേക്ക് ശ്വാസം നിലച്ചുപോയി. പിന്നീടാണ് ലേഖനത്തിന്റെ തലക്കെട്ടു കണ്ടത്. ഐപിസിസിക്ക് 2007-ൽ നോബൽ സമ്മാനം കിട്ടിയതിൽ ഒരു നമ്പൂതിരിയുടെ പങ്ക് വിവരിക്കുന്ന കുറിപ്പ്!

ഈയുള്ളവന്റെ ജീവിതത്തിൽ ഡോ. പച്ചോരിയെപ്പോലെ സ്വാധീനിച്ചിട്ടുള്ളവർ ഏറെ വിരളം. അതുകൊണ്ടുതന്നെ ഈ കുറിപ്പ് എഴുതാതിരിക്കാനായില്ല. ഞാൻ അറിയുന്ന ഡോ. പച്ചോരി എന്ന തലക്കെട്ടിൽ ഈയുള്ളവന്റെ ബ്ലോഗിൽ നാലു പോസ്റ്റുകൾ ഉണ്ട്. കുറെയേറെ മുമ്പെഴുതിയതാണ് - അദ്ദേഹത്തിന്റെ മരണത്തിനു മുമ്പ്, TERI യിൽ നിന്ന് ഡയറക്ടർ-ജനറൽ സ്ഥാനത്തുനിന്നും വൈസ്-ചെയർപേഴ്സൺ സ്ഥാനത്തു നിന്നും നീക്കുന്നതിനും ഐപിസിസി ചെയർമാൻ സ്ഥാനത്തു നിന്നും രാജി വയ്ക്കേണ്ടി വന്നതിനും ഇതിനൊക്കെ കാരണമായ പരാതികൾ ഉയർന്നുവരുന്നതിനും മുമ്പ്, എന്നാൽ ഈയുള്ളവൻ TERI-യിൽ നിന്നു പിരിഞ്ഞതിനു ശേഷം. ഇരുപത്തഞ്ചു വർഷം അവിടെ ജോലി ചെയ്തു. അതിൽ രണ്ടു വർഷങ്ങൾ ഡോ. പച്ചോരിയുടെ കൂടെ, അദ്ദേഹത്തിന്റെ പേർസണൽ സ്റ്റാഫിൽ ഒരാളായിട്ട്.



നോബൽ സമ്മാനത്തിന്
അർഹനായ
ഡോ. പച്ചോരി

ഐപിസിസിക്ക് നോബൽ സമാധാനസമ്മാനം പ്രഖ്യാപിക്കപ്പെട്ട ദിവസം ഇപ്പോഴും ഓർക്കുന്നു. ലൈബ്രറിയിലാണ് ആ സമയത്ത് ജോലി ചെയ്തിരുന്നത്. ഏകദേശം ഉച്ചയോടെയാണ് ഒരു കിംവദന്തി പോലെ കാര്യം കേട്ടത്. ഡോ. പച്ചോരിക്ക് നോബൽ സമ്മാനം! ഞങ്ങളെ സംബന്ധിച്ചിടത്തോളം ഐപിസിസിയെക്കാൾ പ്രാധാന്യം ഡോ. പച്ചോരിക്കു തന്നെയായിരുന്നു. ഐപിസിസിയുടെ കാര്യം ആരും ഓർമ്മിച്ചതേയില്ല. വിശ്വസിക്കാനാകാതെ പലരും വീണ്ടും വീണ്ടും ഇന്റർനെറ്റിൽ പരതി വാർത്ത ശരിയാണെന്നു തീർച്ച വരുത്തി. എല്ലാവരും കൂടിയിരുന്നു ഇക്കാര്യം ചർച്ച ചെയ്തു. ഞങ്ങളുടെ ആവേശത്തിന് അതിരുണ്ടായിരുന്നില്ല.

ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ഇൻട്രാനെറ്റു വഴി ഔദ്യോഗികമായി ഇക്കാര്യം സ്ഥിരീകരിച്ചു. അന്നു വൈകുന്നേരം ഒരു യോഗം ഉണ്ടെന്നും ആ അറിയിപ്പിൽ പറഞ്ഞിരുന്നു. ഡോ. പച്ചോരിയുടെ മൂത്ത മകൾ ഇക്കാര്യം അറിഞ്ഞ് ചെന്നൈയിൽ നിന്നും പറന്നെത്തി.

അതൊരു യോഗം ആയിരുന്നില്ല, അക്ഷരാർത്ഥത്തിൽ ഉത്സവം തന്നെയായിരുന്നു. ഓരോരുത്തരും ചെന്ന് കൈ കുലുക്കി അദ്ദേഹത്തെ അഭിനന്ദനങ്ങൾ അറിയിച്ചു. അദ്ദേഹം എല്ലാവർക്കും നന്ദി പറഞ്ഞു. ഇതൊന്നും തന്റെ മാത്രം കഴിവല്ലെന്നും TERI യിലെയും ഐപിസിസിയിലെയും ഓരോരുത്തരും അഭിനന്ദനങ്ങൾ അർഹിക്കുന്നു എന്നും പറഞ്ഞു.

ചെറുതോ വലുതോ ആയ ഏതൊരു നേട്ടത്തിനും അദ്ദേഹത്തിന്റെ അഭിനന്ദനക്കത്ത് ലഭിക്കാറുണ്ട്. ഒരു സമ്മേളനം ഭംഗിയായി കലാശിച്ചാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ അതിന്റെ ഭാരവാഹികളിൽ ഓരോരുത്തരേയും പേരെടുത്തു സംബോധന ചെയ്തു കത്തുകൾ അയക്കുന്നത് അദ്ദേഹത്തിന്റെ പതിവാണ്.

ഐപിസിസിക്ക് നോബൽ സമ്മാനം ലഭിച്ചതിൽ ഒരു നമ്പൂതിരിക്കും പങ്കുണ്ടെന്നറിഞ്ഞപ്പോൾ വളരെയേറെ സന്തോഷവും അഭിമാനവും തോന്നി, ഒരൽപ്പം അഹങ്കാരവും. ഈ കാര്യത്തിൽ ഭാഗഭാക്കാകാൻ കഴിഞ്ഞ ഡോ. ആലക്കാട് ഉണ്ണികൃഷ്ണന് അഭിനന്ദനങ്ങൾ!

ഡോ. പച്ചോരിയെപ്പറ്റി ഈയുള്ളവൻ (ഇംഗ്ലീഷിൽ) എഴുതിയ ബ്ലോഗ് പോസ്റ്റിന്റെ ലിങ്ക് താഴെക്കൊടുക്കുന്നു. താല്പര്യമുള്ളവർക്കു വായിക്കാം. https://jayanthanpk.blogspot.com/2013/03/dr-rk-pachauri-as-i-know-him-iv.html (ഇതു നാലാമത്തെ ഭാഗമാണ്. ഇതിൽ മറ്റു മൂന്നു ഭാഗങ്ങളുടേയും ലിങ്കുകൾ കൊടുത്തിട്ടുണ്ട്.)

പൊത്തോപ്പുറം കേശവൻ ജയന്തൻ,
സരസിജം, (പൊത്തോപ്പുറം)
വെളിയന്നൂർ പി.ഒ., വഴി ഉഴവൂർ
കോട്ടയം ജില്ല.
ഫോൺ: 9810453289

# 31–ാം വിവാഹ വാർഷികം



13.06.2023 ന്
മുപ്പത്തി ഒന്നാം വിവാഹ വാർഷികം
ആഘോഷിക്കുന്ന

**കല്ലംവള്ളി രാമകൃഷ്ണ ഹരി,**
**ശ്രീജ രാമകൃഷ്ണ ഹരി**

ആശംസകളോടെ
മക്കൾ : രാഹുൽ, ഗോകുൽ
മരുമകൾ : അഞ്ജന രാഹുൽ

കോഴിക്കോട് നടുകിൽ കുണ്ടിൽ കുളത്ത് പരേതനായ മൂസാമ്പൂരി ശ്രീധരൻ നമ്പൂതിരിയുടെ സഹധർമ്മിണി

## മാധവി അന്തർജനം

തിരുവാതിര നക്ഷത്രം 1198 മേടം 11 ന് (25.04.2023)

**ശതാഭിഷിക്തയായി**



ആദരപൂർവ്വം, ആശംസകളോടെ,
**മക്കൾ:** മാധവി അന്തർജനം, ശ്രീധരൻ നമ്പൂതിരി, ശങ്കരൻ നമ്പൂതിരി, രത്നം, നാരായണൻ നമ്പൂതിരി, ജയകൃഷ്ണൻ നമ്പൂതിരി.
**മരുമക്കൾ:** താമരക്കുളം ശ്രീധരൻ നമ്പൂതിരി, പൊയിലൂർ ശംബരകുമാരൻ നമ്പൂതിരി, ആര്യ, സത്യഭാമ, രശ്മി, വനജ.
**പേരക്കുട്ടികൾ:** ദിനേശ് വിഷ്ണു, ധന്യ സാവിത്രി, ശ്രീദത്ത് ശ്രീധരൻ, ശ്രീജിത്ത് ശങ്കരൻ , ദിലീപ് ചന്ദ്രശേഖരൻ, ആര്യ ദർശന, വരുൺ ശ്രീധരൻ, പരമേശ്വര പ്രസാദ്, മാധവീകൃഷ്ണ .

## എസ്.എസ്.എൽ.സിക്ക് ഫുൾ എ പ്ലസ് നേടിയവർക്ക് അനുമോദനങ്ങൾ






**ആര്യാദേവി**
ദീപേഷിന്റെയും, സ്മിതയുടെയും മകൾ. ശ്രീവിഹാർ (മൂത്തേടം ഇല്ലം), ചേളന്നൂർ, കോഴിക്കോട്, രാമല്ലൂർ ഉപസഭ



**പാർത്ഥിവ് പി സി**
നാരായണൻ നമ്പൂതിരിയുടെയും ശ്രീലത അന്തർജ്ജനത്തിന്റെയും മകൻ. ചേലോട്ടില്ലം, രാമല്ലൂർ ഉപസഭ



**ഹരിത കെ.പി**
കോട്ടമല ഇല്ലം താമരശ്ശേരി. ദിനേശൻ നമ്പൂതിരിയുടെയും ശ്രീദേവി അന്തർജനത്തിന്റെയും മകൾ, താമരശ്ശേരി ഉപസഭ.



**പി. ഉണ്ണിമായ**
ഓച്ചിറ വലിയകുളങ്ങര ശ്രീ നിലയത്തിൽ എച്ച്. പ്രസാദിന്റേയും സുജിതയുടേയും മകളാണ്. പ്രസാദിന്റെ ഫോൺ നമ്പർ - 9446381170



**സാത്വിക് നാരായണൻ**
സതീശ് നാരായണന്റെയും ശ്രീജ നമ്പൂതിരിയുടെയും മകൻ. കണ്ടമംഗലം ഇല്ലം, ശ്രീനാദം, ചാത്തമംഗലം ഉപസഭ



**ചന്ദന**
താമരക്കുളം ടി. കെ.നാരായണൻ നമ്പൂതിരിയുടെ മകൾ. മുക്കം ഉപസഭ.



**ആർദ്ര**
താമരക്കുളം സുദേവൻ നമ്പൂതിരിയുടെ മകൾ. മുക്കം ഉപസഭ



**മാളവിക**
കണ്ണാഞ്ചേരി പന്നിക്കാട്ട് അരുൺ കുമാറിന്റെയും ഇന്ദുവിന്റെയും മകൾ. ചേവായൂർ ഉപസഭ



**ശ്രീനിധി**
പാലക്കോൾ കേശവൻ നമ്പൂതിരിയുടെ മകൾ, കണ്ണിപറമ്പ് ഉപസഭ



**അനുവിന്ദ**
തോട്ടം ഡോ. ദീപയുടെ മകൾ., ശിവകൃപ, മുക്കം ഉപസഭ



**പാർവതി എൻ.ടി**
നരിയങ്ങൽ തലപ്പണ നാരായണന്റെ മകൾ, കണ്ണിപറമ്പ് ഉപസഭ



**ഹൃദ്യ വി,**
വാസുദേവ ശർമ്മയുടെ മകൾ. കിഴക്കില്ലം, കോടഞ്ചേരി ഉപസഭ



**ദേവനന്ദ കെ**
കളം ഹരീഷ്കുമാറിന്റെ മകൾ., ഉള്ളിയേരി ഉപസഭ,



**പൂജ കെ**
കമ്പളത്തില്ലം, എം.എം.ഗിരീഷ് കുമാറിന്റെ മകൾ, രാമല്ലൂർ ഉപസഭ



**ആര്യൻ പുതുമന**
പുതുമന ഇല്ലം, ദിലീപ് നാരായണന്റെ മകൻ. കോടഞ്ചേരി ഉപസഭ



**പാർവ്വതി പി.**
നീലകണ്ഠൻ നമ്പൂതിരിയുടെ മകൾ, പേരൂർ ഇല്ലം, കണ്ണിപറമ്പ് ഉപസഭ



**ശ്രീരാംഭരത് .എം.**
മുഡുവമ്പുറത്ത് ബിജു നമ്പൂതിരിയുടെ മകൻ., കാക്കൂർ പി.ഒ., കോഴിക്കോട് ജില്ല, രാമല്ലൂർ ഉപസഭ



**സൂര്യ ദേവ്**
ദേവൻ തിരുവാലൂരിന്റെ മകൾ. തിരുവാലൂർ ഇല്ലം, ചെറുവായൂർ പി.ഒ. 673645, മലപ്പുറം ജില്ല



**ആര്യ ടി.എം**
ടി.എം.നാരായണന്റെ മകൾ. തേവൻചുമരത്ത് മന, ഉച്ചക്കാവ് ഉപസഭ. ഫോൺ: 9539955084



**ആദിത്യൻ നമ്പൂതിരി**
കൃഷ്ണൻ നമ്പൂതിരിയുടെ മകൻ, ബാപ്പറ്റ ഇല്ലം, ഉള്ളിയേരി, മൊബൈൽ: 9745816751



**വിഷ്ണു**
മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരിയുടെ മകൻ വിഷ്ണു. കണ്ണിപറമ്പ് ഉപസഭ



**ആദർശ് ദാമോദരൻ**
സതീശൻ മങ്ങത്തായയുടെയും ഉമയുടെയും മകൻ, പെരുമണ്ണ ഉപസഭ

# പ്ലസ് ടു വിന് ഫുൾ എ പ്ലസ് നേടിയവർക്ക് അനുമോദനങ്ങൾ



**അർച്ചന**
മൂർത്തിയേടത്ത് ബൽരാജിന്റേയും സീനയുടേയും മകൾ. കാഞ്ഞിരത്തോട്ടം നാരായണൻ നമ്പൂതിരിയുടെ പേരക്കുട്ടി.



**റിഷീകേശ്**
തലയൂർ രാജ്കുമാറിന്റേയും ധന്യയുടേയും മകനും താമരക്കുളം ടി.വി. ശ്രീധരൻ നമ്പൂതിരിയുടെ പേരക്കുട്ടിയുമാണ്. (99 %)



**ഗോപിക**
ഒഴലൂർ പാടേരി ഇല്ലത്ത് ഗോപിനാഥൻ നമ്പൂതിരിയുടെ മകൾ.



**മേധാ മാധവി**
പാതിരിശ്ശേരി മിഥുൻ നാരായണൻ നമ്പൂതിരിപ്പാടിന്റെ മകൾ. കുന്ദമംഗലം ഉപസഭ



**പ്രയാഗ് പുതിയ മഠം**
ബാലകൃഷ്ണൻ മൂസിന്റെ പേരക്കുട്ടി, ചേവായൂർ ഉപസഭ.



**വാസുദേവ്**
ഓച്ചിറ പ്രയാർ മാരായിത്തോട്ടത്ത് മഠത്തിൽ ഇ വി സമ്പത്ത് നമ്പൂതിരിയുടേയും ജയാ നമ്പൂതിരിയുടേയും മകനാണ്.



**അർച്ചന എൻ.എസ്.**
ബാലുശ്ശേരി ഉപസഭയിലെ കക്കഞ്ചേരി കളം നാരായണൻ നമ്പൂതിരിയുടെ മകളാണ്.



**ഗൌതം കൃഷ്ണപി.എം**
പാലശ്ശേരി മുല്ലപ്പള്ളി ഇല്ലം. പന്തീരാൻകാവ് പി.എം. മുരളിയുടയും സുനിതയുടേയും മകനാണ്



**അശ്വതി എൻ.**
സിറ്റി ഉപ സഭയിലെ നടുവിലേടത്ത് ശങ്കരൻ നമ്പൂതിരി, ശാന്തി എന്നിവരുടെ മകളാണ്.



**ശ്രീലക്ഷ്മി വി.എസ്**
വീട്ടിക്കാട് സന്തോഷ് നമ്പൂതിരിയുടെ മകൾ. കണ്ണിപറമ്പ് ഉപസഭ



**പാർവതി വി.എസ്**
വീട്ടിക്കാട് സന്തോഷ് നമ്പൂതിരിയുടെ മകൾ. . കണ്ണി പറമ്പ് ഉപസഭ



**ആദിത്യ**
കല്ലൂർ അരുൺ കുമാറിന്റെ മകൾ. കോഴിക്കോട് സിറ്റി ഉപസഭ

**സി.ബി.എസ്.ഇ.**



**ആദിത്യ സജീവ്**
പ്ലസ് ടു മികച്ച വിജയം. കളത്തിൽ പെരികമന സജീവ് നമ്പൂതിരിയുടെ മകൻ.



**ദേവി പി.എസ്,**
പ്ലസ് ടുവിന് 95.8 ശതമാനം. പറക്കുന്നത്ത് ശശികുമാർ നമ്പൂതിരിയുടെ മകൾ

## സമാവർത്തനം ആശംസകൾ

**ശ്രീഹരി നാരായണൻ,**
തിരുനാവായ അരീക്കരമന
ശ്രീ ഗിരീഷ്, അശ്വതി ഗിരീഷ്
എന്നവരുടെ പുത്രൻ.
26.4.2023 ന്
സമാവർത്തനം കഴിഞ്ഞു
**മൊബൈൽ: 8593972928..**





## ഉപനയനം

**വൈത്തല അക്ഷത് നാരായണൻ**

എടവം 10, മെയ് 24
അരീക്കുളങ്ങര ദേവീക്ഷേത്രം
കല്യാണമണ്ഡപം

കണ്ണന്നൂർ തെക്കേടത്ത് രാഹുൽ
ശ്രീദേവി ദമ്പതിമാരുടെ മകൻ
**ത്രിവിക്രം രാഹുൽ തെക്കേടത്തിന്റെ**
**ചോറൂണിന് ആശംസകൾ**
**2023 ജൂൺ 1**



## ചോറൂണ്: (3/5/2023)

കോഴിക്കോട് കൊയിലാണ്ടി എടവല്യത്ത് ഇല്ലം (ശ്രീപദം) പുരുഷോത്തമൻ നമ്പൂതിരി, സരസ്വതി അന്തർജനത്തിന്റെ മകൾ **പൗർണമി.**
ഫോട്ടോയിൽ പൗർണമി, അച്ഛനമ്മമാർ,ഓപ്പോൾ പാർവണ.
ഫോൺ: പുരുഷോത്തമൻ നമ്പൂതിരി:
**9446252523**



# കുട്ടിക്കൂട്ടം

**കുട്ടിക്കൂട്ടത്തിലേക്ക്**
**രചനകൾ വാട്ട്സ്**
**അപ്പിൽ അയക്കാം**
**9400992823**

# വാ വാ വയനാട്

**മീര എം.**



യാദൃശ്ചികമായിട്ടാണ് ഞാൻ യോഗക്ഷേമസഭയുടെ ജില്ലാ ടൂറിലേക്ക് എത്തുന്നത് .രണ്ടു ദിവസത്തെ ഫാമിലി ട്രിപ്പ്.വയനാടൻ മലകളൊക്കെ കേറിയിറങ്ങാനുള്ള ഉത്സാഹമായിരുന്നു പിന്നെ.

യാത്രകൾ ഏറേ ഇഷ്ടപ്പെടുന്ന എനിക്ക് സൂപ്പർ ചാൻസ് ആയി തോന്നി. താമരശ്ശേരിയും അടിവാരവും കഴിഞ്ഞ് അങ്ങനെ ചുരം തുടങ്ങി. ഹെയർ പിൻ വളവുകളിൽ വയനാടൻ തണുപ്പ് ഞങ്ങളെ സ്വാഗതം ചെയ്തു. കരിന്തണ്ടന്റെ ശ്വാസം കാറ്റായി വീശുന്ന ചുരം. കാടിനകത്തെ പതിപ്പുള്ള മണ്ണിൽ നിന്നുകൊണ്ട് തന്നെ പക്ഷികളുടെയും ചില വന്യമൃഗങ്ങളുടെയും ശബ്ദങ്ങൾ കേൾക്കാം. കുരങ്ങന്മാരുടെ വികൃതികൾ കാണാം

ചുരം വ്യൂ പോയന്റിൽ ബസ്സ് നിർത്തി. കുരങ്ങന്മാർ ഓടി വന്ന് ഞങ്ങളെ നോക്കി. താഴെയുള്ള വളവുകളിൽ ബസ്സുകൾ വരുന്നതു കണ്ടപ്പോൾ പേടിയായി. എല്ലാരും ധാരാളം ഫോട്ടോകൾ എടുത്തു.

കുറച്ചു ദൂരം കൂടി പോയാൽ കരിന്തണ്ടന്റെ ചങ്ങല മരമായി എന്ന് ഡ്രൈവർ മാമൻ പറഞ്ഞു. ബസ് നിർത്തി. അൽപ്പം നടന്നു. കരിന്തണ്ടൻ എന്നും സ്മരിക്കേണ്ട വ്യക്തി. ശരിക്കും ആരാണീ കരിന്തണ്ടൻ?

ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചിരുന്ന കാലത്ത് വയനാടിലേക്ക് വഴി കാണാതെ കഷ്ടപ്പെട്ട സായിപ്പൻമാർക്ക് വഴികാട്ടിയായിരുന്ന നേതാവായിരുന്നു കരിന്തണ്ടൻ. ആദിവാസികളിലെ പണിയാ ഗോത്രത്തലവൻ. വെറും ഒരു ആദിവാസി യുവാവ്. വിവരമുണ്ടെന്ന് അഹങ്കരിച്ചിരുന്ന ഇംഗ്ലീഷുകാരേക്കാൾ കേമനായത് അവർക്കു സഹിച്ചില്ല. ബ്രിട്ടീഷുകാർ കരിന്തണ്ടനെ ക്രൂരമായി കൊല ചെയ്തു.താൻ കണ്ടുപിടിച്ച വയനാടൻ ചുരം കയറുന്ന യാത്രക്കാർക്ക് മരിച്ചിട്ടും മരിക്കാത്ത കരിന്തണ്ടൻ പ്രത്യക്ഷപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് ശാന്തി നൽകി സൂര്യകാലടിയെപ്പോലുള്ള വലിയൊരു മന്ത്രവാദി ചങ്ങലയിൽ ബന്ധിച്ചു. ഇന്ന് 12 കിലോമീറ്റർ ഓളം വരുന്ന ചുരം ഉണ്ടാകാനും അവിടേക്ക് യാത്രാ സൗകര്യങ്ങൾ ചെയ്തു കൊടുക്കാനും സാധിച്ചത് കരിന്തണ്ടൻ എന്ന വീരൻ ഉള്ളതുകൊണ്ട് മാത്രമായിരുന്നു.

കേരള സർക്കാരിന്റെ പദ്ധതിയായ ട്രൈബൽ വില്ലേജ് എന്ന എൻ ഊരാണ് ഞങ്ങളുടെ അടുത്ത സ്ഥലം കുറച്ചുകാത്ത് നിന്നെങ്കിലും എൻ ഊരിലേക്കുള്ള ടിക്കറ്റ് കിട്ടി .

ബസ്സിൽ ഒരു മിനിറ്റ് പോലും ഞങ്ങൾക്ക് ബോറടിച്ചിട്ടില്ല. കീർത്തനങ്ങളും അക്ഷരശ്ലോകങ്ങളും രസകരമായ കളികളും ഒക്കെയായി എല്ലാവരും ഞങ്ങളോടൊത്ത് കുട്ടികളായി മാറിയിരുന്നു. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ പൂപ്പൊലി 2023 നടന്നിരുന്ന വലിയ ഗാർഡനിലേക്ക് ആണ് ഞങ്ങൾ പോയത്.

ബസ്സ് സുൽത്താൻബത്തേരിയിലേക്ക് വിട്ടു .ടിപ്പു സുൽത്താന്റെ സൈനികത്താവളമാക്കുന്നതിന് (ബാറ്ററി) മുമ്പ് ഈ സ്ഥലം ഗണപതിയാനവട്ടമായിരുന്നത്രെ. നാഷനൽ ഹൈവേ സൈഡിൽ തന്നെയാണ് ഗണപതി ക്ഷേത്രം. കൃത്യം ദീപാരാധനക്ക് ഞങ്ങൾ എത്തി തൊഴാൻ പറ്റി.അവിടുത്തെ പ്രസാദമൊക്കെ മേടിച്ച് ( ധാരാളം പായസവും അവിലും നാളികേരപ്പൂളും) ഞങ്ങൾ നേരെ പോയത് മുത്തങ്ങ വനത്തിലുള്ള മുതുമന വിജയേട്ടന്റെ അമ്മൂസ് ഫാം ഹൗസിലേക്ക് ആണ്

ക്യാമ്പ് ഫയർ സെറ്റപ്പിൽ ഞങ്ങൾ പാട്ടുകളും തിരുവാതിരയും നൃത്തവും ഒക്കെയായി ആവോളം



ഉല്ലസിച്ചു. വല്യച്ഛനും ദിവാകരൻ മുത്തഛനുമൊക്കെ ക്യാമ്പംഗങ്ങളെ ഒറ്റ കുടുംബമാക്കി. എല്ലാവരും പാടി, അനിയൻ മാധവ് സ്പീക്കറുകൾ നിയന്ത്രിച്ചു.ചുറ്റും ആനകൾ ഉണ്ടായിരുന്നതിനാൽ അധികം ശബ്ദമുണ്ടാക്കിയില്ല. ചെറിയ കോട്ടേജുകളിൽ ഞങ്ങൾ എല്ലാവരും വിശ്രമിച്ചു. കുഞ്ഞു തണുപ്പിൽ സുഖമായി ഉറങ്ങി.

ഫാം ഹൗസിനു ചുറ്റും കുറെ നേരം നടന്നു. ആനകൾ ബസ്സിന് അടുത്ത് വന്നിരുന്നതായി കേട്ടു. പേടിച്ചുപോയി. പിന്നെ കുറുവാ ദ്വീപിലേക്ക്. അതിനു മുമ്പ് പൊൻകുഴി വനത്തിലുള്ള സീതാ രാമ ക്ഷേത്രത്തിൽ ഞങ്ങൾ പോയി. സീതയുടെ കണ്ണീർ വീണുണ്ടായി എന്നു വിശ്വസിക്കുന്ന ഒരു തടാകം ഞങ്ങൾ കണ്ടു. ബസ് വിട്ടു പോകും വഴി ദൂരെ നിന്നും ആനയെ കാണാൻ സാധിച്ചു.

പിന്നീട് തിരുനെല്ലി ക്ഷേത്രത്തിലേക്ക് വണ്ടി പുറപ്പെട്ടു. കേരളത്തിലെ അതിപുരാതനമായ ക്ഷേത്രങ്ങളിൽ ഒന്നാണ് തിരുനെല്ലി പ്രിയപ്പെട്ടവരുടെ മരണാനന്തര ക്രിയകൾക്ക് ഇന്നും നിരവധി പേരാണ് തിരുനെല്ലിയിലേക്ക് വരാറ്. ദൂരെയുള്ള മലയിൽ നിന്നും കരിങ്കൽപ്പാത്തി വഴി ക്ഷേത്രത്തിൽ വെള്ളം എത്തുന്നത് നോക്കി നിന്നു.

തിരുനെല്ലിയിലെ പുഴയുടെ പേര് എനിക്കിഷ്ടമായി. പാപനാശിനി. അർത്ഥമുള്ള പേരാണല്ലേ? വെള്ളം പാപനാശിനിയിൽ വളരെ കുറവായിരുന്നു എങ്കിലും ഞങ്ങൾ ഇറങ്ങി ഒന്നു മുഖം കഴുകി. വഴിയിലുള്ള പീടികകളിൽ നിന്ന് വയനാടൻ സാധനങ്ങളൊക്കെ വാങ്ങി.പിന്നീട് അമ്പലത്തിലേക്ക് കയറി. പഴയ ക്ഷേത്രമാണ്. എന്നാലും വലിയ കേടുപാടുകളില്ല. ക്ഷേത്ര മുറ്റം പുതുക്കിപ്പണിയുന്ന യന്ത്രങ്ങളുടെ ശബ്ദ ശല്യം വലുതായിരുന്നു.

വൈകുന്നേരം നട തുറന്നിരുന്നു .നന്നായി തൊഴുതു. മനസ്സ് നിറഞ്ഞു പ്രാർത്ഥിച്ചു.പ്രസാദമൊക്കെ വാങ്ങി .അതിനിടക്ക് ഒരു രസമുണ്ടായി. രസം എന്നാണോ പറയേണ്ടത് എന്നറിയില്ല. എട്ടു വയസ്സുകാരനായ അനിയൻ മാധവിനെ പെട്ടെന്ന് കാണാതായി. ഞാനും വല്യമ്മയും മീര മുത്തശ്ശിയും പേടിച്ചു തിരഞ്ഞു. അതാ എളമനച്ചെറിയമ്മയുടെ കൈ പിടിച്ചു കൊണ്ട് മാധവ് അങ്ങിനെ വരുന്നു .ഹാവൂ ആശ്വാസമായി.

രണ്ടുദിവസത്തെ വയനാട് യാത്രയുടെ അവസാന ഘട്ടമായിരുന്നു തിരുനെല്ലി.

തിരികെ കോഴിക്കോട് യാത്ര തിരിച്ചു.കൽപ്പറ്റ ഉടുപ്പി ഹോട്ടലിൽ നിന്ന് രാത്രി ഭക്ഷണവും കഴിഞ്ഞ് ഞങ്ങൾ ബസ്സിൽ കയറി.ഉറക്കമൊന്നുമില്ല.ക്ലീനർ മാമൻ അടിപൊളി സിനിമാപാട്ടുകൾ വെച്ച് യാത്രയ്ക്ക് ചൂട് കയറ്റി. നൃത്തങ്ങളും പാട്ടുകളും ഒക്കെയായി ഞങ്ങൾ എല്ലാവരും ആർത്തുല്ലസിച്ചു.

എത്ര കണ്ടാലും പിന്നെയും കാണാൻ പ്രേരിപ്പിക്കുന്ന ഏതോ കാന്തിക ശക്തി വയനാടിന് ഉണ്ട് എന്ന് തോന്നി. വിശാലമായ ആകാശത്ത് അഴിച്ചുവിട്ട പട്ടം പോലെ മനസ്സ് എന്നും വയനാടൻ ഓർമ്മകളിലൂടെ പാറി നടക്കും. ●

മങ്ങത്തായ സജിത്തിന്റെയും
യമുനയുടെയും മകളാണ് മീര
മൊബൈൽ: 9995893661

# *Pinky, the Best Reader*



**Dyuthi Krishna**
Malliyoor Mana,
Thiruvambady
Class 3
Mob: 9388827163

On one beautiful morning, the birds are chirping in the apple tree branches. The pink flower is blooming everywhere around her home as beautiful as our kind-hearted heroin Pinky. Her parents, Pinky and her siblings are living happily in their home.

Pinky loves to play with their siblings. She is always passionate about reading and writing stories. Her main hobby is to tell stories to her siblings and friends. She is 6 years old. She is the best story-teller in her class. She loves artclasses and always dreamt to be an artist.

One day Pinky said to her mom, "can we go to the library?" "ofcourse darling" said her mother. They visited the library. Her mom picked one, and Pinky too. Pinky choose her books only by seeing the cover page. She cannot accept her mom's choice. Mom selected the book, 'Dude, that's Rude'. "Oh, I do not want this book, look at its cover page, it's not interesting". "What happened honey bunch"? asked mom. She continued "Did you read this book before?".

"No, but mom, I don't like these types of books." Pinky said. "You read it once and tell me, how the book works and we can decide later", replied mom. Finally she admit to read the book for her mom's sake. However she really liked the book and share with her friends and siblings. The story is a kid-friendly book teach the basics of polite behaviour in all kinds of situations. Everyone is happy at the end. Moral: Never judge a book by it's cover. ●



**മാധവി കൃഷ്ണ. കെ.ജെ.**
D/o ജയകൃഷ്ണൻ നമ്പൂതിരി. കെ.
കുണ്ടിൽ കുളത്ത് ഇല്ലം
അഞ്ചാം ക്ലാസിൽ പഠിക്കുന്നു

# ഒരു ജീവിതം

കനലു പോലെ കത്തുന്നു
മിഴികൾ തോറും നീറുന്നു
കടലുപോലെ ഒഴുകുന്നു കണ്ണുനീർ
ഇനി നീന്തി കയറണം
കടലു താണ്ടി പോകണം
ഒരു കര വരെ പോകണം
തിരയൊഴുകും കടലിലും
തിരികൾ പോലെ നിൽക്കണം
തിരയണയും നേരത്ത്
പൊരുതി നിൽക്കണം ●

# ഞാൻ ആദ്യമായി വായിച്ച പുസ്തകം

**ശ്രേയ തിരുവാലൂർ (അമ്മൂസ്)**



ജെ.കെ.റോളിംഗിന്റെ ലോകപ്രശസ്തമായ ഹാരിപോട്ടർ എന്ന നോവലിനെ ആസ്പദമാക്കി പുറത്തിറങ്ങിയ ഹാരിപോട്ടർ സിനിമകളെ പറ്റി കേൾക്കാത്തവരായി ആരും ഉണ്ടാവില്ല.സിനിമയോടുള്ള ആരാധനമൂലം പുസ്തകങ്ങൾ വായിക്കാൻ ഏറെ മടിയുള്ള ഞാൻ കഥയെപ്പറ്റി കൂടുതൽ അറിയാൻ പുസ്തകം വായിക്കാൻ തീരുമാനിച്ചു.കുട്ടികളെന്നോ വലിയവരെന്നൊ പ്രായഭേദം ഇല്ലാതെ ലോകം മുഴുവൻ ആസ്വദിച്ച ഈ പുസ്തകം 450 ദശലക്ഷം കോപ്പികൾ വിറ്റ് ചരിത്രം സൃഷ്ടിച്ചിട്ടുണ്ട്.എല്ലാവരും ആസ്വദിച്ച പോലെ എനിക്കും ഈ പുസ്തകം വളരെയേറെ ഇഷ്ടപ്പെട്ടു.റോളിംഗിൻറ് ഭാവനയിൽ വിരിഞ്ഞ അത്ഭുത മാജിക് ലോകവും ഹാരി എന്ന അനാഥന്റെ ജീവിതത്തിൽ നടക്കുന്ന അപ്രതീക്ഷിത സംഭവങ്ങളും സൗഹൃദങ്ങളും തമാശകളും സങ്കടങ്ങളും നമ്മളെ പുസ്തകത്തിൽ നിന്നും കണ്ണെടുക്കാൻ തോന്നാത്ത വിധം ആകർഷിക്കുന്നു.കേവലം കുട്ടികളുടെ നോവലായി പ്രസിദ്ധീകരിച്ച ഈ പുസ്തകം അധികം വൈകാതെ ലോകപ്രശസ്തമായി. ഇന്നും ഏറ്റവും മികച്ച നോവലുകളിൽ ഒന്നാണ് ഹാരിപോട്ടർ.എല്ലാവരും ഈ പുസ്തകം വായിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ●


ശ്രേയ ദേവ്, തിരുവാലൂർ ഇല്ലം
D/o ദേവൻ തിരുവാലൂർ
വാഴക്കാട് പി.ഒ., എടവണ്ണപ്പാറ
മലപ്പുറം ജില്ല,
മൊബൈൽ: 9447980502




തിരുവനന്തപുരം,കരമന,തളിയൽ മഹാദേവ നഗർ, ചെങ്കില്ലത്ത് പ്രതീഷ് പോറ്റിയുടെയും, നീലിമയുടെയും മകൾ **പ്രണീത പി.എൻ.** ക്രയോൺസ് ഉപയോഗിച്ച് വരച്ച ചിത്രം. തിരുവനന്തപുരം കാലടി ഉപസഭാ അംഗമാണ്. മൊബൈൽ 94428 29603



# കനൽച്ചോപ്പ്

പല്ലവി പാടി ഞാൻ വേദികളിലെല്ലാം , എൻ
ദുഃഖ രാഗങ്ങൾ മറ്റാരും കേൾക്കാതെ
നടനമാടി ഞാൻ എൻ മനക്കാമ്പിൽ
നഷ്ട മഞ്ജീര ധ്വനികൾ  അറിയാതെ
ആരു കേട്ടെൻ ദുഃഖ രാഗങ്ങളെ
ആരറിഞ്ഞെൻ നഷ്ട മഞ്ജീരത്തെ
പുഞ്ചിരിച്ചാരത്താൽ മൂടി ഞാൻ, എന്നുടെ
ഹൃദയത്തിൻ കനൽച്ചോപ്പ്
മറ്റാരും കാണാതെ ●




**മേഘ്ന കൃഷ്ണ എം.പി**
D/o അജി എം.പി.
പാലശ്ശേരി മന,
ഇളയൂർ, മഞ്ചേരി
മൊബൈൽ: 9447627160


# HIDE AND SEEK

I'm here again
Hiding behind the door,
Heart beating wildly
Giggling nervously;
Making too much noise
Waiting for someone to yell "Gotcha!'
Except this time I'm waiting for hours,
No giggles, or the sound of footsteps
Just my erratic heartbeat,
When will I realise that of course,
No ones going to find me,
Not when it's me I'm hiding from.




**ദ്യുതി കെ.എം.**
D/O Deepak K.M,
Kizhakkedath Mana, F4,Block2 ,
Jains Green Acres, Dargah Road,Zamin
Pallavaram, Chennai Ph:9840711525

# രാവണന്റെ അയനം

എനിക്കേറ്റവും പ്രിയപ്പെട്ട എഴുത്തുകാരിൽ ഒരാളായ അമീഷ് ത്രിപാഠി 1974 ൽ കൊൽക്കത്തയിലാണ് ജനിക്കുന്നത്. വിരസമായ ബാങ്ക് ജോലിയിൽ നിന്ന് സാഹിത്യ ജീവിതത്തിലേക്ക് തിരിഞ്ഞ വ്യക്തിയാണ് അദ്ദേഹം .ഇന്ത്യയിലെ സാഹിത്യ കുതുകികളുടെ ഹൃദയം കീഴടക്കിയ അമീഷിന്റെ രചനയിൽ പ്രധാനമായും രണ്ട് പരമ്പരകൾ ഉണ്ട് . രാമചന്ദ്രചരിതവും ശിവപുരാണവും. രാമചന്ദ്ര പരമ്പരയിൽ Ram -scion of Ikshavaku,Sita-warrior of Mithila,Raavanan-Enemy of Aryavarta എന്നിവയും ശിവപുരാണ പരമ്പരയിൽ The immortals of meluha,The Secret of Naga's,The Oath of Vayuputhra എന്നിവയും ഉൾപ്പെടുന്നു. രാജൻ തുവാര , ബിന്ദു സി മേനോൻ, കബനി തുടങ്ങിയവർ ഈ പുസ്തകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട് .എഴുത്തിൽ തന്റേതായ ശൈലി പുലർത്തുന്ന ആ രചനകൾ രസകരവും ഗഹനവും ആണ് .ഇതിൽ Raavanan -enemy of aryavarta എന്ന കൃതിക്ക് കബനി നൽകിയ മലയാള വിവർത്തനം ആണ് രാവണൻ ആര്യാവർത്തത്തിന്റെ ശത്രു. രാമായണം എന്നാൽ രാമന്റെ അയനം അഥവാ യാത്രയാണ്. അവിടെ രാവണൻ ഒരു പ്രതിനായകൻ ആകുന്നു. എന്നാൽ ഈ കൃതി രാവണന്റെ ആരും മനസ്സിലാക്കാത്ത ജീവിതം ഉൾക്കൊള്ളുന്നു . വൈശ്രവസ്സിന്റെയും കൈകസിയുടെയും പുത്രനായി ജനിച്ച രാവണൻ നാഗൻ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്ന് ഈ കഥയിൽ പറയുന്നു. രാവണന്റെ ജനനവും അമ്മയുടേയുംഅമ്മാവന്റേയും കൂടെയുള്ള ദേശാന്തര യാത്രയും തുടർന്നുണ്ടാകുന്ന സംഘർഷാത്മകമായ ജീവിതവും ഇതിൽ പ്രതിപാദിക്കപ്പെടുന്നു.



**ബാലാജി കൃഷ്ണൻ**
തിരുവാലൂർ ഹരികൃഷ്ണൻ നമ്പൂതിരിയുടെയും ഡോ. ശ്രീകലയുടെയും മകനാണ്. പത്താം ക്ലാസ് വിദ്യാർത്ഥി
പുൽപ്പറ്റ പി.ഒ.
മഞ്ചേരി വഴി, മലപ്പുറം ജില്ല
മൊബൈൽ: 8075113062

# എന്റെ ടീച്ചറമ്മ



ഇവിടെ എന്റെ ആദ്യ വിദ്യാലയ യാത്രയേയും അവിടുത്തെ പ്രിയങ്കരിയായ ഇംഗ്ലീഷ് അധ്യാപികയായ മർഫി മേരിയേയും ഞാൻ ആദരപൂർവ്വം അടയാളപ്പെടുത്തട്ടെ.

എന്നെ എന്താവണം , ആരാവണം , എങ്ങനെയാവണം, എങ്ങനെയാകരുത് ..... എന്ന് പഠിപ്പിച്ചത് എന്റെ ടീച്ചർ അമ്മയാണ് . നേർവഴിയിലൂടെ മാത്രം എന്നെ നയിച്ച എന്റെ ടീച്ചർ അമ്മ. എന്റെ ടീച്ചർ ഒരു അമ്മയായും ഒരു കൂട്ടുകാരിയായും അറിവ് പകർന്നു തന്നു .

സ്വയം എരിഞ്ഞ് പ്രകാശം പരത്തുന്ന ഒരു മെഴുകുതിരിയായിരുന്നു എന്റെ ടീച്ചർ. സ്നേഹത്തിന്റെയും സേവനത്തിന്റെയും പാതയിലൂടെ ആകണം ജീവിതം എന്ന് എന്നെ പഠിപ്പിച്ച എന്റെ ടീച്ചർക്ക് സ്നേഹാഭിവാദനങ്ങൾ. ●

**ശ്രീഭദ്ര തിരുവാലൂർ**
S/o Harikrishnan Namboodiri Tiruvaloor,
Pulpatta P.O, Manjeri Via, Malappuram Dt.
Mother: Dr.Sreekala Tiruvaloor,
Class.VII th Std, Mob.8075113062





**കൃഷ്ണ ദത്തൻ ടി കെ** ,
9th Std, S/o കൃഷ്ണകുമാർ ടി.കെ.
സെക്രട്ടറി, മുക്കം ഉപസഭ

മലപ്പുറം ജില്ലാ യോഗക്ഷേമസഭയുടേയും വനിതാസഭയുടേയും നേതൃത്വത്തിൽ കുട്ടികൾക്കായി ഒരു ദ്വിദിന ക്യാമ്പ് മെയ് 2–3 തിയ്യതികളിൽ നടന്നു. ക്യാമ്പിനെ പറ്റി കുട്ടികളിൽ നിന്നു കിട്ടിയ അനുഭവ കുറിപ്പുകൾ

# അത്തിപ്പറ്റ രവി മാഷുടെ ക്ലാസ് ഉഗ്രനായി



## സാത്വിക ഉണ്ണി

കിങ്ങിണിക്കൂട്ടം ക്യാമ്പിൽ ഞാനും പങ്കെടുത്തിരുന്നു. ഉദ്ഘാടന സമ്മേളനം കഴിഞ്ഞ് അത്തിപ്പറ്റ രവി മാഷുടെ ക്ലാസ്സായിരുന്നു. താളങ്ങളെക്കുറിച്ചും വിവിധ ഈണങ്ങളെക്കുറിച്ചും അദ്ദേഹം സമയംപോകുന്നതറിയാതെ ക്ലാസ്സെടുത്തു. മാഷ് കുറേ പാട്ടുകൾ , കവിതകൾ ഒക്കെ ചൊല്ലിത്തന്നു . പിന്നെ ഉച്ചഭക്ഷണത്തിനു ശേഷം ശ്രീകൃഷ്ണൻ മാഷുടെ ഐസ് ബ്രേക്കിംഗ് സെഷനായിരുന്നു. കളിയും ചിരിയുമായിരുന്നു കുറേ കളികൾ മാഷ് പറഞ്ഞു തന്നു . ആ സെഷൻ അടിപൊളിയായിരുന്നു. പിന്നെ കുളി കഴിഞ്ഞ് എല്ലാവരും കൂടി ഇരുന്ന് കീർത്തനങ്ങൾ ചൊല്ലി. പിന്നെയുണ്ടായ ക്യാമ്പ് ഫയർ ഞങ്ങൾ അടിച്ചു പൊളിച്ചു. ഭക്ഷണം കഴിഞ്ഞ് കലാപരിപാടികളായിരുന്നു. ഡാൻസും പാട്ടുമൊക്കെയായി അടിപൊളി ആയിരുന്നു. ഉറങ്ങാൻ നേരത്ത് നല്ല ഇടിയും മഴയും ആയിരുന്നു. എന്നാലും എല്ലാവരും സുഖമായി ഉറങ്ങി.പിറ്റെ ദിവസം ഞങ്ങൾ നടക്കാൻ പോയി.. നല്ല ഭംഗിയുള്ള പാടവും മരങ്ങളും ചെടികളും ഒക്കെ ഞങ്ങൾ ആസ്വദിച്ചു കണ്ടു. രാമകൃഷ്ണൻ മാഷുടെ ക്ലാസ്സായിരുന്നു പിന്നെ . മാഷ് തീപ്പെട്ടി കൊണ്ട് കാണിച്ച സൂത്രം എനിക്ക് വളരെ ഇഷ്ടമായി. അടുത്തത് സമാപന സമ്മേളനമായിരുന്നു. കുട്ടികളായ ഞങ്ങളോട് അഭിപ്രായം പറയാൻ പറഞ്ഞു. ക്യാമ്പ് നാലു ദിവസം വേണമെന്നായിരുന്നു എന്റെ അഭിപ്രായം. പിരിഞ്ഞു പോരുമ്പോൾ ചെറിയൊരു സങ്കടവും ഉണ്ടായി. ●

ഒതളൂർ മന
D/o പ്രസീത ടി.എസ്.
മൊബൈൽ: 9656349291



## ശ്രിയ സാവിത്രി

കിങ്ങിണിക്കൂട്ടം 2022 ലെ ക്യാംപിലും ഞാൻ പങ്കെടുത്തിരുന്നു. രണ്ടും തികച്ചും വ്യത്യസ്തമായ രീതിയിൽ ആയിരുന്നു. വളരെ അധികം ആസ്വദിച്ചായിരുന്നു അവിടെ ചിലവഴിച്ചത്.

കുറേ കുട്ടികളുമായി സമയം ചിലവഴിക്കാനും അവരെ അറിയാനും കളിക്കാനും ഒക്കെ സാധിച്ചു. രാവിലെയുള്ള ഉദ്ഘാടനവും പ്രസംഗവും എല്ലാം വളരെ അധികം വിജയങ്ങൾ കൈവരിക്കാൻ എന്നെ പ്രേരിപ്പിച്ചു. ആദ്യ ദിനത്തിലെ രവി മാഷുടെ ഭാഷയും താളവും കൃഷ്ണൻ മാഷുടെ ഐസ് ബ്രേക്കിംഗ് സെഷനും സന്ധ്യക്കുള്ള ഭജനയും ക്യാമ്പ് ഫയറും കലാസന്ധ്യയും വളരെ നന്നായിരുന്നു. അടുത്ത ദിവസം രാവിലെ പ്രകൃതി ഭംഗി ആസ്വാദനവും രാമകൃഷ്ണൻ മാഷുടെ ട്രിക്കുകളും മാതൃ പൂജയും എല്ലാം വളരെ ഇഷ്ടപ്പെട്ടു. രണ്ടു ദിവസമാണെങ്കിലും ഒരുപാട് ഓർമ്മകൾ നൽകി. ●

പാലശ്ശേരി മന, മഞ്ചേരി ഉപസഭ
മൊബൈൽ: 9447358817



## പ്രണിത അമേറ്റൂർ

ഞാൻ ആദ്യമായിട്ടാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്. ദ്വിദിന ക്യാമ്പ് ആണെന്നറിഞ്ഞപ്പോൾ ചെറിയൊരു പേടി ഉണ്ടായിരുന്നു. ചെന്ന ദിവസം തന്നെ കൂടെ കൂടാൻ ആളെ കിട്ടിയതു കൊണ്ടു തന്നെ രണ്ടു ദിവസവും രസകരമായി കടന്നുപോയി. ആദ്യത്തെ സെഷൻ പാട്ടും താളവുമായി രസകരമായിരുന്നു. പാട്ടു പാടുന്ന രീതിയും താളവും എനിക്ക് ഒരു പാട് ഇഷ്ടമായി . ഭാഷയെ കുറിച്ചുള്ള ഒരു പാട് അറിവുകളും പകർന്നു തന്നു. ഉച്ചക്കു ശേഷമുള്ള ഐസ് ബ്രേക്കിംങ് സെഷനും നന്നായിരുന്നു. കളികളിലൂടെ എല്ലാ കുട്ടികളെയും അറിയാൻ സാധിച്ചു .വൈകുന്നേരത്തെ കലാപരിപാടികളും ക്യാമ്പ് ഫയറും മറക്കാൻ പറ്റാത്ത അനുഭവങ്ങളാണ്. മാതൃപൂജ വേറിട്ടൊരനുഭവമായിരുന്നു. ●

D/o രാജേഷ്, അമേറ്റൂർ മന,
വട്ടംകുളം, എടപ്പാൾ, മലപ്പുറം,
മൊബൈൽ:7012713890



## ഗൗരി. എ കെ

പല പരിപാടികളിലും പഠനത്തിന്റെ പലകാര്യങ്ങളും അടങ്ങിയിട്ടുണ്ടായിരുന്നു. തനിയെ ചെയ്യാൻ സാധിക്കാത്തവ സംഘം ചേർന്ന് ചെയ്യാൻ കഴിയും എന്ന തോന്നൽ ഉണ്ടായി. മാതൃ പൂജയിൽ അമ്മമാരെ പൂജിക്കുമ്പോൾ നമ്മുടെ അമ്മമാർ അവരുടേയും അമ്മയെ ഓർത്തിട്ടുണ്ടാവണം. ●

D/o അനിത. യു സി, അരിഞ്ചിയിൽ ഇല്ലം, ചെമ്പ്രശ്ശേരി പി.ഒ.
പാണ്ടിക്കാട് പിൻ: 676521
മൊബൈൽ: 9995516595



## ആർദ്ര രാജേഷ്

കുട്ടിത്തമുള്ള ക്യാമ്പാണ് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ക്യാമ്പ്. പുതിയ പുതിയ കുറേ അറിവുകൾ നേടാൻ സാധിച്ചു. ആര്യശ്രീ ഏടത്തി, കിങ്ങിണി ഏടത്തി, ഗൗരാംഗ് കൃഷ്ണൻ എന്നീ കുട്ടികളായിരുന്നു എന്റെ കൂടെ ഉണ്ടായിരുന്നത് ക്യാമ്പ് വളരെയേറെ ഇഷ്ടപ്പെട്ടു. ഒരു ഇല്ലത്തു വെച്ചു നടത്തുന്ന സുഖം സ്ക്കൂളിലായതു കൊണ്ട് ലഭിച്ചില്ല എന്നൊരു സങ്കടം മാത്രമേയുള്ളൂ.

പടിഞ്ഞാറ്റുപാട്ട്, കരിക്കാട്,
മൊബൈൽ: 9746627841

ചെറുകഥ /ദേവദത്ത ടി.കെ

# അർദ്ധനാരീശ്വരൻ



ഫോണിന്റെ റിങ് കേട്ടാണ് അവൾ ഉണർന്നത്. ചേച്ചിയാണ്.

ആ പറഞ്ഞോ ചേച്ചി.

ഉറക്കപ്പിച്ചിൽ അവൾ പറഞ്ഞു.

എന്താടി ഉറക്കം ഉണർന്നില്ലേ നേരം ഉച്ചയാവാറായല്ലോ. അപ്പോഴാണ് സമയം നോക്കിയത് 10 ആവാറായിരിക്കുന്നു.

അല്ല ഇന്ന് ഞായർ അല്ലേ എനിക്ക് വർക്ക് ഇല്ല അതാ.

മ്മ് അതെ അതെ.

നീയെന്താ ഇപ്പൊ വിളിക്കുന്നെ രാവിലെ പതിവില്ലല്ലോ?

ഹാ ഒന്നുല്ല ഒരു കാര്യം പറയാം ഉണ്ട് നീ വാതിൽ തുറക്ക്.

വാതിലോ? നീഇവിടെ എത്തിയോ?

അവൾ ഒന്ന് പതറി.

നീ തുറക്കെടി.

കണ്ണും തിരുമ്മി വാതിലിനടുത്തേക്ക് അവൾ ഓടി . വാതിൽ തുറന്നതും മുന്നിൽ നിൽക്കുന്നു ചേച്ചി.

ഇത് വല്ലാത്ത സർപ്രൈസ് ആയല്ലോ ചേച്ചി.

ഇതാരാ കൂടെ ഉള്ളെ?

അതൊക്കെ പറയാം നീ അകത്തേക്ക് വിളിക്കെടി.

അയ്യോ അത് മറന്നു. വാ വാ.

4 വർഷങ്ങൾക് മുന്നേ കണ്ടതാണ് ചേച്ചിയെ.

അന്ന് കണ്ടതിനേക്കാളും ഒന്ന് തടിച്ചിട്ടുണ്ടല്ലോ നല്ല തീറ്റയാണല്ലേ.അവൾ കളിയാക്കി.

പോടീ ഞാൻ ആവശ്യത്തിന് കഴിക്കുന്നുള്ളു.

മ്മ് ആയ്കോട്ടെ.

ഇത് ആരാ പറഞ്ഞില്ലാലോ പറ.

ചേച്ചിയുടെ കൂടെ താഴോട്ട് നോക്കിയിരിക്കുന്ന അയാളെ നോക്കി അവൾ ചിരിച്ചു.

ഒരു നിമിഷം അവളുടെ മുഖത്ത് നോക്കി അയാൾ പറഞ്ഞു ഞങ്ങളുടെ കല്യാണം ആണ്. നിന്നെ വിളിക്കാൻ വന്നതാണ്.

അന്തം വിട്ട പോലെ ഉള്ള അവളുടെ നോട്ടത്തിന്റെ അർത്ഥം ചേച്ചിക്ക് പെട്ടന്ന് തന്നെ മനസിലായി.ഒരു കാര്യവും മറച്ചു വെക്കാതെ എല്ലാം തന്നോട് പറയാറുള്ള ചേച്ചി ഈ കാര്യം മറച്ചു വെച്ചത് എന്തിനായിരിക്കും എന്ന ചിന്ത അവളെ വല്ലാതെ അലട്ടി.

നിന്നോട് പറയാതെ വെച്ചത് മറ്റൊന്നും അല്ല നിന്നെ നേരിട്ട് കാണിച്ച് കൊടുത്തിട്ട് പറയാം എന്ന് കരുതി അതാ.

എനിക്ക് മനസിലാവും ചേച്ചി.

6 വർഷങ്ങൾക്കു മുന്നേ വീടുവിട്ടിറങ്ങിയ മകനെ കാണാണോ സംസാരിക്കാനോ അച്ഛനും അമ്മയും തുനിഞ്ഞില്ല. ചേച്ചി ആയിരുന്നു എന്റെ എല്ലാ കാര്യവും അറിഞ്ഞിരുന്ന ഒരേ ഒരാൾ. ഇപ്പോ കല്യാണക്കാര്യം വന്നപ്പോ ഇങ്ങനെ ഒരു അനിയൻ ഉണ്ടെന്ന് പറയാൻ നാണക്കേട് ഉണ്ടാവും അല്ലേ. എന്നിട്ടും ഈ അവസാന നിമിഷം വരാം എന്ന് തോന്നിയത് എന്താണാവോ.

അല്ലെടോ ഇവൾക്കൊരു അനിയത്തി ഉണ്ട് അവൾ വീട്ടിലല്ല എന്നൊക്കെ തന്നെയാണ് എന്നോട് പറഞ്ഞത്. അവളെ പരിചയപ്പെടുത്താം എന്ന് മാത്രമേ എന്നോട് പറഞ്ഞുള്ളു.വരുന്ന വഴിയാണ് തന്റെ കാര്യം മുഴുവൻ പറഞ്ഞത്.പിന്നെ ഇന്നത്തെ കാലത്ത് ഇതൊക്കെ ഒരു കുറവായി കാണുന്നവർ ഒക്കെ ഉണ്ടോ. നീ എനിക്കും ഒരു അനിയത്തി തന്നെയാ ഒരു കുറവും നിന്നിൽ ഞാൻ കാണുന്നില്ല. ഒറ്റക്ക് ജീവിക്കുന്നു. സ്വന്തമായി ഒരു ജോലി നേടി. ഇത്രയൊക്കെ വിഷമങ്ങൾ താണ്ടി ഇവിടെ വരെ എത്തിയില്ലേ നീ.നിന്നെ കുറിച്ച് പറയാൻ ഇവൾക്ക് നാണക്കേട് അല്ല അഭിമാനം ആണ്.

അത്രയും പറഞ്ഞ് അയാൾ എഴുന്നേറ്റു. ചേച്ചി അവളെ കെട്ടിപ്പിടിച്ചു.

നിന്നെ അമ്മയും അച്ഛനും അന്വേഷിച്ചു.നിന്നെ കൂട്ടിവരാനും പറഞ്ഞു. അന്ന് ആട്ടിയിറക്കിയതാണെങ്കിലും ഇപ്പൊ നിന്നെ ഒന്ന് കാണാൻ വേണ്ടി കാത്തിരിക്കുവാണ് അവർ.

ഞാൻ ഇല്ല ചേച്ചി.

അന്ന് എന്നെ മനസിലാക്കാൻ അവർക്ക് കഴിഞ്ഞില്ലല്ലോ. ഒന്ന് തിരിഞ്ഞ് നോക്കിയോ.ഞാൻ ജീവനോടെ ഉണ്ടോ എന്നെങ്കിലും.

ഒരു ഫോൺ കാൾ മതിയാരുന്നല്ലോ എനിക്ക് സന്തോഷമാവാൻ. ചേച്ചി കാണാൻ വരുമ്പോ ഒന്ന് വരായിരുന്നല്ലോ അല്ലങ്കി നീ വിളിക്കുമ്പോ മോളെ എന്ന് അല്ലങ്കി പഴയെ പോലെ മോനെ എന്ന് വിളിച്ചാലും മതിയായിരുന്നല്ലോ. അതൊന്നും ഉണ്ടായില്ലല്ലോ.

എന്നിട്ട് ഇപ്പൊ കല്യാണം ആയപ്പോ ആണോ എന്നെ ഓർമ വന്നേ.

ഒറ്റശ്വാസത്തിൽ അവൾ പറഞ്ഞു നിർത്തി. കരച്ചിൽ അടക്കിപ്പിടിക്കാൻ ശ്രമിച്ചെങ്കിലും കരഞ്ഞു പോയി.

അവനിലെ അവളെ കാണാൻ ചേച്ചിക്കുമാത്രമേ കഴിഞ്ഞിരുന്നുള്ളു എന്ന ഒറ്റ സങ്കടത്തിലാണ് വീട്ടിൽ നിന്നും 18 വയസ്സുകാരനായ അവൻ ഇറങ്ങിയത്.അവിടന്നങ്ങോട്ട് ഒരുപാട് പ്രതിസന്ധികൾ കടന്നാണ് ഇന്നത്തെ അവളിൽ അവൻ എത്തിയത്.അതെല്ലാം അറിയാവുന്ന ഒരേ ഒരാൾ ചേച്ചിയും.

എടീ നിന്നെ ഇഷ്ടമല്ലാഞ്ഞിട്ടല്ല. പെട്ടന്ന് 18 വർഷം ആൺകുട്ടിയായി കണ്ട നി, ഒരു സുപ്രഭാതത്തിൽ പെൺകുട്ടിയാണെന്ന് പറയുമ്പോ ഏതൊരു അമ്മയും അച്ഛനും ഞെട്ടില്ലേ. അവരുടെ ആ മാനസികാവസ്ഥ നീ ഒന്ന് ആലോചിച്ച് നോക്ക്.

അവർക്ക് മനസിലാവാൻ സമയമെടുത്തു.നിന്നെ ഇപ്പൊ അവർക്ക് എല്ലാം ഇഷ്ടമാണ്. നീ വാ .

നിനക്ക് അറിയുന്ന എത്ര പേരുണ്ട് ഇതുപോലെ വീട്ടുകാരെ പിരിഞ്ഞ് ഇരിക്കുന്നവർ.നിന്റെ ഫ്രണ്ട്സ് തന്നെ എത്ര പേര് അവരുടെ വീട്ടിൽ നിന്ന് ഒരു വിളിക്കായി കാത്തിരിക്കുന്നു. നമ്മളുടെ അച്ഛനും അമ്മേം നിന്നെ മകളായി അംഗീകരിച്ചുകൊണ്ട് വിളിക്കുമ്പോ നീ വരാൻ മടി കാണിക്കല്ലേ. അവർക്ക് നിന്നെ കാണാൻ കൊതി ഉണ്ടെടാ.

നിന്നെ വിളിക്കാഞ്ഞത് നീ അവരോട് എങ്ങനെ പെരുമാറും എന്ന് ഓർത്തിട്ടാ...

നീ പോയ അന്ന് മുതൽ അമ്മ നിന്നെ കുറിച്ച് പറയാത്ത ദിവസങ്ങളില്ല. ഞാൻ വിളിച്ചാൽ അമ്മ തൊട്ടടുത്ത് ഉണ്ടാവും നിന്റെ ശബ്ദം കേൾക്കാൻ

കൊതിച്ച് ഇരിക്കും. അച്ഛന് കുറച്ചു കാലം ദേഷ്യം ഉണ്ടായെങ്കിലും പിന്നെ പിന്നെ അതൊക്കെ മാറി. നീ എവിടെ ആണെന്നും നിനക്ക് സുഖമാണോ എന്നും ചോദിച്ചിരുന്നു. പക്ഷെ നിന്നെ കൂട്ടികൊണ്ട് വരാൻ പറയാൻമാത്രം ധൈര്യം അവർക്കുണ്ടായിരുന്നില്ല. ഇന്ന് അത് ഉണ്ട്.ഇപ്പൊ ആ വാക്ക് കേട്ടപ്പോൾ നിന്നെ കൊണ്ട് തിരിച്ചു പോവും എന്ന് ഉറപ്പ് കൊടുത്താണ് ഞങ്ങൾ ഇറങ്ങിയത് . നീ വരണം. ഒന്ന് അമ്മയേം അച്ഛനേം കാണാണെങ്കിലും.

ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോഴേക്കും ചേച്ചിയും കരഞ്ഞു.

അവൾ ഫോൺ എടുത്ത് അച്ഛന്റെയും അമ്മയുടെയും ഒപ്പമുള്ള പഴയ ഫോട്ടോ നോക്കിയിരുന്നു.

അന്ന് വൈകിട്ടു തന്നെ അവർ പുറപ്പെട്ടു.ആറ് വർഷങ്ങൾക്കു ശേഷം അവനായി ജനിച്ച ജന്മ നാട്ടിലേക്ക് അവളായി മാറിയുള്ള യാത്ര.

വീട്ടിലെത്തിയപ്പോൾ അമ്മ ഓടി വന്നു കെട്ടിപ്പിടിച്ചു. വർഷങ്ങൾക്കു ശേഷമുള്ള അമ്മയുടെ ഗന്ധം അവളിൽ പഴയ കാലത്തെ ഓർമ്മപ്പെടുത്തി. അച്ഛൻ നിറകണ്ണുകളോടെ അവൾക് മുത്തം നൽകി. കഴിഞ്ഞ ആറ് വർഷങ്ങൾ കിട്ടാതെ കിടന്ന സ്നേഹം മുഴുവൻ ഒറ്റ നിമിഷത്തിൽ അനുഭവിച്ച പോലെ അവൾക്കു തോന്നി. ●


ദേവദത്ത ടി.കെ
D/o കൃഷ്ണകുമാർ താമരക്കുളം
മാമ്പറ്റ, മുക്കം, കോഴിക്കോട്
ഡിഗ്രി രണ്ടാം വർഷം
മൊബൈൽ : 9446769922


# അസ്തമയം



*സംസ്ഥാന യുവജനോത്സവത്തിൽ മലയാളം കവിതാരചനയിൽ എ ഗ്രേഡ് നേടിയ വിദ്യാർത്ഥിനി ശരണ്യ. കെ.കടമ്പൂർ എച്ച് എച്ച് എസ് സ്കൂൾ വിദ്യാർത്ഥി.D/o രൂപേഷ്. കെ.& രഞ്ജിനി ബി, കീഴാറ്റൂർ ഇല്ലം. ഫോൺ നമ്പർ 9495345163*

കാറ്റ് മെല്ലെ തഴുകി.
നിശബ്ദതയുടെ സംഗീതം.
കുത്തി നോവിച്ചു
പാത്രങ്ങൾ കലഹിക്കുമ്പോൾ
മനസ്സ് തേടിക്കൊണ്ടിരിക്കുന്നു
പുലരിയിലെ പൂമ്പാറ്റകൾ
പുഞ്ചിരിക്കുന്നുണ്ടാവാം
എന്റെ ഏകാന്തതയിൽ
പ്രഷർകുക്കർ
ശബ്ദിച്ചുകൊണ്ടിരിക്കുന്നു...
ഇടനാഴിയിൽ എന്തോ തടഞ്ഞു
ചില തണുപ്പിക്കും ഓർമ്മകൾ...
വാക്കുകൾ ഇടറുന്നു.
ജീവനറ്റുപോയ കണ്ണുകൾ
ആരെയോ തേടി... തേടി.....തേടി
ക്ഷീണിച്ചേക്കാം......
പൂക്കൾ ചിരിച്ചില്ല...
കിളികൾ ചിലച്ചില്ല...
ഞാൻ എന്റെ സ്വപ്നങ്ങളെ
വേവിച്ചുറ്റിവെച്ചു....





*അഞ്ജന 5th std. നടുവിലേടം വിനോദിന്റെ മകൾ. ചേവായൂർ ഉപസഭ യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ സഹവാസ ക്യാമ്പിൽ വരച്ചത്*

ഞാൻ ഒരു കടലും കണ്ടിട്ടില്ല
എന്റെയുള്ളിലെ കടലും
ശബ്ദമുഖരിതമായ സായാഹ്നങ്ങൾ
അസ്തമിച്ചു പോയോ....?
മേഘങ്ങൾ കരയാൻ
പഠിച്ചിരിക്കുന്നു..
തണുക്കുന്നു..
ഇടനാഴി പിന്നിടുമ്പോൾ...

പേന തളർന്നിരിക്കുന്നു....
ഈ നാല് ചുമരുകൾക്കുള്ളിൽ.....
പാതിമുറിഞ്ഞ ഹൃദയവുമായി.......
ഞാൻ ഇരിക്കെ
ആ കണ്ണുകൾ...
എന്നെ മറന്നിരിക്കുന്നു..
അതോ ഞാൻ മറന്നുവോ...
അറിയില്ല......! ●



# യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ സഹവാസ ക്യാമ്പിൽ കുട്ടികൾ വരച്ച ചിത്രങ്ങൾ







*രുദ്രൻ വാസുദേവൻ,*
*താമരക്കുളം*
*ധനേഷിന്റെ മകൻ,*
*3rd std , സിറ്റി ഉപസഭ*



*ആര്യ കൃഷ്ണ,*
*പഴങ്ങോട്ടുപറ്റ*
*ജയന്റെ മകൾ,*
*8th std , സിറ്റി ഉപസഭ.*







*രാം പ്രകാശ്,*
*തെഞ്ചേരി ഡോ.*
*ഗോപകുമാറിന്റെ*
*മകൻ, 6th std*



*ഹരികൃഷ്ണൻ സി. എസ്,*
*ചേക്രക്കൽ*
*ശ്രീകുമാറിന്റെ മകൻ.*
*7th std , സിറ്റി ഉപസഭ.*

# SREE SANKARA TRUST

Advaitha Bhavan, Sree Sankarapuram, Valayanchirangara P.O
Perumbavoor, Pin: 683556 , Phone No.: 0484 2657338
www.sreesankaratrust.org
manager.ssv@gmail.com

## SREE SANKARA VIDYAPEETOM COLLEGE

Valayanchirangara P.O, Perumbavoor Pin: 683556 Phone: 0484-2656938
[Affiliated to M.G. University] [NAAC Accredited at the "A" Level]
www.ssvcollege.ac.in ssvidyapeetom@gmail.com

**U G Courses**

B.A History, Economics, English, Hindi
B.Sc. Mathematics, B.Sc. Physics, B.Sc. Chemistry,
B.Sc. Computer Science
B.Com. Taxation, B.Com. Computer Application

**P G Courses**

M.A. History
M.Com. Finance, M.Com. International Business
M.Sc. Chemistry
M.Sc. Computer Science

**Hostel facility for women**

## V.T BHATTATHIRIPAD COLLEGE

Sreekrishnapuram, Mannampatta P.O, Palakkad Dt, Pin: 679517 Phone: 0466-2268927
[Affiliated to University of Calicut] [NAAC Accredited at the "B+" Level]
principalvtb@gmail.com

**U G Courses**

B.A. Sanskrit, History, Economics Foreign Trade and Practice
B.Sc. Mathematics
B.Com, B.B.A.

**P G Courses**

M.Sc. Computer Science
M.Com

## SREE SANKARA COLLEGE

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2678898
[Affiliated to University of Kerala]
sscollegenagaroor@gmail.com

**Courses**

B.Sc. Physics, B.A. Economics
B.Com. Taxation

## SREE SANKARA VIDYAPEETOM COLLEGE (Self-Finance)

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2677241, 2678899
[Affiliated to University of Kerala] ssvcn@md3.vsnl.net.in

**U G Courses**

B.B.A , B.A. English
B.Com. Computer Application , B.Com. Co-operation
B.Sc. Computer Science

**P G Courses**

M.Com. Finance
M.Sc. Computer Science

## SREE SANKARA VIDYAPEETOM ENGLISH MEDIUM SCHOOL

Nagaroor P.O, Kilimanoor, Thiruvananthapuram, Pin: 695601
Phone: 0470-2678610 ssvpems@gmail.com

**LKG to 12 [CBSE]**

## TEMPLES MANAGED BY SREE SANKARA TRUST

1. Raloor Kavu Devi Temple, Nagaroor
2. Thekkinkadu Shiva Temple, Nagaroor
3. Vishnu Temple, Nagaroor

"Thamaso Ma Jothir Gamaya"

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**എം.വി.കൃഷ്ണൻ നമ്പൂതിരി**

യോഗക്ഷേമസഭയുടെ മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് ചെങ്ങന്നൂർ വനവാതുക്കര മാമ്പറ്റ ഇല്ലത്ത് (ചിത്തിരയിൽ) എം.വി.കൃഷ്ണൻ നമ്പൂതിരി വിഷ്ണുപാദം പൂകി. മകൻ: ജയസൂര്യൻ നമ്പൂതിരി.



**പകരാവൂർ ചിത്രൻ നമ്പൂതിരിപ്പാട്**

വിദ്യാഭ്യാസ വിചക്ഷണൻ പകരാവൂർ ചിത്രൻ നമ്പൂതിരിപ്പാട് (104) നിര്യാതനായി. വിദ്യാഭ്യാസ വകുപ്പ് മുൻ ഡയറക്ടറായിരുന്നു. കമ്മ്യൂണിസ്റ്റ് സഹയാത്രികനാണ്. 30 പ്രാവശ്യം കൈലാസയാത്ര ചെയ്തു.

പിതാവ്: കൃഷ്ണൻ സോമയാജിപ്പാട്. അമ്മ പാർവ്വതി അന്തർജനം. ഭാര്യ കൂടല്ലൂർ മഹൾ പരേതയായ ലീല. മക്കൾ പാർവ്വതി, കൃഷ്ണൻ, ബ്രഹ്മദത്തൻ, ഉഷ, ഗൗരി.



**ശങ്കരൻ നമ്പൂതിരി**

നാദാപുരം: വൈക്കം മഹാദേവ ക്ഷേത്രം മുൻ മേൽശാന്തിയും അഷ്ടപതി ഗായകനുമായ നരിക്കാട്ടേരിയിലെ തരണി ഇല്ലത്ത് വൈക്കം ടി. ആർ.ശങ്കരൻ നമ്പൂതിരി (96) വിഷ്ണു പാദം പൂകി. ഓൾ ഇന്ത്യ റേഡിയോ ആർട്ടി സ്റ്റ്, ദൂരദർശൻ എ ഗ്രേഡ് ആർട്ടിസ്റ്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കാഞ്ചി കാമകോടി മഠം ആസ്ഥാന വിദ്വാൻ, പ്രതിഷ്ഠാനം, അഷ്ടപതി തിലകം, പാഞ്ചജന്യം എന്നീ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഭാര്യ: പരേതയായ സുഭദ്രാദേവി. മക്കൾ: രാമചന്ദ്രൻ നമ്പൂതിരി (റിട്ട. സംഗീത അധ്യാപകൻ കെ ആർ ഹയർ സെക്കൻഡറി സ്കൂൾ, പുറമേരി), നാരായണൻ നമ്പൂതിരി (വൈക്കം മഹാദേവ ക്ഷേത്രം മേൽശാന്തി). മരുമക്കൾ: മഞ്ജുള തമ്പാട്ടി (റിട്ട.സം ഗീത അധ്യാപിക, ടിഐ എം ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, നാദാപുരം), ശ്രീജ, സഹോദരി ശ്രീദേവി അന്തർജനം (പാലോന്നം ഇല്ലം, മുഴക്കുന്ന്).



**ഗംഗാധരൻ നമ്പൂതിരി**

മാവൂർ: ചൂലൂർ, പാതിരിശ്ശേരി മേലേടത്ത് ഗംഗാധരൻ നമ്പൂതിരി (റിട്ട. അധ്യാപകൻ) വിഷ്ണുപാദം പൂകി.



**രമാദേവി**

കളമ്പൂർ ഇല്ലത്ത് ശ്രീ നാരായണൻ നമ്പൂതിരിയുടെ പത്നി രമാദേവി വിഷ്ണുപാദം പൂകി.. മകൾ ശ്രീമതി ആതിര നാരായണൻ. മരുമകൻ: ശ്രീജിത്ത് മള്ളിയൂർ മന (ഒറ്റപ്പാലം)



**പെരികമന കൃഷ്ണൻ നമ്പൂതിരി**

മാത്തിൽ കുറുവേലി പെരികമന കൃഷ്ണൻ നമ്പൂതിരി മാസ്റ്റർ വിഷ്ണുപാദം പൂകി. നമ്പൂതിരി സമാജത്തിന്റെ സ്ഥാപക നേതാക്കളിൽ ഒരാളായിരുന്നു. കാങ്കോൽ ആലപ്പടമ്പ് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ആയി പ്രവർത്തിച്ചിട്ടുണ്ട്.



**ജി.ശങ്കരൻ നമ്പൂതിരി**

എണ്ണക്കാട്ട് മങ്കുന്നത്തു മഠം ജി.ശങ്കരൻ നമ്പൂതിരി (വേണു) വിഷ്ണു പാദം പൂകി.



**മനോഹരൻ പോറ്റി**

യോഗക്ഷേമസഭ സംസ്ഥാന സമിതി അംഗം സി.എൻ. സോയ ടീച്ചറിന്റെ ഭർത്താവും മുൻ സംസ്ഥാന സമിതി അംഗവുമായ പത്തനംതിട്ട വാഴമുട്ടം വരിക്കുവേലിൽമഠം മനോഹരൻ പോറ്റി വിഷ്ണുപാദം പൂകി.



**സുശീല അന്തർജ്ജനം**

തൃശൂർ: പൂങ്കുന്നം ഹരിനഗർ ഓട്ടൂർ സുശീല അന്തർജ്ജനം (86) വിഷ്ണുപാദം പൂകി. ഇൻകം ടാക്സ് ഉദ്യോഗസ്ഥനായിരുന്ന പരേതനായ ഒ. കെ. നമ്പൂതിരിപ്പാടിന്റെ പത്നിയും പരേതനായ പൊൽപ്പായ ഉദയൻ ഭട്ടതിരിപ്പാടിന്റെ മകളുമാണ് മക്കൾ: ഉഷ, ശ്രീദേവി (ഇരുവരും കാത്തലിക്ക് സിറിയൻ ബാങ്ക് മുൻ ഉദ്യോഗസ്ഥർ), സജീവ് (ക്ഷേമനിധി ബോർഡ് കോഴിക്കോട്). മരുമക്കൾ: കിരാങ്ങാട്ട് വാസുദേവൻ നമ്പൂതിരിപ്പാട് പരേതനായ താമരശ്ശേരി മേക്കാട്ട് നാരായണൻ നമ്പൂതിരിപ്പാട് നീത (അദ്ധ്യാപിക, സാന്ദീപനി സ്ക്കൂൾ, പൂങ്കുന്നം).



**നാരായണൻ ഭട്ടതിരിപ്പാട്**

പെരിന്തൽമണ്ണ: ആറ്റുപുറത്തു മന (പാലൂർ) നാരായണൻ ഭട്ടതിരിപ്പാട് വിഷ്ണു പാദം പൂകി.

റിട്ടയേർഡ് റെയിൽവേ ഉദ്യോഗസ്ഥനാണ്.



**പരമേശ്വരൻ ഭട്ടതിരിപ്പാട്**

പുലാമന്തോൾ: അവിഞ്ഞിക്കാട്ടു മനക്കൽ പരമേശ്വരൻ ഭട്ടതിരിപ്പാട് (89) വിഷ്ണുപാദം പൂകി. ഭാര്യ: പരേതയായ പാർവ്വതി അന്തർജ്ജനം (പൊറക്കുടിഞ്ഞത്ത് മന മഹൾ). മക്കൾ: പ്രേമ (പാമ്പുരായത്തുമന), ലീല (വെടിയൂർ മന), സുനിൽകുമാർ. മരുമക്കൾ : പാമ്പുരായത്ത് മനയ്ക്കൽ ഭാസ്കരൻ നമ്പൂതിരി, വെടിയൂർ മനയ്ക്കൽ നേത്രൻ നമ്പൂതിരിപ്പാട്, സുജാത അന്തർജ്ജനം (പഴങ്ങാമ്പറമ്പ് മന).

## വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ശ്യാമളാദേവി**

യോഗക്ഷേമസഭ ചേപ്പാട് ഉപസഭാംഗം ദേവദാസിന്റെ (ദേവിവിലാസം, ചിങ്ങോലി) മാതാവും യശഃശരീരനായ സുരേന്ദ്രകുമാർ ഭണ്ഡാരത്തിലിന്റെ സഹധർമ്മിണിയുമായ ശ്യാമളാദേവി (65) വിഷ്ണുപാദം പൂകി.



**നാരായണൻ നമ്പൂതിരി**

തൃപ്പൂണിത്തുറ കണ്ണൻകുളങ്ങര തെക്കിനേഴത്ത് മന നാരായണൻ നമ്പൂതിരി (85) വിഷ്ണു പാദം പൂകി. ഭാര്യ: പരേതയായ സാവിത്രി. മക്കൾ: പ്രദീപ്കുമാർ, കൃഷ്ണകുമാരി, ബിന്ദു, ദിലീപ് കുമാർ



**ഉമാദേവി അന്തർജ്ജനം**

വേഴപ്പറമ്പു മന പരേതനായ പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെ പത്നി ഉമാദേവി അന്തർജ്ജനം വിഷ്ണുപാദം പൂകി. കേരള തന്ത്രി സമാജം സംസ്ഥാന പ്രസിഡന്റും, പറവൂർ ഉപസഭാ പ്രസിഡന്റുമായ വേഴപ്പറമ്പ് ഈശാനൻ നമ്പൂതിരിപ്പാടിന്റെ അമ്മയാണ്.



**ഉണ്ണികൃഷ്ണൻ നമ്പൂതിരി**

മയ്യിൽ തായം പൊയിലിലെ റിട്ടയേർഡ് മിലിട്ടറി ഉദ്യോഗസ്ഥനും കോടതി ജീവനക്കാരനുമായിരുന്ന മാക്കന്തേരി ഇല്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരി(81) വിഷ്ണുപാദം പൂകി. തൃക്കപാലം ശ്രീ. ദുർഗ്ഗാദേവീ ക്ഷേത്രം ശാന്തിക്കാരനായിരുന്നു. ഭാര്യ കനകവല്ലി മംഗലപ്പള്ളിഇല്ലം. മക്കൾ പ്രവീൺ കുമാർ (BARC മുംബൈ, കവിത (സ്റ്റാഫ് നേഴ്സ്,കോഴിക്കോട് മെഡിക്കൽ കോളജ് യൂണിറ്റ് ചെറൂപ്പ) പ്രദീപ്കുമാർ(ക്ലർക്ക്, ദേവസ്വം വകുപ്പ്, വേളം മഹാഗണപതി ക്ഷേത്രം) മരുമക്കൾ - സരിത ആയിത്തറ മമ്പറം, ഗിരീഷ് കുമാർ (റിട്ടയേർഡ്സുബേദാർ, എം. ഇ.ജി,കോഴിക്കോട്, ചെറൂപ്പ), രമ്യ (മഞ്ചേരി). സഹോദരങ്ങൾ പരേതനായ മാക്കന്തേരി ഇല്ലത്ത് ഗോവിന്ദൻ നമ്പൂതിരി(ബംഗ്ലൂർ), പരേതയായ ലീല (അഴീക്കോട്), ചന്ദ്രശേഖരൻ നമ്പൂതിരി(കൊടക്കാട്).



**മാധവൻ നമ്പൂതിരി**

പയ്യന്നൂർ : പ്രശസ്ത യജുർവേദ പണ്ഡിതൻ വാച്ച വാദ്ധ്യാൻ മാധവൻ നമ്പൂതിരി വിഷ്ണുപാദം പൂകി. കേരളീയ ശൈലിയിലെ ഏറ്റവും മുതിർന്ന യജുർവേദ പണ്ഡിതനാണ്. വേദത്തിലെ സംഹിതാ പാഠം, പദം, ശാഖ എന്നിവയിൽ പ്രാവീണ്യം നേടിയിട്ടുണ്ട്. ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്ന 'ഘോഷം' എന്ന വേദ പ്രയോഗത്തിൽ പ്രാഗത്ഭ്യം തെളിയിച്ച ഇദ്ദേഹത്തിന് ശൃംഗേരി ശങ്കരാചാര്യ സ്വാമികളിൽ നിന്ന് വൈദിക പുരസ്കാരം, ചെറുതാഴം രാഘവപുരം ക്ഷേത്രത്തിൽ വെച്ച് സമുദായാചാര്യ പുരസ്കാരം, കാലടി സംസ്കൃത സർവ്വകലാശാലയിൽ നിന്ന് സംസ്കൃത പണ്ഡിതനുള്ള അവാർഡ്, ശ്രീരാഘവപുരം സഭാ യോഗത്തിന്റെ ശ്രോത്രിയരത്നം പുരസ്കാരം, ആലുവ തന്ത്രവിദ്യാപീഠത്തിൽ നിന്നും ആചാര്യ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.



**നാരായണൻ നമ്പൂതിരി**

കോഴിക്കോട് വെള്ളിപറമ്പ തായട കിഴനിപ്രത്ത് നാരായണൻ നമ്പൂതിരി വിഷ്ണുപദം പൂകി. മാതാപിതാക്കൾ: പരേതരായ വാസുദേവൻ നമ്പൂതിരി,ഗുരുവായൂർ അക്കാരപ്പള്ളി മഹൾ നങ്ങേലി അന്തർജനം.

പെരുമൻപുറ വൈദിക വിജ്ഞാന കേന്ദ്രം സ്ഥാപക ട്രസ്റ്റിയാണ്. തപാൽ വകുപ്പിലെ വിശിഷ്ട സേവനത്തിനുള്ള പുരസ്കാരം നേടി.കോഴിക്കോട് എരഞ്ഞിപ്പാലം പോസ്റ്റ് ഓഫീസിൽ നിന്നാണ് വിരമിച്ചത്. എംടി വാസുദേവൻ നായരും ഡോക്ടർ തോമസ് മാത്യുവും പോലെ വിശിഷ്ട വ്യക്തികൾ പങ്കെടുത്ത അപൂർവ്വമായ യാത്രയയപ്പായിരുന്നു അത്.സഹധർമ്മിണി: പുല്ലങ്കോട് മകൾ സ്വർണ്ണലത(റിട്ടയേർഡ് സെക്രട്ടറി, മിൽക്ക് സൊസൈറ്റി, പൂവാട്ടുപറമ്പ, )മക്കൾ: സ്വപ്ന നാരായണൻ (അസോസിയേറ്റ് വൈസ് പ്രസിഡണ്ട്.--ബാങ്ക് ,ബംഗളൂരു)സജ്ന (എച് ആർ മാനേജർ, ബംഗളൂരു)ജാമാതാക്കൾ: എയർക്രാഫ്റ്റ് മെയിന്റനൻസ് എഞ്ചിനീയറായ ദീപക്, ചീഫ് ടെക്നോളജി ഓഫീസറായ ഏറാഞ്ചേരി ജിതേഷ്. രണ്ടു പേരും ബംഗളൂരുവിൽ. ഫോൺ:സ്വർണലത: 9497074059



**നാരായണൻ നമ്പൂതിരി**

ബേപ്പൂർ: പ്രശസ്ത ജ്യോതിഷ-വാസ്തുശാസ്ത്രപണ്ഡിതനും ഗ്രന്ഥരചയിതാവുമായ ചെറുവള്ളി നാരായണൻ നമ്പൂതിരി (64) അരക്കിണറിലെ 'സനാതനം' ഇല്ലത്ത് വിഷ്ണുപാദം പൂകി. കോഴിക്കോട്ട് സിവിൽ എഞ്ചിനീയറിങ്ങിൽ ഡിപ്ലോമ പഠനം.കേരളഭവന നിർമ്മാണ ബോർഡിൽജോലി, സംസ്കൃതം,ജ്യോതിഷം, വാസ്തുവിദ്യാ എന്നിവയിൽ ഗുരുനാഥന്മാരുടെ കീഴിൽ ആഴത്തിലുള്ള പഠനവും പ്രായോഗിക പരിജ്ഞാനവും നേടി. 20 ൽ പരം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. ലീലാശുക പ്രണീത ശ്രീകൃഷ്ണകർണ്ണാമൃതത്തിന് രജ്ഞിനി എന്ന പേരിൽ വ്യാഖ്യാനം എഴുതി. ഗുരുവായൂർ ദേവസ്വം 2018 ൽ ആ ബൃഹത്ഗ്രന്ഥം പ്രസിദ്ധീകരിക്കുകയുണ്ടായി. ആറന്മുള വാസ്തുവിദ്യാഗുരുകുലത്തിലും ആലുവ തന്ത്രവിദ്യാപീഠത്തിലും വിസിറ്റിങ് ഫാക്കൽട്ടിയായും സേവനമനുഷ്ഠിച്ചു. ഗുരുവായൂർ, ശബരിമല തുടങ്ങി നിരവധി ക്ഷേത്രങ്ങളിൽ സ്വർണ്ണ പ്രശ്നനവും മറ്റും നടത്തി. സഹധർമ്മിണി ഗീത അന്തർജ്ജനം ആലപ്പടമ്പ് പുതിയില്ലം കുടുംബാംഗം, മകൻ സനൽ കുമാർ ഈശ്വരൻ. മകൾ ഡോക്ടർ സ്വാതി സുഭദ്ര. മരുമക്കൾ ശ്രീമതി നിമ, ഡോക്ടർ മനുമാധവ്, എളപ്പില ഇല്ലം, പേരക്കുട്ടികൾ- ഗൗരി സുഭദ്ര, പാർത്ഥീവ്.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ഉണ്ണികൃഷ്ണൻ നമ്പൂതിരി**

ഫറോക്ക്: നല്ലൂർ പറമ്പത്ത്കാവ് ക്ഷേത്രം മുൻ മേൽശാന്തി കല്ലം പാറ നല്ലൂർ തെഞ്ചീരി ഇല്ലം കൃഷ്ണൻ നമ്പൂതിരി (ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി-72) വിഷ്ണുപാദം പൂകി. ഭാര്യ: ശ്രീദേവി അന്തർജനം. മക്കൾ: ഹരികൃഷ്ണൻ നമ്പൂതിരി, ശ്രീധരൻ നമ്പൂതിരി (കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം കീഴ്ശാന്തി), ബിന്ദു, സവിത, മരുമക്കൾ: മധുസൂദനൻ നമ്പൂതിരി (ഗുരുവായൂർ ക്ഷേത്രം കീഴ്ശാന്തി), ദുർഗാദാസൻ നമ്പൂതിരി (തൃശൂർ ഒല്ലൂക്കര തിരുവാണിക്കാവ് മേൽശാന്തി), ഹരിത സഹോദരങ്ങൾ: നാരായണൻ നമ്പൂതിരി, മധുസൂദനൻ നമ്പൂതിരി, രാമൻ നമ്പൂതിരി, ശങ്കരൻ നമ്പൂതിരി, ശ്രീദേവി, പരേതരായ പരമേശ്വരൻ നമ്പൂതിരി, ദേവകി അന്തർജനം



**ഉമാദേവി അന്തർജനം**

തൃശൂർ ജില്ലയിലെ എടക്കുന്നി പള്ളത്തേരി ഉമാദേവി അന്തർജനം (94) വിഷ്ണുപാദം പൂകി. മക്കൾ: ഗിരിജ , മാധവൻ, ഗീത. മരുമക്കൾ: പുല്ലാട്ട് കൃഷ്ണൻ ഭട്ടതിരി, സുധ, നാരായണൻ കണ്ണനൂർ തെക്കേടം (റിട്ട. സയന്റിസ്റ്റ്, ബി.എ.ആർ.സി. മുംബൈ).



**ശാന്ത അന്തർജനം**

പുത്തൂർവയൽ കോട്ടവയൽ പുറഞ്ചേരി ഇല്ലം ശോഭീന്ദ്രൻ നമ്പൂതിരിയുടെ ഭാര്യ ശാന്ത അന്തർജനം (66) വിഷ്ണുപാദം പൂകി. മകൾ: ധന്യ. മരുമകൻ: രാജേന്ദ്രൻ.



**ദേവകി അന്തർജനം**

കരിവെള്ളൂർ: ചെറുമൂല എരിഞ്ഞിപ്പള്ളി ഇല്ലത്ത് ദേവകി അന്തർജനം (84) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ ശങ്കരൻ നമ്പൂതിരി. മക്കൾ: ശോഭന, ശംഭു നമ്പൂതിരി (പ്രകൃതിചികിത്സകൻ), ദാമോദരൻ നമ്പൂതിരി (പാചക വിദഗ്ധൻ), ഗൗരി, ശങ്കരൻ നമ്പൂതിരി (പയ്യന്നൂർ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം ശാന്തി). മരുമക്കൾ: പരിപ്പായി ഇല്ലത്ത് ലളിതാംബിക (അതിയടം), പുതിയില്ലം ഉഷ (പനമരം), മാടമന വിഷ്ണു നമ്പൂതിരി (കയരളം), അടിക മന ബിന്ദു (മണ്ടൂർ), പരേതനായ ഗരുഡമംഗലം ശംഭു നമ്പൂതിരി (പുൽപ്പള്ളി). സഹോദരങ്ങൾ: ഈശ്വരൻ നമ്പൂതിരി (കൈതപ്രം), പുതിയടം ഇല്ലം രമണി (കാഞ്ഞങ്ങാട്), പരേതനായ സുബ്രഹ്മണ്യൻ നമ്പൂതിരി.



**ഉമാദേവി അന്തർജ്ജനം**

പുതുവേലി തേവാരത്തു മഠത്തിൽ പരേതനായ നീലകണ്ഠൻ നമ്പൂതിരിയുടെ സഹധർമ്മിണി ഉമാദേവി അന്തർജ്ജനം (87 വയസ്സ്) വിഷ്ണുപാദം പൂകി. താമരക്കാട് യോഗക്ഷേമ ഉപസഭയിലെ അംഗമായിരുന്നു. മക്കൾ: ടി.എൻ.ദാമോദരൻ നമ്പൂതിരി (ശ്രീധരീയം, കൂത്താട്ടുകുളം), എൻ.അജയ കുമാർ (റിട്ട പ്രൊഫസർ, ശ്രീശങ്കര വിദ്യാപീഠം കോളേജ്, കാലടി), എൻ.ഉണ്ണികൃഷ്ണൻ (മേൽശാന്തി, ശ്രീകണ്ഠനെല്ലൂർ മഹാവിഷ്ണുക്ഷേത്രം, പുതുവേലി), ടി.എൻ. സുമ (തൊടുപുഴ), എൻ.ഹരിദാസ് (നാഗാർജ്ജുന, തൊടുപുഴ), എൻ. സുജ (ബുധനൂർ); മരുമക്കൾ: ഗീത, ഗീതാകുമാരി, സുനിത, ജോണി, രജിത, തന്ത്രി അടിമുറ്റത്തുമഠം സുരേഷ് ഭട്ടതിരി



**ശ്രീദേവി അന്തർജനം**

ബ്രഹ്മസ്വം മഠം സെക്രട്ടറി മുല്ലമംഗലം നാരായണന്റെ അമ്മ ശ്രീദേവി അന്തർജനം വിഷ്ണുപാദം പൂകി. ഇരിങ്ങാലക്കുട ആമല്ലൂർ മകൾ ആണ്.



**ശാസ്തൃശർമ്മൻ നമ്പൂതിരിപ്പാട്**

പട്ടാമ്പി: കൊഴക്കോട്ടിരി അഴകത്ത് മന (കൈലാസ് ) തന്ത്രരത്നം ശാസ്തൃശർമ്മൻ നമ്പൂതിരിപ്പാട് ( 74) വിഷ്ണുപാദം പൂകി. നളിനിയാണ് ഭാര്യ. രമാദേവി (മകൾ), മിഥുൻ മാധവൻ (മരുമകൻ), ഭുവൻ (പേരക്കുട്ടി).



**കേശവൻ നമ്പൂതിരി**

പോരൂർ ഉപ്പിലാപ്പറ്റ ചെന്നല്ലീരി മന യു.സി.കേശവൻ നമ്പൂതിരി (88) (റിട്ടയേഡ് ജില്ലാ ജഡ്ജ്, സ്പെഷ്യൽ ജഡ്ജ്, വിജിലൻസ്) വിഷ്ണുപാദം പൂകി.



**സുഭദ്ര അന്തർജ്ജനം**

പുതിയ വിള കണ്ടല്ലൂർ പുൽപ്ര മഠം (പോഡൂർ ഇല്ലം) സുഭദ്ര അന്തർജ്ജനം വാർദ്ധക്യസഹജമായ അസുഖം മൂലം വിഷ്ണുപാദം പൂകി.



**ദാമോദരൻ നമ്പൂതിരി**

നരിക്കുനി: വള്ളിവട്ടം ദാമോദരൻ നമ്പൂതിരി വിഷ്ണുപദം പൂകി. നരിക്കുനി ഉപസഭ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്



**പാർവ്വതി അന്തർജ്ജനം**

ചിറ്റിശ്ശേരി കപ്പിങ്ങാട് പരേതനായ നമ്പ്യാത്തൻ നമ്പൂതിരിയുടെ പത്നി പാർവ്വതി അന്തർജ്ജനം വിഷ്ണുപാദം പൂകി



**പരമേശ്വരൻ നമ്പൂതിരി**

കോഴിക്കോട് പെരിങ്ങോട്ടു പുറത്ത് താമസിക്കുന്ന ചിറ്റേഴത്ത് ഇല്ലത്ത് പരമേശ്വരൻ നമ്പൂതിരി വിഷ്ണുപദം പൂകി. മകൻ രമേശൻ, മരുമകൾ ദീപ പുല്ലങ്കോട്.

## വിഷ്ണുപാദം പൂകിയ എവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**നാരായണൻ നമ്പൂതിരി**

കല്ലറ ഇല്ലം നാരായണൻ നമ്പൂതിരി വിഷ്ണുപാദം പൂകി. ബാലുശ്ശേരിയിൽ വിവിധ ക്ഷേത്രങ്ങളിൽ മേൽശാന്തി ആയും, യോഗക്ഷേമസഭയുടെ ജില്ലാ കൗൺസിൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.



**ശങ്കരൻ നമ്പൂതിരി**

ആലച്ചേരി കിഴക്കേ ഇല്ലത്ത് ശങ്കരൻ നമ്പൂതിരി (70) വിഷ്ണുപാദം പൂകി. ഭാര്യ: ദേവകി അന്തർജനം. മക്കൾ: ചന്ദ്രലേഖ (റേഡിയോ മലബാർ, മട്ടന്നൂർ), സുമേഷ്കുമാർ, ശ്രീരേഖ (കാനഡ), മരുമക്കൾ: യശോധരൻ (റിട്ട. അധ്യാപകൻ, മട്ടന്നൂർ എച്ച്.എസ്.എസ്.), ശ്രീവാണി, സുജിത്ത് കുമാർ.



**അക്ഷയ്**

കിള്ളിമംഗലത്തുമന സജി വാസുദേവന്റെ മകൻ അക്ഷയ് (27) വിഷ്ണുപാദം പൂകി.



**സരസ്വതി അന്തർജ്ജനം**

തിരുവല്ല: ആലംതുരുത്തി ഞാഴപ്പള്ളി ഇല്ലത്ത് പരേതനായ സുബ്രഹ്മണ്യൻ മൂസ്സതിന്റെ പത്നി സരസ്വതി അന്തർജ്ജനം (90) വിഷ്ണുപാദം പൂകി. മക്കൾ: നീലകണ്ഠ ശർമ്മ, നാരായണ ശർമ്മ, ശാലിനി ദേവി, പ്രീത എസ് മുസ്സത്. മരുമക്കൾ: ഹേമ എൻ. ശർമ്മ, സതി എൻ. ശർമ്മ, ശങ്കർ ഹരിപ്പാട്, എം.എസ്. മൂസ്സത്, പെരുമണ്ണ.



**നേത്രൻ നമ്പൂതിരിപ്പാട്**

എരൂർ എളമ്പ്രക്കോടത്തു മനക്കൽ (വടക്കുംഭാഗത്ത് ) നേത്രൻ നമ്പൂതിരിപ്പാട് (റിട്ടയേഡ് ഹൈസ്കൂൾ ഇരുമ്പനം) വിഷ്ണുപാദം പൂകി. മക്കൾ ശശികുമാർ (ദക്ഷിണ റെയിൽവേ, തിരുച്ചിറപ്പള്ളി), നാരായണൻ (എസ്ബി കോളേജ്, ചങ്ങനാശ്ശേരി), ശ്രീകല. മരുമക്കൾ ശുഭ (ആലപ്പുറത്തു മഠം, പട്ടാഴി), ജയന്തി (എടക്രമഞ്ചേരി, കോഴിക്കോട്), ഉണ്ണിക്കൃഷ്ണൻ (ഋഷി ആയാംകുടി)



**വാമനൻ നമ്പൂതിരി**

ഗായത്രിയുടെ സജീവ അംഗവും ആലുവ മഹാദേവ ക്ഷേത്രത്തിലെ ഇപ്പോഴത്തെ മേൽശാന്തിയുടെ ജേഷ്ഠനുമായ തോട്ടയ്ക്കാട്ടുകര മുല്ലപ്പിള്ളി മനയിൽ വാമനൻ നമ്പൂതിരി (58) വിഷ്ണുപാദം പൂകി. ഡൽഹി പിയേഴ്സൺ പബ്ലിഷേഴ്സ് സീനിയർ എഡിറ്റർ, 23 വർഷമായി ഡൽഹി ഷാലിമാർ ഗാർഡനിലാണ് താമസം. ഡൽഹി യോഗക്ഷേമസഭ (ഗായത്രി) രാമായണ വായനക്ക് നേതൃത്വം നൽകിയിരുന്നു. കേരള പ്രസ് അക്കാദമി പൂർവ വിദ്യാർത്ഥിയാണ്. ഭാര്യ: ഗിരിജ (കണ്ണൂർ പാടി കുടുംബാംഗം), മക്കൾ: അദ്വൈത് ശ്രീയുത് (ഇരുവരും വിദ്യാർത്ഥികൾ).



**നീലകണ്ഠൻ നമ്പൂതിരി**

കല്ലാനിക്കാട്ട് നീലകണ്ഠൻ നമ്പൂതിരി വിഷ്ണുപാദം പൂകി



**കൃഷ്ണൻ ഈശ്വരൻ നമ്പൂതിരി**

വാളവക്കോട്ട് ചിറ്റക്കാട്ടില്ലത്ത് കൃഷ്ണൻ ഈശ്വരൻ നമ്പൂതിരി (റിട്ടയർഡ് അസിസ്റ്റന്റ് എഞ്ചിനീയർ അഗ്രിക്കൾച്ചർ ഡിപ്പാർട്മെന്റ്) (76) വിഷ്ണുപാദം പൂകി. ഭാര്യ: നടവയൽ പെരിങ്ങോട്ടില്ലത്തു സാവിത്രി അന്തർജനം. മക്കൾ: സുവർണ്ണനി ദേവി (അസിസ്റ്റൻറ് പ്രൊഫസർ സെൻറ് തോമസ് കോളേജ് പാലാ), സാവിത്രി ദേവി (അസിസ്റ്റൻറ് പ്രൊഫസർ ഗവ.കോളേജ് കോട്ടയം), സൗമിനി ദേവി (അധ്യാപിക, ഗവ. ഹൈസ്കൂൾ, തൃപ്പൂണിത്തുറ), ആര്യാ ദേവി (എഞ്ചിനീയർ, ബാംഗ്ലൂർ) മരുമക്കൾ: ഗോവിന്ദൻ നമ്പൂതിരി ടി.കെ, മാധവൻ നമ്പൂതിരി എൻ. എം, ജയശങ്കർ വി. പി, കൃഷ്ണശർമ്മ വി. ഇ.



**ദേവകി അന്തർജനം**

മാവേലിക്കര വാരണാസി ഇല്ലത്ത് പരേതനായ മാധവൻനമ്പൂതിരിയുടെ സഹധർമ്മിണി ദേവകി അന്തർജനം വിഷ്ണുപാദം പൂകി.



**ടി.ദേവരാജൻ നമ്പൂതിരി**

കോഴിക്കോട്: ചേവായൂർ ഉപസഭാംഗം തിരുമംഗലം ഇല്ലത്ത് ദേവരാജൻ നമ്പൂതിരി (59 )വിഷ്ണുപാദം പൂകി. നെല്ലിക്കോട് എൽ.പി സ്കൂൾ, ചേവായൂർ യു പി സ്കൂൾ, ദേവഗിരി ഹൈസ്കൂൾ, ഗുരുവായൂരപ്പൻ കോളേജ്, മുക്കം ടി.ടി.ഐ, എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. 'വിചിന്തനം' ആദ്യ കവിതാ സമാഹാരം. പ്രാസംഗികനും വിദ്യാഭ്യാസ വിചക്ഷണനും ചേവായൂർ എ.യു.പി സ്കൂളിലെ അധ്യാപകനുമായിരുന്നു.നിരവധി ക്ഷേത്രങ്ങളിലെ തന്ത്രിയും പഴശ്ശിരാജ ചാരിറ്റബിൾ ട്രസ്റ്റിന്റെ കൾച്ചറൽ അഫയേഴ്സ് ചെയർമാനുമാണ്. ഭാര്യ രാജശ്രീ (സീനിയർ അസിസ്റ്റന്റ് കെ.എസ്.ഇ.ബി). മക്കൾ: അഞ്ജന, രാംദേവ്



**ദേവി ദേവകികുമാരി അന്തർജ്ജനം**

കൈനിക്കര ഇല്ലം ദേവി ദേവകികുമാരി അന്തർജ്ജനം (97, റിട്ട. ഹെഡ്മിസ്ട്രസ്) മകളുടെ വസതിയിൽ (ചെങ്ങഴിയേഴത്ത് മന, ചാലക്കുടി) നിര്യാതയായി.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ആര്യാദേവി അന്തർജനം**

പന്തളത്ത് കുളക്കട താമരശ്ശേരി നമ്പിമഠത്തിൽ പരേതനായ ബി.ബി.പണ്ടാരത്തിലിന്റെ ഭാര്യ ആര്യാദേവി അന്തർജ്ജനം (അമ്മിണി)(92) വിഷ്ണുപാദം പൂകി. യോഗക്ഷേമസഭ എറണാകുളം ജില്ലാ സെക്രട്ടറി ശ്രീ രാജൻ പണ്ടാരത്തിലിന്റെ അമ്മയാണ് പരേത.



**ഗൗരി അന്തർജ്ജനം**

ശ്രീപത്മനാഭസ്വാമി ക്ഷേത്രം മുൻ പെരിയ നമ്പി കാസർകോട് കാഞ്ഞങ്ങാട് പുല്ലൂർ ഹരിപുരത്തെ പത്മനാഭൻ മരുതംപാടിത്തായരുടെ അമ്മ ഗൗരി അന്തർജ്ജനം (83) വിഷ്ണുപാദം പൂകി. പരേതനായ നാരായണൻ മരുതംപാടിത്തായരുടെ ഭാര്യയും ഇരിങ്ങാലക്കുട അണിമംഗലം ഇല്ലത്തെ മകളുമാണ്.



**ജയലക്ഷ്മി**

കുറ്റ്യാടി: മൊയിലോത്തറ ചേലോട്ടില്ലത്ത് പരേതനായ പുരുഷോത്തമൻ നമ്പൂതിരി മാസ്റ്ററുടെ പത്നി ജയലക്ഷ്മി (88) വിഷ്ണുപാദം പൂകി. മക്കൾ: രത്നം, സുമതി, വിനോദൻ നമ്പൂതിരി, പരേതനായ മനോജ് മാസ്റ്റർ അടുക്കത്ത്. മരുമക്കൾ: ബാലകൃഷ്ണൻ നമ്പൂതിരി കുറുങ്ങോട്, ഗോവിന്ദൻ നമ്പൂതിരി പുതിയടം ഇല്ലം, ബിന്ദു.



**നവനീത് വിഷ്ണു**

ബാലുശ്ശേരി നന്മണ്ട പന്നിയംവള്ളി ഇല്ലത്ത് വിഷ്ണു ഭട്ടതിരിപ്പാടിന്റെ മകൻ നവനീത് വിഷ്ണു (17) വിഷ്ണുപദം പൂകി. നന്മണ്ട ഹയർ സെക്കണ്ടറി സ്കൂൾ പ്ലസ്ടു വിദ്യാർത്ഥിയാണ്. അമ്മ:രാധിക അന്തർജനം (പാലക്കോൾ ഇല്ലം മാവൂർ). സഹോദരൻ:ഗിരിധർ വിഷ്ണു



**ശ്രീദേവി അന്തർജ്ജനം**

ചാത്തനാട്ടില്ലത്ത് പരേതനായ കൃഷ്ണൻ നമ്പൂതിരിപ്പാടിന്റെ പത്നി ശ്രീദേവി അന്തർജ്ജനം (98) വിഷ്ണുപാദം പൂകി. രാമചന്ദ്രൻ നമ്പൂതിരിപ്പാട്, ,രമേശൻ നമ്പൂതിരിപ്പാട് എന്നിവർ മക്കളാണ്. മരുമക്കൾ : ഉമ അന്തർജ്ജനം ശ്രീമണി അന്തർജ്ജനം.



**രാമൻ നമ്പൂതിരി**

ഇരിങ്ങാലക്കുടക്കടുത്ത് പുത്തൻചിറയിൽ മങ്കിടി തെക്കെ താന്നിയിൽ മതിയത്ത് മന ടി.എം.രാമൻ നമ്പൂതിരി (55) വിഷ്ണുപാദം പൂകി. കൊച്ചിൻ ദേവസ്വം ബോർഡ് ശാന്തിക്കാരനാണ്. എറണാകുളം ചിറ്റൂർ മരാപറമ്പ് ശിവക്ഷേത്രത്തിലെ മേൽശാന്തിയായിരുന്നു. പുല്ലൂറ്റ് പന്തലാലുക്കൽ, കുന്നത്ത്യക്കോവിൽ, പടാകുളം ഉഴുവത്ത് ക്ഷേത്രം എന്നിവിടങ്ങളിൽ മേൽശാന്തിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ പന്തലുമന ജയശ്രീ. മക്കൾ: സാന്ദ്ര, സഞ്ജയ്.



**ഗോവിന്ദൻ നമ്പൂതിരി**

മുൻ ഡി.സി.സി. അംഗമായിരുന്ന കെ.വി. എസ്. നമ്പൂതിരിയുടെ മകനും പിലാത്തറ പെരിയാട്ട് സ്വദേശിയുമായ കെ.വി.ഗോവിന്ദൻ നമ്പൂതിരി പൂനെയിൽ വിഷ്ണുപാദം പൂകി. പരേതനായ കേശവൻ നമ്പൂതിരി, പരേതനായ വിഷ്ണു നമ്പൂതിരി, സുബ്രഹ്മണ്യൻ നമ്പൂതിരി, മുരളീധരൻ നമ്പൂതിരി, പരേതനായ ഉണ്ണികൃഷ്ണൻ നമ്പൂതിരി, മാധവൻ നമ്പൂതിരി, വാസുദേവൻ മാസ്റ്റർ, പരേതയായ ദേവകി, ദ്രൗപദി കൈതപ്രം എന്നിവർ സഹോദരങ്ങളാണ്. സതി ഭാര്യയും, സന്ദീപ്, ദിലീപ് എന്നിവർ മക്കളുമാണ്.



**കൃഷ്ണൻ നമ്പൂതിരി**

ഗുരുവായൂർ ക്ഷേത്രം കീഴ്ശാന്തി മഞ്ചിറ കൃഷ്ണൻ നമ്പൂതിരി (79) വിഷ്ണുപാദം പൂകി. മധുര ലോഡ്ജ്, മഞ്ചിറ ലോഡ്ജ് എന്നിവയുടെ ഉടമയാണ്. ഭാര്യ: വെമ്പ്ളിയത്ത് വനജ അന്തർജനം മക്കൾ: ഷീജ, സുജ, ശ്രീജ, കൃഷ്ണജ. മരുമക്കൾ: തൊട്ടക്കാട് രാജ്നാരായണൻ നമ്പൂതിരി (യു.എസ്.എ.), മണ്ണിൽ മേലേടം ഹരി നമ്പൂതിരി (ഡൽഹി), മൂഞ്ഞുർളി ദിനേശൻ നമ്പൂതിരി (യു.എസ്.എ), പരേതനായ തൊട്ടക്കാട് ശ്രീജിത്ത് നമ്പൂതിരി.



**അഷ്ടമൂർത്തി നമ്പൂതിരി**

വടക്കാഞ്ചേരി: പുതുരുത്തി കണ്ണന്നൂർ തെക്കേടത്ത് മനയിൽ അഷ്ടമൂർത്തി നമ്പൂതിരി (89) വിഷ്ണുപാദം പൂകി. ഭാര്യ : പരേതയായ ദേവകി അന്തർജനം, മക്കൾ: സാവിത്രി, ഡോ. കെ.എ.രവീന്ദ്രൻ (കാലടി സംസ്കൃത സർവകലാശാല). മരുമക്കൾ: ചാലക്കുടി പടുതോൾ മന സുബ്രഹ്മണ്യൻ, ഷൈര (അധ്യാപിക, ചിന്മയ വിദ്യാലയ കോഴി).



**വരദ അന്തർജ്ജനം**

ആലപ്പുഴ മാന്നാർ ഉപസഭയിലെ ശ്രീമതി വരദ അന്തർജ്ജനം വിഷ്ണു പാദം പൂകി.

റിട്ടയേർഡ് പോസ്റ്റൽ വകുപ്പ് ജീവനക്കാരൻ ശംഭു നമ്പൂതിരിയുടെ ഭാര്യയാണ്. ബാംഗ്ലൂരിൽ മെക്കാനിക്കൽ എഞ്ചിനീയറായി ജോലി ചെയ്യുന്ന ശ്രീരാഗ് ഏക മകനാണ്.ബാംഗ്ളൂരിൽ ലീഡ് എഞ്ചിനീയറായി ജോലി ചെയ്യുന്ന വൃന്ദാ ദാമോദരൻ മരുമകളാണ്. കൊച്ചുമകൻ സാർത്ഥക് വി.ശ്രീരാഗ്.

# പാണിഗ്രഹണം

**പാണിഗ്രഹണം കോളത്തിൽ ജാതക പരസ്യങ്ങൾക്ക് 1000 രൂപ മാത്രം വിളിക്കുക 9745137987**

ശി ച ല ബു ശു

| | | | |
|---|---|---|---|
| | ല | ശി ച മാ | |
| മ | ഗ്രഹനില | | |
| | | | |
| കു ര ബു ശു | സ | ഗു | |

ഗു · മാ · ര കു · സ · മ

**രോഹിത് കൃഷ്ണ പി.എം.** ജനനം: 26.12.93 (1169 ധനു 11), സമയം: 1.40 pm, ജനനസ്ഥലം: പുന്നയൂർകുളം, നക്ഷത്ര: രോഹിണി. ഉയരം: 160 സെ.മീ. ഗോത്രം: വിശ്വാമിത്ര. വിദ്യാഭ്യാസം: ബി.ബി.എ, എം.ബി.എ. (പഠിക്കുന്നു), ജോലി: ഓഫീസ് ക്ലർക്ക്, നിധി ബാങ്ക് ലിമിറ്റഡ്, എളങ്കൂർ, മലപ്പുറം. അച്ഛൻ: സേതുമാധവൻ നമ്പൂതിരിപ്പാട് (ചാർട്ടേർഡ് അക്കൗണ്ടന്റ്), അമ്മ: ലീല കെ. (ഹൗസ് വൈഫ്). അമ്മാത്ത്: കൊളത്തപ്പള്ളി മന. ഹോബി: വായന, സിനിമ കാണൽ, പാട്ട് കേൾക്കൽ. വിലാസം: കിടങ്ങഴി മന, ശ്രീവത്സം, മഞ്ചേരി റോഡ്, വണ്ടൂർ, മലപ്പുറം ജില്ല, ഫോൺ: 09447629839, 7592802074, 9567465132.

മ സ ച ല ര ഗു

| | | | |
|---|---|---|---|
| | | ച സ | |
| | ഗ്രഹനില | | |
| | | | ര ബു ശു |
| ല ഗു മാ | ശി കു | മ | |

ബു മ · മാ · കു ശി · ശു ബു

(ഗർഭശിഷ്ട ചന്ദ്രദശ 9 വർഷം 9 മാസം 28 ദിവസം)

**ഗിരീഷ് പി.എൻ.** ജനനം: 20.8.1984. സമയം: 2.28 pm, ജനനസ്ഥലം: ചാലക്കുടി. ഉയരം: 155 സെ.മീ. നക്ഷത്രം: രോഹിണി. വിദ്യാഭ്യാസം: പ്ലസ് ടു. ജോലി: അക്കോലൈറ്റ്. അച്ഛൻ: നാരായണൻ ഭട്ടതിരി പി.എൻ, അമ്മ: എൻ.ഡി. ജയ (late), സഹോദരൻ: ഹരീഷ് പി.എൻ. (ഇരട്ട സഹോദരൻ), ഇല്ലം: പാലൂർ മന, പെരുവാരം, വിലാസം: നോർത്ത് പറവൂർ പി.ഒ., എറണാകുളം- 683513. മൊബൈൽ: 9567491877, 9497185181.

സ മാ ല കു

| | | | |
|---|---|---|---|
| | ശി | | |
| ച മ | ഗ്രഹനില | | |
| ബു | | | കു |
| ര | ഗു ഭൃ മാ | ല സ | |

ബു മ · ഭൃ · ശി · ച ര ഗു

(ശൂന്യവർഷം 5 മാസം 6 ദിനം നിൽക്കും ഗർഭശിഷ്ടം. കുജശിഷ്ടദശ)

**ഹരികൃഷ്ണൻ കെ.എം.** ജനനം: 05.01.1995. സമയം: 02.55 am, ജനനസ്ഥലം: ചെർപ്പുളശ്ശേരി. ഉയരം: 178 സെ.മീ. നക്ഷത്രം: അവിട്ടം, ഗോത്രം: വിശ്വാമിത്ര. വിദ്യാഭ്യാസം: ബി.കോം, എ.സി.എസ്, ജോലി: കമ്പനി സെക്രട്ടറി (വിവൃതി കാപ്പിറ്റൽ, അണ്ണശാലൈ, ചെന്നൈ), അച്ഛൻ: ഉണ്ണികൃഷ്ണൻ കെ.എം. (റിട്ട. ഫിനാൻസ് മാനേജർ, സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്), അമ്മ: സാവിത്രി. അമ്മാത്ത്: മൂത്തിരിങ്ങോട്ട് മന, പുലാശ്ശേരി, കൊപ്പം, വിലാസം: കാടമ്പറ്റ മന, ചളവറ, ഒറ്റപ്പാലം-679505, മൊബൈൽ: 9072700239, 9446882056.

ശി മകു ര ബു

| | | | |
|---|---|---|---|
| | ശി | | |
| മ | ഗ്രഹനില | | ല |
| ച | | | മാ |
| | ഗു | കു സ | ഭൃ ര ബു |

ഗു · സ മാ · ല ച ഭൃ

**ശ്രീദേവ് കെ.എസ്.** ജനനം: 5.10.1995 (1171 കന്നി 18), സമയം: 1.37 മാ., നക്ഷത്രം: അവിട്ടം. ഉയരം: 164 സെ.മീ. ഗോത്രം: ആംഗിരസ ഗൗതമ ഗോത്രം. വിദ്യാഭ്യാസം: ബി.ടെക്, ജോലി: ബാങ്ക് ഉദ്യോഗസ്ഥൻ. അച്ഛൻ: ശങ്കരൻ നമ്പൂതിരി (പരികർമ്മം), അമ്മ: ലീല കെ.എം. (സ്വസ്ഥം)- ആലങ്കോട് കക്കാട്ട് മഹൾ. സഹോദരൻ: ഒരാൾ (വിവാഹിതൻ). ഇല്ലം: കവപ്ര കണയൂർ മന. വിലാസം: പി.ഒ. മുതൂർ, വഴി വട്ടംകുളം, മലപ്പുറം ജില്ല. മൊബൈൽ: 9846514192.

ച സ മ

| | | | |
|---|---|---|---|
| | | ച | കു ശി |
| | ഗ്രഹനില | | മാ |
| മ | | | ല |
| സ | | | ര ഗു ബു ശു |

ബു · ര ഗു · ല കു · മാ ശി ശു

**ജിതിൻ ഇ.പി.** ജനനം: 18.09.1992, സമയം: 6.07 am, ജനനസ്ഥലം: ഇരിങ്ങാലക്കുട, ഉയരം: 168 സെ.മീ. നക്ഷത്രം: കാർത്തിക. വിദ്യാഭ്യാസം: ബി.കോം, എം.ബി.എ. (ഫിനാൻസ്), ജോലി: ഫിനാൻഷ്യൽ അനലിസ്റ്റ്, ഇൻഫോപാർക്ക്, തൃശൂർ). മുൻഗണന: വിദ്യാഭ്യാസമുള്ള യുവതികൾ. അച്ഛൻ: പരമേശ്വരൻ ഇ.എൻ (റിട്ട. ഗവ. ഹൈസ്കൂൾ അദ്ധ്യാപകൻ), അമ്മ: ജ്യോതി എം.പി, സഹോദരി: വിദ്യാർത്ഥി (എം.എസ്.സി, എം.എൽ.ടി) - അവിവാഹിത, അമ്മാത്ത്: മുളവന്നുള്ളി മന. കാറളം, ഇരിങ്ങാലക്കുട, വിലാസം: ഏലക്കുറുശ്ശിമന, വെള്ളാങ്ങല്ലൂർ പി.ഒ, ഇരിങ്ങാലക്കുട, തൃശൂർ-680662. ഫോൺ: 9446880485, 0480 2861657

# പാണിഗ്രഹണം

കു ശി ല ബു

ശു ച

| | | | |
|---|---|---|---|
| | | ശി | |
| | ഗ്രഹനില | | |
| ല മ | | | |
| | സ | ച കു ബു ഗു മാ | ര ശു |

ഗു സ ര മ

**ഹരിജയന്തൻ നമ്പൂതിരി.** ജനനം. 16.10.1993 (1169 കന്നി 30). നക്ഷത്രം: ചോതി. ഉയരം: 164 സെ.മീ. വിദ്യാഭ്യാസം: ബി.ടെക് ഇ.സി., ഇലക്ട്രോണിക് എൻജിനീയർ. ജോലി: സീനിയർ സോഫ്റ്റ്വെയർ എൻജിനീയർ- എംബെഡഡ് സിസ്റ്റം (ക്വസ്റ്റ് ഗ്ലോബൽ എൻജിനീയറിംഗ് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ്, മുൻഗണന: മിനിമം ഡിഗ്രി യോഗ്യതയുള്ളവർ. ഇല്ലം: മൂത്തേടത്ത് മല്ലിശ്ശേരി. വിലാസം: ഏഴോം, കണ്ണൂർ-670334. ഫോൺ: 9745324523, വാട്സ്ആപ്പ്- 9809445800. ജന്മ ശിഷ്ട രാഹു ദശ 11.10.17

ഗു ശി മ കു

ബു ല മാ / ശു

| | | | |
|---|---|---|---|
| ച | ശി | മാ | |
| മ | ഗ്രഹനില | | |
| | | | സ |
| ശു കു | ര ബു ഗു | സ | ല മാ |

ച ര സ

**സൂര്യാ മോഹൻ.** ജനനം: 02.12.1995. സമയം: 01.20 am. ജനനസ്ഥലം: കോട്ടയം. ഉയരം 172 സെ.മീ. നിറം: വെളുത്ത നിറം. വിദ്യാഭ്യാസം: എം.എസ്.സി. സൈക്കോളജി. പിതാവ്: ഡോ. എം.ജെ.മോഹനൻ നമ്പൂതിരി, മാതാവ്: ഡോ. ജംനാ മോഹൻ. സഹോദരങ്ങൾ: 2 സഹോദരിമാർ (വിവാഹിതർ). മേൽവിലാസം: മുരിയമംഗലത്തില്ലം, കടപ്പൂര്, വട്ടുകുളം പി.ഒ., കോട്ടയം ജില്ല. പിൻ: 686587. മൊബൈൽ: 9447053775, 9495234038.

ഗർഭശിഷ്ട ശനി ദശ- 00 വർഷം 04 മാസം 28 ദിവസം

ഗു ശി മ കു

ബു ല മാ / ശു

| | | | |
|---|---|---|---|
| | ഗു മ | | |
| | ഗ്രഹനില | | ര ബു സ |
| ശി മാ | | | ശു |
| | ല | കു | ച |

ച ര സ

**ബി.ടി.എസ്. ഭദ്ര നമ്പൂതിരി.** ജനനം: 15.08.1999. സമയം: 2.09 pm. ജനനസ്ഥലം: കുന്നംകുളം. ഉയരം: 163 സെ.മീ. നക്ഷത്രം: അത്തം. ഗോത്രം: വിശ്വാമിത്ര. വിദ്യാഭ്യാസം: എം.ബി.എ. ജോലി: തൃശൂർ ജില്ലയിലെ ഒരു സ്ഥാപനത്തിൽ. മുൻഗണന: തൃശൂർ, പാലക്കാട്, മലപ്പുറം, എറണാകുളം ജില്ലകളിലുള്ള വിദ്യാഭ്യാസമുള്ള യുവാക്കൾ. അച്ഛൻ: ശങ്കരനാരായണൻ ബി.ടി.എൻ. ജോലി: ബിസ്നസ്. അമ്മ: എസ്.ഉമാദേവി. സഹോദരങ്ങൾ ഇല്ല. ഇല്ലം: ഭട്ടിയിൽ തെക്കേടത്ത് മന. അമ്മാത്ത്: അണിമംഗലം. വിലാസം: കരിക്കാട് പി.ഒ., തൃശൂർ ജില്ല 680519. ഫോൺ: 7012145894

ബു ഗു കു സ ശു മ

ച / മാ ര

| | | | |
|---|---|---|---|
| ല | ച | | കു ശി |
| | ഗ്രഹനില | | |
| മ | | | |
| സ മാ | | ബു ശു | ര ഗു |

ല ശി

**വിഷ്ണു ഒ.** ജനനം: 14.10.1992. സമയം: 5.24 pm. ജനനസ്ഥലം: കോഴിക്കോട്. ഉയരം: 164 സെ.മീ. നക്ഷത്രം: കാർത്തിക. വിദ്യാഭ്യാസം: എം.സി.എ., ജോലി: ഐ.ടി. എൻജിനീയർ (ചെന്നൈ). അച്ഛൻ: ഭാസ്കരൻ നമ്പൂതിരി, അമ്മ: ശ്രീലത ടി. രണ്ട് സഹോദരിമാർ. ഇല്ലം: ഒഴുകൂർ ഇല്ലം. അമ്മാത്ത്: തായാട്ട് ഇല്ലം, കോഴിക്കോട്. വിലാസം: ഒഴുകൂർ ഇല്ലം, മേൽമുറി പി.ഒ, മലപ്പുറം. മൊബൈൽ: 9633608357, 7736745553

സ കു ച ശു മ

ഗു ബു / ര

| | | | |
|---|---|---|---|
| | ച | | ശി കു |
| മാ | ഗ്രഹനില | | |
| മ | | | |
| സ | ല | ശു ബു | ഗു ര |

ല ശി മാ

**പ്രശാന്ത്.** ജനനം: 12.10.1992. സമയം: 9.35 am. നക്ഷത്രം: അശ്വതി. ഉയരം: 162 സെ.മീ. വിദ്യാഭ്യാസം: ബി.കോം. ജോലി: പ്രൈവറ്റ് സ്ഥാപനത്തിൽ അക്കൗണ്ടന്റ് (കോട്ടയം). വിലാസം: ഊരുമന, വെച്ചൂർ പി.ഒ, വൈക്കം, കോട്ടയം- 686144. മൊബൈൽ: 9544741944, 9496723797.

ച മ ര സ

മാ ശു ബു / ഗു

| | | | |
|---|---|---|---|
| ഗു | മ | | |
| ശി | ഗ്രഹനില | | ശു കു ബു |
| | | | ര സ ല |
| | മാ | | ച |

ശി ല കു

**ആർദ്ര ശങ്കർ.** ജനനം: 25.08.1998 (1174 ചിങ്ങം 9). സമയം: 7.10 am. നക്ഷത്രം: അത്തം, ഉയരം: 154 സെ.മീ, വിദ്യാഭ്യാസം: എം.ബി.എ., ഫിനാൻസ് & എച്ച്.ആർ., ജോലി: എച്ച്.ആർ. അഫിനിക്സ് ഇന്റർനാഷണൽ, പാലാരിവട്ടം, എറണാകുളം. ഇല്ലം: മുളവേലിപ്പുറം. അച്ഛൻ: എൻജിനീയർ, അമ്മ: അദ്ധ്യാപിക. സഹോദരങ്ങൾ ഇല്ല. ഗോത്രം: അംഗിരസ ഗോത്രം. വിലാസം: തൃപ്രസാദം, വിനർവ-144, വികാസ് നഗർ, വടക്കേകോട്ട, തൃപ്പൂണിത്തുറ, എറണാകുളം. മൊബൈൽ: 9447843842, 9074572797, 9946974571.



## ഉപനയനവും സമാവർത്തനവും കഴിഞ്ഞ ഉണ്ണികൾക്ക് അഭിനന്ദനങ്ങൾ

21052023 ന്
സമാവർത്തനം കഴിഞ്ഞ
**അരവിന്ദ് മധുസൂദനൻ**
ഡോ: പുതുശ്ശേരി
കൃഷ്ണൻ
നമ്പൂതിരിയുടേയും
ഡോ: പ്രിയയുടേയും
മകനാണ്.

മഞ്ചേരി തലയൂർ
രാജ്കുമാറിന്റേയും
ധന്യയുടേയും മകൻ
**ഹൃഷീകേശ്**
**നാരായണന്റെ**
ഉപനയനം 25-06-23
ഞായറാഴ്ച നടന്നു.

തേജസ്





ശ്രേയസ്



ത്രിനേത്രൻ ഭട്ടതിരിപ്പാടിന്റെയും പ്രിയദത്തയുടെയും (മാത്തൂർ മന മകൾ) മകൻ

ശങ്കരൻ ഭട്ടതിരിപ്പാടിന്റെയും കൊയ്ത്തടി ദിവ്യാ ജാതവേദന്റെയും മകൻ

9 ജൂൺ 2023 ന് വെള്ളിയാഴ്ച ഷൊർണൂർ തത്ത്വമസിയിൽ വച്ച്
ഉപനയനവും സമാവർത്തനവും നടത്തപ്പെട്ട

## തേജസ് ഭട്ടതിരിപ്പാടും ശ്രേയസ് ഭട്ടതിരിപ്പാടും

(കേരള നമ്പൂതിരി സമാജം യോഗക്ഷേമസഭയായി 1976 ൽ രൂപീകൃതമാവുമ്പോൾ സംസ്ഥാന സഹകാര്യദർശിയായിരുന്ന പാണ്ടം പറമ്പത്തെ പി.ടി.വി.ഭട്ടതിരിപ്പാടിന്റെ പൗത്രന്മാരാണ് )

*ആശംസകളോടെ: പി ടി വി ഭട്ടതിരിപ്പാട്, ആര്യ അന്തർജ്ജനം, പാണ്ടംപറമ്പത്ത് മന, വെള്ളറക്കാട്, ഫോൺ: 9447162238, 9745598717*



മാർച്ച് 19 ഞായറാഴ്ച (1198 മീനം 5)
ഇല്ലത്തിനടുത്ത് തോന്നല്ലൂർ ക്ഷേത്രം
വക അഗ്രശാലയിൽ വച്ച്

## നവതി ആഘോഷിച്ച
## ഒതളൂർ ഉണിക്കാളി അന്തർജ്ജനം

ഒതളൂർ മന, തോന്നല്ലൂർ, വെള്ളറക്കാട് (പി.ഒ)
എരുമപ്പെട്ടി, പിൻ - 680584.

ആശംസകളോടെ
മക്കൾ: വാസുദേവൻ ഒ.എസ്, 944 65 41 237,
ഡോ.ഒ.എസ്. കൃഷ്ണൻ നമ്പൂതിരി, 9207806973
ഹൈമവതി ഒ.എസ്,
പേരക്കുട്ടികൾ : സൂര്യ ഒ.വി, ഡോ. ഋഷികേശ് ഒ.കെ,
ജയനാരായണൻ ഇ.പി, ശ്രീജ ഒ.വി,
അരവിന്ദ് ശങ്കർ ഇ.പി, രാഹുൽ ഒ.എസ്സ്
അനിരുദ്ധ്, ദേവദത്തൻ, സുഗത് കൃഷ്ണൻ,
ആഗ്നേയ്, അഗ്നിദത്തൻ,
ശ്രീപാർവ്വതി, സെയാൻ, റാംശങ്കർ.



ഒന്നാം ശ്രാദ്ധദിനം (06.07.23)

## പാർവ്വതി അന്തർജനം

ഭർത്താവ്:
**പരേതനായ അഡ്വ. എ.പി.നമ്പൂതിരി**

മക്കൾ:
പരമേശ്വരൻ, പുരുഷോത്തമൻ,
നാരായണൻ, ശ്രീകുമാർ, രാജൻ,
ദേവകി, വത്സല, അഡ്വ. അനിത.

മരുമക്കൾ: പി.എസ്.വി.നമ്പൂതിരി,
എൻ.ടി.കെ. നമ്പൂതിരി,
പ്രൊഫ. എം.വി.വിഷ്ണു ഉണ്ണി,
കെ.ഇന്ദിര, യമുന, പി.വി.സുനിത,
ഇ.എം.ശ്രീകല, കെ.എം.സ്മിത.

ആറ്റുപുറത്ത് ഇല്ലം, മഞ്ചേരി

## സ്മരണാഞ്ജലി

**നീലി അന്തർജനം**
**ശ്രാദ്ധദിനം 13 7 1983**
**ദാമോദരൻ നമ്പൂതിരി**
**ശ്രാദ്ധദിനം 25 4 1993**

നാറാണിയാട്ട് ഇല്ലം ,
പി.ഒഫാറൂക്ക് കോളേജ് ,
കോഴിക്കോട് 673632



# ശ്രദ്ധാഞ്ജലി



## അഡ്വക്കറ്റ് പി ഈശ്വരൻ നമ്പൂതിരി

പുറച്ചേരി പോറ്റി ഇല്ലം, പിലാത്തറ, പയ്യന്നൂർ.

**ജനനം: ജൂലൈ 1, 1929** **മരണം: ജൂൺ 8, 2023**

പയ്യന്നൂർ ബാറിലെ മുതിർന്ന അഭിഭാഷകൻ, ചെറുതാഴം പഞ്ചായത്ത് മുൻ പ്രസിഡണ്ട്. നമ്പൂതിരി സമാജത്തിലും ഭൂനിയമപീഡിത സംഘത്തിലും പ്രവർത്തിച്ചു.ആംസ്റ്റർഡാമിലെ പ്രൊഫസർ ഫ്രിറ്റ് സ്റ്റാൾ ഈശ്വരൻ നമ്പൂതിരിയുടെ അടുത്ത സുഹൃത്തായിരുന്നു.1975 ലെ പാഞ്ഞാൾ അതിരാത്രത്തിനും അഞ്ചു വർഷങ്ങൾക്കു മുമ്പ് 1970 ൽ പത്തു ദിവസം സ്റ്റാൾ ഇല്ലത്ത് വന്ന് താമസിച്ചു.കൈതപ്രം ഗ്രാമത്തിലെ വേദജ്ഞരെ കണ്ട്, വേദമന്ത്രങ്ങൾ ചൊല്ലുന്ന രീതിയും വേദമഹത്വവും അറിയാനെത്തിയ സ്റ്റാളിന് വേണ്ട എല്ലാം ഈശ്വരൻ നമ്പൂതിരി സൗകര്യപ്പെടുത്തി.

വിദ്യാഭ്യാസത്തിനും തലശ്ശേരി ബ്രണ്ണൻ കോളേജിലെ പഠനത്തിനുമായി നമ്പൂതിരി പണ്ട് സഹിച്ച കഷ്ടപ്പാടുകളെപ്പറ്റി അധ്യാപകനായിരുന്ന പ്രഭാകരൻ പഴശ്ശി സോഷ്യൽ മീഡിയയിൽ എഴുതിയിരുന്നു. ആയിരക്കണക്കിന് ഗ്രൂപ്പുകളിൽ ആ ലേഖനം ഷെയർ ചെയ്യപ്പെട്ട് വൈറലായി.

എൻ ഇ ബലറാം അടക്കമുള്ള നിരവധി രാഷ്ട്രീയ,സാംസ്കാരിക നായകന്മാർ നമ്പൂതിരിയുടെ സുഹൃത്തുക്കളായിരുന്നു.



പ്രണാമങ്ങളോടെ:

**സഹധർമ്മിണി:** പാർവ്വതി അന്തർജനം (ഇരിങ്ങാലക്കുട ഇരിങ്ങാടപ്പിള്ളി മന).
**മക്കൾ:** മോഹനൻ നമ്പൂതിരി (റിട്ട. സൂപ്രണ്ടിങ്ങ് എഞ്ചിനീയർ, KWA), സൗദാമിനി, ഉഷ, ഗീത
**മരുമക്കൾ:** അഡ്വക്കറ്റ് ഗൗരി അന്തർജനം, ശങ്കരമംഗലം കൃഷ്ണൻ നമ്പൂതിരി, കിടങ്ങാപ്പിള്ളി നാരായണൻ പോറ്റി, പെരികമന പ്രസാദ്.
**സഹോദരങ്ങൾ:** സാവിത്രി പേരൂർ നീലമന, സരസ്വതി മണിപ്പുഴ ഇല്ലം, ശങ്കരൻ നമ്പൂതിരി, (മേൽശാന്തി,പെരളശ്ശേരി), അദിതി ഇരിങ്ങാടപ്പിള്ളി മോഹനൻ നമ്പൂതിരി, Ph:8304938060

# ബാഷ്പാഞ്ജലികളോടെ



## തായട നാരായണൻ നമ്പൂതിരി

***മരണം: 14-6-2023***

കോഴിക്കോട് വെള്ളിപറമ്പ തായട കിഴനിപ്രത്ത് നാരായണൻ നമ്പൂതിരി ഈ വൈശാഖത്തിലെ അവിട്ടം നാളിൽ വിഷ്ണുപാദം പൂകി. മാതാപിതാക്കൾ: പരേതരായ വാസുദേവൻ നമ്പൂതിരി,ഗുരുവായൂർ അക്കാരപ്പള്ളി മഹൾ നങ്ങേലി അന്തർജനം.

പെരുമൻപുറ വൈദിക വിജ്ഞാന കേന്ദ്രം സ്ഥാപക ട്രസ്റ്റിയാണ്. നിസ്വാർത്ഥനായ പൊതുപ്രവർത്തകൻ, ഈശ്വരാർപ്പണമായുള്ള എല്ലാ കാര്യങ്ങൾക്കും നാട്ടുകാരുടെ ആശ്രയം, എല്ലാമായിരുന്നു നാരായണൻ നമ്പൂതിരി. തപാൽ വകുപ്പിലെ വിശിഷ്ട സേവനത്തിനുള്ള പുരസ്കാരം നേടിയ നാരായണൻ നമ്പൂതിരി കോഴിക്കോട് നഗരത്തിലെ എരഞ്ഞിപ്പാലം പോസ്റ്റ് ഓഫീസിൽ നിന്ന് 2011 ൽ ആണ് വിരമിച്ചത്.



*എംടി വാസുദേവൻ നായർ പൊന്നാട അണിയിക്കുന്നു*

യാത്രയയപ്പുകൾ നൽകാൻ പ്രദേശത്തെ റസിഡൻസ് അസോസിയേഷനുകൾ മത്സരിക്കുകയായിരുന്നു. എംടി വാസുദേവൻ നായരും ഡോക്ടർ തോമസ് മാത്യുവും പോലെ വിശിഷ്ട വ്യക്തികൾ മണിക്കൂറുകളോളം പങ്കെടുത്ത അപൂർവ്വമായ യാത്രയയപ്പായിരുന്നു നമ്പൂതിരിയുടേത്. മരണം വരെയും സക്രിയമായിരുന്ന ഈ തപസ്വിയുടെ ഓർമ്മകൾക്കു മുമ്പിൽ ബാഷ്പാഞ്ജലികളോടെ:

**സഹധർമ്മിണി:** പുല്ലങ്കോട് മകൾ സ്വർണ്ണലത(റിട്ടയേർഡ് സെക്രട്ടറി, മിൽക്ക് സൊസൈറ്റി, പൂവാട്ടുപറമ്പ, കോഴിക്കോട്)
**മക്കൾ :** സ്വപ്ന നാരായണൻ (അസോസിയേറ്റ് വൈസ് പ്രസിഡണ്ട്)സജ്ന(എച് ആർ മാനേജർ)
**ജാമാതാക്കൾ:** എയർക്രാഫ്റ്റ് മെയിന്റനൻസ് എഞ്ചിനീയറായ ദീപക്, ചീഫ് ടെക്നോളജി ഓഫീസറായ ഏറാഞ്ചേരി ജിതേഷ്.
(എല്ലാവരും ജോലിയും താമസവും ബംഗളൂരുവിൽ)

സ്വർണലത, w/o നാരായണൻ നമ്പൂതിരി
പുല്ലങ്കോട്ടില്ലത്ത് കൃഷ്ണൻ നമ്പൂതിരിയുടെയും അഴകത്ത് മഹൾ ഗൗരി അന്തർജനത്തിന്റെയും മകൾ.ph:9497074059

YOGAKSHEMASABHA SWASTHI Vol. No:2 Issue No: 3 Kozhikode 1 July 2023 Reg. No. KERMAL/2022/83817 Rs. 75/-

